ജോസ് കെ. മാനുവൽ

# കഥയ്ക്കു മുകളിലൂടെ ഡൈവ് ചെയ്ത് കഥാകൃത്ത്



കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ ജനിച്ചു. കുറവിലങ്ങാട് ദേവമാതാ കോളജിൽ നിന്ന് ബിരുദവും മദിരാശി സർവ്വകലാശാലയിൽ നിന്ന് എം. എ. ബിരുദവും എം.ഫിൽ ബിരുദവും പി.എച്ച്.ഡിയും നേടി. എം.ടിയുടെ തിരഞ്ഞെടുത്ത തിരക്കഥകളെ ആധാരമാക്കി ഒരു പഠനമാണ് (കഥയും തിരക്കഥയും) എം.ഫിൽ ഗവേഷണ പ്രബന്ധം. മലയാളത്തിലെ തിരക്കഥാസാഹിത്യം സംബന്ധിച്ച ഗവേഷണ പ്രബന്ധത്തിനാണ് പി.എച്ച്.ഡി ബിരുദം ലഭിച്ചത്. സിനിമയിലെ ശരീരഭാഷ എന്ന വിഷയത്തിൽ പോസ്റ്റ് ഡോക്ടറൽ പ്രബന്ധം രചിച്ചു. സിനിമയിലെ അഭിനയത്തെപ്പറ്റിയുള്ള പ്രബന്ധരചനയ്ക്ക് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നു പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ചു. മലയാളഭാഷയും സാഹിത്യവും, തിരക്കഥാരചന: കലയും സിദ്ധാന്തവും, മറുപക്ഷകഥകൾ, അഭിലോഷിക തുടങ്ങി ഒരു ഡസനോളം കൃതികൾ. മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും ഫിലിം ക്രിട്ടിക്സ് അവാർഡും പൊൻകുന്നം വർക്കി കഥാ അവാർഡും, സാംസ്കാരിക സഹകരണ സമിതിയുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡും ലഭിച്ചു. പാലാ സെന്റ്തോമസ് കോളജിൽ അധ്യാപകനായിരുന്നു. ഇപ്പോൾ മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ അദ്ധ്യാപകൻ.

**ജോസ് കെ. മാനുവൽ**

ജോസ് കെ മാനുവൽ

# കഥയ്ക്കു മുകളിലൂടെ ഡൈവ് ചെയ്ത് കഥാകൃത്ത്

Mcube books

വില 000 രൂപ

Malayalam (Indian)
**Kathakku mukaliloode dive cheyth kathakrith**
**Jose K. Manuval**
Short Fiction
First Edition*:* October 2007
thousand copies

Cover@mcube

All rights reserved. No part of this Publication maybe
reproduced, stored in a retrieval system, or transmitted,
in any form, or by any means, electronic, mecahanical,
photocopying, recording or otherwise without
the prior permission of the publishers.

*Type setting*@popular
*Printing:* Ajantha Press, Chenganacherry Ph: 0481-2422356
© *Author*

*Publishers*
**Mcube Books**
Revenue Tower, Changanacherry
Ph: 0481-3263111

Rupees 55.00

## ഉള്ളടക്കം


കഥാകൃത്തിനെ മലർത്തിയടിച്ച് കഥ. ...7

അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു. ..14

രാമായണക്കിളി. ..22

ഒരു സൂര്യോദയത്തിന് കണ്ണും നട്ട് ...30

മകനും മാതാവിനുമിടയിൽ ഒരു രേഖ. ...38

തിരസ്കരിക്കപ്പെട്ട കഥ ...47

ഭക്തിയും ലീലയും തമ്മിലുള്ള ബന്ധം ...56

ശില്പവും ശില്പിയുടെ മകളും ....62

ശോഭിതയുടെ സ്വപ്നം ...70

സദാചാരം കൊമ്പുകോർക്കുന്നു. ...79

സ്ത്രീശരീരം നിലവിളിക്കുന്നു. ...87

ഈശ്വരന്റെ ശബ്ദം ...94

## കഥാകൃത്തിനെ മലർത്തിയടിച്ച് കഥ.

**ക**ഥകൾ കണ്ടെത്തുകയും അത് തന്ത്രപരമായി വിപണനം ചെയ്തും രാഖേഷ് പ്രശസ്തനായി. ചെറുകഥ, നോവൽ, തിരകഥ, സിനിമ, തുടങ്ങിയുള്ള എല്ലാ മേഖലകളിലും അനായാസേന വ്യക്തിമുദ്ര പതിപ്പിച്ച രാഖേഷിനോട് പലർക്കും അടുക്കാനാവാത്ത ആദരവുതന്നെയാണുള്ളത്.

അല്പകാലത്തെ രാഷ്ട്രീയപ്രവർത്തനവും മതവുമായുള്ള ബന്ധവും രാഖേഷിനുണ്ടായിരുന്നു. യാഥാർത്ഥത്തിൽ ആ കാലം തിരിച്ചറിവിന്റേതായിരുന്നു. പ്രണയിച്ചതിന്റെ പേരിലാണ് വിശ്വസിച്ച പ്രത്യയശാസ്ത്രം പുറംതള്ളിയത്. ജോലിതേടി മതമേലധികാരിയുടെ മുന്നിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികൾ പിടിച്ച് പുറത്താക്കി.

രാഖേഷ് ജീവിതത്തെ വിലയിരുത്തി. അതിലൂടെ സവിശേഷമായ ഒരു തിരിച്ചറിവ് ലഭിച്ചു. പ്രസംഗവും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ല. ആദർശം പ്രസംഗിക്കുകയും നീതിശാസ്ത്രം പഠിക്കുകയും ചെയ്യാം. പ്രവൃത്തികൾ സ്വന്തം കാര്യത്തിനുവേണ്ടിയായിരിക്കണം. പണവും പ്രശസ്തിയും സമൂഹത്തിൽ നിന്നും തന്ത്രപൂർവ്വം ആർജ്ജിച്ചെടുക്കേണ്ടവയാണ്.

ഈ സാമാന്യതത്ത്വത്തെ സൗന്ദര്യാത്മകമായി സാഹിത്യത്തിന്റേയും കലയുടേയും മേഖലയിൽ പ്രയോഗിച്ചുനോക്കുവാൻ രാഖേഷ് നിശ്ചയിച്ചു. ഈ മേഖലകളെപ്പറ്റി സാമാന്യമായി പഠിച്ചപ്പോൾ അവിടേയും ഒരു രാഷ്ട്രീയമുണ്ടെന്ന് മനസ്സിലായി. നിലനില്പ്പിന്റേയും മലർത്തിയടിക്കലിന്റേയും രാഷ്ട്രീയം. ഈ മേഖലകളിലേക്ക് പ്രതിഭയുള്ളവർ കടന്നുവരുവാൻ അതില്ലാത്തവർ അനുവധിക്കുകയില്ല.

പ്രതിഭയില്ലാത്തവർ അതുള്ളവരെ മലർത്തിയടിക്കുവാൻ നിരൂപകരെന്ന പേരിൽ നിലനിൽക്കുന്ന എഴുത്തുകാരുടെ സഹായം തേടുന്നു. പത്രമാസികകളും ആഴ്ചപതിപ്പുകളും പുതുമക്കാരുടെ സൃഷ്ടിയിൽ പരിഗണിക്കാറില്ല. അവരൊക്കെ പഴമക്കാരുടേയും പ്രതിഭയില്ലാത്തവരുടേയും ചേരിയിലാണ്.

സ്വന്തം കാശുമുടക്കിയാണ് രാഖേഷ് ഒരു കഥാസമാഹാരം പ്രസിദ്ധീകരിച്ചത്.തുടർന്ന് ഒരു നോവലുംഅങ്ങനെതന്നെ പ്രസിദ്ധീകരിച്ചു. കഥാസമാഹാരത്തിന് "പോത്തൻ കുഴി ചാക്കോ" അവാർഡും നോവലിന് "സാഹി

തൃചക്ര” അവാർഡും സ്വന്തം നിലയിൽ സംഘടിപ്പിച്ചു. ഒരു പത്രത്തിലെ സബ്എഡിറ്ററെ വേണ്ടരീതിയിൽ സൽക്കരിച്ച് തന്നെപ്പറ്റിയുള്ള കുറിപ്പും എഴുതിച്ചു.

ഒരു സിനിമാ നിർമ്മാതാവിനെ തന്ത്രപൂർവ്വം ചാക്കിട്ടുപിടിച്ചു. അദ്ദേഹത്തിന്റെ ഒരു സിനിമയ്ക്ക് തിരകഥയെഴുതിയതിനുശേഷം ഒരു സിനിമ സംവിധാനം ചെയ്തു.

സിനിമ സാമ്പത്തികമായി പരാജയപ്പെട്ടു. എന്നാലും നിരൂപകർ ആ സിനിമയുടെ കലാമൂല്യത്തെപ്പറ്റി ഏറെ വർണ്ണിച്ചു. രണ്ടു മൂന്നു സിനിമകൾക്കുശേഷം രാഖേഷിന്റെ സിനിമയും വിജയിച്ചുതുടങ്ങി.

കഥപറയുവാൻ വരുന്ന പുതിയ എഴുത്തുകാരുടെ കഥകൾ തന്ത്രപൂർവ്വം അടിച്ചുമാറ്റിയും നിർമ്മാതാക്കളെ കൂടെ നിറുത്തിയും സൂപ്പർതാരങ്ങളുടെ പിന്തുണവാങ്ങിയും രാഖേഷ് സ്വന്തം തന്ത്രത്തിലൂടെ വളർന്നു.

അല്പം പണം കൊടുത്ത് പ്രശസ്തരല്ലാത്ത എഴുത്തുകാരെകൊണ്ട് കഥയെഴുതിക്കും. കഥയുടെ പേരുമാറ്റി സ്വന്തം പേരിൽ പുസ്തകമായിറക്കും. ഈ രീതിയിൽ മൂന്നു നോവലുകളും പ്രസിദ്ധീകരിച്ചു. അങ്ങനെ പ്രശസ്തി രാഖേഷിനു ചുറ്റും വലയെ വെച്ചുകൊണ്ടിരുന്നു.

പ്രശസ്തിയുടെ കൊടുമുടിയിൽ വിരാജിക്കുന്ന രാഖേഷിന്റെ അടുത്ത് വൈവിധ്യമുള്ള ഒരു കഥപറയുവാൻ സാജനെന്ന യുവാവെത്തി.

രാഖേഷ് കഥ കേൾക്കുവാൻ തയ്യാറായി.

പാലായിലുള്ള ഒരു റൗഡിയാണ് കേന്ദ്രകഥാപാത്രമെന്നറിഞ്ഞപ്പോൾ രാഖേഷിന് ആകാംക്ഷയേറി. സ്ഫടികം, ഉടയോൻ തുടങ്ങിയ ഹിറ്റ് സിനിമകളിലെ റൗഡികളായ ആടുതോമ, ശൂരനാട് കുഞ്ഞ്, പാപ്പോയി തുടങ്ങിയവരെപ്പറ്റി ഉൾപുളകത്തോടെ ഓർമ്മിച്ചു.

പി.ജെ. ആന്റണിയുടെ വിവാഹംവരെ നടത്തികൊടുത്ത റൗഡിയാണ് പാലാപാപ്പച്ചൻ. മിസ്കുമാരിയെ ഒരു സിനിമയുടെ ഷൂട്ടിങ്ങിനിടയിൽ വെറുതെ തമാശിന് ജനങ്ങളും സിനിമക്കാരും നോക്കിനിൽക്കേ മീനച്ചിലാറ്റിൽ മുക്കിപൊക്കിയ റൗഡിയാണ് പാലാ പാപ്പൂട്ടി. പാപ്പച്ചന്റെ മകനും പാപ്പൂട്ടിയുടെ അനന്തരവനുമാണ് ചാക്കോച്ചി.

പാപ്പച്ചനും പാപ്പൂട്ടിയും മീനച്ചിൽ കഠാരകൊണ്ടാണ് വിളഞ്ഞിരുന്നതെങ്കിൽ ചാക്കോച്ചി പടപടാന്നുപൊട്ടുന്ന ബോംബെ തോക്കുകൾകൊണ്ടാണ് വിലസുന്നത്. പാപ്പച്ചിയുടേയും പാപ്പൂട്ടിയുടേയും തട്ടകം പാലായിലായിരുന്നെങ്കിൽ ചാക്കോച്ചിയുടെ തട്ടകം ബോംബെയാണ്. കഥയിലവതരിപ്പിക്കുന്ന റൗഡിയായ ചാക്കോച്ചിയെപ്പറ്റി ഇത്രയും കൂടി അറിഞ്ഞതോടെ രാഖേഷ് കഥയ്ക്കു മുന്നിൽ കമിഴ്ന്നു വീണു.

സാജനോടുതന്നെ പ്രണയവും സംഘട്ടനവും ചേർന്ന് സിനിമയാറ്റിക്കായി തിരകഥയെഴുതുവാൻ രാഖേഷ് നിർദേശിച്ചു.

'മീനച്ചിലാറ്' എന്ന പേരിൽ തിരകഥ പൂർത്തിയാക്കി സാജൻ രാഖേഷിനു നൽകി. പ്രതിഫലമായി പതിനായിരം രൂപയും രാഖേഷിൽ നിന്ന് സാജൻ കൈപ്പറ്റി. ചാക്കോച്ചിയെ ബന്ധപ്പെടുവാനുള്ള മൊബൈയിൽ നമ്പരും സാജൻ തന്നെയാണ് രാഖേഷിനു നൽകിയത്.

ഒരു പ്രമുഖ പത്രത്തിന്റെ ഞായറാഴ്ച പതിപ്പിൽ ചാക്കോച്ചിയുമായുള്ള അഭിമുഖം വന്നു. തന്റെ സംഘർദീതമായ ജീവിതം സിനിമയാകുന്നതിനുള്ള സന്തോഷവും ചാക്കോച്ചി അതിൻ പ്രകടിപ്പിച്ചു.

ദിവസങ്ങൾ കഴിഞ്ഞു. മീനച്ചിലാറ് എന്ന പേരിട്ട സിനിമയുടെ ഷൂട്ടിങ് പാലായിൽ നടക്കാൻ പോകുന്നതിനെപ്പറ്റി സാജൻ അറിഞ്ഞത് ഒരു സായാഹ്ന പത്രത്തിലൂടെയാണ്.

ഷൂട്ടിങ്ങിനു തലേദിവസം രാഖേഷ്, സിനിമയുടെ നിർമ്മാതാവുകൂടിയായ സൂപ്പർസ്റ്റാർ തുടങ്ങിയുള്ളവർ പാലായിലെത്തി. അവർ താമസിക്കുന്നത് മഹാറാണി ഹോട്ടലിലാണ്.

എഴുതികൊടുത്ത തിരകഥയെപ്പറ്റി അറിയുവാൻ സാജൻ ആകാംക്ഷ പൂർവ്വം മഹാറാണിയിലെത്തി. വളരെ പരിശ്രമപ്പെട്ടിട്ടാണ് രാഖേഷിനെ കാണുവാൻ അവസരം ലഭിച്ചത്.

ശീതീകരിച്ച മുറിയിലെ മനോഹരമായ കിടക്കയിൽ ചാരിയിരുന്നുകൊണ്ടാണ് രാഖേഷ് സംസാരിച്ചത്. "ആശയം തന്നതിനുള്ള കടപ്പാട് തനിക്കുള്ളതാണ്. അത് സിനിമയ്ക്കു മുമ്പ് തിരശ്ശീലയിൽ എഴുതികാണിക്കുകയും ചെയ്യും."

ചതിക്കപ്പെട്ടതിന്റെ വ്യഥയിലും രോഷത്തിലും സാജൻ അങ്ങനെതന്നെ നിന്നു.

"കഥയും തിരകഥയുമെല്ലാം സിനിമാറ്റിക്കായ രീതിയിൽ എഴിതിയത് ഞാൻ തന്നെയാണ്." രാഖേഷ് അധികാര ഭാവത്തിൽ തുടർന്നു പറഞ്ഞു. "പല കാഥാപാത്രങ്ങളുടെ പേരുകളും പശ്ചാത്തലവും മാറ്റിയെഴുതേണ്ടിവന്നു."

സാജൻ തെല്ല് രോഷത്തോടെ നിന്നപ്പോൾ ഭീഷണിപ്പെടുത്തി. "ചാക്കോച്ചി ഉടൻ തന്നെ ഇവിടേക്കു വരുന്നുണ്ട്. മീനച്ചിലാറ്റിൽ കിടന്ന് വെള്ളം കുടിക്കേണ്ടെങ്കിൽ വേഗം സ്ഥലം കാലിയാക്ക്."

സാജൻ വല്ലായ്കയോടെ ഒന്നു പ്രതികരിക്കാൻ കൂടി കഴിയാതെ പുറത്തേക്കു നടന്നു. പലരുടേയും കഥകളും അദ്ധ്വാനങ്ങളും അപഹരിച്ച് സമൂഹത്തിനു മുന്നിൽ മാന്യനായി വിലസുന്ന രാഖേഷിന്റെ രൂപം സാജനു മുന്നിൽ പല്ലിളിച്ചു നിന്നു. തുടർന്ന് വികൃതമായ കോപ്രായങ്ങൾ കാട്ടി.

ആൾക്കൂട്ടവും അവരുടെ ആർപ്പുവിളികളും അപ്പോഴാണ് സാജൻ ശ്രദ്ധിച്ചത്. മഹാറാണി ഹോട്ടലിനു മുമ്പിൽ സാക്ഷാൽ ചാക്കോച്ചി നിൽക്കുന്നു!

അവിടെ കാത്തുനിന്നവരിൽ നിന്നും സാജൻ കാര്യങ്ങൾ ഗ്രഹിച്ചു. ഭരണങ്ങാനത്തുള്ള പള്ളിയിൽ പോയി പാപ്പച്ചന്റെ ആണ്ടുകുറുബാനയിൽ പങ്കെടുത്തിട്ട് എത്തിയതാണ് ചാക്കോച്ചി. രാഘേഷിന്റെ പ്രത്യേകക്ഷണവും അവിടേക്കു വരാൻ കാരണമായത്രേ.

ആൾക്കൂട്ടത്തെ തള്ളി അകത്തി സാജൻ ചാക്കോച്ചിയുടെ മുന്നിലെത്തി. തുടർന്ന് സ്വയം പരിചയപ്പെടുത്തി. കഥ രാഘേഷ് മോഷ്ടിച്ചതിനെപ്പറ്റിയും പറഞ്ഞു. ചുറ്റും നിന്ന ജനങ്ങൾ അതെല്ലാം ആശ്ചര്യത്തോടെ കേട്ടുകൊണ്ടിരുന്നു.

ചാക്കോച്ചിയെ സ്വീകരിക്കുവാൻ രാഘേഷും സൂപ്പർതാരവും അവിടേക്കു വന്നു. ജനങ്ങൾ ആശ്ചര്യമൊതുക്കി അങ്ങനെതന്നെ നിൽക്കുകയാണ്.

ചാക്കോച്ചി സൗമ്യമായി രാഘേഷിനോട് ചോദിച്ചു. തിരകഥ, അതെഴുതിയ പയ്യനു തന്നെ കൊടുത്തുകൂടെ.

രാഘേഷ് ചുറ്റും നിന്ന ജനങ്ങളെ നോക്കി. തുടർന്ന് കൃത്രിമമായ ഗൗരവത്തിൽ പറഞ്ഞു. “അതൊക്കെ നമ്മൾക്ക് അകത്തിരുന്ന് സംസാരിക്കാം. കള്ളത്തരം പറഞ്ഞു പരത്തുന്ന ഇവനിട്ടൊക്കെ ചാട്ടവാറിനാ അടിക്കേണ്ടത്.”

പറഞ്ഞുതീർന്നതും ചാക്കോച്ചി രാഘേഷിന്റെ കരണത്തിനിട്ട് ഒന്നു പൊട്ടിച്ചതും ഒന്നിച്ചായിരുന്നു. ചുറ്റും നിൽക്കുന്നവർ ശ്വാസമടക്കി നിൽക്കുകയാണ്. സൂപ്പർതാരം അവിടേക്കു വന്ന് ചാക്കോച്ചിയെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. ചാക്കോച്ചി സൂപ്പർതാരത്തിന്റെ പിടലിക്കു പിടിച്ച് ഒറ്റതപ്പാളിര് കൊടുത്തു.

ചുറ്റും നിന്നവരെ നോക്കി ചാക്കോച്ചി കണ്ണിറുക്കി. തുടർന്ന് സാജനോട് തിരക്കി. “നീ എഴുതിയ തിരകഥയിലെ ആദ്യത്തിന്റെ സീനിന്റെ സംഭവമെന്താ?”

സാജൻ തെല്ലു പരുങ്ങലോടെ സീൻ വിശദീകരിച്ചു തുടങ്ങി.

“കഥയിലെ കേന്ദ്രകഥാപാത്രത്തിനും ചാക്കോച്ചിയെന്നാണ് പേരു കൊടുത്തിരിക്കുന്നത്. അപ്പനായ പാലാ പാപ്പച്ചന്റെ ആണ്ടുകുറുബാനയിൽ പങ്കെടുത്തതിനുശേഷം ചാക്കോച്ചി മഹാറാണി ഹോട്ടലിനു മുമ്പിലെത്തുന്നു. അവിടെ കൂടിനിന്നവർ ചാക്കോച്ചിക്ക് ആർപ്പുവിളിക്കുന്നു. ആർപ്പുവിളിക്കാരെ തിക്കിമാറ്റി ഒരു യുവകഥാകൃത്ത് ചാക്കോച്ചിക്കു മുന്നിലേക്ക് എത്തുന്നു.”

സാജൻ സംസാരിച്ചുതുടങ്ങിയപ്പോൾ ആർപ്പുവിളികൾ നിലച്ചു. ചുറ്റും നിൽക്കുന്നവരെ വല്ലായ്കയോടെ നോക്കിയതിനുശേഷം.

സാജൻ: താങ്കളുടെ ജീവിതം തിരകഥയായി എഴുതിയത് ഞാനാണ്. ഇപ്പോൾ സംവിധായകനായകൻ സ്വന്തം നിലക്കാണ് തിരകഥയെഴുതിയിരിക്കുന്നതെന്നു പറഞ്ഞ് എന്നെ ഒഴിവാക്കാൻ ശ്രമിച്ചു.

സംവിധായകൻ: ഇവൻ പറയുന്നതുമുഴുവൻ കള്ളമാണ്. താങ്കളെപ്പറ്റി എന്നോട് പറഞ്ഞെന്നുള്ളതു ശരിതന്നെ. സംഭവങ്ങളും കഥാപാത്രങ്ങളും മെല്ലാം കൂട്ടിയിണക്കി തിരകഥയെഴുതിയത് ഞാൻ തന്നെയാണ്.

സംവിധായകൻ ഈ കള്ളത്തരം പറഞ്ഞു തീർന്നതും ചാക്കോച്ചി കരണത്തടിച്ചതും ഒന്നിച്ചായിരുന്നു. ചാക്കോച്ചിയെ അനുനയിപ്പിക്കാനായി അവിടേക്കു വന്ന താരത്തിനും കിട്ടി ഒരു തപ്പാളീര്.

തിരകഥയിലെ സീനിന്റെ ആദ്യഭാഗം കേട്ട ചാക്കോച്ചി ആകാംക്ഷഭരിതനായി. തുടർന്നു ചോദിച്ചു. "യഥാർത്ഥത്തിൽ ഇതുതന്നെയല്ലേ ഇവിടെ നടന്നത്?"

അതെയെന്ന അർത്ഥത്തിൽ സാജൻ തലയാട്ടി.

"തുടർന്നുള്ള കഥഭാഗംകൂടി പറഞ്ഞുകൊള്ളൂ." ചാക്കോച്ചി നിരദേശിച്ചു. സാജൻ തിരകഥയുടെ ആദ്യസീൻ തുടർന്നു.

ചാക്കോച്ചി അവിടെ കൂടിനിന്നവരെയെല്ലാം ഒന്നു നോക്കി. എന്നിട്ട് അവരോട് ചോദിച്ചു.

ചാക്കോച്ചി. "കഥമോഷ്ടിച്ച ഈ കള്ള സംവിധായകനെ എന്തുചെയ്യണം."

കൂടിനിന്നവർ ഒന്നടങ്കം പറഞ്ഞു. "അവനെ ഓടിച്ച് മീനച്ചിലാറ്റിൽ ചാടിക്കണം."

"ചാക്കോച്ചി അത് നിങ്ങൾ തന്നെ ചെയ്തോളൂ."

ജനങ്ങൾ ഉത്സാഹത്തോടെ തുള്ളിച്ചാടി. ആർപ്പുവിളികളും അട്ടഹാസങ്ങളും മുഴക്കി. ഭയന്നുനിന്ന സംവിധായകനെ കൈയ്യിൽ കിട്ടിയ കല്ലും മണ്ണും എടുത്ത് എറിയുവാൻ തുടങ്ങി. സംവിധായകൻ കൊല്ലല്ലേ എന്ന് അലറിക്കരഞ്ഞു കൊണ്ട് ഓടുവാൻ തുടങ്ങി. മഹാറാണി ഹോട്ടലിന്റെ പിൻവശത്തു കൂടിയുള്ള റോഡ് മുറിച്ച്കടന്ന് മീനച്ചലാറിന്റെ സൈഡിൽ കെട്ടിയിരിക്കുന്ന വേലിപൈപ്പുകളിൽ പിടിച്ചുനിന്നു. കുത്തിയൊഴുകുന്ന മീനച്ചിലാറിനേയും പിന്നിൽ ഉത്സാഹാത്തിമിർപ്പുമായി നിൽക്കുന്ന പാലായിലെ ജനങ്ങളെയും മാറി മാറി നോക്കി. അതിനിടയിൽ ഒരാൾ സംവിധായകന്റെ കാലിൽ പിടിച്ച് ഉയർത്തി. സംവിധായകൻ വേലിപൈപ്പുകൾക്കു മുകളിലൂടെ മറിഞ്ഞ് മീനച്ചിലാറ്റിലേക്കു വീണു. അതുകണ്ട ജനം ആർത്ത് ആഹ്ലാദിച്ചു. വെള്ളത്തിൽ മുങ്ങിയും മലർന്ന്പൊങ്ങിയും ഒഴുകുന്ന സംവിധായകനെ കൗതുകത്തോടെ ചാക്കോച്ചി നോക്കി നിന്നു.

ചാക്കോച്ചി: "കുത്തിയൊഴുകുന്ന മീനച്ചിലാറ് നീന്തികടന്ന് രക്ഷപ്പെടുവാൻ കഴിയുമെങ്കിൽ രക്ഷപെട്. ഇനി ആരുടെയെങ്കിലും കഥകട്ടെടുത്തതായി അറിഞ്ഞാൽ ചാക്കോച്ചി ഇനിയും വരും."

ഇതെല്ലാം കണ്ടുനിന്ന സൂപ്പർതാരം അവിടെനിന്നും രക്ഷപ്പെട്ട് ഓടുവാൻ

ശ്രമിക്കുന്നു. പാലായിലെ ജനം സൂപ്പർതാരത്തെ പിടിച്ച് ചാക്കോച്ചിയുടെ മുന്നിൽ നിറുത്തി.

ചാക്കോച്ചി ഉത്സാഹഭരിതരായി നിൽക്കുന്ന ജനങ്ങളോട് ചോദിച്ചു. "ഇവ നിട്ടും നമ്മൾക്കൊരു പണികൊടുക്കേണ്ടെ?"

ജനം ആർത്തു മറുപടി പറഞ്ഞു. "പണികൊടുക്കണം കട്ടായം."

ചാക്കോച്ചി സൂപ്പർ താരത്തിന്റെ കോളറിൽ പിടിച്ചുകൊണ്ട് പറഞ്ഞു. "മലയാളത്തിലെ സൂപ്പർസ്റ്റാർ. പലപാലാക്കാര് റൗഡികളെയും അവതരി പ്പിച്ച പ്രശസ്തൻ. മീനച്ചിലാറിന്റെ നിർമ്മാതാവ്... ഇതെല്ലാം നല്ലകാര്യം തന്നെ യാ... എന്നാൽ ഒരു പാലാക്കാരൻ കഥമോഷ്ടിക്കുവാൻ കൂട്ടിനിന്നത് ശരി യായില്ല."

സൂപ്പർതാരം. "ഉപദ്രവിക്കരുത്. ഇനി ഇങ്ങനെയൊന്നും എന്റെ ഭാഗത്തു നിന്നും ഉണ്ടാവില്ല."

ചാക്കോച്ചി വന്യമായി അട്ടഹസിച്ചു. തുടർന്ന് പറഞ്ഞു.

"അങ്ങനെ സംഭവിച്ചാൽ ഒരുപാട് വികൃതി കളിക്കുന്ന പുലിംഗംകൊണ്ട് താനിനി ജീവിച്ചിരിക്കില്ല."

ചാക്കോച്ചി ചുറ്റും നിന്നവരോട് പറഞ്ഞു. "ഇവന്റെ തുണിയുരിഞ്ഞ് പാലാട്ടണം കടക്കുന്നിടംവരെ ചൂരലിന് അടിക്ക്."

ജനങ്ങൾ സൂപ്പർതാരത്തിന്റെ വസ്ത്രങ്ങൾ വലിച്ചുകീറി. എവിടെനിന്നോ സംഘടിപ്പിച്ച ചൂരലിന് അടിയും തുടങ്ങി. സൂപ്പർതാരം അലമുറയിട്ട് കരഞ്ഞു.ജനങ്ങൾ പിന്നാലെതന്നെയുണ്ട്. കുരിശുപള്ളക്കവല... ആശുപ ത്രിപ്പടി.. അരമനപ്പടി...കൊട്ടാരമറ്റം റൂട്ടിൽ സൂപ്പർതാരം ഓടിക്കൊണ്ടിരിക്കു ന്നു. ഇതിനിടയിൽ സിനിമയുടെ ടൈറ്റിൽ അവതരിപ്പിക്കുന്നു.

ഇതോടെ ആദ്യത്തെ സീൻ പൂർണ്ണമാകുന്നു. സാജൻ പറഞ്ഞു നിറു ത്തി. എല്ലാവരും കഥകേട്ടതിന്റെ കൗതുകത്തിൽ നിൽക്കുകയാണ് ചാക്കോ ച്ചിയുടെമുഖത്തും സവിശേഷമായ ഒരു കൗതുകമുണ്ട്. തുടർന്ന് ചാക്കോച്ചി പ്രഖ്യാപിച്ചു. "ഈ തിരക്കഥ പോലെതന്നെ തുടർന്നുള്ള സംഭവങ്ങളും നട ക്കട്ടെ."

ജനം അക്ഷരാർത്ഥത്തിൽ അത് അനുസരിച്ചു. തിരക്കഥയിൽ പറഞ്ഞ തിനേക്കാൾ മനോഹരമായി.

ചാക്കോച്ചി തിരക്കഥയിലെ ഒരു സീൻ ഇവിടെ പൂർണ്ണമായില്ലെയെന്ന് സാജനോട് ചോദിച്ചു.

സാജൻ അതെയെന്ന അർത്ഥത്തിൽ മൂളി.

"അടുത്തസീനിന്റെ കഥഭാഗം നീ പറയേണ്ട. ചാക്കോച്ചി തുടർന്നു

പറഞ്ഞു" അത് ഞാൻ തന്നെ അവതരിപ്പിച്ചുകൊള്ളാം.

ചാക്കോച്ചിയുടെ വാക്കുകൾകേട്ട് നാട്ടുകാരായ ജനം ഉത്സാഹകരമായ പ്രതീക്ഷയോടെ നിന്നു.

ചാക്കോച്ചി രണ്ടു ചുവട് നടന്ന് സാജന്റെ അടുത്തേക്ക് ചെന്നു. അവന്റെ മുഖത്തേക്കുനോക്കി പുഞ്ചരിച്ചു. തുടർന്ന് എല്ലാം വളരെ പെട്ടന്നായിരുന്നു.

സാജനെ കൈകളിൽ ഉയർത്തി വായുവിൽ ചുഴറ്റിക്കറക്കി മഹാറാണി ഹോട്ടലിനു മുന്നിലുള്ള നടുറോഡിലേയ്ക്ക് മലർത്തിയടിച്ചു. എന്നിട്ട് കാര്യഗൗരവത്തോടെ പറഞ്ഞു. കഥയും തിരക്കഥയുമെഴുതി കണ്ടകള്ളന്മാരുടെ മുന്നിൽ ഓച്ഛാനിച്ച് നിൽക്കുന്നത് പാലാക്കാര് നസ്രാണികൾക്ക് പറഞ്ഞിട്ടുള്ള പണിയല്ല. ഇനി ഈ എഴുത്തുപണിയുമായി നടന്ന് പാലാക്കാരുടെ മാനം കളഞ്ഞാൽ... കൊച്ചുകഴുവേറി..,

ടൗണിൽ ബഹളം കേട്ടറിഞ്ഞ് പോലീസ് സംഘം അവിടെയെത്തി. ചാക്കോച്ചി ഒരു റിവോൾവറെടുത്ത് ചൂണ്ടുവിരലിൽ കറക്കി. ഹോട്ടലിന് മുന്നിൽ കിടന്നിരുന്ന കറുത്ത സ്കോർപിയോയിലേക്ക് കയറി. അത് ചടുലഭാവത്തോടെ അതിവേഗം ഓടി അവിടെനിന്നും അകന്നു.

# അപരിചിതൻ വസ്ത്രം വലിച്ചുകീറുന്നു.

ഇംഗ്ലണ്ടിലെ മ്യൂസിയം തിയേറ്ററിൽ 'ദ് ആർട്ട് ഓഫ് ബോഡി ഷോ' എന്നു പേരിട്ട ശരീരനാട്യവാതരണത്തിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ബോഡി ഷോ നടത്തുന്ന ഇന്ത്യൻസംഘത്തെ നയിക്കുന്നത് ശരീരഭാഷകളുടെ രംഗഭാഷ്യത്തെപ്പറ്റി പി. എച്ച്. ഡി പ്രബന്ധം രചിച്ച കോട്ടയത്ത് കാരി സുനിത മാത്യുമാമനാണ്.

ഭാരതത്തിൽ അവതരണം നിഷേധിച്ച ദ ആർട്ട് ഓഫ് ബോഡി ഷോ എന്ന കലയുടെ അവതരണം മറ്റൊരു രാജ്യത്തു നടത്തുന്നതുകൊണ്ടുതന്നെ വാർത്തകൾക്ക് ഏറെ പ്രചാരം ലഭിച്ചു.

ശീതികരിച്ച മ്യുസിയം തിയേറ്ററിലെ അറുന്നൂറ്റിയൻപതു സീറ്റുകളും കാണികളാൽ നിറഞ്ഞു. അതിൽ കലാസ്നേഹികളും, മാധ്യമപ്രവർത്തകരും, പൊതുപ്രവർത്തകരുമെല്ലാമുണ്ട്. കാണികളുടെ ആകാംക്ഷയ്ക്ക് അന്ത്യം സൃഷ്ടിച്ചുകൊണ്ട് വേദിയുടെ യവനിക മെല്ലെ ഉയർന്നു. രംഗമണ്ഡപം പൂർണ്ണമായും ഇരുട്ടിൽ ലയിച്ചുനിൽക്കുകയാണ്. കത്തിച്ചുപിടിച്ച കോൽ വിളക്കുമായി സുനിത രംഗമണ്ഡപത്തിലേക്ക് പ്രവേശിച്ചു. രംഗമണ്ഡപത്തന്റെ വശങ്ങളിലായി സ്ഥാപിച്ചിരുന്ന മൺവിളക്കുകളിലെ തിരികൾ ഒന്നൊന്നായി കൊൽവിളക്കുകളിലെ ദീപം കൊണ്ട് തെളിയിച്ചു. വേദി പൂർണ്ണമായും മൺവിളക്കിന്റെ സ്വഭാവിക പ്രഭയിൽ തെളിഞ്ഞുനിന്നു. അതിനുനടുവിൽ മനോഹരമായ ഉടയാടകൾ ധരിച്ച് പുഞ്ചിരിവിടർത്തി സുനിത നിന്നു.

കാണികളുടെയെല്ലാം ശ്രദ്ധ പൂർണ്ണമായും സുനിതയിലാണ്. സുനിത സ്ഫുടമായ കേയിംബ്രിഡ്ജ് ഇംഗ്ലീഷിൻ ദ് ആർട്ട് ഓഫ് ബോഡി ഷോ എന്നുപേരിട്ട ശരീരനാട്യാവതരണത്തെപ്പറ്റി വളെരെ ലഘുവായി വിശദീകരിച്ചു.

മനുഷ്യർ ഉണ്ടെന്നതിന്റെ തെളിവാണ് അവരുടെ ശരീരം. ആ ശരീരത്തിന്റെ ശക്തി, സൗന്ദര്യം, ബുദ്ധി, വഴക്കം, സാധ്യത തുടങ്ങിയവ എന്തെന്നറിയുവാൻ ഇന്നുവരെ മനുഷ്യർ ആനന്ദത്തിന്റെ ഭാഗമായി നിൽക്കുന്നു. പരാജയപ്പെടുന്ന, നിന്ദിക്കപ്പെടുന്ന, പീഡനങ്ങൾ അനുഭവിക്കുന്ന മനുഷ്യർ ദു:ഖദുരിതത്തിന്റെ ഭാഗമായി ഓരോ ഭാഗങ്ങളാണ്.

എല്ലാ കലകളുടെ അവതരണത്തിലും മനുഷ്യശരീരം ചെലുത്തുന്ന സ്വാധീനം അതിതീവ്രവും തീഷ്ണവുമാണ്. മനുഷ്യശരീരത്തിന്റെ നിയതാവസ്ഥ നഗ്നമാണ്. ധരിക്കുന്ന വസ്ത്രങ്ങൾ സാമൂഹ്യക്രമത്തിന്റേയോ, ആചാരച്ചിട്ടയുടേയോ ഭാഗമാണ്. നിരന്തരം മാറിമാറി വസ്ത്രങ്ങൾ ധരിക്കുന്ന മനുഷ്യർ പലതും മറച്ചുവയ്ക്കുവാൻ ശീലിക്കുന്നതിനൊപ്പം കാപട്യത്തിന്റെ സംരക്ഷകർ കൂടിയാകുന്ന.

നാട്യാചര്യനായി ഭാരതീയർ അംഗികരിച്ച് ആദരിക്കുന്ന വ്യക്തിയാണ് ഭരതമുനി. അദ്ദേഹത്തിന്റെ നാട്യശാസ്ത്രഗ്രന്ഥത്തിൽ സത്യത്തിന്റെ പൊരുൾ തേടലാണ് കലയുടെ ലക്ഷ്യമെന്നും വ്യക്തമാക്കുന്നുണ്ട്. സൗന്ദ്യ രാനുഭൂതി സൃഷ്ടിക്കുകയും രസിപ്പിക്കുകയും ഉദ്ബോദിപ്പിക്കുകയുമാണ കലയുടെ ധർമ്മം. അതിലേക്കായി സൃഷ്ടിച്ചെടുത്ത കലാരൂപമാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ശരീരം സുന്ദരമാണ്. നഗ്നത ആ സൗന്ദ്യത്തിന്റെ പൂർണ്ണാവസ്ഥയാണ്. കേവലമായ നഗ്നശരീരം സൗന്ദര്യവും അർത്ഥവും ഉത്പാദിപ്പിക്കുന്നില്ല. ജീവനും ചലനവുമുള്ള ശരീരമാണ് ഒന്നിനുപുറകെ ഒന്നായി അർത്ഥോൽപ്പാദനം നടത്തുന്നത്. ഇവിടെ അവതരിപ്പിക്കുന്ന പ്രകടനരൂപം ഒരു കലമാത്രമാണെന്ന കാര്യം വിസ്മരിക്കരുത്.

സുനിത വേദിയുടെ ഒരു വശത്തേക്ക് മാറിനിന്നു, കറുത്ത് പൂർണ്ണനഗ്നയായ ഒരു യുവതി പൂച്ചനടത്തത്തോടെ വേദിയിലേക്കു പ്രവേശിച്ചു. മൺവിളക്കിലെ ദീപങ്ങളുടെ ശോഭയിൽ കുളിച്ച് അവളുടെ എണ്ണതേച്ചുമിനുക്കിയ ശരീരം തിളങ്ങി. അവൾ രണ്ടുവട്ടം വേദിയുലൂടെ അങ്ങോട്ടുമിങ്ങോട്ടും പൂച്ച നടത്തം ആവർത്തിച്ചു. തുടർന്ന് പ്രേക്ഷകരെ കൈയുയർത്തി ചിരിച്ച് അഭിവാദ്യം ചെയ്തു.

മുൻകൂട്ടി ചിട്ടപ്പെടുത്തിയ സംഗീതത്തിന്റെ ആർദ്രതാളം അവിടേക്ക് അലയലച്ചെത്തി. ആ സംഗീതത്തിനനുസരിച്ച് സുന്ദരി അപാരമായ ശരീരവഴക്കങ്ങളെ പ്രയോജനപ്പെടുത്തി ചിട്ടപ്പെടുത്തിയെടുത്ത നാട്യാവതരണം നടത്തിത്തുടങ്ങി. ആ യുവസ്ത്രീശരീരത്തിന്റെ മൃദുലമായ ചലനങ്ങൾവരെ അവതരിപ്പിക്കുന്ന നാട്യത്തിന് അർത്ഥം പകർന്നുകൊണ്ടിരുന്നു.

അവതരണത്തിന്റെ ഒരു ഘട്ടത്തിൽ വെളുത്ത് ആരോഗ്യദൃഡഗാത്രമായ നഗ്നശരീരത്തോടെ ഒരു യുവാവ് വേദിയിലേക്ക് പ്രവേശിച്ചു. സദസ്യരെ വണങ്ങിയ യുവാവ് സവിശേഷമായ സംഗീതത്തിനനുസരിച്ച് ശരീരനാട്യം അവതരിപ്പിച്ചുതുടങ്ങി. ഈ സമയത്ത് യുവതി പ്രകടനം അവസാനിപ്പിച്ച് ഒരു മൺവിളക്കിനുമുന്നിൽ ഒരു പ്രതിമപോലെ നിന്നു. വേദിയുടെ ഒരു വശത്തായി സംവിധായികയായ സുനിത എല്ലാം വീക്ഷിച്ചുകൊണ്ടുനിൽക്കുകയാണ്. സംഗീതം നിൽക്കുന്ന സമയങ്ങളിൽ അവതരിപ്പിക്കുന്ന ശരീരപ്രകടനങ്ങളെപ്പറ്റി സുനിത വളരെ മൃതുവായ ശബ്ദത്തിൽ ഒന്നോ രണ്ടോ വാചകങ്ങൾ പറയും. വേദിയുടെ ചിലഭാഗങ്ങളിലായി ഉറപ്പിച്ചിരുന്ന ക്യാമറ

കൾ ശരീരപ്രകടനങ്ങൾ രേഖപ്പെടുത്തികൊണ്ടിരുന്നു.

വെളുത്ത പുരുഷനും കറുത്ത സ്ത്രീയും ചേർന്നവതരിപ്പിക്കുന്ന ശരീരനൃത്താവതരണഘട്ടം തുടങ്ങി. ഭാരതീയമായ അർദ്ധനാരീശ്വര സങ്കല്പ്പത്തെപ്പറ്റി സുനിത പറഞ്ഞു. തുടർന്ന് സംഗീതാവതരണത്തിന് വേഗതയേറി. യുവാവിന്റേയും യുവതിയുടേയും യൗവനയുക്തമായ ശരീരം അസാമാന്യവേഗതയിൽ അതിശയിപ്പിക്കുന്ന വഴക്കത്തോടെ തൊട്ടുരുമി ഇടകലർന്ന് ശരീരനൃത്താവതരണം നടത്തിതുടങ്ങി.

അവതരണത്തന്റെ ഓരോ നിമിഷത്തിലും പ്രേക്ഷകരുടെ ഭാവപ്രതികരണങ്ങൾ സുനിത നിരീക്ഷിച്ചുകൊണ്ടിരുന്നു. ഏറെ യുവാക്കളും എതിർലിംഗത്തിൽപ്പെട്ട അവതാരകരുടെ അവയവസൗന്ദര്യമാണ് പ്രാധാന്യത്തോടെ ആസ്വദിക്കുന്നതെന്നു വ്യക്തമായി. മധ്യവയസ്സുകഴിഞ്ഞവർ ശരീരനാട്യാവതരണത്തിന്റെ നിയതമായ അവസ്ഥതന്നെയാണ് ആസ്വദിക്കുന്നതെന്ന് സുനിതയ്ക്ക് അവരുടെ ഭാവങ്ങളിൽ നിന്നും വായിച്ചെടുക്കുവാൻ കഴിഞ്ഞു.

അനുക്രമമായി ശരീരനൃത്താവതരണത്തിന്റെ രീതിയും സ്വഭാവവും പരിവർത്തനപ്പെട്ടുകൊണ്ടിരുന്നു. വെളുത്ത പുരുഷനും കറുത്ത സ്ത്രീയും അവതരിപ്പിച്ച ശരീരനൃത്താവതരണം പുരോഗമിക്കുന്നതിനിടയിൽ വെളുത്ത സ്ത്രീയും കറുത്ത പുരുഷനും രംഗവേദിയിലേക്കു വന്നു പ്രകടനങ്ങൾ നടത്തിതുടങ്ങി. അവതരണം മൂർദ്ധന്യത്തിലേക്ക് എത്തിയപ്പോൾ അഞ്ച് പുരുഷൻമാരും അഞ്ചുസ്ത്രീകളും അതിൽ കറുത്തവരും വെളുത്തവരുമുണ്ട്. ഉയരമുള്ളവരും അത്രതന്നെ ഉയരമില്ലാത്തവരുമുണ്ട്.

വ്യത്യസ്ത ശരീരങ്ങൾ വ്യത്യസ്തരീതികളിൽ ക്രമമായും ക്രമരഹിതമായും അവതരിപ്പിച്ച പ്രകടനം സമാപിക്കുന്നതിനു മുമ്പ് അവർക്കിടയിൽ സംവിധായകയായ സുനിത കടന്നുചെന്നു. വിവസ്ത്രകർക്കിടയിൽ വസ്ത്രയുവതി!

സുനിതയ്ക്ക് ഇരുവശവുമായി പ്രകടനക്കാർ സവിശേഷമായ രീതിയിൽ അണിനിരന്നപ്പോൾ വേദിയിലെ മൺവിളക്കുകൾ ഒന്നൊന്നായി അണഞ്ഞുതുടങ്ങി. നാട്യവേദി പൂർണ്ണമായും ഇരുളിൽ മുങ്ങിക്കഴിഞ്ഞപ്പോൾ സുനിത ആവർത്തിച്ചു പറഞ്ഞു ഇത് ഒരു കലാവതരണം മാത്രമാണ്.

പ്രേക്ഷകർക്കിടയിൽ നിന്നും അംഗീകാരത്തിന്റെ ഉജ്ജ്വലമായ കരഘോഷങ്ങൾ ഉയർന്നുതുടങ്ങിയപ്പോൾ യവനിക അവർക്കുമുന്നിൽ താണു.

നഗ്നരായ ശരീരനാട്യാവതാരകരോട് മനോഹരമായ വസ്ത്രങ്ങൾ ധരിച്ച് പ്രേക്ഷകർക്കിടയിലേക്ക് ചെല്ലുവാൻ ആശയവിനിമയം നടത്തുവാൻ സുനിത നിർദ്ദേശിച്ചു.

ശരീരനാട്യാവതാരകർ പ്രേക്ഷകർക്കിടയിലേക്കിറങ്ങിച്ചെന്ന് അവരുമായി സൗഹൃദസംഭാഷണങ്ങൾ നടത്തി. സുനിതമൊബൈയിൽ ഫോണിലൂടെ

ഇന്ത്യയിലുള്ള ചില സുഹൃത്തുക്കളുമായി അവതരണത്തിന്റെ വിജയവിശേഷങ്ങൾ പങ്കുവച്ചു. ഇന്ത്യയിൽ അതൊരു വാർത്തയാക്കുവാനുള്ള നിർദ്ദേശങ്ങളും നൽകി.

വേദിയിൽ ഉറപ്പിച്ചിരുന്ന ഡിജിറ്റൽ ക്യാമറകളിൽ നിന്നും നാട്യാവതരണം രേഖപ്പെടുത്തിയ മെമ്മറികളെല്ലാം സുനിത ഭദ്രമായെടുത്തു. അല്പം പോലും സമയം കളയാതെ കംപ്യൂട്ടർ റൂമിലേക്ക് പ്രവേശിച്ചു. നാട്യാവതരണം ആദ്യംമുതൽ അവസാനം വരെ മനോഹരമായി ക്രമീകരിച്ചെടുത്തു. സുനിതയുടെ സ്വന്തം രൂപത്തെ മാത്രം അതിൽ നിന്നും മായിച്ചുകളഞ്ഞു.

സുനിതയുടെ മനസ്സിൽ ഉത്സാഹത്തിന്റെ അദൃശ്യനാട്യങ്ങൾ അമൂർത്തമായ പ്രകടനങ്ങൾ നടത്തികൊണ്ടിരുന്നു. പുതിയൊരു വെബ്സൈറ്റിലൂടെ നിമിഷങ്ങൾക്കൊണ്ട് തന്റെ കലാരൂപം ലോകവ്യാപകമായി കാണുകയും ചർച്ചചെയ്യുകയും ആലോചിക്കുകയും ചെയ്യുന്നതിനെപ്പറ്റി ഓർത്തപ്പോൾ സുനിതയുടെ മനസ്സിലെ അമ്മൂർത്തമായ നാട്യപ്രകടനങ്ങൾ താണ്ഡവഭാവം കൊണ്ടാടി. ഇന്ത്യയിലെ വികലനിയമത്തിന്റെ അർത്ഥരാഹിത്യത്തെപ്പറ്റി ചിന്തിച്ചപ്പോൾ, ചിന്തയുടേയും പ്രവർത്തനത്തിന്റേയും അടിമത്വത്തിൽ നിന്നും വിട്ടുമാറാത്ത  അതിന്റെ വരണ്ടരൂപമാണ് സുനിതയുടെ മനസ്സിൽ തെളിഞ്ഞത്. മാതൃരാജ്യത്തോട് ഒറ്റയാൾ ബുദ്ധിയോടെ നടത്തിയ കലായുദ്ധം ജയിച്ചതിന്റെ ആഹ്ളാദത്തോടെ കംപ്യൂട്ടർ ഇന്റർനെറ്റിലേക്ക് അപ്ലോഡുചെയ്യുന്നതിനായി പുതിയൊരു വെബ്സൈറ്റഡ്രസ് സൃഷ്ടിച്ചു. അത് ഇന്റർനെറ്റിലേക്ക് കൊടുത്തപ്പോഴാണറിയുന്നത് അങ്ങനെയൊരു വെബ്സൈറ്റഡ്രസുണ്ടെന്ന്. സുനിത ആ സെറ്റിലേയ്ക്കുചെന്നു. അവൾ അമ്പരന്നു പോയി.

സുനിത സംവിധാനം ചെയ്ത ശരീരനാട്യാവതരണമാണ് ആ സെറ്റിലുള്ളത്. അതിന് ഒരു പ്രത്യേകതയുണ്ട്. നഗ്നയായി നിന്ന് അവതരണത്തെ നിയന്ത്രിക്കുന്നത് സുനിതയാണ്. അവതരണം നടത്തുന്നവരെല്ലാം വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു.

ശീതീകരിച്ച മുറിയിലിരുന്നിട്ടും സുനിതയുടെ ശരീരം വിയർത്തൊലിച്ചു. കർച്ചൂഫുകൊണ്ട് മുഖവും ശരീരവുമെല്ലാം തുടച്ചുകൊണ്ട് സുനിത ഇന്റർനെറ്റിനു മുന്നിൽ  നിന്നും എഴുന്നേറ്റ് പുറത്തേയ്ക്കിറങ്ങി.

അവതരിപ്പിക്കുന്ന നാട്യങ്ങളെക്കാൾ എത്രയോ അധികമാണ് അവതരിപ്പിക്കാത്തനാട്യങ്ങളെന്ന് സുനിത ചിന്തിച്ചുനോക്കി. ആ നാട്യങ്ങൾ മനുഷ്യർ കാണുകയും ആസ്വദിക്കുകയും ചെയ്യുന്നു എന്ന സത്യത്തിനു മുന്നിൽ വല്ലായ്കയൊതുക്കി നിൽക്കുവാനേ സുനിതയ്ക്ക് കഴിഞ്ഞുള്ളൂ.

ബലാൽസംഗവും കലയും തന്ത്രവും.

തൊഴിൽരഹിതരുടെ എണ്ണം അനുദിനം കേരളത്തിൽ ഏറുകയാണ്. മാറിമാറി വരുന്ന ഗവൺമെന്റുകൾ തൊഴിൽരഹിതർക്ക് തൊഴിൽ രഹിതർക്ക് തൊഴിൽ നൽക്കുന്നതിനായുള്ള പ്ലാനും പദ്ധതിയും പ്രഖ്യാപിക്കുന്നു. പ്രഖ്യാ

പനങ്ങൾ അങ്ങനെ തുടരുന്നതല്ലാതെ പ്രവർത്തനങ്ങൾ ഒന്നും അവരുടെ ഭാഗത്തുനിന്നും ഉണ്ടാകാറില്ല.

രാഷ്ട്രീയക്കാർ നടത്തുമ്പോൾ സമുദായങ്ങൾ ചിലതു പ്രവർത്തിക്കുന്നു എന്നു വരുത്തിതീർക്കുന്നു. തങ്ങളുടെ സമുദായത്തിന് നീതിലഭിക്കുന്നി ല്ലെന്ന് ന്യായങ്ങൾ നിരത്തി മുറവിളികൂട്ടുന്നു. മത്സരപരീക്ഷകൾ വിജയി ക്കാനുള്ള കോച്ചിംങ് ക്ലാസുകളാണ് അവർ സംഘടിപ്പിക്കുന്നത്. മനോഹ രമായ വാക്ചാതുര്യത്തോടെ സമുദായങ്ങൾ മത്സരിച്ച് മത്സരപരീക്ഷകൾ വിജയത്തിനുള്ള കോച്ചിംങ് ക്ലാസുകൾ സംഘടിപ്പിക്കുമ്പോൾ ശബ്ദം താഴ്ത്തിപ്പറയും എല്ലാ ജോലികളിലും നമ്മുടെ സമുദായക്കാർ വരേണ്ടതു ണ്ട്. അങ്ങനെ അറിവിനൊപ്പം സമുദായസ്നേഹവും അവർ തൊഴിൽരഹി തർക്ക് പകർന്നുനൽകുന്നു. പ്രതിഫലമായി അത്രയൊന്നും കോലാഹലങ്ങ ളില്ലാതെ കനത്ത ഫീസ് തൊഴിൽ രഹിതരിൽ നിന്നും ഈടാക്കുന്നു.

തൊഴിൽ രഹിതർ തൊഴിൽ ലഭിക്കാത്തതിനൊപ്പം ചൂഷണം ചെയ്യപ്പെടു ന്നതിന്റെ ഒരു ചിത്രം മാത്രമാണിത്. തൊഴിൽരഹിതർക്ക് ചെയ്യുവാൻ കഴി യുന്ന ഇനിയൊരു തൊഴിലാണ് വിദ്യാഭ്യാസം. കേരളത്തെ സംബന്ധിച്ചിട ത്തോളം വിദ്യാഭ്യാസത്തിന്റെ തോത് പടിപടിയായി ഉയർന്ന് ഏതാണ് എല്ലാ വരും തന്നെ അക്കാദമിക വിദ്യാഭ്യാസത്തിന്റെ ഉന്നത നിലയിലെത്തിയവ രാണ്.

എം.എയും എം.ഫിലും കഴിഞ്ഞാൽ പിന്നെ നടത്താവുന്ന പഠനം പി. എച്ച് ഡിയാണല്ലോ. പി. എച്ച്. ഡിക്ക് ചേരുന്നത് എളുപ്പമാണ്. ഒരു വിഷയം കണ്ടെത്തുന്നതാണ് പ്രശ്നം. കാരണം എല്ലാ വിഷയങ്ങളിലുംതന്നെ ഒന്നി ലധികം ഗവേഷണങ്ങൾ നടന്നുകഴിഞ്ഞു.

തൊഴിൽരഹിതനായ കർണ്ണനും എം. എയും എം.ഫിലും കഴിഞ്ഞ് പി. എച്ച്.ഡിക്ക് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിൽ ചേർന്നു. കർണ്ണൻ ഏതു വിഷയത്തെപ്പറ്റിപ്പറഞ്ഞാലും മേൽനോട്ടം വഹിക്കുന്ന സുശീലവർമ്മസാ റിന് അത് അംഗീകരിക്കുവാൻ കഴിയുമായിരുന്നില്ല. കാരണം ലളിതം. കർണ്ണൻ പറയുന്ന വിഷയങ്ങളിലെല്ലാം ഒന്നിലധികം പി. എച്ച്.ഡി ബിരുദ ങ്ങൾ നല്കിക്കഴിഞ്ഞിരിക്കുന്നു. സാഹിത്യം,സംസ്കാരം, ചരിത്രം, സിദ്ധാ ന്തം, ശരീരഭാഷ, ഉത്താരാധുനികത, ഘടനവാദം, അപനിർമ്മാണം, അതി കഥാസകേതങ്ങൾ തുടങ്ങിയ മേഖലകളെപ്പറ്റിയും ഒന്നിലധികം ഗവേഷണ ബിരുദങ്ങൾ തന്നെ നൽക്കിക്കഴിഞ്ഞു.

കർണ്ണന്റെ ചിന്തകൾ വിഷയങ്ങൾ കണ്ടെത്തുന്നതിൽ നിന്നും പിൻമാറി സുശീലൻ മാഷിന്റെ പ്രീതിസമ്പാദിക്കുന്നതിലായി. സാറ് അനുവദിച്ചാൽ ഏതുവിഷയത്തിലും ഗവേഷണം ചെയ്യാവുന്നതേയുള്ളൂ. സുശീലൻസാ റിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ശ്രമത്തിനിടയിലാണ് സാറിന്റെ ഇഷ്ട വിഷയത്തെപ്പറ്റി അറിയുവാൻ കഴിഞ്ഞത്. സ്ത്രീസംബന്ധമായ വിഷയ ങ്ങൾ! പ്രത്യേകിച്ച് ജാരസങ്കമങ്ങളുടേയും ബലാൽസംഗങ്ങളുടേയും വർത്ത

മാനങ്ങൾ. ജാരസങ്കമങ്ങൾ നടത്തുന്നവരോടും ബലാൽസംഗങ്ങൾ നടത്തുന്നവരോടും സാറിനെന്നും ആദരവായിരുന്നു.

അങ്ങനെയൊരു ദിവസം കർണ്ണൻ തന്ത്രപൂർവ്വം അവൻ കണ്ടെത്തിയ പുതിയ വിഷയത്തെപ്പറ്റി സുശീലൻവർമ്മസാറിനോട് പറഞ്ഞു. 'ബലാൽസംഗം കലയും തന്ത്രവും' കേരളസംസ്ക്കാരത്തെ മുൻനിറുത്തി ഒരു പഠനം. വിഷയം വർമ്മസാറിന് ഇഷ്ടപ്പെടുമെന്ന് മാത്രമല്ല, ആ വിഷയത്തെപ്പറ്റി മണിക്കൂറുകളോളം വാചാലമായി സംസാരിക്കുകയും ചെയ്തു. സാഹിത്യഗവേഷണത്തിന്റെ മേഖലയിൽ പുതിയൊരു വിഷയം കണ്ടെത്തിയവാർത്ത സുശീലവർമ്മ സാറ് സഹപ്രവർത്തകരെ മുഴുവൻ അറിയിക്കുകയും ചെയ്തു.

പി. എച്ച്. ഡി പ്രബന്ധത്തെ മൂന്നുഭാഗങ്ങളായിട്ടാണ് തിരിച്ചിരിക്കുന്നത്. സാഹിത്യത്തിലെ ബലാൽസംഗങ്ങൾ, ബലാൽസംഗത്തിന്റെ കാലിക പ്രസക്തി, എന്നിവയാണ് പ്രബന്ധത്തിന്റെ പ്രധാനമായ മൂന്ന് ഭാഗങ്ങൾ. ഓരോ ഭാഗത്തിനും പല അധ്യായങ്ങളും ഉപമേഖലകളുമുണ്ട്. ഈ മൂന്ന് ഭാഗങ്ങൾ കൂടാതെ ആമുഖവും ഉപസംഹാരവും പ്രബന്ധത്തിന്റെ ഭാഗമായുണ്ട്.

സാഹിത്യത്തിലെ ബലാൽസംഗത്തെപ്പറ്റിപ്പറയുമ്പോൾ ആദം ഹവ്വയെ പ്രലോഭിച്ചത് സീതയെ രാവണൻ തട്ടിയെടുത്തത് പ്രലോഭിച്ചതുമെല്ലാം സാഹിത്യത്തിലെ ബലാൽസംഗ രചയുടെ ഇതിഹാസവശമാണ്. തുടർന്ന് ഓരോരോ ഇതിഹാസകൃതികളിലെ ബലാൽസംഗങ്ങൾ വരെ ചിത്രീകരിക്കുകയും ചെയ്തു. സംസ്കാര ചരിത്രത്തിലെ ബലാൽസംഗങ്ങളിൽ രാജഭരണം, ഏകാധിപത്യം, ജനാധിപത്യം തുടങ്ങിയ ഭരണക്രമത്തിൽ ബലാൽസംഗങ്ങൾ സംഭവിക്കുന്നതിനെപ്പറ്റി വ്യക്തമാക്കി. തുടർന്നാണ് ബലാൽസംഗത്തിന്റെ കാലിക പ്രസക്തിയിലേക്ക് വരുന്നത്. പ്രശസ്തി നേടുവാനുള്ള ശ്രദ്ധതിരിക്കുവാനുള്ള പ്രയോഗമായിട്ടാണ് കാലികമായി ബലാൽസംഗങ്ങളെ ഉപയോഗിക്കുന്നത്. ബലാൽസംഗത്തെ കലയായി ചിത്രീകരിച്ച് അവതരിപ്പിക്കുന്ന സിഡികൾ ഏറെ കാഴ്ചക്കാരെ ആകർഷിക്കുന്ന കലാമാധ്യമമാണ്. അമേരിക്കൻ പ്രസിഡന്റുമുതൽ കേരളത്തിലെ മാന്ത്രിമാർ വരെ നീണ്ടനിൽക്കുന്ന വിപുലമായ കാലികോപയോഗ സംഭവമാണ് ബലാൽസംഗം.

ഗവേഷണത്തിന്റെ ഉപസംഹാരത്തിൽ ബലാൽസംഗത്തെ സ്വകാരകലയായും രേഖപ്പെടുത്തുന്ന കലയായും ചത്രീകരിക്കുന്നു. ഒരു വ്യക്തി സ്ത്രീയോ പുരുഷനോ മറ്റൊരു സ്ത്രീയെയോ പുരുഷനെയോ ബലമായി ശാരീരിക ബന്ധത്തിന് വിധേയമാകുന്നതാണ് ബലാൽസംഗം. സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന ഇത്തരം പ്രവർത്തിയെ സ്വകാര്യകലയെന്നും പറയുമ്പോൾ സി.ഡികളിലും മറ്റും രേഖപ്പെടുത്തി വിപണനം ചെയ്യുന്നതിന് രേഖപ്പെടുത്തുന്ന കലയെന്നാണ് പറയുന്നത്. ബലാൽസംഗങ്ങളെക്കുറിച്ച് പത്രമാസികകളിലും ഇന്റർനെറ്റിലെ സെറ്റുകളിലുമെല്ലാം വരുന്ന വാർത്തകൾ

ചിത്രീകരണങ്ങൾ ചർച്ചകൾ തുടങ്ങിയവയെ ബലാൽസംഗസാഹിത്യകാരെന്നാണ് പറയുന്നത്. കാലികമായി കേരളത്തിലെ പത്രമാസികകൾ ടെലിവിഷൻചാനലുകൾ തുടങ്ങിയവയെല്ലാം ബലാൽസംഗസാഹിത്യം ഏറെയായി ഉപയോഗിക്കുന്നവയാണ്. യാഥാർത്ഥത്തിൽ ലോകസാഹിത്യത്തിലെതന്നെ ഒരു ശക്തമായ വിഭാഗമായി ബലാൽസംഗസാഹിത്യം വളരുന്നു. ഈ സാഹത്യം അച്ചടിസാഹിത്യം സൈബർസാഹിത്യം എന്നീ രണ്ട് കൈവഴികളിലൂടെയാണ് വളരുന്നത്.

വളരെ അടുക്കും ചിട്ടയോടും കൂടി നിരവധി ഉദ്ധരണങ്ങൾ ഉൾപ്പെടുത്തി ചെയ്ത ഗവേഷണകൃതി മനോഹരമായിരിക്കുന്നയെന്ന് സുശീലൻസാറു തന്നെ സമ്മതിച്ചു. സുശീലൻസാറിന്റെ സമ്മതം കർണ്ണനെ സന്തോഷവാനുമാക്കി.

പ്രബന്ധം സമർപ്പിക്കുന്നതിനായി എത്തിയപ്പോഴാണ് സുശീലൻ സാറ് കർണ്ണനോട് ഒരു ചോദ്യം ചോദിക്കുന്നത്. "കർണ്ണന് ബലാൽസംഗത്തെപ്പറ്റി എന്തറിയാം?" ചോദ്യം കേട്ട കർണ്ണൻ പതറി നിന്നു. സുശീലൻസാറ് സ്വതസിദ്ധമായ ചിരിയോടെ തുടർന്നു. "അനുഭവംകൊണ്ട് ആർജ്ജിച്ചെടുത്ത അറിവുമായി വന്നാൽ മാത്രമേ പ്രബന്ധം സമർപ്പിക്കാൻ പറ്റുകയുള്ളൂ."

കർണ്ണൻ പരാജിതനെപ്പോലെ സുശീലൻസാറിന്റെ മുന്നിൽ നിന്നു. പിന്നെ ധൈര്യം സംഭരിച്ച് തന്റെ ഭാഗം ന്യായീകരിച്ചു. "സാർ ഇതൊരു പഠനമല്ലേ. അതിന് അനുഭവത്തിന്റെ ആവശ്യമുണ്ടോ?"

"അനുഭവമില്ലാത്തവൻ വിഡ്ഢിയാണ്" സുശീലൻസാറ് തുടർന്നു. "ഒരു വിഡ്ഢിയുടെ പ്രബന്ധം സമർപ്പിക്കുവാൻ എങ്ങനെ സമ്മതിക്കാനാവും."

"ഭാവനാസമ്പന്നരല്ലെ സാർ കവിതകളും കഥകളുമെഴുതുന്നത്." കർണ്ണൻ ന്യായീകരിച്ചു പറഞ്ഞു. അവരെല്ലാവരും അനുഭവിച്ചറിഞ്ഞതോ കണ്ടറിഞ്ഞതോ ആയ കാര്യങ്ങളാണല്ലോ എഴതുന്നത്."

"അത് അവരുടെ കാര്യം" സത്യശീലൻ പരിഹാസത്തോടെ തുടർന്നു. ഇതൊരു അധികാരിക പഠനമാണ്. അനുഭവമുണ്ടെങ്കിലേ ആ പഠനം അംഗീകരിക്കാൻ കഴിയൂ.

കർണ്ണൻ ഉത്തരം മുട്ടി വിനീതനായി നിന്നു.

സത്യശീലൻ വിജയഭാവത്തിൽ തുടർന്നു. "പ്രബന്ധം മുഴുവൻ ഒരു പ്രാവശ്യംകൂടി പകർത്തിയെടുത്തുകൊണ്ടുവരൂ. അപ്പോൾ സമർപ്പിക്കണോ വേണ്ടയോ എന്ന് ഞാനന്ന് ആലോചിക്കാം."

അറുന്നൂറിലധികം വരുന്ന പ്രബന്ധപേജുകൾ പകർത്തിയെഴുന്നതിന്റെ ഗതികേടുകളെ പറ്റിചിന്തിച്ചുകൊണ്ട് കർണ്ണൻ അല്പസമയം നിന്നു. പിന്നെ വിനീതനായി തിരക്കി. "സാറിന് അനുഭവമുണ്ടെങ്കിൽ പറഞ്ഞാൽ മതി. അത്

ഞാനീ പ്രബന്ധത്തിൽ ചേർത്തുകൊള്ളാം.''

അതിന്റെ ഉത്തരമായി സുശീലൻ സാറ് ഒരു മണ്ടൻ ചിരി ചിരിച്ചു.

പ്രബന്ധം അവതരിപ്പിക്കണമെങ്കിൽ ഇനി ഒറ്റവഴിയേയുള്ളൂ. സുശീലൻ സാറിനെ സന്തോഷിപ്പിക്കണം.

സുശീലൻസാറ് തന്റെ ബലാൽസംഗഅനുഭവങ്ങളെപ്പറ്റി വാചാലനായി.

സുശീലൻ സാറുപറയുന്നതുമുഴുവൻ കള്ളമാണെന്ന് കർണ്ണനു മനസ്സിലായി. എന്നിട്ടും സാറ് പറയുന്നതുമുഴുവൻ ആശ്ചര്യം പ്രകടിപ്പിച്ച് കേട്ടിരുന്നു. ഇതുവരെ ഒരു നിയമത്തിനും പൊതുജനത്തിനും കണ്ടുപിടിക്കാനോ തെളിയിക്കാനോ കഴിയാത്ത വിധത്തിലാണ് ബലാൽസംഗങ്ങൾ നടത്തിയതെന്നുകൂടി പറയുവാൻ സുശീലൻ സാറ് മറന്നില്ല. കർണ്ണൻ ഗതികേടുകളെ ശപിച്ചുകൊണ്ട് പ്രബന്ധം പകർത്തിയെഴുതിത്തുടങ്ങി. രണ്ടാഴ്ചത്തെ കഠിനപ്രയത്നത്തിനുശേഷം വീണ്ടും സുശീലൻസാറിനെ കാണുവാൻ ഡിപ്പാർട്ടുമെന്റിലെത്തി. അപ്പോഴാണ് രസകരമായ ആ വാർത്ത അറിയുന്നത്. ഡിപ്പാർട്ടുമെന്റിലെ ഒരു വിദ്യാർത്ഥിനിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചതിന്റെ പേരിൽ സുശീലൻസാറ് പിടിക്കപ്പെട്ടു. ഇപ്പോൾ ലോക്കപ്പിൽ കിടക്കുന്നു.

കർണ്ണൻ വിനീതഭാവത്തോടെ പോലീസ്സ്റ്റേഷനിലെലോക്കപ്പിനുമുന്നിലെത്തി. അവിടെ ലോക്കപ്പിനുള്ളിൽ ചെറിയൊരു കൗമീനം മാത്രമുടുത്തുരകിടക്കുന്ന സുശീലൻ.

ഗുരുവും ശിഷ്യനും അങ്ങനെ തന്നെ അല്പസമയം മുഖാമുഖം നോക്കി നിന്നു. മൗനത്തെ മുറിച്ചുകൊണ്ട് കർണ്ണൻ തിരക്കി ''ഇത്രയും പരിചയമുണ്ടെന്ന് പറഞ്ഞ സാറിന് എങ്ങനെ ഇങ്ങനെയൊരബന്ധം പറ്റി.''

''ബലാൽസംഗങ്ങൾ എത്രനടത്തിയെന്നു പറഞ്ഞിട്ടും ഒരു കാര്യവുമില്ല.'' സുശീലൻ പറഞ്ഞു. ''പിടിക്കപ്പെടുമ്പോഴാണ് നമ്മുടെ കഴിവ് ചുറ്റുമുള്ളവർ അറിയുന്നത്. ഇന്ന് എല്ലാ പത്രങ്ങളിലും ടി. വി. ചാനലുകളിലും ഞാനല്ലേ ഹീറോ.'' എനിക്ക് ശക്തമായ ലിംഗവും പുരുഷത്വവുമുണ്ടെന്ന് സമൂഹം മുഴുവനും ഒരാഘോഷം പോലെയറിഞ്ഞില്ലേ.

കർണ്ണന് സമാധാനമൊന്നും പറയാൻ കഴിയാതെ നിന്നു. അപ്പോൾ സുശീലൻ സാറ് പറഞ്ഞു. ഇനി ആ പ്രബന്ധം ഞാൻ തന്നെ പ്രസിദ്ധീകരിച്ചുകൊള്ളാം. കർണ്ണൻ ബലാൽസംഗത്തിന്റെ സാഹിത്യവശത്തെപ്പറ്റി മറ്റൊരു പ്രബന്ധമെഴുതിക്കൊള്ളൂ.

കർണ്ണൻ അല്പസമയം കൂടി വിവിധവികാരങ്ങളോടെ സുശീലൻസാറിനെ നോക്കിനിന്നു. പിന്നെ ഒന്നും പറയാതെ അവിടെനിന്നും തിരിഞ്ഞ് നിശ്ശബ്ദം നടന്നു. അപ്പോൾ എവിടെനിന്നാല്ലെമ്മോ ബലാൽസംഗംചെയ്യുന്ന സ്ത്രീ പുരുഷൻമാരുടെ രോധനം കർണ്ണന്റെ കാതുകളിൽ എത്തികൊണ്ടിരുന്നു.

## രാമായണക്കിളി

രാമായണക്കിളി ചിറകിട്ടടിച്ച 'രാമരാമാ'യെന്നു ജപിക്കുന്നതുകേട്ടാണ് മദ്ധ്യാഹ്ന ഉറക്കത്തിൽ നിന്നുമുണർന്നത്. അയലത്തെവീട്ടിലെ ടേപ്പ്റിക്കാർഡിൽ നിന്നും ഒഴുകിയെത്തിയ രാമായണവായനയും കാതുകളിലെത്തി. അപ്പോഴാണ് രാമായണമാസം തുടങ്ങിയ കാര്യത്തെപ്പറ്റി ഓർമ്മിച്ചത്.

രാമായണക്കിളി കിടക്കുന്ന കൂട്ടിന്റെ അടുത്തേക്കു ചെന്നപ്പോൾ അതെന്നെ പേരു വിളിച്ചു. 'അന്ന, അന്ന,' അല്പനേരം അതിനെതന്നെ കൗതുകത്തോടെ നോക്കിനിന്നു. രാമായണക്കിളി വീണ്ടും ടേപ്പ്റിക്കാർഡിൽ നിന്നു ഒഴുകിയെത്തുന്ന രാമായണ പാരായണത്തിനനുസരിച്ച് ഓരോന്ന് ചിലയ്ക്കുവാൻ തുടങ്ങി.

മോള് അകത്തുനിന്നും ഉറക്കമുണർന്ന് കരഞ്ഞപ്പോൾ രാമായണക്കിളി അവളെ വിളിച്ചു 'സുന്ദരി, സുന്ദരി,' അകത്തേയ്ക്കു നടന്ന് മോളേയുമെടുത്ത് ഞാൻ പുറത്തേയ്ക്കിറങ്ങി. അവൾ ഉച്ചയുറക്കംകഴിഞ്ഞ് അല്പസമയം രാമായണക്കിളിയെ നോക്കിയിരിക്കുന്നത് ഒരു ശീലമാണ്. മോളെ കാണുമ്പോൾ രാമായണക്കിളി ഷൂളമടിച്ച് അവളുടെ ശ്രദ്ധയാകർഷിക്കുന്നതും നിത്യസംഭവം തന്നെ.

'സീത സീത.' എന്നു രാമായണക്കിളി ചിലച്ചപ്പോൾ എനിക്കു മനസ്സിലായി സീത വരുന്നുണ്ടെന്ന്. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കൈയിൽ പുസ്തകവുമായി സീത അവിടേയ്ക്കു വരുന്നു. എസ്.എസ്. എൽ.സിക്കു പഠിക്കുന്ന സീതക്ക് അവധിദിവസങ്ങളിലും വൈകുന്നേരങ്ങളിലും കണക്കും, ഇംഗ്ലീഷും പറഞ്ഞുകൊടുക്കുന്നത് ഞാനാണ്. രത്രികാലങ്ങളിൽ എന്റെ കൂട്ടും അവൾതന്നെ.

'സുന്ദരി' സീത വിളിച്ചു.

മോള് അവളെ നോക്കി കുഞ്ഞരിപ്പല്ലുകൾ കാട്ടിചിരിച്ചു. പിന്നെ അവളുടെ നേരെ കൈകൾ നീട്ടി. സീത സുന്ദിരിയെ എന്റെ കയ്യിൽ നിന്നും മേടിച്ച് അല്പസമയം ലാളിച്ചു. പിന്നെതിരക്കി "ഇന്നു വൈകുന്നേരമല്ലെ നഗരത്തിലെ ഭവനരഹിതർക്ക് സർക്കാർ നിർമ്മിച്ചുകൊടുക്കുന്ന വീടുകളുടെതാക്കോൽ വിതരണം." സീത തുടർന്നു. "മന്ത്രിയും എം. പിയുമുള്ള

ചടങ്ങിൽ ഇങ്ങനെയൊരവസരം കിട്ടിയത് ഭാഗ്യം തന്നെയാ"

"ഹരിയേട്ടന്റെ അഭാവത്തിൽ കിട്ടുന്ന ഒരംഗീകാരത്തിനും ഒരു ഭാഗ്യമില്ല മോളേ എല്ലാവരും എന്നെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ഞാൻ ഹരിയേട്ടനെ കൂടുതലായി ഓർത്തുപോകുന്നു."

"സുന്ദരിയെ ഞാൻ വീട്ടിൽ കൊണ്ടുപോകുകയാണ്. അല്പം കഴിഞ്ഞ് കൊണ്ടുവരാം." സീത പറഞ്ഞു.

ഹരിയേട്ടനെപ്പറ്റി അങ്ങനെയോർത്തിരുന്നപ്പോൾ സീത സുന്ദരിയുമായി മെല്ലെ നടന്നു തുടങ്ങിയിരുന്നു.

മുറിയിലേക്കു ചെന്ന് അവിടെ വച്ചിരിക്കുന്ന ഹിരയേട്ടന്റെ ഫോട്ടോയിലും നോക്കി നിശ്ശബ്ദം നിന്നു. കൂട്ടിൽ കിടക്കുന്ന രാമായണക്കിളി കൂടുതൽ ഉത്സാഹത്തോടെ രാമായണം ചിലക്കുന്നതു കേൾക്കാം. അത് അങ്ങനെ കേട്ടുനിന്നപ്പോൾ രണ്ടുവർഷങ്ങൾക്കുമുമ്പുള്ള രാമായണമാസത്തിന്റെ ഊഷമളതയെപ്പറ്റി ഓർമ്മിച്ചു.

ഒരു രാമായണമാസത്തിലായിരുന്നു ഞങ്ങളുടെ വിവാഹം. അതും രജിസ്റ്റർ ആഫീസിൽ വച്ചു നടത്തിയ മിശ്രവിവാഹം. ഹിന്ദുവായ ഹരി ക്രിസ്ത്യാനിയായ എന്നെ ഇരുവീട്ടുകാരുടേയും എതിർപ്പിന്റെ മദ്ധ്യേവച്ച് വിവാഹം കഴിക്കുകയായിരുന്നു. ഒരുകോളേജ് പ്രണയത്തിന്റെ സാക്ഷാത്ക്കാരം കൂടിയായിരുന്നു ഞങ്ങളുടെ വിവാഹം.

പാരമ്പര്യത്തിന്റെ മഹത്വവും മതത്തിന്റെ നിയമവും പറഞ്ഞ് സ്വന്തം വീട്ടുകാർതന്നെ ആദ്യമെന്നെ മറന്നു. ബന്ധുജനങ്ങൾക്കും സമൂഹത്തിനും മുന്നിൽ കപടമായ അഭിമാനത്തിന്റെ കൊടി അവരുയർത്തിയത് എന്നെ പുറത്താക്കികൊണ്ടായിരുന്നല്ലോ.

ഞങ്ങളുടെ വിവാഹത്തിനും ഹരിയുടെ വീട്ടിലും എതിർപ്പായിരുന്നു. സുഹൃത്തുക്കളുടെ സഹായത്തോടെ വിവാഹം കഴിച്ച് ഹരിയുടെ വീട്ടിലെത്തിയപ്പോൾ അച്ഛൻ നിറഞ്ഞ് മനസ്സോടെ ഞങ്ങളെ സ്വീകരിക്കുകായായിരുന്നു. ഹരിയുമൊത്തുള്ള ജീവിതത്തിനായി മതം മാറുവാനും ഞാൻ തയ്യാറായി. അച്ഛൻ പറഞ്ഞു "മതമല്ലേ മാറാൻ പറ്റൂ ചെറുപ്പകാലം മുതൽ ശീലിച്ച വിശ്വാസപ്രമാണങ്ങളും ആചാരങ്ങളും മാറ്റുവാൻ കുട്ടിക്ക് കഴിയുമോ?" ഒരു മുറി എനിക്കു പ്രാർത്ഥനാമുറിയായി അനുവദിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു. "ക്രിസ്ത്യാനിയുടേയും ഹിന്ദുവിന്റേയും ഈശ്വരൻമാർ തമ്മിൽ ഇവിടെയിരുന്ന് സമാധാനത്തോടെ സംഭാഷണങ്ങൾ നടത്തി രാജ്യത്തെ മതപീഡനങ്ങൾക്കും വൈരാഗ്യങ്ങൾക്കും ഒരറുതി കണ്ടെത്തട്ടെ."

അച്ഛനതു പറഞ്ഞപ്പോൾ എന്റെ സന്തോഷത്തിനതിരില്ലായിരുന്നു. ഏറെ ബഹുമാനത്തോടെ ഞാനാ പാദങ്ങൾ തൊട്ട് തലയിൽ വച്ചു. അപ്പോഴച്ഛൻ

തുടർന്നു പറഞ്ഞു. "ഞങ്ങളുടെ ആചാരങ്ങളെപ്പറ്റിയും വിശ്വാസങ്ങളെപ്പ റ്റിയും പുച്ഛിക്കാതെ ഉൾക്കൊള്ളുവാൻ മോളും ശ്രമിക്കണം."

എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങിനിന്ന എന്നെ അച്ഛന്റെ നിർദ്ദേ ശപ്രകാരം ഏട്ടത്തിയമ്മ അകത്തേക്കു നയിച്ചു.

ഒരു ദിവസം രാമായണപുസ്തകം കൈയ്യിലെടുത്തു പിടിച്ചുകൊണ്ട് അച്ഛൻ ചോദിച്ചു. 'മോൾക്ക് രാമായണം വായിക്കാൻ തോന്നുന്നുണ്ടോ?'

പുസ്തകം മേടിച്ച് ഈണത്തിൽ രാമായണപാരായണം തുടങ്ങി. അക്ഷ രശ്ലോകങ്ങൾ ചൊല്ലി പരിശീലിച്ച എന്റെ നാവിന് രാമായണവായനയും ഏറെ യോജിച്ചുനിന്നു. അന്നുമുതൽ അച്ഛനുവേണ്ടി രാമായണം വായിക്കുന്ന ജോലി ഞാൻ സ്വയം ഏറ്റെടുത്തു.

ഹരിയേട്ടനും ഞാനുംകൂടി തെക്കെ പറമ്പിലൂടെ കാഴ്ചകളും കണ്ട് വർത്തമാനവും പറഞ്ഞ് നടന്നപ്പോൾ മണ്ടയുണങ്ങിയ ഒരു തെങ്ങിന്റെ പൊത്തിൽ നിന്നും തലയും പുറത്തേയ്ക്കിട്ട് വായുംപൊളിച്ച് ഒരു തത്ത ക്കുഞ്ഞ് ശബ്ദം പുറപ്പെടുവിക്കുന്നതുകണ്ട് ഞാനതിനെ കൗതുകത്തോടെ നോക്കിനിന്നു.

ഹരിയേട്ടൻ തെങ്ങിന്റെ ചുവട്ടിൽ ചെന്ന് ഊക്കോടെ കുലുക്കിയപ്പോൾ മണ്ടയൊടിഞ്ഞ് താഴെ വീണു. അതിന്റെ പൊത്തിൽ നിന്നും താഴെ വീണ തത്തക്കുഞ്ഞിനെ പിടിച്ച് എനിക്കു തന്നുകൊണ്ട് പറഞ്ഞു. ഞാൻ ലീവ്ക ഴിഞ്ഞ് പോകുമ്പോൾ നിനക്ക് മിണ്ടിപറഞ്ഞിരിക്കുവാൻ ഇതിനെ എടു ത്തുകൊള്ളൂ. അതിന്റെ പച്ചക്കളറുള്ള ചെറുതൂവലുകളും കഴുത്തിലെ ചുവന്ന വളയങ്ങളും വളഞ്ഞ ചുണ്ടുകളും എനിക്കു കൗതുകമായി. ഞാന തിനേയും ചേർത്തുപിടിച്ച് ഹരിയേട്ടനോടൊപ്പം നടന്നു.

രാമായണമാസത്തിൽ കിട്ടിയ കിളിയായിതുകൊണ്ടും തുഞ്ചത്താചാര്യന് രാമായണം ചൊല്ലികൊടുക്കുന്ന പരമ്പരയിൽപ്പെട്ട കിളിയായിതുകൊണ്ടും ഞങ്ങൾ എല്ലാവരും ചേർന്ന് തത്തക്കുട്ടിക്കിട്ട പേരിട്ടു. രാമായണക്കിളി.

ഹരിയേട്ടൻ ലീവും കഴിഞ്ഞ് തിരിച്ച് പട്ടാള ആഫീസിലേക്കുപോയി. കടുത്ത ഏകാന്തതയിൽ അച്ഛൻ മാത്രമായിരുന്നു എനിക്കൊരാശ്വാ സം.ജ്യേഷ്ഠനും ജ്യേഷ്ഠത്തിക്കും ഞാനൊരന്യമതക്കാരിയായിരുന്നു. അർഗ ഹതയില്ലാത്തിടത്ത് അള്ളിപ്പിടിച്ച് കയറിവന്നതാണ് ഞാനെന്ന വിചാരവും അവർക്കുണ്ടായിരുന്നു. വീട്ടുജോലികളിൽ സഹകരിക്കുമ്പോൾ അതിന്റെ ആവശ്യമില്ലെന്നു പറഞ്ഞ് യുക്തിപൂർവ്വം അവരെന്നെ ഒഴിവാക്കുകയായി രുന്നു. രാമായണക്കിളിയോട് സംസാരിക്കുനതും അതിനെ ലാളിക്കുന്നതും എനിക്കൊരാശ്വസമായി. ഒരു ദിവസം ഞാനതിന് ഓരോരോ വാക്കുകൾ പറഞ്ഞു പഠിപ്പിക്കുമ്പോൾ അച്ഛൻ അവിടേക്കു വന്ന് കരിമ്പനയോല തന്നു കൊണ്ട് പറഞ്ഞു. "ഇതു കൊടുത്താൽ രാമായണക്കിളിയുടെ നാവിന്റെ കട്ടികുറയും പിന്നെയത് എളുപ്പത്തിൽ സംസാരിച്ചുകൊള്ളും."

കരിമ്പനയോലയും കൊത്തിമുറിച്ച്ചപ്പി ഞാൻ പറഞ്ഞുകൊടുത്ത ഓരോരോ വാക്കുകൾ രാമായണക്കിളി പഠിക്കുകയായിരുന്നു.

എനിക്ക് വയറ്റിലുണ്ടെന്നറിഞ്ഞപ്പോൾ ഹരിയേട്ടൻ സന്തോഷത്തോടെ എഴുതി. 'നമ്മുക്ക് പിറക്കാൻ പോകുന്ന സുന്ദരിയെകാണുവാൻ ഞാനുട നെതന്നെ വരുന്നുണ്ട്. പ്രസവസമയത്തുവന്നാൽ അത് എനിക്കും നിനക്കും ആശ്വാസമാണല്ലോ?'

ഞാൻ ഹരിയേട്ടനെഴുതി 'പിറക്കാൻപോകുന്ന കുട്ടി പെണ്ണാണെന്ന് ഹരി യേട്ടൻ എങ്ങനെ നിശ്ചയിച്ചു. അവൻ ആണാണ്. ഞാനവന് ഭീമു എന്നു പേരുമിട്ടു.'

എന്റെ മുന്നിൽ  വച്ച് മസിലുകൾ പിടിക്കുകയും എന്നെ പൊക്കിയെ ടുത്ത് വായുവിൽ കറക്കുകയും ചെയ്യുന്ന ഹരിയേട്ടനെ ഞാൻ ഭീമൻ എന്നു പരിഹസിച്ച്  വിളിക്കാറുണ്ടായിരുന്നു.

പ്രസവത്തിനു മുമ്പ് ഹരിയേട്ടൻ എഴുതി. ലീവിന്റെ ചില പ്രശ്നങ്ങളുണ്ട് ഒരു മാസം കഴിഞ്ഞേ വരുവാൻ കഴുയുകയുള്ളൂ. നമ്മുക്ക് പിറക്കാൻ പോകുന്ന കണ്മണി മോളാണെന്ന് ഞാൻ നിശ്ചയിച്ചതെങ്ങനെയെന്നോ അമ്മ കൂടുതൽ സുന്ദരിയും ശാന്തശീലയുമാണെങ്കിൽ ആദ്യത്തെ കണ്മണി അമ്മയുടെ ഛായയിലുള്ള സുന്ദരിതന്നെയായിരിക്കും. അതിന്റെ മന:ശാസ്ത്രം ഞാൻ വരുമ്പോൾ പറഞ്ഞുതരാം. എന്റെ സുന്ദരിയെകാണു വാനും അവളുടെ അമ്മയുടെ അടുത്തിരിക്കുവാനും കൊതിയായിട്ട് എനി ക്കിവിടെ ജോലിചെയ്യുവാൻ തന്നെ പ്രയാസമായിത്തുടങ്ങി. അന്നക്കുട്ടി നീ ചിരിക്കരുത്- അന്നക്കുട്ടിയെന്നു വിളിച്ചാൽ ഞാൻ ഹരിയേട്ടനോട് പിണ ങ്ങിയിരിക്കുക പതിവായിരുന്നല്ലോ- 'കഴിഞ്ഞ ദിവസം പരേഡിനിടയിൽ മാർച്ച് ചെയ്യുന്നത് ഒന്നു പിഴച്ചു. മേജർ സാബ് കോപത്തോടെ തിരക്കി. നമ്പർ സെവൻ സെവൻ എയ്റ്റ് ഹരിക്കെന്തുപറ്റി. വരുവാൻ പോകുന്ന ശിക്ഷയുടെ കാഠിന്യത്തെപ്പറ്റി ഓർത്തപ്പോൾ ഞാൻ സത്യം തുറന്നു പറ ഞ്ഞു. സാർ, എന്റെ ഭാര്യയുടെ പ്രസവദിവസം അടുത്തുവന്നിരിക്കുകയാണ് ശ്വാസമടക്കി നിന്ന സഹപ്രവർത്തകരുടെ ചിരിപൊട്ടി. മേജർസാബ് അടു ത്തേക്കു വന്ന്തോളിൽ തട്ടി. ഹരി രണ്ടുദിവസത്തേക്കു ലീവെടുത്തോളൂ എന്നു നിർദ്ദേശിച്ചു. ആ ലീവിന്റെ സന്തോഷത്തിലാണ് ഞാൻ ഈ കത്തെ ഴുതുന്നത്'

കത്ത് വായിച്ച എനിക്കു ചിരിയടക്കുവാൻ കഴിയുമായിരുന്നില്ല. നിറവ യറിൽ കൈകൾ അമർത്തിവച്ച് ഏറെ നേരം ചിരിച്ചു.

ഹരിയേട്ടൻ പറഞ്ഞതുപോലെ തന്നെ പിറന്നത് സുന്ദരിയായിരുന്നു. വിവ രമറിഞ്ഞ് ഹരിയേട്ടൻ എഴുതി. കാർഗ്ഗിൽ യുദ്ധത്തിനുപോകുവാൻ എന്നെയും തിരഞ്ഞെടുത്തിട്ടുണ്ട് എന്റെ സുന്ദരിക്കും അവളുടെ അമ്മയ്ക്കും എന്റെ ചക്കരയുമ്മ.

ആ കത്തിന്റെ ചുവട്ടിലായി ഹരിയേട്ടൻ കുറിച്ചുവച്ചു. 'മാതൃരാജ്യത്തിന്റെ വിജയത്തിനായി ഉള്ളുരുകി പ്രാർത്ഥിക്കുക. അന്ന എനിക്കുവേണ്ടിയും എന്റെ സുന്ദരിക്കുവേണ്ടിയും ചെയ്യുന്ന ഏറ്റവും വലിയ ത്യാഗമായിരിക്കും ആ പ്രാർത്ഥന.'പിന്നീട് തീയ്യ് തിന്ന് കഴിച്ചുകൂട്ടിയ ആഴ്ചകളായിരുന്നു എന്റേത്. അച്ഛൻ വിഷമം ഉള്ളിലൊതുക്കി എന്നെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം അറിയുന്നത് ഹരിയേട്ടന്റെ മരണവാർത്തയായിരുന്നു.

ഒരാഴ്ചയ്ക്കു ശേഷം ഹരിയേട്ടന്റെ ജഡം വീട്ടിലെത്തിയെങ്കിലും ആ മുഖപോലുമൊന്നു കാണുവാൻ കഴിഞ്ഞില്ല. എതിരാളികളുടെ വെടിയേറ്റ് ആ ശരീരം ചിന്നിച്ചിതറിയിരുന്നുവത്രേ.

ബോധം നശിച്ച ഞാൻ രണ്ടുദിവസങ്ങൾക്കു ശേഷം ഉണർന്നപ്പോൾ അറിഞ്ഞു. ഹരിയേട്ടന്റെ ശവദാഹം നടത്തിക്കഴിഞ്ഞ് അച്ഛൻ പുഴയിലെ ഒഴുക്കിലേക്കിറങ്ങി സ്വയം മൃത്യുവിനെ സ്വീകരിക്കുകയായിരുന്നുവെന്ന്.

രണ്ട് അപമൃത്യുകൾ സംഭവിച്ച വീട് ആഴ്ചകളോളം നിശബ്ദമായിരുന്നു. അതിനുശേഷം ജ്യേഷ്ഠൻ ജ്യോത്സ്യനെ വരുത്തി. ജ്യോത്സൻ വന്നു കവടി നിരത്തി പ്രശ്നം വച്ചു. അനർത്ഥകാരണങ്ങൾ ആരാഞ്ഞു. 'ചൊവ്വാദോഷമുള്ള സ്ത്രീയെ വിവാഹം കഴിച്ചതാണ് അനുജന്റെ മരണത്തിനു കാരണം. യുദ്ധം അതിനൊരു നിമിത്തമായെന്നു മാത്രം. അന്യജാതിയിൽപ്പെട്ട സ്ത്രീ വീട്ടിൽ കാലുകുത്തിയതു മുതൽ ദേവീ കോപമുണ്ട്. അതാണ് അച്ഛന്റ മരണത്തിൽ കലാശിച്ചതെന്ന് ലക്ഷണങ്ങൾ സൂചിപ്പിക്കുന്നു. ഇതിന് ഉടൻ പരിഹാരം കണ്ടില്ലെങ്കിൽ ഇനിയും ഈ കുടുംബത്തിൽ അനർത്ഥങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും.'

പണവും വാങ്ങി ജ്യോത്സൻ പോയിക്കഴിഞ്ഞയുടൻ തന്നെ ജ്യേഷ്ഠൻ എന്റെ അടുത്തേക്ക് വന്നു. അല്പസമയത്തെ മൗനത്തിനശേഷം പറഞ്ഞു. 'ജ്യോതിഷൻ പറഞ്ഞത് അന്നയും കേട്ടുകാണുമല്ലോ. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. വന്നതെല്ലാം വിധിയെന്നു കരുതി സഹിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയുമീവീട്ടിൽ അനർത്ഥങ്ങൾ ഉണ്ടായാൽ അത് താങ്ങുവാൻ പറ്റുന്നതല്ല. ജ്യേഷ്ഠൻ കാർക്കശ്യത്തോടെ മുഖത്തുനോക്കി പറഞ്ഞു. ലതയെ കെട്ടിച്ചയക്കുവാനുണ്ട്. അന്നയ്ക്കിപ്പോൾ സർക്കാരിൽ നിന്നു നല്ലൊരു തുകയും ജോലിയും കിട്ടുമല്ലോ. ജീവിക്കുവാൻ അതു തന്നെ ധാരാളമല്ലെ. ഇനി വീതത്തിന്റെ കണക്കും പറഞ്ഞ് ഞങ്ങളെ ഉപദ്രവിക്കരുത്. വളർന്നുവരുന്ന എന്റെ ഉണ്ണിക്കുവേണ്ടി കൂടുതല്ലൊന്നും സമ്പാദിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. ഹരിയെ പഠിപ്പിച്ചതും ജോലിനേടിക്കൊടുത്തതുമെല്ലാം എന്റെ അത്യധ്വാനത്തിന്റെ കൂടി ഫലമാണ്. അല്പസമയത്തെ മൗനത്തിനുശേഷം ജ്യേഷ്ഠൻ തുടർന്നു. മനുഷ്യത്ത്വപരമായി ഞാനും ഈ കുടുംബവും പ്രതീക്ഷിക്കുന്നു.'

അങ്ങനെ ഞാൻ ഹരിയുടെ വീട്ടിൽ നിന്നുമിറങ്ങി. ജ്യേഷ്ഠൻ കാണിച്ചു തന്ന ഈ വാടകവീട്ടിൽ എത്തുകയായിരുന്നു.

സർക്കാർ അനുവദിച്ചുതന്ന ഒരു ലക്ഷം രൂപ വീട്ടുപകരണങ്ങളും മറ്റ് സാധനങ്ങൾ വാങ്ങിയും വാടകകൊടുത്തും രണ്ട് മാസങ്ങൾക്കു മുമ്പു തന്നെ തീർന്നു കഴിഞ്ഞിരുന്നു. ആരുടേയും മുന്നിൽ കൈനീട്ടുവാൻ ആത്മാഭിമാനം എന്നെ അനുവദിക്കുന്നില്ല. സർക്കാർ തരാമെന്നു പറഞ്ഞ ബാങ്ക് ജോലിയും പ്രതീക്ഷിച്ച് ഞാൻ കാത്തിരിക്കുകയാണ്.

ഉദ്ഘാടനങ്ങൾക്കും മറ്റുപൊതുചടങ്ങുകൾക്കും എന്നെ പല രാഷ്ട്രീയ ക്കാരും സംഘടനകളും മാറി മാറി വിളിക്കുന്നു. അവരുടെയെല്ലാം സ്നേഹ ത്തിനും പ്രതീക്ഷയ്ക്കും മുന്നിൽ പറ്റില്ലെന്നു പറയാൻ ഇന്നുവരെ എനിക്കു കഴിഞ്ഞിട്ടില്ല. ഓരോ സ്ഥലത്തെത്തുമ്പോൾ ആശ്വാസവാക്കുകളും സ്നേഹ പ്രകടനങ്ങളുമായെത്തുന്ന സാധാരണക്കാരും ഒരാശ്വാസം തന്നെയാണ്.

രണ്ടുമാസത്തെ വാടകക്കുടിശ്ശികയുണ്ടായിട്ടും ഈ വീടിന്റെ ഉടമസ്ഥ നായ അഴകപ്പൻ ഇതുവരെ ഇവിടെയെത്തിയിട്ടില്ല. സീതയും അവളുടെ വീട്ടുകാരും പറഞ്ഞുള്ള അറിവേ എനിക്ക് അഴകപ്പനെപ്പറ്റിയുള്ളൂ. സീത യുടെ അച്ഛൻ പറഞ്ഞത് ശരിയായിരിക്കുമോ? ഞാൻ സംശയിച്ചു. പലിശയ്ക്ക് പണം കൊടുക്കലാണ് അഴകപ്പന്റെ ജോലി. സൗകര്യംപോലെ വീടുകൾ പണിതിട്ട് വാടകയ്ക്ക് കൊടുക്കുന്ന തൊഴിലുമുണ്ട്. അഴകനെപ്പറ്റി അവർപ റഞ്ഞ മറ്റൊരു കാര്യവും മനസ്സിലുണ്ട്.

ഏതോ നാട്ടിൽനിന്നും പ്രേമിച്ച് വിവാഹം കഴിച്ച് ഈ നാട്ടിലെത്തിയ നവദമ്പതികൾ താമസിച്ചത് അഴകപ്പന്റെ നഗരത്തിലുള്ള ഒരു വീട്ടിലായിരു ന്നു. ലോറി ഡ്രൈവറായിരുന്ന ഭർത്താവ് ഒരു ദിവസം തമിഴ്നാട്ടിൽ പോയ പ്പോൾ അപകടത്തിൽ മരിച്ചു. വീടിന്റെ വാടക കൊടുക്കാൻ കഴിയാത്ത യുവതിയെ അഴകപ്പൻ തന്ത്രപൂർവ്വം വെപ്പാട്ടിയാക്കി അവിടെ താമസിപ്പി ച്ചിരിക്കുന്നു. പൊള്ളാച്ചിയിൽ ഭാര്യയും മക്കളുമുള്ള അഴകപ്പന്റെ ചിന്നവീടാ ണതെന്നാണ് ഇവിടെയുള്ളവർ പറയുന്നത്. കാശും പ്രൗഡിയുമുള്ള തമിഴ ക്കർക്ക് ചിന്ന വീടിന്റെ എണ്ണം മാന്യതയുടെ പര്യായമാണത്രേ.

പുതിയതായി നഗരത്തിൽ സർക്കാര് പണിതഭവനങ്ങളുടെ താക്കോൽ ദാനം നിർവ്വഹിക്കുവാൻ ചെല്ലുമ്പോൾ അതിലൊന്ന് എനിക്കും തരാൻ പറ യണം. തരാമെന്ന് പറഞ്ഞ ജോലിയെപ്പറ്റിയും തിരക്കണം. ഇനിയുമീ തമി ഴന്റെ വീട്ടിൽ താമസിക്കുന്നത് ഉചിതിമല്ല. എന്നെ സ്നേഹിക്കുന്ന ആരെ ങ്കിലും തെറ്റിദ്ധരിച്ചാലോ.

'കള്ളൻ, കള്ളൻ, കള്ളൻ' എന്ന് രാമായണക്കിളി ചിലയ്ക്കുന്നത് കേട്ടാണ് ഞാൻ ചിന്തയിൽ നിന്നുമുണർന്നത്. രാമായണക്കിളി അതുതന്നെ വീണ്ടും ആവർത്തിച്ചുകൊണ്ടിരുന്നു. ഞാൻ തിണ്ണയിലേക്കിറങ്ങി. മുറ്റത്ത് രോഷമടക്കി തത്തയേയും നോക്കി നിൽക്കുന്ന അഴകപ്പൻ.

“അപ്പുറം ഉങ്കൾക്ക് എന്നുടെ വീട്ടിക്ക് പാർക്കണമെങ്കിൽ അന്ത തത്തയെ കൊന്നിടണം.” അഴകപ്പൻ പറഞ്ഞു.

അധികാര ഭാവത്തിൽ അഴകപ്പൻ തിണ്ണയിൽകിടന്ന കസേരവലിച്ച് അതിൽ കാലൻമേൽകാലും വച്ചിരുന്നു. കറുത്ത ശരീരത്തോടുള്ള പ്രതിഷേധം പോലെ വെള്ളമുണ്ടും ഷർട്ടും ഷാളുമാണ് വേഷം. നെറ്റിയിൽ നീളത്തിൻ വരച്ച ഒരു കുറിയുമുണ്ട്.

എന്തു ചെയ്യണമെന്നറിയാതെ ഞാൻ നിന്നിടത്തുതന്നെ നിന്നു. അയാളുടെ കറുത്തുരുണ്ട കണ്ണുകൾ ആർത്തിയോടെ എന്റെ വയറിലാണ് തങ്ങി നിൽക്കുന്നതെന്ന് മനസ്സിലായപ്പോൾ ഞാൻ സാരി വലിച്ചിട്ടു. അപ്പോൾ എന്റെ മാറിടത്തിലേയ്ക്ക് കൗതുകത്തോടെ നോക്കി. പറ്റെവെട്ടിയ തലയിലൂടെ വിരലുകൾ ഓടിച്ചുകൊണ്ട് നാവു നീട്ടി ചുണ്ടുകൾ നനച്ചു.

“ഉങ്കളെ പാത്ത റൊമ്പ അഴകായിരിക്കുന്നു.” അഴകപ്പൻ പറഞ്ഞു. “ഉങ്കളെ ഇങ്കെ എത്തിച്ചത് എന്നുടെ കടവുകൾ താനെ.”

ഞാൻ ധൈര്യം സംഭരിച്ച് തിരക്കി. നിങ്ങൾക്ക് എന്താണ് വേണ്ടത്.

ഞാനെന്നശൊന്നതെന്ന് ഉങ്കൾക്ക് പുരിയതാ.” അഴകപ്പൻ പറഞ്ഞു. രണ്ടു മാസത്തെ വാടകക്കുടിശ്ശ ഇരിക്കേ, നാളെ സായം കാലത്തിനു മുന്നാടി അത് തര മുടിയാഞ്ഞാൽ ഉങ്കളെത്താ എനിക്കു വേണം.

അഴകപ്പൻ അടുത്തേക്കു വന്നു കൈയ്ക്കു പിടിച്ച് “നല്ല പൊണ്ണ് ഉന്നെ തങ്കംപോലെ ഞാൻ നോക്കലാം.”

കൂട്ടിൽകിടന്ന രാമായണക്കിളി കള്ളൻ കള്ളൻ, കള്ളൻ എന്നുപറഞ്ഞ് ‘ശൂ,ശൂ’ ‘കി,കി’ എന്ന് ഉച്ചത്തിൽ ചിരിക്കുവാൻ തുടങ്ങി.

അഴകപ്പൻ എന്റെ കൈയിൽ നിന്നും പിടിവിട്ട് തൂങ്ങിക്കിടന്ന കിളിക്കൂടെടുത്ത് മുറ്റത്തേയ്ക്കെറിഞ്ഞു. കിളി അവിടെ കിടന്നു. “കള്ളൻ കള്ളൻ” എന്നു ചിലച്ചുകൊണ്ടിരുന്നു.

തെല്ലുനേരം രാമായണക്കിളിയെ തന്നെ നോക്കി നിന്ന അഴകപ്പന്റെ ചുണ്ടുകളിൽ വന്യമായൊരു ചിരി വിടർന്നു. അയാൾ തിരിഞ്ഞ് “നാളെയ്ക്ക് സായം കാലം സന്ധിക്കലാം.” എന്നു പറഞ്ഞ് ധൃതിയിൽ നടന്നകന്നു.

ശരീരമാകെ വിറച്ചുനിന്ന ഞാൻമെല്ലെ സ്ഥലകാലബോധത്തിലേക്കു തിരിച്ചുവന്നു. രാമായണക്കിളി മുറ്റത്തുകിടന്ന് വിളിച്ചു ‘അന്ന അന്ന’

മുറ്റത്ത് കൂട്ടിൽകിടന്ന രാമായണക്കിളിയെ നോക്കിനിന്നപ്പോൾ മനസ്സ് മന്ത്രിച്ചു. വെറുമൊരു കൗതുകത്തിന്റെ പേരിൽ ഒരു കിളിയെ ജീവിതകാലം മുഴുവൻ കൂട്ടിൽ പിടിച്ചിട്ടതു തന്നെ വലിയതെറ്റ്. കൂട്ടരോടൊത്ത് പറന്നുനടക്കുവാനും ഇണചേരുവാനും ഇഷ്ടപ്പെട്ട ഭക്ഷണം കഴിക്കുവാൻ കൂട്ടിൽകഴിയാതെ കൂട്ടിൽ കിടക്കുന്ന രാമായണക്കിളിയുടെ നിശബ്ദമായ പിരാക്കാ

യിരിക്കാം എന്നെ വിധവയാക്കിയത്.

കൂടുതുറന്ന് രാമായണക്കിളിയെ പുറത്തെടുത്ത് 'നീ പോയ്ക്കോ എവിടേക്കെങ്കിലും പൊയ്ക്കോ പിരാകി പിരാകി നീ എന്റെ ഹരിയേട്ടനെ കൊന്നില്ലെ. എനിക്കിനി നിന്നെ കാണേണ്ടാ.' രാമായണക്കിളിയെ ദൂരേക്ക് വലിച്ചെറിഞ്ഞു. രാമായണക്കിളി 'അന്ന അന്ന' എന്നു ചിലച്ചുകൊണ്ട് മുറ്റത്തുതന്നെ നിന്നു.

പരസഹായമില്ലാതെ രാമായണക്കിളിയ്ക്ക് ജീവിക്കുവാൻ കഴിയില്ല. നിത്യമായ പാരതന്ത്ര്യം അതിന്റെ നൈസർഗ്ഗികവാസനകളെ മുഴുവൻ മുരടിപ്പിച്ച് കളഞ്ഞിരിക്കുന്നുവെന്ന് മനസ്സിലാക്കി നിന്നപ്പോൾ അടുത്ത വീട്ടിലെ കണ്ടൻ പൂച്ച പൂച്ചെടികൾക്കിടയിൽ പതുങ്ങിയിരുന്ന് രാമായണക്കിളിയെ ആർത്തിയോടെ നോക്കുന്നത് കണ്ടു.

ഞാൻ നീട്ടിവിളിച്ചു 'രാമായണക്കിളി.' രാമായണക്കിളി ഒന്നു ചിറകടിച്ചു. ഞാൻ രാമായണക്കിളിയുടെ അടുത്തേയ്ക്ക് ഓടി. കറുത്ത കണ്ടൻപൂച്ച നൊടിയിടകൊണ്ട് രാമായണക്കിളിയുടെ മേൽ ചാടിവീണു. രാമായണക്കിളിയുടെ കഴുത്തിൽ കടിച്ചുപിടിച്ചു വളരെ വേഗത്തിൽ ആയാസത്തോടെ മതിൽ ചാടി.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന ഞാൻ രാമായണക്കിളിയുടെ ദീനരോധനം കേട്ടു. അതവിടാകെ പ്രതിധ്വനിച്ചു. മെല്ലെ ആ ശബ്ദം അകന്നകന്ന് കുറഞ്ഞു കുറഞ്ഞു വന്നു.

കറുത്തിരുണ്ടുനിന്ന കർക്കിമാനം പെട്ടെന്ന് ഘോരാമായി പെയ്യുവാൻ തുടങ്ങി. കാലം പിഴപ്പിച്ച കണക്കുപോലെ കാർമേഘക്കൂട്ടങ്ങൾക്കിടയിൽ ഒരടിമുഴങ്ങി. അതിന്റെ നീണ്ടു നീണ്ടുപോകുന്ന മുഴക്ക ശബ്ദം കാതുകളിൽ ഭീകരമായി പ്രതിധ്വനിച്ചു.

## ഒരു സൂര്യോദയത്തിന് കണ്ണുംനട്ട്.

മൂളികൊണ്ട് വീശിയടിക്കുന്ന കാറ്റ് വൃക്ഷശിഖരങ്ങളെ പിടിച്ചുലച്ചുകൊണ്ടിരുന്നു. കരിയിലകൾ ലക്ഷ്യമില്ലാതെ കാറ്റിൽ പാറിപ്പറന്നു. മെറ്റിലിട്ട റോഡിലൂടെ കാലുകൾ ഉറപ്പിച്ചു ചവിട്ടുവാൻ പാടുപെട്ട് വടിയും കുത്തി വൃദ്ധൻകാറ്റിനെതിരെ നടന്നു. പ്രഭാതമഞ്ഞിന്റെ തണുപ്പിനെ തരിമ്പും വകവയ്ക്കാതെയാണ് നടപ്പ്. തണുത്ത കാറ്റിന്റെ സ്പർശം ചുളിവുവീണുതുടങ്ങിയ മുഖത്തെ കൂടുതൽ ചുളിവുകളുള്ളതാക്കി. നരച്ചമുടിയിഴകൾ ആ വൃദ്ധമനസ്സിന്റെ പ്രതീക്ഷകൾപോലെ കാറ്റിൽ പാറിപ്പറന്നുകൊണ്ടിരുന്നു.

ദൂരെനിന്നും എത്തികൊണ്ടിരിക്കുന്ന സൈക്കിൾ സവാരിക്കാരനെ കണ്ണിനു മുകളിൽ കൈ പിടിച്ച് വൃദ്ധൻ പ്രതീക്ഷയോടെ നോക്കി. സൈക്കിൾ സവാരിക്കാരൻ ബെല്ലടിച്ച് കടന്നുപോയപ്പോൾ വൃദ്ധന്റെ ചുളിവു വീണുതുടങ്ങിയ മുഖം മങ്ങി. അല്പസമയം സവാരിക്കാരനെ തന്നെ തിരിഞ്ഞുനോക്കി ആലോചനയോടെ നിന്നു. എന്തോ തീരുമാനിച്ചുറപ്പിച്ചതുപോലെ വടിയിലൂന്നി കാലുകൾ ഉറപ്പിച്ചു ചവിട്ടുവാൻ പാടുപെട്ട് മുന്നോട്ടു നടന്നു. അടഞ്ഞുകിടന്ന ഒരു കടയുടെ തിണ്ണയിലെത്തി.

കാറ്റ് കൂടുതൽ ശക്തിയോടെ മൂളുകൊണ്ട് വീശിയടിക്കുവാൻ തുടങ്ങിയപ്പോൾ തോളിൽക്കിടന്ന ഷാളെടുത്ത് തലമൂടിക്കെട്ടി. അല്പനേരത്തെ അസ്വസ്ഥകരമായ കാത്തുനില്പ്പിനുശേഷം വടിയിലൂന്നി കടയുടെ തിണ്ണയിൽ കുത്തിയിരുന്നു.

വഴിയുടെ അങ്ങേത്തലയ്ക്കൽ നിന്നും വരുന്ന സൈക്കിൾ സവാരിക്കാരനെ കണ്ട് ഇരുന്നിടത്തുനിന്നും പിടഞ്ഞെഴുന്നേറ്റു. പാലുമായി സൈക്കിൾ യാത്രക്കാരൻ സൈക്കിൾ നിറുത്തിചോദിച്ചു. ‘‘മാഷ് ഇന്നും തണുപ്പടിച്ച് നേരത്തെതന്നെയിറങ്ങിയോ?‘‘

വൃദ്ധൻ ഒന്നു ചിരിച്ചെന്നു വരുത്തി. പ്രതീക്ഷയോടെ റോഡിന്റെ അങ്ങേത്തലയ്ക്കലേക്കു നോക്കി. വടിയിലൂന്നി വീണ്ടും കടയുടെ തിണ്ണയിൽ കാറ്റുമടിച്ചിരുന്നു. തെല്ലകലെയായി തകർന്നുകിടന്ന പഴയസ്കൂൾ കെട്ടിടത്തിലേക്ക് കണ്ണുകൾ പതിച്ചു. ഓർമ്മയിൽ ശബളമായ ഒരു ഭൂതകാലം വിടർന്നു.

മുണ്ടെടുത്തു നീളൻ കൈയ്യൻ കുപ്പായവും കൈയിൽ ചൂരലുമായി നടക്കുന്ന സ്വന്തം ചിത്രം വൃദ്ധൻമനോമുകുരത്തിൽ കണ്ടു. ചേങ്ങിലയിൽ

തൂങ്ങിയാടുന്ന മണിയുടെ താളത്തിലുള്ള ശബ്ദം കേൾക്കുമ്പോൾ ക്ലാസു കളിലേക്ക് ഓടിക്കറയുന്ന കുട്ടികളെ വാത്സല്യത്തോടെ നോക്കിനില്ക്കുന്ന മറ്റൊരു ചിത്രം- വൃദ്ധൻ റിട്ടയർചെയ്ത് ചില വർഷങ്ങൾക്കു ശേഷം സ്കൂൾ കെട്ടിടം കാറ്റിൽ തകർന്നുവീണു. നാലോ അഞ്ചോ കുട്ടികൾക്കുവേണ്ടി പുതിയകെട്ടിടം പണിയുവാൻ സർക്കാർ തയ്യാറായില്ല. തൊട്ടടുത്തുതന്നെ പാതിരിമാർ നടത്തുന്ന ഇംഗ്ലീഷ്മീഡിയം സ്കൂളാണ് ഇന്ന് എല്ലാവർക്കും ആശ്രയം.

വഴിയിലൂടെ പലരും കടന്നുപോയിക്കൊണ്ടിരുന്നു. പരിചയമുള്ളവർ വൃദ്ധനോട് സംസാരിച്ചിട്ടേ കടന്നുപോകയുള്ളൂ. ദൂരെമലസഞ്ചയങ്ങൾക്കു മുകളിൽ സൂര്യൻ പ്രകാശിച്ചുതുടങ്ങിയതോടെ മഞ്ഞ് അസ്തമിച്ചുതുടങ്ങി. അകലെനിന്നും വരുന്ന സൈക്കിൾ സവാരിക്കാരനെ കണ്ട് വൃദ്ധൻ പ്രതീ ക്ഷയോടെ എഴുന്നേറ്റ് വടിയും കുത്തി ധൃതിയിൽ അതിനെ ലക്ഷ്യമാക്കിന ടന്നുസൈക്കിളുകാരൻ പത്രം വൃദ്ധന്റെ കൈയിൽ കൊടുത്തുകൊണ്ട് തിര ക്കി. ‘മാഷ് ഇന്നും നേരത്തെ വന്നു അല്ലെ?’

വൃദ്ധൻ അതൊന്നും ശ്രദ്ധിക്കാതെ പത്രത്തിലേക്ക് സൂക്ഷിച്ചുനോക്കി. ആകാംക്ഷയോടെ പിന്നെയും കൂടുതൽ അടുപ്പിച്ചു പിടിച്ചുനോക്കി. കണ്ണിന് കാഴ്ചപോരാ. വൃദ്ധൻ പിന്നെയും പത്രം കൈയ്യിൽ പിടിച്ച് മെറ്റൽ പാതയി ലൂടെ വടിയും കുത്തി വേഗത്തിൽ നടന്നു തുടങ്ങി.

വീട്ടിലെത്തിയപ്പോൾ മുറ്റത്തുകൂടി ആട്ടിൻകുട്ടിയെയും ഓടിച്ചുകളി ക്കുന്ന ഉണ്ണി. അവനു പിന്നാലെ പാഠപുസ്തകവും പാലുമായി നടക്കുന്നു സവിത.

“മോളേ പത്രമൊന്നു വായിച്ചേ.”വൃദ്ധൻ പറഞ്ഞു. സവിത അതുനി വർത്തി ഒരു ചടങ്ങുപോലെ വായിച്ചു. “ഇന്ത്യൻസേനയ്ക്കു മുന്നേറ്റം.” പത്ര ത്തിൽ നിന്നും കണ്ണെടുത്ത് “ഈ പത്രക്കാര് ഇങ്ങനെ ഓരോന്ന് എഴുതും അച്ഛനതും വായിച്ച് എന്തിനാ മനസ്സ് വിഷമിപ്പിക്കുന്നത്.”

വൃദ്ധൻ അവളുടെ കൈയ്യിൽ നിന്നും രോഷത്തോടെ പത്രംവാങ്ങി. തിണ്ണ യിൽ പോയിരുന്നു. അവിടെ ഭദ്രമായിവച്ചിരിക്കുന്ന പഴയ കണ്ണട എടുത്തു വച്ച് തപ്പിത്തടഞ്ഞ് പത്രംവായിച്ചു തുടങ്ങി. “കാർഗ്ഗിൽ മേഖലയിൽ ഇന്ത്യൻസേനയുടെ അത്യുഗ്രമായ മുന്നേറ്റം. ഇന്ത്യൻ സേനയുടെ തുടരെ യുള്ള ഷെല്ലാക്രമണത്തിൽ പിടിച്ചുനിൽക്കുവാൻ കഴിയാതെ പാക്സേന പിൻമാറ്റം തുടങ്ങി. ഔദ്യോഗിക കണക്കനുസരിച്ച് മുപ്പതിലധികം പാക്സേ നാനികൾ മരിച്ചിട്ടുണ്ട്. യഥാർത്ഥസംഖ്യ ഇതിലുമുയരുമെന്നാണ് സൂചന. ഇന്ത്യൻ ഭാഗത്തുള്ള മൂന്നു ജവാൻമാർക്ക് പരുക്കുകൾ പറ്റിയതായി സ്ഥിരീ കരിച്ചിട്ടുണ്ട്.”

വൃദ്ധൻ പത്രവായന നിറുത്തി ആലോചനയോടെയിരന്നു. അവിടേക്കു

വന്ന ഉണ്ണി, വൃദ്ധൻ നരച്ച മുടിയിഴകളിൽ വലിച്ച് കുസൃതിയോടെ സ്നേഹം പ്രകടിപ്പിച്ചു.

തൊടിയിൽ നിന്നും അവിടേയ്ക്കു വന്ന വേണു വൃദ്ധനോട് കയർത്തു. "രാവിലെയിങ്ങനെ തണുപ്പുമടിച്ച് നടക്കരുതെന്ന് എത്രയോ പ്രാവശ്യം പറഞ്ഞിട്ടുണ്ട്. ഈ വയസ്സുകാലത്ത് ഓരോന്നു വരുത്തിവച്ചാൽ നോക്കാനെന്നെക്കൊണ്ടാവില്ല."

"ഞാൻ നോക്കികൊള്ളാം മുത്തച്ഛാ" ഉണ്ണനിഷ്കളങ്കമായി പറഞ്ഞു.

വൃദ്ധനോടുള്ള ദേഷ്യം തീർക്കുന്നതുപോലെ വേണു അവിടേയ്ക്കുചെന്ന് ഉണ്ണിയുടെ ചെവിയ്ക്കു പിടിച്ച് കിഴുക്കികൊണ്ട് "രാവിലെയിങ്ങനെ തുള്ളിച്ചാടി നടക്കാതെ വല്ലതും പോയി പഠിക്കാൻ നോക്ക്."

സവിത അവിടേയ്ക്കു വന്ന് ഭർത്താവിന്റെ കൈയ്യിൽ നിന്നും ഉണ്ണിയെ മോചിപ്പിച്ചുകൊണ്ട് പറഞ്ഞു. "ഉണ്ണി നല്ലകുട്ടിയല്ലെ, നമ്മുക്ക് അകത്തുപോയിരുന്ന് പഠിക്കാം." ഉണ്ണിതേങ്ങിക്കരഞ്ഞുകൊണ്ട് സവിതയോടൊപ്പം ഉള്ളിലേയ്ക്കു പോയി.

വൃദ്ധൻ ഒന്നും ഉരിയാടാതെ കാർക്കശ്യത്തോടെ വേണുവിന്റെ മുഖത്തേക്ക് നോക്കി. ഒരു ദേഷ്യത്തിന് കാണിച്ചത് അബന്ധമാണെന്ന് വേണുവിനും തോന്നി. അവൻ മുഖം കുനിച്ച് അല്പസമയം വൃദ്ധപിതാവിന്റെ മുന്നിൽ നിന്നു. പിന്നെ തൊടിയിലേക്കു തന്നെ തിരിഞ്ഞു നടന്നു.

അലക്കിത്തേച്ച മുണ്ടും ഷർട്ടും ഷാണുമണിഞ്ഞ് വൃദ്ധൻ പൂമുഖത്തെത്തിയപ്പോൾ സവിത തിരിക്കി അച്ഛൻ രാവിലെ എവിടേയ്ക്കാ.

"ഫോൺ ആഫീസു വരെ പോവുകയാണ്" വൃദ്ധൻ പറഞ്ഞു. "ഇന്ന് കണക്ഷൻ തരാമെന്ന് പറഞ്ഞ ദിവസമാ."

അപ്പോൾ എന്തോ ഓർമ്മിച്ചതുപോലെ വൃദ്ധൻ വീണ്ടും വടിയും കുത്തി മുറിക്കുള്ളിലേക്കു കയറി. അലമാര തുറന്ന് ഒരു ഫയലെടുത്ത് ചുരുട്ടി കക്ഷത്തു വച്ചു.

വടിയും കുത്തി ഫോണാഫീസിലെത്തിയ വൃദ്ധൻ കിതച്ചുതുടങ്ങിയിരുന്നു. അവിടെ വച്ചിരിക്കുന്ന പരാതി ബുക്കെടുത്ത് കുറിച്ചു. ഇത് പതിന്നൊന്നാമത്തെ തവണയാണ് ഫോൺകണക്ഷൻ തരാമെന്നു പറഞ്ഞതിന്റെ പേരിൽ മാത്രം ഇവിടെ വരുന്നത്. ആഫീസർ അവിടേക്കു വന്ന് "എന്താ രാവിലെ തന്നെ പരാതിയൊക്കെ എഴുതിക്കഴിഞ്ഞോ?" പരിഹാസത്തോടെ തിരക്കി.

വൃദ്ധൻ ബുക്കിൽ നിന്നും കണ്ണടകൾ ഉയർത്തി സാവധാനത്തിൽ ആഫീസറുടെ അടുത്തേക്കു വടിയിൽ കുത്തി രണ്ടടിവച്ചു. "പഴുത്തില വീഴുമ്പോൾ പച്ചില ഇളകിയാടിച്ചിരിക്കും വരാൻ പോകുന്ന വിധിയപ്പറ്റി അതിന

റിയില്ലല്ലോ?'' അല്പസമയത്തെ മൗനത്തിനുശേഷം തുടർന്നു. ''യുദ്ധഭൂമിയിൽ ജീവൻ പണയപ്പെടുത്തി ഈ മതൃഭൂമിയെ സംരക്ഷിക്കുന്ന ഒരു ജവാന്റെ വൃദ്ധനായ പിതാവിന്റെ വാക്കുകളെ നിങ്ങൾ പരിഹസിച്ചോളൂ. മകനോട് ഒരു വാക്ക് സംസാരിക്കുവാനുള്ള ആ പിതാവിന്റെ ആഗ്രഹത്തെ നിഷേധിക്കരുത്. മരണം പിതാവിനോ പുത്രനോ ആദ്യമെന്ന് ഈശ്വരന്മാർക്കേ അറിയൂ.'' പറഞ്ഞു കഴിയുമ്പോഴേക്കും വൃദ്ധന്റെ ശബ്ദം തൊണ്ടിയൽ തടയുകയും കണ്ണ് നിറഞ്ഞൊഴുകുകയും ചെയ്തു.

ഫോൺ ആഫീസിൽ നിന്നും തിരിഞ്ഞുനടക്കുമ്പോൾ വിറയ്ക്കുന്ന കാലുകൾ ഉറപ്പിച്ചു ചവിട്ടുവാൻ പ്രയാസപ്പെട്ടും ഉറയ്ക്കാത്ത വടി ചരിച്ചുകുത്തിയും അന്ത:ക്ഷോഭത്തെ ഉള്ളിലൊതുക്കി വൃദ്ധൻ ടാർറോഡിലൂടെ ധൃതിയിൽ നടന്നു. തൊട്ടടുത്തുവന്ന് ഒരു ജീപ്പ് ബ്രേക്കിട്ടു നിർത്തിയപ്പോൾ വൃദ്ധൻ അതിലേക്കു നോക്കി. ഉള്ളിൽ പൂർവ്വ വിദ്യർത്ഥിയും പഞ്ചായത്തുപ പ്രസിഡന്റുമായ സ്കറിയ.

ഓരോ പ്രാവശ്യവും സ്കറിയായെ കാണുമ്പോഴും ഉള്ളിൽ ഓർമ്മിക്കും. അക്ഷരങ്ങൾ ചേർത്തെഴുതുവാനോ വാചകങ്ങൾ കൂട്ടിയെഴുതുവാനോ കഴിയാത്ത സ്കറിയ ഒരു പാടു വികൃതി കുട്ടിയായിരുന്നല്ലോ. അടുത്തക്ലാസിലെകുട്ടിയുടെ ചോറ് മോഷ്ടിച്ചു തിന്നതിനുശേഷം അതിൽ ചാണകം നിറച്ചുവച്ചതുമുതൽ സ്കറിയ ചാണകസ്കറിയയായി. ഇന്നും ആളുകൾ ആദരവോടെ വിളിക്കുന്നതും ആ പേരാണ്.

''മാഷ് എവിടെപോയിരുന്നു'' സ്ക്കറിയ തിരക്കി.

''ഒ.വൈ.ടിയിൽ ഫോണിന് കാശും കെട്ടി ഇത് പതിനൊന്നാമത്തെ തവണയാണ് ആഫീസ് കയറിയിറങ്ങുന്നത്.'' വൃദ്ധൻ തുടർന്നു. ''കണക്ഷൻ അനുവദിച്ചതാണ്. കൈക്കൂലികൊടുക്കുവാൻ ഞാൻ പഠിച്ചിട്ടില്ല. എനിക്കതിന് കഴിയുകയുമില്ല, ഞാനൊരു ജവാന്റെ പിതാവാണെന്ന യാഥാർത്ഥ്യംപോലും അവർ വിസ്മരിക്കുന്നു.'' കൂടുതലൊന്നും പറയാതെ വൃദ്ധൻ നടപ്പ് തുടർന്നു. നടക്കുന്നതിനിടയിൽ ജ്വലിച്ചുനിൽക്കുന്ന സൂര്യനെ മുഖമുയർത്തിനോക്കി. ആത്മരോഷത്തിന്റെ ദൃശ്യരൂപങ്ങൾ പോലെ നെറ്റിയൽ ഊറിക്കൂടിയ വിയർപ്പുകണങ്ങൾ ചൂണ്ടുവിരലുകൊണ്ട് വടിച്ച് ടാർറോഡിലേക്കു തളിച്ചു.എളിയിൽ തിരുകിയിരുന്ന ടൗവ്വലെടുത്ത് മുഖം തുടച്ചു. നടപ്പ് പിന്നെയും തുടർന്നു.

വൃദ്ധൻ വീട്ടിലെത്തിയപ്പോൾ ഫോണാഫീസിൽ നിന്നും രണ്ടുജോലിക്കാർ അവിടെയെത്തി. അവരിലൊരാൾ വൃദ്ധനോട് തിരക്കി. ''എവിടെയാണ് ഫോൺ കണക്ട് ചെയ്യേണ്ടത്.''

വൃദ്ധന്റെ വാടിയ മുഖം ഒരു സായാഹ്നപുഷ്പം പോലെ വിടർന്നു. ദാ ആ മുറിയിൽ വച്ചാൽ മതി. വൃദ്ധൻ ഒരു മുറിയിലേക്കു വിരൽ ചൂണ്ടി.

അവരിലൊരാൾ അടുത്തുതന്നെയുള്ള പോസ്റ്റിൽ കയറി വയർ പിടിച്ചു തുടങ്ങി. അപരൻ ഫോണുമായി മുറിയിലേക്കു നടന്നു. അല്പസമയത്തെ തിരക്കു പിടിച്ച പണികൾക്കു ശേഷം ഫോൺപിടിപ്പിച്ചു. മാഷ് ഒന്നകത്തേക്കു വരൂ. അവരിലൊരാൾ വൃദ്ധനെക്ഷണിച്ചു. വൃദ്ധൻ അവിടേക്കു ചെന്നപ്പോൾ അവർഫോണിന്റെ റിസീവറെടുത്ത് വൃദ്ധന്റെ കാതിൽ വച്ചു കൊടുത്തു തിരക്കി. ഡയൽ ട്യൂൺ വരുന്നില്ലേ? വൃദ്ധൻ ആ ശബ്ദം അങ്ങനെ അല്പസമയം ആസ്വദിച്ചുനിന്നു.

“ഏതെങ്കിലും നമ്പരുണ്ടെങ്കിൽ വിളിച്ചുനോക്കാം. ജോലിക്കാരിലൊരുവൻ പറഞ്ഞു.” നമ്പരുകളൊന്നും ഓർമ്മയില്ലല്ലോ. വൃദ്ധൻ പറഞ്ഞു.

സവിത ആകാംക്ഷയോടെ അവിടേക്കു വന്നു. ഞാനെന്റെവീട്ടിലേക്കൊന്നു വിളിക്കട്ടെ എന്നുപറഞ്ഞ് അവൾ തന്നെ റിസിവർ വാങ്ങി ഡയൽ ചെയ്തു. സവിത ഫോണിലൂടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ജോലിക്കാരിലൊരാൾ പേപ്പറിൽ നമ്പർക്കുറിച്ച് വൃദ്ധൻ കൈയിൽകൊടുത്തു പറഞ്ഞു.

“ഇതാണ് ഈ ഫോണിന്റെ നമ്പർ.”

വൃദ്ധൻ ആ നമ്പറിൽ സൂക്ഷിച്ചുനോക്കി രണ്ടുവട്ടം വായിച്ചു. പിന്നെയത് മന:പാഠം ഉരിവിട്ടു. ജോലിക്കാർ നടന്നു തുടങ്ങിയപ്പോൾ വൃദ്ധൻ അവരെ തിരികെ വിളിച്ച് ഒരു നൂറുരൂപാ കൊടുത്തുകൊണ്ടു പറഞ്ഞു. “ഇതിരിക്കട്ടെ ഒരു സന്തോഷമായി കരുതിയാൽ മതി.” അവർ രൂപയും വാങ്ങി നടന്നകലുന്നത് വൃദ്ധൻ നോക്കി നിന്നു. അപ്പോഴും സവിത ഫോൺവിളി തുടർന്നുകൊണ്ടിരുന്നു. വൃദ്ധൻ അവിടെനിന്നുമിറങ്ങി ഉത്സാഹത്തോടെ നടന്നു.

പ്രൗഢമായൊരു വീടിനു മുന്നിലെത്തി. കോളിങ് ബെല്ലിൽ വിരലമർത്തി. ഉള്ളിൽ നിന്നും വന്ന യുവാവ് വൃദ്ധനെകണ്ട് ആശ്ചര്യത്തോടെ “അല്ല മഷോ? വരൂ അകത്തേക്കു വരൂ.” യുവാവ് വൃദ്ധനെ കൈയ്ക്കു പിടിച്ച് സ്വീകരണമുറിയിലെ സോഫയിലിരുത്തികൊണ്ട് തിരക്കി എന്താണ് വിശേഷിച്ച്.

“ഇന്നാണ് ഫോൺ കണക്ഷൻ കിട്ടിയത്. നായർജിയോട് ഈ നമ്പർ ഒന്നു പറയണം. അദ്ദേഹത്തിനാവുമ്പോൾ വിനോദിനെ അറിയിക്കുവാൻ എളുപ്പമുണ്ടല്ലോ? നായർജിയോട് എന്റെ അന്വേഷണം അറിയിക്കണം.” കൈയ്യിലിരുന്ന പേപ്പറിലെ നമ്പർ സതീശന്റെ കൈയ്യിൽ കൊടുത്തുകൊണ്ട് തുടർന്നു. “ഇതാണ് നമ്പർ.”

“ഞാൻ ഉടൻതന്നെ അച്ഛന് ഇ.മെയിലയയ്ക്കാം സതീശൻ പറഞ്ഞു.സായാഹ്നത്തിനു മുമ്പ് മറുപടി ലഭിക്കും.”

“ചിലവൊന്നും കണക്കുകൂട്ടേണ്ട”വൃദ്ധൻ തുടർന്നു. “ഒന്നു ഫോൺ വിളിച്ചു പറഞ്ഞാൽ മതി. ഉയർന്ന ആഫീസറായതിനാൽ കിട്ടാനും വിഷമം കാണില്ലല്ലോ?”

സതീശൻ അടുത്തുതന്നെയിരുന്ന ഫോണെടുത്ത് ഡയൽ ചെയ്തു. അല്പസമയത്തിനുശേഷം ലൈനിൽ നായർ ജി യെ ലഭിച്ചു. “തൈക്കാട്ടിലെ മാഷ് വന്നിട്ടുണ്ട്. അവർക്കു ഫോൺകിട്ടി.” സതീശൻ തുടർന്നു. “മാഷിന് വിനോദുമായി സംസാരിക്കണം.” സതീശൻ സംസാരത്തിനിടയിൽ നമ്പർ നായർജിക്കു പറഞ്ഞുകൊടുത്തു.

സതീശൻ ഫോൺവച്ച് വൃദ്ധനോട് പരഞ്ഞു “എത്രയും പെട്ടെന്ന് വിനോദിന് വീട്ടിലേക്കു വിളിക്കുവാനുളള ഏർപ്പാടാക്കാമെന്ന് പറഞ്ഞു.”

വൃദ്ധൻ സതീശന് നന്ദിയും പറഞ്ഞ് അവിടെ നിന്നുമിറങ്ങിനടന്നു. നടപ്പിന്റെ ധൃതിയ്ക്കിടയിൽ വടിനിലത്തൂന്നുവാൻ കൂടി കൂട്ടാക്കിയില്ല. വീടിനുള്ളിലേക്കു കയറുന്നതിനു മുമ്പ് വടി ഒരു സൈഡിലേക്ക് എറിഞ്ഞു. അവിടെ സെറ്റി ക്ലേശിച്ച് വലിച്ച് ഫോണിരിക്കുന്ന മേശയുടെ മുന്നിലിട്ട് പ്രതീക്ഷയിൽ ഇരുപ്പുമാക്കി.

ഇടയ്ക്ക് ആരെങ്കിലും ഫോൺചെയ്താൽ വൃദ്ധൻ അവരോട് അധികം സംസാരിക്കുകയില്ല. “മോന്റെ ഫോണിനുവേണ്ടി കാത്തിരിക്കുകയാണ്.” എന്നുമാത്രം പറഞ്ഞ് റിസീവർക്രാഡറിൽ വച്ച് കാത്തിരുപ്പ് തുടർന്നു.

ദിവസങ്ങൾ ചിലതു കഴിഞ്ഞു. വൃദ്ധന്റെ കാത്തിരിപ്പും സ്വഭാവവുമറിയാവുന്നതിനാൽ ആരും അവിടേക്കു വിളിച്ചില്ല. വൃദ്ധൻ റിസീവറെടുത്ത് ഡയൽട്യൂൺ ഉണ്ടോയെന്നും ഇടയ്ക്ക് പരിശോധിച്ചുകൊണ്ടിരുന്നു.

പ്രഭാതത്തിൽ ഫോൺ നീട്ടി ബെല്ലടിച്ചു. സെറ്റിയിലിരുന്ന് മയങ്ങിയ വൃദ്ധൻ ഞെട്ടിയുണർന്ന് പകപ്പോടെ ഫോണിനെ നോക്കി. വിറയ്ക്കുന്ന കരങ്ങൾ നീട്ടി റിസീവർ എടുത്തു കാതിൽ വച്ചു. അങ്ങേത്തലയ്ക്കൽ നിന്നും തണുത്തു മരവിച്ച ശബ്ദമെത്തി “ഹലോ മാഷല്ലേ...ഞാൻ നായർ ജി യാണ് വിളിക്കുന്നത് വേണുവിനെ ഒന്നു വിളിക്കാമോ?”

വൃദ്ധന് എന്തെല്ലാമോ ഏറെ ചോദ്ക്കണമെന്നുണ്ടായിരുന്നു.

ഫോൺബെല്ലിന്റെ ശബ്ദം കേട്ട് വേണുവും അവിടേക്ക് എത്തി.

അങ്ങേത്തലക്കൽ നിന്നും നായർ ജി ആവർത്തിച്ചു. “വേണുവിനെ ഒന്നു വിളിക്കൂ.”

വൃദ്ധൻ യാന്ത്രികമായി റിസീവർ വേണുവിന്റെ കൈയ്യിൽ കൊടുത്തു.

ആ സമയത്ത് ആട്ടിൻകുടിന്റെ അഴികൾക്കിടയിലൂടെ പുറത്തേക്ക് ചാടിയ ആട്ടിൻ കുട്ടിയുടെ പ്രാണരോദനം അവിടാകെ മുഴങ്ങി.

“അച്ഛാ, ആ ആട്ടിൻകുട്ടിയെ ഒന്നു എടുത്തുവിടൂ.”വേണു പറഞ്ഞു.

വൃദ്ധൻക്ഷോഭിച്ച് ആട്ടിൻകൂടിന്റെ അടുത്തോളമെത്തി. എന്തോ ഓർത്തിട്ടെന്നപോലെ തിരിഞ്ഞ് ഫോണിന്റെ അടുത്തേക്കു വന്നു.

വേണു ഫോൺ ക്രാഡറിൽ തിരികെ വച്ച് നിശബ്ദം അടുത്ത മുറിയിലേക്കു നടന്നു.

വൃദ്ധൻ വേണുവിന്റെ പിന്നാലെ നടന്ന് “എന്താണ് നായർ ജി പറഞ്ഞത്, അവൻ എപ്പോൾ വിളിക്കുമെന്നാണ് പറഞ്ഞത്”ഒരു കിതപ്പോടെ “ഇന്ന് സായാഹ്നത്തിനുമുമ്പെങ്കിലും വിളിക്കുമോ?”

വേണു അതിനുത്തരമായി നിർജ്ജീവമായൊന്നു മൂളി. ‘ഉം’

“മക്കള് വലുതായിക്കഴിഞ്ഞാൽ പിന്നെ തന്ത സംസാരിക്കന്നതുകൂടി കുറ്റം.” വൃദ്ധൻ ക്ഷോഭത്തോടെ തുടർന്നു. “വകതിരിവു വേണം എങ്കിലേ തന്തയെ സ്നേഹിക്കാൻ കഴിയൂ.”

വൃദ്ധൻ പിന്നെയും സെറ്റിയിൽ പോയിരുന്നു. റിസീവറെടുത്ത് ഡയൽട്യൂൺ ഉണ്ടോയെന്ന് പരിശോധിച്ചു. അപ്പോഴേക്കും ആട്ടിൻകുട്ടിയുടെ ദുർബലമായ രോദനം നിലച്ചിരുന്നു. വൃദ്ധന്റെ ഹൃദയമിടിപ്പുപോലെ ഭിത്തിയിലെ പഴയ ഘടികാരം ‘ടക്ടോക്’ എന്ന് ശബ്ദിച്ചുകൊണ്ടിരുന്നു. കാക്കകൾ ആ പരിസരത്തുകൂടി കാറിക്കൊണ്ട് പറന്നു നടന്നു.

സായാഹ്നത്തോടെ ബന്ധുജനങ്ങളും അയൽ വീട്ടുകാരും അവിടേക്കെത്തികൊണ്ടിരുന്നു. അവർക്കിടയിലെ അടക്കംപറച്ചിലുകളും നെടുവീർപ്പുകളുമൊന്നും വൃദ്ധൻശ്രദ്ധിച്ചതേയില്ല. ഫോണിൽ തന്നെ നിശബ്ദം നിശ്ചലമായിത്തന്നെ നോക്കിയിരുന്നു.

വീടിനുമുന്നിൽ അലങ്കരിച്ച് ഒരു പട്ടാളവാൻ ഒരിരമ്പലോടെ വന്നുനിന്നു. അതിന്റെ പിന്നാലെ മറ്റ് കുറെവാഹനങ്ങളും. അലങ്കരിച്ച വാനിന്റെ പിന്നിൽ നിന്നിരുന്ന ജവാന്മാർ ചേർന്ന് അതിൽ നിന്നും അടച്ചു ഭദ്രമാക്കിയ ശവപ്പെട്ടിയെടുത്ത് ആചാര്യമര്യാദകളോടെ തിണ്ണയിൽ പിടിച്ചിട്ടിരുന്ന മേശമേൽ വച്ചു. വേണുവിന്റെ ഉച്ചത്തിലുള്ള ഏങ്ങലുകൾ അന്തരീക്ഷത്തിലുയർന്നു. ഒപ്പം ജവാന്മാരുടെ ബൂട്ടിന്റെ ശബ്ദവും.

വൃദ്ധൻ ഒന്നും കാണാതെ കണ്ണുകൾ നിശ്ചലമാക്കി. ടെലഫോണിനു മുന്നിൽത്തന്നെ കാത്തിരുന്നു. അവിടേക്കു മാത്രം ആരും ചെന്നില്ല.

വേണുവിന്റെ ഇടയ്ക്കു മാത്രം ഉയരുന്ന ദുർബലമായ ഏങ്ങലുകൾ ഒഴിച്ചാൽ പരിസരം ഭീകരമായ മൗനത്തിൽ മുങ്ങിയിരുന്നു. ആ മൗനത്തെ മുറിച്ചുകൊണ്ട് ടെലഫോൺ ഘോരമായി ശബ്ദിച്ചു തുടങ്ങി.

വൃദ്ധൻ വിറയ്ക്കുന്ന കരങ്ങൾകൊണ്ട് റിസീവറെടുത്ത് കാതിൽ വച്ചു. അങ്ങേത്തലക്കൽനിന്നും എം. എൽ. എ സംസാരിച്ചു തുടങ്ങി. “മാഷെ,

ആശ്വാസവാക്കുകൾ പറയുന്നതിൽ അർത്ഥമില്ലെന്നറിയാം. എങ്കിലും മാതൃ രാഷ്ട്രത്തിനുവേണ്ടിയാണ് മകൻ വീരമൃത്യു വരിച്ചതെന്നോർക്കുമ്പോൾ അഭിമാനിക്കാം.'' ഒരു ചെറിയ നിറുത്തിനുശേഷം എം.എൽ.എ തുടർന്നു. ''എന്റെ പൂർണ്ണ അനുശോചനങ്ങളും ഞെട്ടലും ഇതോടൊപ്പം അറിയിച്ചു കൊള്ളുന്നു.''

എം. എൽ. എ പിന്നെ പറഞ്ഞതൊന്നു കേൾക്കാതെ വൃദ്ധൻ റിസീവർ ക്രാഡറിൽ വച്ചു. ആത്മനൊമ്പരത്തോടെ കണ്ണുകൾ ഇറുക്കിയടച്ചപ്പോൾ തലച്ചോറിൽ മിന്നൽപ്പിണരുകൾ പാഞ്ഞു. കവിളിലൂടെ ചുടുകണ്ണീർ ചാലി ട്ടൊഴുകി. ടെലഫോൺ പിന്നെയും വന്യമായി ശബ്ദിച്ചുതുടങ്ങി. വൃദ്ധൻ റിസീവറെടുത്ത് മേശമേൽ വച്ചു. ഇരിപ്പിടത്തിൽ നിന്നും മെല്ലെ എഴുന്നേറ്റ പ്പോൾ, പുറത്തുനിന്നും ആരോ അടക്കം പറയുന്നതു കേട്ടു ''പെട്ടി തുറ ക്കുവാൻ പാടില്ല. ബോഡി ചിന്നിച്ചിതറിപ്പോയി കൊല്ലപ്പെട്ടിട്ട് ആഴ്ചകൾ തന്നെ കഴിഞ്ഞെന്നാണ് പറയുന്നത് കേട്ടത്.''

വൃദ്ധൻ മെല്ലെ നടന്ന് ശവപ്പെട്ടിയുടെ അടുത്തു ചെന്നു. അവിടെനിന്ന വർ അദ്ദേഹത്തെ മറ്റൊരു ജഡത്തെ കാണുന്ന ഭീതിയോടെ നോക്കിനിന്നു.

വൃദ്ധൻ ഏറെ സമയം അവിടെത്തന്നെ അങ്ങനെ നിന്നു. ഊന്നു വടി ആരോ കൊണ്ടുവന്ന് കൈയ്യിൽ പിടിപ്പിച്ചു. അതിൽ ബലത്തിൽ പിടിച്ച് തറ യിൽ അമർത്തി കുത്തി വൃദ്ധൻ അല്പം മുന്നോട്ടു നടന്നു. വൈദ്യുതി ബൽബിന്റെ കൃത്രിമവെളിച്ചത്തിലേക്ക് പറന്നെത്തിയ ഈയാം പാറ്റകൾ ചിറ കറ്റ് നിലത്തേക്ക് വീഴുന്നത് തെല്ലുനേരം നോക്കിനിന്നു. മറ്റുചിലവ വാനമേ ഘങ്ങളിലേക്ക് പറന്നുയരുന്നതും ശ്രദ്ധിച്ചു.

വൃദ്ധൻ പ്രതീക്ഷയോടെ കിഴക്ക്ദിക്കിലേക്കു നോക്കി. നീണ്ടു നീണ്ടു പോകുന്ന, പെരുത്തു പെരുത്തു വരുന്ന കൂരിരുട്ട്. അതിനുമപ്പുറത്ത്, ഇനി യുമൊരു സൂര്യോദയത്തിനു കണ്ണും നട്ട്, വടിയും കുത്തി വൃദ്ധൻ നടന്നു നീങ്ങി.

## മകനും മാതാവിനുമിടയിൽ ഒരു രേഖ.

ജാലകത്തിന്റെ യവനിക ഒരു വശത്തേക്കു തള്ളിമാറ്റി ഗായത്രിദേവി നിരത്തിലേക്കു നോക്കിനിന്നു. ഒരു സാധാരണ മദ്ധ്യാഹ്നത്തിലെ നിരത്തിനേക്കാൾ വ്യത്യസ്തമായിട്ടാണ് അവൾക്കന്ന് നിരത്തനുഭവപ്പെട്ടത്. പോലീസ് ജീപ്പുകൾ സൈറം മുഴക്കി പാഞ്ഞുപോയ്ക്കൊണ്ടിരുന്നു. മറ്റ് വാഹനങ്ങൾ അവയ്ക്കായി ഒതുക്കി കൊടുക്കുന്നു. കൂട്ടം കൂടി നിൽക്കുന്ന ആളുകൾ ആകാംഷയൊതുക്കി സംസാരിക്കുന്നു.

ഒരു വശത്തേക്കു തള്ളിമാറ്റിയ ജാലകത്തിലെ യവനിക നേരെയിട്ട് ഗായത്രിദേവി മനസില്ല മനസ്സോടെ അവിടെനിന്നും അടുത്ത മുറിയിലേക്കു നടന്നു. നെഞ്ചുവേദന അസഹ്യമായപ്പോൾ അവളുടെ മനസ് പറഞ്ഞു ഹരിഷ് എന്തെങ്കിലും വികൃതി ഒപ്പിച്ചിട്ടുണ്ട്. ഹരീഷ് ഓരോ പ്രാവശ്യം വികൃതികൾ ഒപ്പിക്കുമ്പോഴും അവൾക്ക് നെഞ്ചുവേദന വന്നിരുന്നു. പ്രച്ഛന്നവേഷത്തിൽ ചെന്ന് ബാങ്ക് കവർച്ച നടത്തിയ അവസരത്തിൽ നെഞ്ചുവേദന സഹിക്കവയ്യാതെ സിറ്റിഹോസ്പിറ്റലിൽ അഡ്മിറ്റായി. അരുന്ധതിയെ മാനഭംഗപ്പെടുത്തുവാൻ കൂട്ടുനിന്നപ്പോൾ നെഞ്ചുവേദനകൊണ്ട് ബോധരഹിതയായി നിലത്തു വീണു. ഗായത്രിദേവി ഓരോന്ന് മനസ്സിൽ ചിന്തിച്ചികൊണ്ട് മുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. നടത്തത്തിനിടയിൽ അവളുടെ കണ്ണുകൾ മുറിയിലെ ഭിത്തിയുടെ മൂലയിൽ ജനാലയോട് ചേർന്ന് വലക്കെട്ടുവാൻ ശ്രമിക്കുന്ന ചിലന്തിയിൽ തങ്ങി അല്പസമയം നിന്നു. അടുക്കളയിലേക്കു ചെന്ന് ഫ്രിഡ്ജിൽ നിന്നും ഒരു കുപ്പി തണുത്ത വെള്ളമെടുത്ത് ആർത്തിയോടെ കുടിച്ചു.

നെഞ്ചുവേദന കൂടിവന്നപ്പോൾ ഹോസ്പിറ്റലിലേക്കു പോകുവാൻ തീരുമാനിച്ചുറപ്പിച്ചു. ഉടുത്തിരുന്ന സാരിപിടിച്ച് നേരെയിട്ടു, മുടിയൊതുക്കി കണ്ണാടിയിൽ നോക്കി തൃപ്തിവരുത്തി. വാതിൽ പൂട്ടുവാൻ താക്കോൽ എടുത്തു. അപ്പോഴാണ് ഹരീഷിന് ഒരു കത്തെഴുതിവയ്ക്കുന്നതിനെപ്പറ്റി ചിന്തിച്ചത്.

പ്രിയപ്പെട്ട ഹരീഷ്,

നെഞ്ചുവേദന അനുഭവപ്പെട്ടതിനാൽ ഞാൻ സിറ്റിഹോസ്പിറ്റലിലേക്ക് പോകുന്നു. ഡോ. ലോപ്പസ് മാത്യുവിനെ കാണണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. സ്നേഹത്തോടെ, അമ്മ

ഗായ്ത്രിദേവി വാതിൽ പൂട്ടി. നിരത്തിലേക്കിറങ്ങി. ആട്ടോയ്ക്ക് കൈകാണിച്ചു. നിറുത്തിയ ആട്ടോയിലേക്കു കയറുന്നതിനിടയിൽ പറഞ്ഞു. സിറ്റി ഹോസ്പിറ്റൽ.

ആട്ടോഡ്രൈവർ പരിചയഭാവത്തിൽ തിരക്കി. "ആരെയെങ്കിലും കാണുവാൻ പോവുകയാണോ?" " അല്ല ശരീരത്തിനു നല്ല സുഖം തോന്നുന്നില്ല.

ടൗണിലുള്ള എല്ലാവരും ഗായത്രിദേവിയുടെ പരിചയക്കാരാണ്. സാധാരണക്കാരന്റെ കൊച്ചുകൊച്ചാവശ്യങ്ങൾക്കുവേണ്ടി ചില കാര്യങ്ങളാൽ അവളാൽ ആവുന്നവിധത്തിൽ ചെയ്യാറുണ്ട്.

പൊതുസ്ഥലത്തെ പുകവലിക്കെതിരെ നടത്തിയ യുദ്ധം. മദ്ധ്യവിപത്തിനെതിരെ നടത്തുന്ന പ്രസംഗങ്ങൾ. ലൈംഗികതൊഴിലാളികളായ ചേരിയിലെ സ്ത്രീകളുടെ സംരക്ഷണത്തിനായി സർക്കാരിനു സമർപ്പിച്ച ലഘുരേഖ. അങ്ങനെ ഗായത്രിദേവിയുടെ പൊതുപ്രവർത്തനത്തിന്റെ മേഖലകൾ വിപുലമാണ്. ഒരു രാഷ്ട്രീയ കക്ഷിയിലും ചേരാത്തതിനാലും ആരെയും പേരെടുത്ത്പറഞ്ഞ് ആക്ഷേപിക്കത്തതിനാലുമാവാം. എല്ലാവർക്കുമവളോട് പ്രത്യേക മമതയുണ്ട്. തിരഞ്ഞെടുപ്പു വേളകളിൽ ഇടതുവലതും കക്ഷികൾ അവൾക്കായി സീറ്റുകൾ വച്ചുനീട്ടിയിട്ടുമുണ്ട്.

ഹോസ്പിറ്റൽവരെ ആട്ടോയ്ക്ക് പോകുവാൻ കഴിയുമോ എന്നു സംശയമുണ്ട്. ഡ്രൈവർ പറഞ്ഞു. ഡി.വൈ എസ്. പി. ശശികുമാറിനെ ആരോ ബോംബെറിഞ്ഞ് കൊന്നു. പോലീസുകാർ തന്നെ ബോധപൂർവ്വം പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നെന്നാണ് കേഴ്‌വി.

ഗായത്രിദേവി ശരീരത്തിലെ വിയർപ്പുതുള്ളികൾ സാരിയുടെ തുമ്പുകൊണ്ട് ഒപ്പിയെടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ തിരക്കി. "ആരാണത് ചെയ്തെന്ന് അറിയാമോ?"

"ഇല്ല. സത്യം പറഞ്ഞാൽ  ആ കൊലപാതകം ടൗണിൽ എല്ലാവർക്കും ഇഷ്ടമായി. നേരും നെറിയുമില്ലാത്ത ശശിശങ്കറിന് ശത്രുക്കൾ ഏറെയാണ്. പുല്പ്പള്ളിയിലിരുന്നപ്പോൾ ഒരാദിവാസിപ്പെണ്ണിനെ മാനഭംഗപ്പെടുത്തികൊന്നെന്നുവരെ ജനസംസാരമുണ്ട് അവിടെ ഇന്നുംഅറ്റുപോകാത്ത നക്സൽ ഗ്രൂപ്പിന്റെ കണ്ണികൾ ഉണ്ടെല്ലോ. അവരായിരിക്കാം കൊലനടത്തിയതെന്നാണ് പൊതുവെയുള്ള  വിശ്വാസം"

"ചില ദിവസങ്ങൾക്കുമുമ്പ് പുല്പ്പിള്ളി ഭാഗത്തുനിന്നും ശശികുമാറിന് ഒരജ്ഞാത ഫോൺ സന്ദേശം വന്നിരുന്നു. വധഭീഷണി. ആരുമതത്ര ഗൗരവമായെടുത്തില്ല." ഡ്രൈവർ പറഞ്ഞു  നിർത്തി.

സൈറം മുഴക്കി ഒരു പോലീസുവാൻ ആട്ടോയ്ക്കു സൈഡിലൂടെ കടന്നുപോയി. അതിൽ നിന്നും പോലീസ് മർദ്ദനത്തിനിരയായിക്കൊണ്ടിരിക്കുന്ന ഏതോ മനുഷ്യന്റെ വിലാപം കേട്ടു. കടകൾ പലതും പൂർണ്ണമായിത്തന്നെ

അടച്ചുകഴിഞ്ഞു. ജനങ്ങൾ പലരും വീടണയാനുള്ള ശ്രമത്തിലാണ്. മേഘങ്ങൾ മാനത്ത് തങ്ങിനിന്നതിനാൽ സൂര്യന്റെ രശ്മികൾ മങ്ങിയാണ് പതിക്കുന്നത്.

ആട്ടോ സിറ്റിഹോസ്പിറ്റിലിലെത്തി. ഗായത്രിദേവി നീട്ടിയ രൂപാ വാങ്ങുവാൻ ഡ്രൈവർ വിസമ്മതിച്ചു. "വേണ്ട ടീച്ചർ. ഞാൻ റിട്ടേൺട്രിപ്പ് വരികയായിരുന്നു."

"സാരമില്ല, ഇത് കൈയിലിരിക്കട്ടെ" എന്നു പറഞ്ഞ് രൂപാ ഡ്രൈവറിനു കൊടുത്ത് ഗായത്രിദേവി തിരിഞ്ഞ് തിടുക്കത്തിൽ ഹോസ്പിറ്റിലിനുള്ളിലേക്ക് നടന്നു.

ഗായത്രിദേവി ഡോ. ലോപ്പസ് മാത്യുവിന്റെ കൺസൽട്ടൻസി റൂമിനു മുന്നിലെത്തി. അല്പസമയം അവിടെ കാത്തുനിന്നു. മുഖത്തെ വിയർപ്പ് സാരിയുടെ തുമ്പുകൊണ്ട് തുടച്ചുകൊണ്ടിരുന്നു. ഉള്ളിൽ നിന്നും ഒരു രോഗി പുറത്തേക്കിറങ്ങിയപ്പോൾ അവൾ അകത്തേക്ക് കയറി.

ഡോ. ലോപ്പസ് മാത്യു സൗഹൃദത്തോടെ ഗായത്രിദേവിയെ അടുത്തുള്ള കസേരയിൽ ഇരുത്തി വിശേഷങ്ങൾ തിരക്കി. ലോപ്പസ് മാത്യുവിന്റെ ഗുരുനാഥ കൂടിയാണ് ഗായത്രിദേവിയെ കാണുമ്പോഴും ലോപ്പസ് മാത്യു അവവരുടെ മനോഹരമായ ക്ലാസിനെപ്പറ്റി സൂചിപ്പിക്കുമായിരുന്നു. ഫിസിക്സ് എടുക്കുവാൻ വരുന്ന ടീച്ചർ കവിതകൾ ചൊല്ലിയും കഥകൾ പറഞ്ഞുമാണ് ക്ലാസെടുത്തിരുന്നത്. ഡോ. ലോപ്പസ് മാത്യു തിരക്കി. "അസുഖം വല്ലതും."

"കുറച്ചു സമയമായി നെഞ്ചിൽ ഒരു വേദനപോലെ ഡോക്ടർ ഗായത്രിദേവിയെ പരിശോധിക്കുന്നതിനിടയിൽ പറഞ്ഞു. വേദനപോലെയല്ലേയുള്ളൂ. വേദനയില്ലല്ലോ. എന്നാലുമൊന്ന് പരിശോധിക്കണം. സ്കാൻ ചെയ്യണം."

"മോൻ എവിടെയാ" ഡോക്ടർ ചോദിച്ചു.

"ഏതോ ഫ്രണ്ടിന്റെ വീട്ടിലേക്ക് എന്നു പറഞ്ഞിറങ്ങിയതാ. അതുകഴിഞ്ഞ വേദന തുടങ്ങിയത്."

സ്കാനിങ് കഴിഞ്ഞ് ഗായത്രിദേവിയെ മുറിയിലേക്ക് മാറ്റുമ്പോൾ ഡോക്ടർ പറഞ്ഞു.

"ടീച്ചറിന്റെ തിരക്കുകളാണ് ഇതിനൊക്കെ കാരണം. ഒന്ന് മയങ്ങി ഉണർന്നാൽ എല്ലാം ശാന്തമാകും."

ഡോക്ടർതന്നെ ഗായത്രിദേവിയുടെ കൈകളിൽ കുത്തി. അവൾ കണ്ണുകൾ ചിമ്മി. "മയങ്ങുവാനുള്ള ഇഞ്ചക്ഷനാ." ഡോക്ടർ പറഞ്ഞു.

ഗായത്രിദേവി മയക്കത്തിൽ നിന്നുമുണർന്ന് കണ്ണുകൾ തുറന്നപ്പോൾ മുന്നിൽ നിൽക്കുന്ന ഹരീഷിനെയാണാ കണ്ടത്. അവളുടെ കണ്ണുകൾ

അവന്റെ കണ്ണുകളിലേക്ക് ചൂഴ്ന്നിറങ്ങി. ആ നോട്ടത്തിന്റെ തീഷ്ണതയിൽ നിന്നുമുളള മോചനത്തിനായി തലവെട്ടിച്ചുകൊണ്ട് അവൻ തിരക്കി. "നെഞ്ചു വേദന കുറഞ്ഞുവോ?"

ഗായത്രിദേവി അതിനുത്തരം പറയാതെ അവനെ ആകെയൊന്നു വില യിരുത്തി. നരച്ചുതുടങ്ങിയ നീല ജീൻസും കളർമങ്ങിയ ചുമന്ന വരയൻ ടീ ഷർട്ടുമാണ് വേഷം. പാറിക്കിടക്കുന്ന നീണ്ട മുടിയിഴകൾക്കിടയിലൂടെ തലയോട് അല്പാല്മായി കാണാം. അലസതയാണ് മുഖത്തെ സ്ഥായിഭാവം; കൂസലില്ലായ്മയുടെ ധാരാളിത്തം കണ്ണുകളിൽ ദർശിക്കുവാൻ കഴിയുന്നു. ഗായത്രിദേവി തിരക്കി "നീയിന്ന്."

ഹരീഷ് അതുകേൾക്കാത്തതുപോലെ പറഞ്ഞു. വിശേഷമൊന്നുമില്ലെ ന്നാണ് ഡോക്ടർ പറഞ്ഞത്. ഉണർന്നുകഴിഞ്ഞാൽ വീട്ടിലേക്ക് പോകാ മെന്നും പറഞ്ഞു.

ഗായത്രിദേവി ക്ഷോഭത്തോടെ പറഞ്ഞു. "എനിക്ക് ഓരോ പ്രാവശ്യവും നെഞ്ചുവേദന വരുന്നത് നീ കാരണമാണ്."

ഹരീഷ് അതു പൂരിപ്പിച്ചുകൊണ്ട് തുടർന്നു.

"വിവാഹജീവിതം തകർന്നതും,സ്വൈര്യം നശിച്ചതുമെല്ലാം ഞാൻ കരണം തന്നെയാണെന്ന് എനിക്കറിയാം."

മുറിയുടെ വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് അവർ സംഭാഷണം നിറു ത്തി. വാതിൽ തുറന്ന് ഡോ ലോലപ്പസ് മാത്യു അകത്തേക്ക് വന്നു. കൂടെ രണ്ടു നെഴ്സുമാരുമുണ്ട്.

"ഹരീഷ് എപ്പോൾ വന്നു." ഡോക്ടർ തിരക്കി.

"അല്പസമയമായി" അവൻ പറഞ്ഞു.

"ടീച്ചർ, എല്ലാം നോർമലായില്ലേ" ഡോക്ടർ ചോദിച്ചു.

"ചെറിയ ഒരു ക്ഷീണം തോന്നുന്നു." എന്നാലുമിനി വീട്ടിൽ പോയി റസ്റ്റെ ടുത്താൽ പോരെ? ഗായത്രിദേവി ചോദിച്ചു.

"മതി. ഇവിടെ കൊതുകുകടിയും മരുന്നിന്റെ മണവുമടിച്ച് ടീച്ചറിന്റെ അസ്വസ്ഥത കൂടുകയുള്ളൂ." ഡോക്ടർ പറഞ്ഞു.

ഗായത്രിദേവിയുടെ കൈയ്ക്കു പിടിച്ച് ഹരീഷ് വീടിനുള്ളിലേക്കു കയ റ്റി. അവൾ അവനെ തള്ളിമാറ്റി നിറുത്തി കർക്കശസ്വരത്തിൽ തിരക്കി. "നീയിന്ന് അരുതായ്കകൾ വല്ലതും ഒപ്പിച്ചുവോ?"

"എന്റെ ഗായത്രദേവിയോട് ഇന്നുവരെ ഞാൻ കള്ളം പറഞ്ഞിട്ടില്ല. അതു കൊണ്ട് സത്യം പറയാം. ഞെട്ടരുത്. അമ്മയാണെ സത്യം ഇന്നു ഞാൻ ഒന്നും ചെയ്തിട്ടില്ല. ഷോപ്പിൽ പോയി ഒരു പെപ്പ്സിയും രണ്ട് ഐസ്ക്രീമും

കഴിച്ചു. അതും ക്ലാസ്മേറ്റും ഫ്രണ്ടുമായ ലാറ നിർബന്ധിച്ചതുകൊണ്ട്. അവസാനം കാശ് എന്റേതാണ് പോയത്.''

ഗായത്രിദേവി ആശ്വാസത്തോടെ ഒരു ദീർഘ നിശ്വാസം വിട്ടു.

ഹരീഷ് ടി. വി. ഓൺ ചെയ്തു. വാർത്തകൾ നടക്കുകയാണ്. ശശിശങ്കറിന്റെ മൃതുശരീരത്തിൽ പലരും പുഷ്പചക്രങ്ങൾ അർപ്പിക്കുന്നു. വാർത്ത വായന തുടർന്നു. കൊലപാതകം ആസൂത്രിതമാണെന്ന് വ്യക്തമായി. ''കൊലയാളിയെപ്പറ്റി ചില സൂചനകൾ ലഭിച്ചിട്ടുള്ളതായി ഉന്നതവൃത്തങ്ങൾ പറഞ്ഞു.'' വാർത്തയുടെ തുടർന്നുള്ള ഭാഗം വന്നപ്പോഴേക്കും ഹരീഷ് ടി.വി. ഓഫ് ചെയ്തു. അവന്റെ മുറിയിലേക്കു നടന്നു.

ഹരീഷിന്റെ പ്രകടമായ അസ്വസ്ഥതകൾ ഗായത്രിദേവി ശ്രദ്ധിച്ചുകൊണ്ടിരുന്നു. കട്ടിലിൽ അലസമായി കിടക്കുന്ന അവന്റെ അടുത്തു തന്നെ ഗായത്രദേവി പോയിരുന്നു. അവന്റെ തലയെടുത്ത് വാത്സല്യത്തോടെ മടിയിൽ വച്ച് ഒരു സാന്ത്വനംപോലെ മുടുയിഴകൾക്കടയിലൂടെ വിരലുകൾ ഓടിച്ചുതുടങ്ങി.

ഗായത്രിദേവി ഓരോന്ന് ആലോചിച്ചുതുടങ്ങി. ഹരീഷിന്റെ ജനനം. മദ്യപിച്ച് വീട്ടിൽ വന്ന് കലഹമുണ്ടാക്കുന്ന അവന്റെ ബാങ്ക് ഉദ്യോഗസ്ഥനായ അവന്റെ അച്ഛൻ. ഒരിക്കൽ അയൽ വീട്ടുകാരെ മുഴുവൻ വിളിച്ചുവരുത്തി മോൻ അദ്ദേഹത്തിന്റേതല്ലെന്ന് ന്യായങ്ങൾ നിരത്തിയ ദിവസം, മോനേയുമെടുത്ത് മിന്നലും പേമാരിയുമുള്ള രാത്രിയിൽ പെരുവഴിയിലേക്കിറങ്ങി. വാടകവീട്ടിൽ മോനേയും പരിചരിച്ച് കഴിഞ്ഞ വർഷങ്ങൾ. യുവത്വത്തിന്റെ സമ്മർദ്ദങ്ങൾ നിയന്ത്രക്കുവാൻ കോളേജ് ജോലിയോടൊപ്പം തന്നെ ബോധപൂർവ്വമായി തുടങ്ങ്ഇയ പൊതുപ്രവർത്തനം. അറിയാതെ ജീവിതത്തിന്റെ ഭാഗമായി സംക്രമിച്ചു. അതിനിടയിൽ മോനെ സ്നേഹിക്കുവാൻ വിസ്മരിച്ചെന്ന് കുറ്റപ്പെടുത്തുന്നവർ. പക്ഷേ ഇന്നുവരെ അവന് ഒരു പരാതിയുമില്ലായിരുന്നു. ഹരീഷിന്റെ ഉള്ളിൽ അച്ഛനോടു വളർന്ന പക. അതാണ് അദ്ദേഹം മാനേജരായിരുന്ന ബാങ്കിൽ നടന്ന കവർച്ചയിലവസാനിച്ചത്.

നട്ടുച്ചസമയത്ത് തോക്കുമായി ബാങ്കിലെത്തി എല്ലാവരേയും ഭയപ്പെടുത്തി ആറുലക്ഷം രൂപയുമായി കടന്ന സംഭവം. ചില ദിവസങ്ങൾക്കുശേഷം അച്ഛനോട് അവൻ മനോഹരമായി പ്രതികാരം ചെയ്തെന്ന് ഗായത്രദേവിയോട് കൗതുകപൂർവ്വം പറഞ്ഞു. അവൾ അവനെ ഗുണദോഷിച്ച് പോലീസിൽ ഏല്പ്പിച്ചു.

നിയമപാലകരുടെ കൈയ്യിൽ നിന്നും നീതിപൂർണ്ണമായി നിഷേധിച്ചപ്പോൾ ഗായത്രിദേവിയുടെ സഹായത്തിനായെത്തിയത് ടൗണിലെ സാധാരണക്കാരായിരുന്നു. അച്ഛനോടുള്ള പകയാണ് ഇങ്ങനെയൊരു നാടകത്തിന് അവനെ പ്രേരിപ്പിച്ചതെന്ന് പലരും സൗകര്യപൂർവ്വം മറന്നു. അവൻ ഉപയോഗിച്ചിരുന്നത് കളിത്തോക്കാണെന്നതുവരെ ആരും പരിഗണിച്ചതുമില്ല. ദൃശ്യമാധ്യ

മങ്ങളിലൂടെ പകർന്നു കിട്ടിയ വികലമായ സമൂഹത്തിലെ യുവാക്കളിൽ ബാധിച്ചതിന്റെ പ്രതിഫലനമാണ് ഇങ്ങനെയൊരു സംഭവത്തിന് കാരണമായതെന്നും അവർ മറന്നു. ഒരു കൊള്ളത്തലവനെ കീഴ്പ്പെടുത്തിയ സംതൃപ്തിയോടെയാണ് പോലീസുദ്യോഗസ്ഥർ വാർത്തകൾ നൽകിയത്.

ഒരിക്കൽ മദ്യപിച്ച് വീട്ടിലെത്തിയ ഹരീഷിനെ ഗായത്രിദേവി ശാസിച്ചു. അപ്പോൾ അവൻ കൊച്ചുകുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു. അമ്മേ ചിലതൊക്കെ മറക്കാനാണ് ഞാൻ മദ്യപിച്ചത്. ഞാനൊരു തെറ്റു ചെയ്തു അമ്മ എന്നോടുക്ഷമിക്കണം. നെഞ്ചുവേദനവന്ന് ബോധരഹിതയായി അമ്മ നിലത്തുവീണ രാത്രി ഓർമ്മിക്കുന്നുണ്ടോ. അന്നൊരു സംഭവം നടന്നു.

ഞാനും ശ്യാമുംകൂടി അന്ന് വിമൻസ്ഹോസ്റ്റലിന്റെ മതിലുകൾ ചാടി സർവ്വരുടേയും കണ്ണുകൾ വെട്ടിച്ച് മൂന്നാം നിലയിലുള്ള അരുന്ധതിയുടെ റൂമിലെത്തി. പ്ളാസ്റ്റർകൊണ്ട് വായ് പൂർണ്ണമായി ബന്ധിച്ചതിനുശേഷം കട്ടിലിൽ ചേർത്തുകെട്ടിയിട്ടു. അതിനുശേഷം ശ്യാമവളെ...... എല്ലാറ്റിനുമവസാനം ഞങ്ങൾ അവിടെക്കിടന്ന് ബഹളം വച്ചു. നാലുവശത്തുനിന്നും ആളുകൾ ഓടിവന്നപ്പോൾ അവിടെനിന്നും ഓടി ഇരുളിൽ മറഞ്ഞു.

എന്തിനാണ് ബഹളം കൂട്ടിയതെന്നോ? അവളെ മാനഭംഗപ്പെടുത്തി. വിവരം ലോകർ മുഴുവൻ അറിയണം. അമ്മ കരുതുന്നുണ്ടാവും ഞാനൊരു ക്രൂരനാണെന്ന്.

അരുന്ധതിയുടെ അച്ഛൻ സിറ്റിഹോസ്പിറ്റലിലെ ഡോക്ടറാണ്. ഒരിക്കൽ ശ്യാമിന്റെ പെങ്ങൾ ലേഖ തലക്കറക്കത്തിന് മരുന്നുവാങ്ങിക്കുവാൻ ഹോസ്പിറ്റലിലെത്തി. പരശോധനകൾ കഴിഞ്ഞ് ഡോക്ടർ ബോധപൂർവ്വം അവളെ ബോധംകെടുത്തി മാനഭംഗപ്പെടുത്തി. ഈ സമൂഹത്തിനുമുന്നിൽ പരിഹാസപാത്രമാകുവാൻ ഇഷ്ടപ്പെടാത്തതിനാലും ലേഖയുടെ ഭാവിയെക്കരുതിയും അവരതെല്ലാം മറക്കുവാൻ ശ്രമിക്കുകയാണ്. ലേഖയുടേയും അവരുടെ വീട്ടുകാരുടേയും മാനസികാവസ്ഥ ഡോക്ടർ മനസ്സിലാക്കുവാൻ സ്വന്തം മകൾതന്നെ മാനഭംഗപ്പെടണം. അത് ഈ സമൂഹം മുഴുവൻ അറിയണം. അതുമാത്രമാണ് ഞാൻ ചെയ്തത്.

ഫോൺ ബെല്ലടിക്കുന്നതു കേട്ടാണ് ഗായത്രദേവി ചിന്തകളിൽ നിന്നുമുണർന്നത്. നോക്കുമ്പോൾ ഹരീഷ് മടിയിൽക്കിടന്ന് ഉറങ്ങിയിരിക്കുന്നു. ഹരീഷിന്റെ തല മെല്ലെയെടുത്ത് താഴെ വച്ച് ഫോണിനടുത്തേക്ക് നടന്നു.

അങ്ങേത്തലക്കൽ നിന്നും ഒരു സ്ത്രീയുടെ ശബ്ദം "ഹരീഷ് ഉണ്ടോ? ഒന്നുകൊടുക്കാമോ."

ഗായത്രിദേവി തിരക്കി "ആരാണ് സംസാരിക്കുന്നത്."

"ഹരീഷിന്റെ ഫ്രണ്ടാണ്. ലാറ."

"നിങ്ങൾ കുറെമുമ്പ് ഐസ്ക്രീം കഴിച്ച് പിരിഞ്ഞതല്ലെ?"

"അതെ. ഒരത്യാവശ്യകാര്യം പറയുവാനാണ്. ഒന്നു വിളിക്കാമോ?"

തളർന്നു കിടക്കുന്ന ഹരീഷിനെ ഗായത്രിദേവി വിളിച്ചുണർത്തി റിസീവർ കയ്യിൽ കൊടുത്തു. അങ്ങേത്തലയ്ക്കൽ നിന്ന് ലാറ പറഞ്ഞു തുടങ്ങി. "ഹരീഷ്, പോലീസ് യാതൊരു കാരണവും കൂടാതെ ഫറൂക്കിനെ അറസ്റ്റു ചെയ്തു. അവനാണ് ഡി.വൈ,എസ് പിയുടെ കൊല നടത്തിയതെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. എങ്ങനെയാണ് നിരപരാധിയായ അവനെ രക്ഷിക്കുവാൻ കഴിയുക? ഹരീഷ് ഹരീഷിന്റെ അമ്മയോട് പറയുമോ, അവനെ രക്ഷിക്കുവാൻ."

ഹരീഷ് മറുപടിയൊന്നും പറയാതെ റിസീവർ താഴെ വച്ചു.

ഗായത്രിദേവി തിരക്കി. "എന്താടാ നിന്റെ മുഖം വല്ലാതെയിരിക്കുന്നത്."

"അമ്മേ, ഞാനൊരു കാര്യം പറഞ്ഞാൽ ഞെട്ടരുത്." ഹരീഷ് പറഞ്ഞു. "ഡി.വൈ. എസ്. പി ശശിശങ്കറിനെ കൊലപ്പെടുത്തിയത് ഞാനാണ്. ലാറയുടെ അച്ഛനെ ആറുമാസങ്ങൾക്കുമുമ്പ് ലോക്കപ്പിലിട്ട് തല്ലിച്ചതച്ചു കൊന്നത് ഈ ശശിശങ്കർ തന്നെയാണ്. അവളുടെ ആങ്ങള ഫറൂക്ക് ശശിശങ്കറിനെ കൊല്ലുമെന്നുള്ള ഉഗ്രപ്രതിജ്ഞയിലാണ്. ഫറൂക്കിന് എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ലാറയ്ക്ക് ആരുമില്ല. അവളൊരു പാവമാണ്. അവളെ അനാഥയാക്കാതിരിക്കുവാൻ വേണ്ടിയാണ് ഞാനിതു ചെയ്തത്. എന്നാലിപ്പോൾ പോലീസ് ഫറൂക്കിനെ അറസ്റ്റു ചെയ്ത് കുറ്റം മുഴുവൻ അവന്റെ തലയിൽ ചുമത്തി എന്നാണ് ലാറ വിളിച്ചുപറഞ്ഞത്.

ഞാനാണിത് ചെയ്തതെന്ന് ലാറയ്ക്കോ മറ്റാർക്കുമോ അറിഞ്ഞുകൂടാ. എന്നെ സംബന്ധിച്ചിടത്തോളം ആ കൊല അത്ര വിഷമം പിടിച്ച ഒന്നായിരുന്നില്ല. ശശിശങ്കർ ഓടിച്ചു കൊണ്ടുവന്ന കാർ അയാളുടെ വീട്ടിലേക്ക് തിരിയുന്ന വളവിലെത്തിയപ്പോൾ സ്പീഡ് കുറഞ്ഞു. പിന്നാലെ ബൈക്കിൽ വന്ന ഞാൻ ചില്ല് താഴ്ത്തിയിട്ടിരുന്ന ഡോറിലൂടെ ബോംബെറിയുകയായിരുന്ന. സംഭവസ്ഥലത്ത് ദൃക്സാക്ഷികൾ ആരുമില്ലായിരുന്നു. ചെറിയ ബോംബായിരുന്നതിനാൽ അതിന് ശബ്ദവും കുറവായിരുന്നു. അമ്മയോട് പറഞ്ഞ് എങ്ങനെയും ഫറൂക്കിനെ രക്ഷപ്പെടുത്തണമെന്നാണ് ലാറ വിളിച്ചുപറഞ്ഞത്. ആ പാവം പെൺകുട്ടിയെ എനിക്കിഷ്ടമാണമ്മേ."

ഗായത്രിദേവിയുടെ അടക്കിപ്പിടിച്ചിരുന്ന വികാരങ്ങൾക്ക് തീ പിടിച്ചു. "ഒരു നൊട്ടോറിയസ് ക്രിമിലിനെയാണല്ലേ ഞാൻ ഗർഭം ധരിച്ചത്. നിനക്ക് എന്നെയങ്ങ് കൊന്നിട്ട് ഇതൊക്കെ ചെയ്താൽ പോരായിരുന്നോ. കവർച്ച, വ്യഭിചാരം, കൊലപാതകം, ഇനിയുമെന്തെല്ലാമാണ് നീ ചെയ്യുവാൻപോകുന്നത്."

അമ്മ എന്തുവേണമെങ്കിലും പറഞ്ഞോ. ശശിശങ്കർ എത്ര പാവങ്ങളുടെ ജീവിതമാണ് നശിപ്പിച്ചതെന്നറിയുമോ? കാക്കിക്കുപ്പായം അതിനെല്ലാമുള്ള

മാന്യമായ മറയായിരുന്നു അയാൾക്ക്. പറഞ്ഞുനിൽക്കുവാൻ സമയമില്ല എങ്ങനെയും ഫറൂക്കിനെ രക്ഷപ്പെടുത്തണം.''

''ചെല്ല് പോലീസിൽ ചെന്ന് പറയൂ. നീയാണ് ശശിശങ്കറിനെ കൊന്നതെന്ന്. എന്നിട്ട് ആ പാവത്തിന്റെ ജീവൻ രക്ഷിക്ക്. നിനക്കതിന് കഴിയില്ലെങ്കിൽ ഞാൻ തന്നെ പറയാം.''

ഗായത്രിദേവി ഫോൺ ഡയൽ ചെയ്തു. അങ്ങേത്തലക്കൽ നിന്നു ഹലോ, ഹലോ എന്നുള്ള അന്വേഷണം വന്നുകൊണ്ടിരുന്നു. എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്ന ഗായത്രിദേവിയുടെ കൈകളിൽ നിന്ന് ഹരീഷ് ഫോൺ തട്ടിമേടിച്ച്, ഒറ്റശ്വാസത്തിൽ പറഞ്ഞവസാനിപ്പിച്ചു. ''പോലീസ് സ്റ്റേഷനല്ലേ, പ്രൊഫ. ഗായത്രിദേവിയുടെ വീട്ടിൽ നിന്നു ഹരീഷാണ് വിളിക്കുന്നത്. ഡി. വൈ. എസ്.പി ശശിശങ്കറിനെ കൊന്നത് ഞാനാണ്.''

ഗായത്രിദേവി ഫോൺ അവന്റെ കയ്യിൽ നിന്നു മേടിച്ച് ഡിസ്കണക്ട് ചെയ്തു. ''ഇനിയും പോലീസിന്റെ കയ്യിൽ നീ അകപ്പെട്ടാൽ?...''

ഹരീഷ് ചിരിച്ചുകൊണ്ട് പറഞ്ഞു. ''ജഡമേ തിരിച്ചുവരൂ. ഡി. വൈ. എസ് പിയുടെ ഘാതകൻ അറസ്റ്റിൽ തൂങ്ങിമരിച്ചു. അല്ലെങ്കിൽ ഷോക്കടിച്ച് മരിച്ചു. അതുമല്ലെങ്കിൽ കൂടെക്കിടന്ന ക്രിമിനൽസ് അടിച്ചുകൊന്നു. ചിലപ്പോൾ ജയിൽ ചാടുവാനുള്ള ശ്രമത്തിനിടയിൽ പോലീസിന്റെ വെടിയേറ്റ് മരിച്ചെന്നും വരാം.''

അവർക്കിടയിൽ നിശ്ശബ്ദത ഏറി വന്നു. ഹരീഷ് തിരിഞ്ഞ് അവന്റെ മുറിയിലേക്കു പോയി. വാതിൽ വലിച്ചടയ്ക്കുന്ന ശബ്ദം നിശ്ശബ്ദതയ്ക്കു ഭംഗം വരുത്തി.

ഗായത്രിദേവി എന്തുചെയ്യണമെന്നറിയാതെ മുറിയിലൂടെ നടന്നു. തുറന്നുകിടന്ന ജാലകത്തിലൂടെ പുറത്തേക്കു നോക്കി. ഇരുട്ടിനെ അകറ്റുവാൻ തെളിഞ്ഞുനിൽക്കുന്ന മെർക്കുറി ബൾബുകൾ മഞ്ഞിന്റെ വരവോടെ മങ്ങിയിരുന്നു. അവർ അവിടെ നിന്നു തിരിഞ്ഞ് നടന്ന്, ഫ്രിഡ്ജ് തുറന്ന് തണുത്ത വെള്ളം കുടിച്ചു.

തിരിച്ചുവന്ന് സെറ്റിയിലിരുന്നു. രാവിലെ കെട്ടുവാൻ തുടങ്ങിയ വല ചിലന്തി പൂർത്തിയാക്കിക്കഴിഞ്ഞു. മുറിയിലൂടെ പറന്നുനടന്ന ഒരു പ്രാണി ചിലന്തിവലയിൽ കുടുങ്ങി. അവൾക്ക് അതിനെ രക്ഷപ്പെടുത്തണമെന്ന് തോന്നി. അപ്പോഴേക്കും ചിലന്തി അതിനെ ഭക്ഷിക്കുവാൻ തുടങ്ങിയിരുന്നു.

ഒരു തീരുമാനത്തിലെത്തിയതുപോലെ ഗായത്രിദേവി ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു. സഹായത്തിനായി പലരേയും ഫോണിൽ വിളിച്ചു. അഡ്വക്കേറ്റ് ദേവനാരായണൻ, ട്രേഡ് യൂണിയൻ പ്രസിഡന്റ് സത്യപാലൻ, എം. എൽ.എ ഹരികുമാർ... ഒരു കൊലപാതകത്തിന് കൂട്ടുനിൽക്കുവാൻ കഴിയില്ലെന്നു പറഞ്ഞ് അവരെല്ലാം ഫോൺ താഴെ വച്ചു. അപ്പോഴാണ് ചേരി

യിലെ സുദർശന്റേയും തമ്പിയുടേയും കാര്യമോർമിച്ചത്. അവരുമായി ബന്ധപ്പെടുവാൻ വഴികൾ തേടി, ആലോചിച്ചുനിന്ന ഗായത്രിദേവി കോളിംങ് ബെൽ ശബ്ദിക്കുന്നതു കേട്ടു.

പോലീസായിരിക്കുമെന്ന തിരിച്ചറിയൽ ഗായത്രിദേവിയിൽ ഭയമുണർത്തി. ഒരടി മുന്നോട്ടുവയ്ക്കാൻ ശക്തിയില്ലാതെ അവർ തളർന്ന് തറയിലിരുന്നു.

വാതിലിൽ ശക്തിയായി മുട്ടുന്നതിന്റെ ശബ്ദം ഏറിയേറിവന്നു. അവസാനം ലോക്ക് പൊളിഞ്ഞ് വാതിൽ മലർക്കേ തുറന്നു.

എസ്. പി. വിക്രമിന്റെ നേതൃത്വത്തിൽ ഒരുപറ്റം പോലീസുകാർ വീടിനുള്ളിലേക്ക് കയറി. തറയിൽ പറ്റി, ഭിത്തിയിൽ ചാരിയിരിക്കുന്ന ഗായത്രിദേവിയോട് കർക്കശസ്വഭാവത്തിൽ തിരക്കി. "ഹരീഷ് എവിടെ?"

ഒന്നും ഉരിയാടുവാൻ കഴിയാതെ ഗായത്രിദേവി അങ്ങനെതന്നെ നിശ്ചലം ഇരുന്നു.

വിക്രമിന്റെ നിർദ്ദേശമനുസരിച്ച് പോലീസുകാർ ഓരോരോ മുറികളിലേക്കായി പ്രവേശിച്ചു.

പകുതി ശരീരം കട്ടിലിലും ബാക്കിയായി തറയിലുമായി നിശ്ചലം കിടക്കുന്ന ഹരീഷിനു മുന്നിൽ പോലീസുകാർ ആലോചനയോടെ നിന്നു.

ആ നിശ്ശബ്ദതയിൽ ഗായത്രിദേവിയുടെ ഏങ്ങലുകൾ മാത്രം ഉയർന്നുകേട്ടുകൊണ്ടിരുന്നു.

## തിരസ്ക്കരിക്കപ്പെട്ട കഥകൾ

കാറിന്റെ പിൻസീറ്റിലിരുന്ന് പകുതി താഴ്ത്തിയ ചില്ലിനു മുകളിലൂടെ വെളിയിലേക്ക് ഞാൻ നോക്കിക്കൊണ്ടിരുന്നു. മുഖത്തേക്ക് സമൃദ്ധമായി അടിച്ചുകൊണ്ടിരുന്ന കാറ്റിന്റെ സ്പർശം അങ്ങനെയേ ആസ്വദിച്ചു. കണ്ണിൽപെടുന്ന വൃക്ഷങ്ങൾ, വീടുകൾ തുടങ്ങിയ എല്ലാ കാഴ്ചകളും പിന്നിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നതിനിടയിൽ മനസ്സും വർഷങ്ങൾക്ക് പിന്നിലേക്ക് പോയി. സംഭവബഹുലമായ ജീവിതത്തിലെ പല കാഴ്ചകളും അനുഭവങ്ങളും വ്യക്തരൂപത്തെ പ്രാപിക്കാതെ പ്രജ്ഞയുടെ തിരശ്ശീലയിൽ മറഞ്ഞു.

താല്കാലികമായി കെട്ടിയുണ്ടാക്കിയ പന്തലിലിരുന്ന് മുദ്രാവാക്യം മുഴക്കുന്ന തൊളിലാളികളെ കണ്ടപ്പോൾ, അവരുടെ ശക്തമായ മുദ്രാവാക്യങ്ങളുടെ ശബ്ദം കാതുകളിൽ പ്രതിധ്വനിച്ചപ്പോൾ ചിന്തകൾ വ്യക്തമായൊരു ദിശയിലേക്കു തിരിഞ്ഞു.

കോൺഗ്രസ് പ്രവർത്തകനായ അച്ഛനോടൊപ്പം നടന്നുതീർത്ത ജാഥകൾ, ഇരുന്ന് മുദ്രാവാക്യം മുഴക്കിയ സത്യാഗ്രഹങ്ങൾ. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം നടത്തിയ നിയമനിഷേധങ്ങൾ. സാധാരണക്കാരന്റെ ബോധവൽക്കരണത്തിനായി സംഘടിപ്പിച്ച യോഗങ്ങളും പ്രസംഗങ്ങളും. എല്ലാത്തിന്റേയും അടിയിലെ പ്രേരകശക്തി രാജ്യത്തിന്റെ സ്വാതന്ത്ര്യമായിരുന്നു.

അവസാനം രാജ്യം സ്വതന്ത്രമായി. സ്വാതന്ത്രദിനപ്പുലരിയുടെ ആഘോഷങ്ങൾക്കിടയിലും എല്ലാം നഷ്ടപ്പെട്ട ചിലരുടെയെങ്കിലും ദു:ഖങ്ങൾ അറിയുവാൻ ചിലരെങ്കിലും ശ്രമിച്ചു. സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിച്ച ബാലകൃഷ്ണന്റെ വിധവയെ ആശ്വസിപ്പിക്കുവാനെത്തിയ അച്ഛൻ, അവരുടെ മകളെ വിവാഹം കഴിക്കുവാൻ എന്നോട് പറഞ്ഞു.

ഒരു പറ്റം ദേശസ്നേഹികളുടേയും ചില ബന്ധുക്കളുടേയും സാന്നിദ്ധ്യത്തിൽ സാവിത്രിയുടെ കഴുത്തിൽ മംഗല്യമാല ചാർത്തി. ദേശീയപതാകയെ സാക്ഷിയാക്കി നടത്തിയ ആ വിവാഹത്തിന്റെ പ്രാർത്ഥനാഗാനം ദേശീയ ഗാനം തന്നെയായിരുന്നു.

വിവാഹത്തിരക്കുകൾ കഴിഞ്ഞ് ക്ഷണിക്കപ്പെട്ടവരും അഭ്യുദയകാംക്ഷികളും പോയിക്കഴിഞ്ഞപ്പോൾ അനുഗ്രഹത്തിനായി ഞങ്ങൾ അച്ഛന്റെ അടു

ത്തെത്തി. പാദങ്ങൾ തൊട്ടു നമസ്കരിച്ചു നിന്നപ്പോൾ അച്ഛൻ പറഞ്ഞു.

"നിങ്ങൾ സ്വാതന്ത്രത്തിന്റെ ദമ്പതികളാണ്. മതാചാരങ്ങളിലോ മനുഷ്യാ ചാരങ്ങളിലോ കൊരുത്തിടുന്ന ഒരു ജന്മമായിരിക്കരുത് നിങ്ങളുടെ. നിങ്ങ ളുടെ സന്തതികളെ രാജ്യസ്നേഹികളായിവളർത്തുക." എന്റെ ചുമലിൽ കൈകൾവച്ച് വാത്സല്യത്തോടെ അച്ഛൻ തുടർന്നു " രാജ്യത്തിന് ബ്രിട്ടീ ഷ്കാരിൽനിന്നുമേ സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളു. ദാരിദ്രത്തിൽനിന്നും അജ്ഞ തയിൽനിന്നും ഇവിടുത്തെ സാധാരണക്കാരന് ഇനിയും സ്വാതന്ത്ര്യം ലഭി ച്ചിട്ടില്ല. അതവർക്ക് പകർന്നുകൊടുക്കുവാൻ ഇനിയുള്ള കാലം നീ യത്നി ക്കണം. അതായിരിക്കണം നീ എനിക്കുതരുന്ന ദക്ഷിണ."

സാവിത്രിയുടെ കരങ്ങളിൽ പിടിച്ചുകൊണ്ട് അച്ഛൻ തുടർന്നു "ഭർത്താ വിനെ നേർവഴിക്ക് നയിക്കേണ്ടതിന്റെ പൂർണ്ണ ഉത്തവാദിത്വം നിനക്കാണ്. തെക്കെപ്പറമ്പിന് മുകളിലുള്ള വീട് വെറുതെ കിടക്കുകയാണല്ലോ. നിങ്ങൾ അവിടെ താമസിച്ചുകൊള്ളു." താക്കോൽക്കൂട്ടം ഞങ്ങൾക്കുനേരെ നീട്ടി ക്കൊണ്ട് തുടർന്നു. "അവിടെ മഹാത്മജിയുടെ പേരിൽ ഒരു സ്കൂൾതുടങ്ങണം. സൗജന്യമായി കുട്ടികൾക്ക് വിദ്യപകർന്നുകൊടുക്ക ണം. കഴിയുമെങ്കിൽ സാമ്പത്തികമായി വിഷമിക്കുന്നവർക്ക് സൗജന്യഭക്ഷ ണവും താമസവും ഏർപ്പെടുത്തണം."

കാലങ്ങൾ കടന്നുപൊയിക്കൊണ്ടിരുന്നു. അച്ഛൻ കാലയവനികയ്ക്കു ള്ളിൽ മറഞ്ഞു. സ്വാതന്ത്ര്യസമരസേനാനിയായ കെ. എം. മേനോന്റെ പ്രതി മകൾ പലയിടത്തും അനാച്ഛാദനം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യ സമരസേനാനിയായ പുത്രനെ സമൂഹം ആദരിച്ചു. ഗവൺമെന്റുകൾ മാറി മറിഞ്ഞ് വന്നുകൊണ്ടിരുന്നു. ജനങ്ങളുടെ മനോഭാവങ്ങളിൽ കാതലായ വ്യതി യാനം സംഭവിച്ചുതുടങ്ങി. മതങ്ങൾ അവർക്കിടയിലെ ഏറ്റവും സ്വാധീനശ ക്തിയുള്ള ഒന്നായിത്തീർന്നു. സാംസ്കാരിക രാഷ്ട്രീയ സമ്മേളനങ്ങളിൽ മുൻ സ്വാതന്ത്ര്യസമരസേനാനിയായ എനിക്ക് അനർഹമായ സ്ഥാനങ്ങൾ ലഭിച്ചു തുടങ്ങി. രാഷ്ട്രീയക്കാരും മതനേതാക്കളും എന്റെ സൗഹൃദത്തി നായി മത്സരിച്ചു. കൃത്യമായ തീരുമാനങ്ങൾ എടുക്കുവാൻ കഴിയാത്ത എന്റെ സംശയമനോഭാവത്തെയും അവസരത്തിനൊത്ത് മാറുന്ന നിലപാ ടിനെയും ഉയർന്ന വ്യക്തിത്വത്തിന്റെ ഒരു ഭാഗമായി സമൂഹം അംഗീകരി ച്ചു.

ചെറിയ തോതിൽ തുടങ്ങിയ സ്കൂളിന് ശാഖകൾ പലതായി. എന്റെ മക്കൾ പാശ്ചാത്യരാജ്യങ്ങളിലെ പെരുമയുള്ള സർവ്വകലാശാലകളിൽ പോയി വാണിജ്യതന്ത്രത്തിന്റെ ബിരുദങ്ങൾ സമ്പാദിച്ചു. സ്വാതന്ത്ര്യത്തിന്റെ ഭാഗ മായി തുടങ്ങിയ ചെറിയൊരു പ്രസിദ്ധീകരണം വളർന്ന് ഏറെ പ്രചാരമുള്ള ദിനപത്രമായി.

രാഷ്ട്രീയക്കാരുടേയും പ്രമുഖരുടേയും പ്രിയഭാജനമായ ഞാൻ അഴിമ തിക്കാരനാണോ? പൊതുജനത്തിന്റേയും നിയമത്തിന്റേയും മുമ്പിൽ അന്യാ

യമായി ഒന്നും ഞാൻ സമ്പാദിച്ചിട്ടില്ല.

മക്കൾ വളർന്നപ്പോൾ അവർ ബിസിനസ്സുകൾ ഏറ്റെടുത്തു. ഓരോ വർഷവും സാമ്പത്തിക അടിത്തറ വിപുലവും ശക്തവുമാക്കുവാൻ തന്ത്ര ങ്ങൾ മെനഞ്ഞുകൊണ്ടിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നപേരിൽ അന്യസംസ്ഥാനങ്ങളിൽ കച്ചവടസൗധങ്ങൾ പടുത്തുയർത്തി. കൃത്രിമമായ വാർത്തകൾ തുടർച്ചായായി കൊടുത്ത് പത്രത്തിൽ നിന്നുമുള്ള വരുമാനം ക്രമാതീതമായി ഉയർത്തി. രാജ്യസ്നേഹം പറച്ചിലും ജനോപകാരപ്രദമായ യത്നങ്ങളും പത്രങ്ങളിലെ ലേഖനങ്ങളിലും മുഖപ്രസംഗങ്ങളിലുമായി ചുരു ങ്ങി. കർഷകരുടെ ഉത്പ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാൻ വേണ്ടി തുടങ്ങിയ ചെറിയ യൂണിറ്റ് വ്യവസായശാലകൾ ഇന്ന് അവരെ ചൂഷണം ചെയ്യുന്ന പടുകൂറ്റൻ ഫാക്ടറികളായി പരിണമിക്കുന്നു.

നിർമ്മൽ തോണ്ടി വിളിച്ചപ്പോഴാണ് ഞാൻ ചിന്തകളിൽ നിന്നുമുണർന്ന ത്. പാലസ്ഹില്ലിന്റെ താഴ്വാരത്തിൽ എത്തിയിരിക്കുന്നു. ഞങ്ങൾക്ക് അഭി മുഖമായി ഉയർന്നു നിൽക്കുന്ന പച്ചപ്പ് നിറഞ്ഞ കുന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട് ഞാൻ നിർമ്മലിനോട് പറഞ്ഞു. “ഇതാണ് പാലസ് ഹിൽ. ഏറെ ചരിത്രങ്ങൾ നിദ്രയിലാണ്ടുകിടക്കുന്ന സ്ഥലമാണിത്.”

കാറിന്റെ ഡോർ തുറന്ന് പുറത്തേക്കിറങ്ങിയപ്പോൾ എനിക്കെന്റെ എഴു പത്തിയെട്ട് വയസ്സ് പൂർണ്ണമായും അനുഭവപ്പെട്ടു. ഡ്രൈവർ വേഗന്നുതന്നെ വാക്കിംങ്സ്റ്റിക്ക് എന്റെ കൈയ്യിൽ തന്നു. അത് ഭൂമിയിൽ അമർത്തികുത്തി നിർമ്മലിന്റെ അടുത്തേക്ക് ചെന്നു.

“ഗ്രാൻപാ ക്ഷീണിച്ചെങ്കിൽ നമ്മുക്ക് പ്രോഗ്രാം ക്യാൻസൽ ചെയ്യാം.” ഞാൻ മനസ്സിൽ കരുതി. അഞ്ചുവയസ്സുകാരൻ നിർമ്മൽ ഈ പ്രായത്തിൽ എങ്ങനെ യാഥാർത്ഥ്യത്തിന്റെ തലത്തിലെത്തി. കളിച്ചും ചിരിച്ചും കഴിയേണ്ട ബാല്യം ഇന്നത്തെ കുട്ടികൾക്ക് കൈമോശം വന്നിരിക്കുന്നുവോ?

“മോൻ കേട്ടിട്ടുണ്ടോ ആറും അറുപതും ഒരുപോലെയാണെന്ന്.”

“അതുകൊണ്ടാണല്ലോ ഞാൻ ഗ്രാൻപായോടൊപ്പം വന്നത്.” നിർമ്മൽ ഗൗരവത്തിൽ പറഞ്ഞു.

ആ ഗൗരവം എനിക്ക് ഏറെ കൗതുകമായി. “ഞാനും മോനും കൂടി പാലസ് ഹില്ലിന്റെ മുകളിലേക്കു പോകുകയാണ്. അലപം കഴിയുമ്പോൾ കരുതിയിരുക്കുന്ന ഭക്ഷണവുമായി നീ അവിടേക്കു വരണം.” ഞാൻ ഡ്രൈവറോട് പറഞ്ഞു.

നൂറ്റാണ്ടുകൾക്കു മുമ്പ് വെള്ളക്കാർ പാകിയ കരിങ്കല്ലുകൾ ഇളകിത്തുട ങ്ങിയ വഴിയിലൂടെ ഞാനും നിർമ്മലും പാലസ് ഹില്ലിന്റെ മുകളിലേക്കു നടന്നു തുടങ്ങി. “പണ്ടൊക്കെ പാലസ്ഹില്ലന്റെ നിറുകയിലെത്താൻ എനിക്ക് അഞ്ചുമിനിറ്റ് മതിയായിരുന്നു. എന്റെ വിവാഹം കഴിഞ്ഞ് ഞാൻ സാവിത്രി ദേവിയെയും കൂട്ടി ആദ്യമായി കയറിയതും ഈ കുന്നാണ്.”

“ഗ്രാൻപായുടെ ഹണിമൂൺ ഈ പാലസ്ഹില്ലിന്റെ മുകളിൽ വച്ചായിരു

ന്നുവോ?'' നിർമ്മൽ തിരക്കി.

നിർമ്മലിന്റെ നിഷ്കളങ്കമായ ആന്വേഷണം കേട്ട് എനിക്ക് ചിരിയടക്കുവാൻ കഴിഞ്ഞില്ല. ''ബ്രീട്ടീഷുകാർ ഇതിന്റെ മുകളിൽ വന്ന് കൊട്ടാരം പണിതപ്പോൾ മുതലാണ് ഇത് പാലസ്ഹില്ലായത്. അതിനുമുമ്പ് ഇതിന്റെ പേര് നാടുകാണി എന്നായിരുന്നു. ഇതിന്റെ മുകളിൽനിന്ന് നോക്കിയാൽ ഈ നാട് മുഴുവൻ കാണുവാൻ കഴിയും.''

''എത്രകണ്ടാലും നമ്മുക്കീ ഇന്ത്യയിലുള്ള സ്ഥലങ്ങളല്ലെ കാണാൻ കഴിയൂ.'' നിർമ്മൽ സംശയിച്ചു.

''യാത്രാസൗകര്യങ്ങൾ അത്രയൊന്നുമില്ലായിരുന്ന കാലത്ത് മനുഷ്യർ പ്രകൃതിയെ ഇഷ്ടപ്പെടുകയും ആസ്വദിക്കുകയും ചെയ്തിരുന്ന കാലത്ത് അതൊരു വലിയ കാഴ്ചതന്നെയായിരുന്ന കൂട്ടി.''

''ഗ്രാൻപാ മുമ്പ് പറഞ്ഞില്ലേ ഇവിടെ ചരിത്രം ഉറങ്ങുന്നുയെന്ന്. എന്തു ചരിത്രമാണിവിടെ ഉറങ്ങുന്നത്.''

''നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യചരിത്രം തന്നെ.'' നടന്നുകൊണ്ട് ഞാൻ പറഞ്ഞുതുടങ്ങി.

ബ്രിട്ടീഷുകാർ ഇവിടെവന്ന് കൊട്ടാരം പണിക്കഴിച്ചതോടെ നാടുകാണി ഹിൽപാലസായി. ഒരുപാടു ക്രൂരതയുടെ ചരിത്രം ഈ ഹിൽപാലസിനു പറയുവാനുണ്ട്. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം പോലും ഈ പ്രദേശത്തോട് ബന്ധപ്പെട്ടുകിടക്കുന്നു.

ആയിരത്തി എണ്ണൂറ്റി അമ്പതുകളിൽ വെല്ലസി ആൻഡ്രോസ് സായിപ്പ് ഇവിടെ ചെറിയൊരു കൊട്ടാരം പണിത് താമസവും ഭരണവും തുടങ്ങി. തന്ത്രശാലിയും ക്രൂരനുമായിരുന്നു ആറരഅടിയിലധികം ഉയരമുള്ള വെല്ലസി സായിപ്പ്. നിസ്സാരതെറ്റുകൾക്കു പോലും കടുത്ത ശിക്ഷവിധിച്ചിരുന്നു. ബ്രിട്ടീഷുകാർക്കെതിരെയുള്ള നീക്കങ്ങൾക്ക് കഴുമരം തന്നെയായിരുന്നു ശിക്ഷ.

വെല്ലസി സായിപ്പിന്റെ ആരാച്ചാരനായിരുന്നു വാണിയാർ. കാഴ്ചയിൽ പരുക്കൻ. വൃദ്ധരായ മാതാപിതാക്കളും എട്ട് മക്കളുമുള്ള വലിയ കുടുംബമായിരുന്നു വാണിയന്റേത്. ദാരിദ്ര്യമാണ് വാണിയനെ ആരാച്ചാരനാകുവാൻ പ്രേരിപ്പിച്ചത്.

എട്ടുമക്കളിൽ ഒരാൾ മാത്രമാണ് ആൺതരിയായിട്ട് ഉണ്ടായിരുന്നത്. ഗോവർദ്ധനൻ. വാണിയാൻ ആരാച്ചാരനായതിൽ ഏറ്റവും കൂടുതൽ പ്രതിക്ഷേധിച്ചത് ഗോവർദ്ധനനാണ്. മനുഷ്യജീവികളുടെ പ്രാണൻ എടുക്കുന്നതിനു പ്രതിഫലമായി കിട്ടുന്ന പണംകൊണ്ട് താൻ ഭക്ഷണം കഴിക്കുകയില്ലെന്ന് ഗോവർദ്ധനൻ തീർത്തു പറഞ്ഞു. അങ്ങനെ ഗോവർദ്ധനന്റെ കിടപ്പ് വീട്ടിലും ഭക്ഷണം പുറത്തുമായി.

ഭാരതീയരെ നിഷ്ക്കരുണം വെല്ലസി സായിപ്പിന്റെ ഉത്തരവനുസരിച്ച് തൂക്കികൊല്ലുന്നതിൽ ഗോവർദ്ധനൻ ഏറെ ദു:ഖിച്ചു. ഒരിക്കൽ വാണിയ

നുമായി വാക്കുതർക്കത്തിലേർപ്പെടുകയും അത് അടിപിടിയിൽ കലാശിക്കുകയും ചെയ്തു.

ഇന്നത്തെപോലെ അന്ന് വിനോദോപാതികൾ ഒന്നുമില്ല. എല്ലാ ആഴ്ചയിലും ക്ഷേത്രത്തിൽ കലാപരിപാടികൾ അരങ്ങേറിയിരുന്നു. ഗോവർദ്ധനന്റെ സംഗീതം അതിലെ പ്രധാന ഇനമായിരുന്നു.

ഒരിക്കൽ ഗോവർദ്ധനൻ പാടിക്കൊണ്ടിരുന്നപ്പോൾ അതിൽ മതിമറന്ന് നാടുവാഴി കണിപ്പിള്ളയുടെ മകൾ ലക്ഷ്മിക്കുട്ടി നൃത്തമാടി. അതോടെ ഗോവർദ്ധനന്റേയും ലക്ഷ്മിക്കുട്ടിയുടേയും രഹസ്യപ്രണയം വെളിവായി.

തന്റെ മകൾ ഗോവർദ്ധനുമായി പ്രണയത്തിലാണെന്ന വിവരമറിഞ്ഞ കണിപ്പിള്ള ജ്വലിച്ചു. കണിപ്പിള്ളയുടെ വിശ്വസ്ത സേവകൻ രാമയ്യർ അദ്ദേഹത്തിന്റെ കോപത്തെ അടക്കുവാൻ പറ്റിയ തന്ത്രങ്ങൾ ഉപദേശിച്ചുകൊടത്തു. വെല്ലസിപ്രഭുവിനെ സ്വാധീനിച്ച് ഗോവർദ്ധനനെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി വധിപ്പിക്കുക. രാമയ്യരുടെ ഉപദേശം കണിപ്പിള്ളയുടെ കോപത്തെ ശമിപ്പിച്ചു.

ഒരു രാത്രി ലക്ഷ്മിക്കുട്ടിയെയും കണ്ട് മടങ്ങും വഴി കടവിൽ തോണിയും കാത്ത് നിന്ന ഗോവർദ്ധനനെ വെള്ളപട്ടാളത്തിലെ ചിലർ ചേർന്ന് പിടിച്ചുകൊണ്ടുപോയി.

രാത്രിയിൽ വാണിയന്റെ വീട്ടിൽ വെല്ലസിപ്രഭുവിന്റെ ദൂതനെത്തി. പാലസ് ഹില്ലിലേക്ക് എത്രയും വേഗം എത്തുവാനായി വെല്ലസി കല്പിച്ചതായറിയിച്ചു.

രാത്രിയിൽ യാത്രയില്ല എന്ന യാത്രപറച്ചിലോടെ വാണിയാർ വീട്ടിൽ നിന്നും ഇറങ്ങി. ദൂതന്റെ പിന്നാലെ തൂക്കുവെളിച്ചത്തിൽ നടന്നു തുടങ്ങി.

പാലസ്ഹില്ലിലെത്തിയ വാണിയാനെ വെല്ലസിപ്രഭുതന്നെ സ്വീകരിച്ചു. കൊട്ടാരത്തിനകത്തേക്ക് ക്ഷണിച്ചു. വെല്ലസിപ്രഭുവിന്റെ സ്നേഹപ്രകടനങ്ങൾ വാണിയാനെ വീർപ്പുമുട്ടിച്ചു.

വിഭവസമൃദ്ധമായ മേശക്കുമുന്നിൽ വെല്ലസി പ്രഭുവിനോടൊപ്പമിരുന്ന് വാണിയാൻ ഭക്ഷണം കഴിക്കുന്നത് ആദ്യമാണ്. ഭൃത്യന്മാർ ഭക്ഷണം വിളമ്പികൊടുത്തപ്പോൾ വെല്ലസിപ്രഭുതന്നെ വാണിയാന് മദ്യം പകർന്നുകൊടുത്തു. അവിടേയ്ക്ക് കണിപ്പിള്ളയും കടന്നുവന്നു. അവർ മൂന്നുപേരും മത്സരിച്ച് എന്നതുപോലെ ഭക്ഷണവും മദ്യവും കഴിച്ചു.

ഭക്ഷണത്തിന്റെ അവസാനം ഉന്മത്തനായ വാണിയാനോട് വെല്ലസിപ്രഭു പറഞ്ഞു. "ഈ രാത്രിയിൽതന്നെ ഒരു രാജ്യദ്രോഹിയെ കഴുവിലേറ്റണം." വാണിയാൻ മദ്യത്തിന്റെ ലഹരിയിലായിരുന്നതിനാൽ സധൈര്യം വെല്ലിസി പ്രഭുവിനോട് പറഞ്ഞു. രാത്രിയിൽ ഒരാളെ കഴുവിലേറ്റുകയോ? അത് എന്റെ ധർമ്മത്തിനു ചേരുന്നതല്ല. പ്രഭുവിനറിയുമോ, ഓരോ പ്രാവശ്യവും കുരുക്ക് പച്ചമനുഷ്യന്റെ കഴുത്തിൽ ഇടുമ്പോഴും ഞാൻ അനുഭവിക്കുന്ന ആത്മവ്യഥ. പൂജനടത്തി പ്രാർത്ഥിച്ചിട്ടേ കൊലപാതകമെന്ന കർമ്മം ഞാൻ അനുഷ്ഠാക്കാറുള്ളൂ. കൊല്ലപ്പെടുന്നവന്റെ ആത്മാവിന് മോക്ഷം ലഭിക്കുവാനുള്ള

പ്രാർത്ഥന. അത് നടത്തുന്ന എനിക്ക് ശാപം കിട്ടാതിരിക്കുവാനുള്ള പ്രാർത്ഥന.

വെല്ലസിപ്രഭു നിസ്സാരമായി പറഞ്ഞു. ഇത്രയും കാലം ഓരോ കൊലക്കും മുമ്പ് വാണിയാർ പ്രാർത്ഥിച്ചിട്ടുണ്ടല്ലോ. ഇന്നൊരു ദിവസം അതൊഴിവാക്കാം. കൊടും രാജ്യദ്രോഹിയെയാണ് നിങ്ങൾ കഴുവിലേറ്റാൻ പോകുന്നത്.

വാണിയാർ സ്ഥലകാലബോധം നശിച്ചവനെപ്പോലെ പോട്ടിച്ചിരിച്ചു. ചിരിയുടെ അവസാനം ഹൃദയവ്യഥയോടെ പറഞ്ഞു. കൊടും രാജ്യദ്രോഹി! അവർ ഈ മാതൃരാജ്യത്തിന്റെ സ്വാതന്ത്രത്തിനുവേണ്ടി പൊരുതുന്നവരാണ്. വെല്ലസിയുടെ നേരെ വിരൽ ചൂണ്ടി  വാണിയാർ തുടർന്നു. നിങ്ങളാണ് നേരും നെറിയുമില്ലാത്ത രാജ്യദ്രോഹി.

വെല്ലസി ഉൾക്ഷോഭത്തോടെ നിയന്ത്രിച്ചുകൊണ്ട് ഇംഗ്ലീഷ് ചുവയുള്ള മലയാളത്തിൽ പറഞ്ഞു. മിസ്റ്റർ വാണിയാർ, പറയുന്ന ജോലി ചെയ്യുന്നതിൽ നാം നിങ്ങൾക്ക് മാന്യമായ പ്രതിഫലം തരുന്നില്ലേ? അതുമല്ലെങ്കിൽ നാം കെട്ടിപടുക്കുന്ന സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ സാരഥികളല്ലെ കണിപ്പിള്ളയും നീയുമൊക്കെ.

വാണിയാന്റെ കണ്ണുകൾ നിറഞ്ഞു. ഇടറുന്ന സ്വരത്തിൽ പറഞ്ഞു. ഞാനീ പണിചെയ്യുന്നത് ഇഷ്ടമായിട്ടല്ല. കെട്ടുപ്രായത്തിൽ നിൽക്കുന്ന പെൺമക്കളെ ഓർത്തിട്ടാണ്. അവർകൂടി എന്നെ വെറുത്തുതുടങ്ങി. ഈ തൊഴിൽ തുടരുവാൻ ഇനി വയ്യ. നാളെവന്ന് എന്നെ ഈ തൊഴിലിൽ നിന്നും ഒഴിവാക്കണമെന്നു  പറയുവാനിരിക്കുകയായിരുന്നു.

വെല്ലസിപ്രഭു കണിപ്പിള്ളയെ നോക്കി. പിന്നെ ഉൾമുറിയിലേക്കു നടന്നു. അല്പം കഴിഞ്ഞ് ഒരു കിഴിയുമായി തിരിച്ചെത്തി. കിഴി വാണിയാനുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു. ഇത് മുപ്പതു വെള്ളിനാണയങ്ങളാണ്. ഇത് സ്വീകരിച്ച് എത്രയും പെട്ടന്ന് കൊലനടപ്പാക്കണം.

മടിച്ചുനിന്നവാണിയന്റെ കൈപിടിച്ച് അതിൽ വെള്ളിനാണയങ്ങളുടെ കിഴി വെല്ലസിപ്രഭു വെച്ചുകൊടുത്തു.

വാണിയാൻ കിഴിയിലേക്കും ജ്വലിക്കുന്ന വെല്ലസിപ്രഭുവിന്റെ മുഖത്തേക്കും മാറിമാറി നോക്കി. പൂജയും പ്രാർത്ഥനയുമില്ലാതെ അവസാനകാലത്തെ കൊല ഇന്നുഞാൻ നടത്തുകയാണ്. ഈ പണംകൊണ്ട് മകളുടെ വിവാഹം ഞാൻ നടത്തും. പ്രഭു ഒരുപകാരം ചെയ്യണം. പണിയെടുത്തു ജീവിക്കാൻ അല്പം മണ്ണ് തരപ്പെടുത്തണം.

വെല്ലസിപ്രഭു ക്ഷോഭത്തോടെ കലിപ്പിച്ചു. ആദ്യം കൊല നടക്കട്ടെ. ബാക്കിയെല്ലാം നാം പിന്നീട് തീരുമാനിക്കാം.

വാണിയാൻ വെല്ലസിപ്രഭുവിനെ വണങ്ങി അവിടെനിന്നും തിരിഞ്ഞുനടന്നു.

ഉയർത്തിപ്പിടിച്ചിരിക്കുന്ന പന്തത്തിന്റെ വെളിച്ചത്തിൽ കഴുമരം വ്യക്തമായി വാണിയാൻ കണ്ടു. അതിനടുത്ത് എട്ടൊമ്പത് വെള്ളപ്പട്ടാളക്കാർ

ചേർന്ന് കഴുമരത്തിൻ കീഴിലേക്ക് കറുത്ത തുണികൊണ്ടുമൂടിയ ഒരു മനുഷ്യരൂപത്തെ കൊണ്ടുവന്നു നിറുത്തി. അതിന്റെ കൈകൾ പിന്നിലേക്കു ബന്ധിച്ചിരുന്നു.

വാണിയാൻ കുടുക്കെടുത്ത് അയാളുടെ കഴുത്തിലിട്ടു. അന്ന് ആദ്യമായി വാണിയാന്റെ കൈകൾ വിറച്ചു. വിറയ്ക്കുന്ന കൈകൾകൊണ്ടുതന്നെ കയർവലിച്ച് കുടുക്ക് കഴുത്തിലുറപ്പിച്ചു. നടന്നുചെന്ന് കഴുമരത്തിന്റെ അങ്ങേത്തലക്കലെ തടുകൊണ്ടുള്ള ലിവറിൽ വലിച്ചു. തട്ട് താഴേക്ക് പോകുന്നതിന്റെ ഘോരശബ്ദം വാണിയാന്റെ കാതുകളിൽ പ്രതിധ്വനച്ചു.

ഒരു പ്രതികരണവുമില്ലാതെ ഒന്നു ശബ്ദിക്കുകയോ ചലിക്കുകയോ ചെയ്യാതെ  അയാൾ നിശ്ചലം കഴുമരത്തിൽ തൂങ്ങിക്കിടന്നു. ഒന്നു വിറയാർന്ന് നിശ്ചലമാകുന്ന പെരുവിരലിനെനോക്കി അയാൾ മരിച്ചുവെന്നുറപ്പുവരുത്തിയതിനുശേഷം നെറ്റിയിലെ വിയർപ്പുതുടച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞുനടന്നുതുടങ്ങി. നടക്കുന്നതിനിടയിൽ അരയിൽ ഭദ്രമായി വച്ചിരിക്കുന്ന വെള്ളിനാണയങ്ങൾ അവിടെത്തന്നെയുണ്ടെന്നുറപ്പുവരുത്തി.

എതിരെ ചൂട്ടുകറ്റയും മിന്നിച്ച് വരുന്നത് ആരെന്നറിയുവാൻ വാണിയാൻ സൂക്ഷിച്ചുനോക്കി. മിന്നിനിന്ന ജ്വാലകളുടെ വെളിച്ചത്തിൽ അവരെ തിരിച്ചറിഞ്ഞു. തന്റെ ഭാര്യയും മൂത്ത രണ്ടു മക്കളുമാണ് വരുന്നത്. വാണിയാൻ വേഗന്നുതന്നെ അവരുടെ അടുത്തെത്തി.

ഭാര്യ വാണിയാനോട് കാര്യങ്ങൾ പറഞ്ഞു. രാത്രിയിൽ വീട്ടിലേക്കു വരുന്ന വഴിക്ക ഗോവർദ്ധനനെ വെള്ളപ്പട്ടാളക്കാർ പിടിച്ചുകൊണ്ടുപോയി.

ഭാര്യയുടെ വാക്കുകൾ കേട്ട വാണിയാന്റെ പ്രജ്ഞയിൽ മിന്നൽപ്പിണരുകൾ പാഞ്ഞു. 'ഭഗവതി ചതിച്ചോ' എന്നുവിലപിച്ചുകൊണ്ട് വാണിയാൻ തിരിഞ്ഞ് കഴുമരത്തിന്റെ അടുത്തേക്ക് പാഞ്ഞു.

കഴുമരത്തിൽനിന്നും ഇറക്കി മൂടിയിട്ടിരിക്കുന്ന ജഡത്തിന്റെ മൂടിമെല്ലെ വലിച്ചുമാറ്റി. പന്തത്തിന്റെ അരണ്ടവെളിച്ചത്തിൽ വാണിയാൻ ജഡത്തെ തിരിച്ചറിഞ്ഞു.  ഗോവർദ്ധനൻ.

തരിച്ചിരുന്നതുപോയ വാണിയാൻ അലമുറയിട്ടുകരയുന്ന ഭാര്യയുടേയും മക്കളുടേയും മുഖത്തേക്കു നോക്കി. സ്വന്തം കൈപത്തികൾ വിടർത്തി ആത്മനിന്ദയോടെ അതിലേക്കു നോക്കി.

അവിടെനിന്നും എഴുന്നേറ്റ് ഭ്രാന്തമായ ഭാവത്തോടെ വാണിയാൻ കൊട്ടാരത്തിലേക്ക കുതിച്ചു. കൊട്ടാരത്തിന്റെ കവാടത്തിലേക്ക് വെള്ളിനാണയങ്ങൾ വലിച്ചെറിഞ്ഞുകൊണ്ട് ഇടറിയ സ്വരത്തിൽ വിളിച്ചുപറഞ്ഞു. 'ഭാരത മാതാ കീ ജയ്.'

വെല്ലസിപ്രഭു ഉൾമുറിയിൽ നിന്നും പുറത്തേക്കുവന്ന് പരിഹാസത്തിൽ തിരക്കി. 'എന്താ കൂലി തികഞ്ഞില്ലേ?'

വാണിയൻ ഹൃദയവേദനയെ തടഞ്ഞുനിർത്തുവാൻ കഴിയാതെ പറഞ്ഞു.

വെള്ളക്കാർ നേരും നെറിയുമില്ലാത്തവരാണെന്ന് പലരും പറഞ്ഞപ്പോഴും, ഞാനിത്രയും പ്രതീക്ഷിച്ചില്ല. പുത്രഹത്യ നടത്തിയ ഈ അപരാധം പൊറുക്കുവാൻ ഏതു ശക്തിക്കാണു കഴിയുക.

"നിന്ന് പുലമ്പാതെ പുറത്തുപോകൂ വാണിയാൻ " വെല്ലസി ആജ്ഞാപിച്ചു.

"ഇല്ല നിന്റെ ജീവൻ കൊണ്ടെ ഞാൻ പുറത്തേക്കുള്ളൂ" പകുതി എന്നു പറഞ്ഞ് വാണിയാൻ മുന്നോട്ടുകുതിച്ചു.

വെല്ലസി സേവകരോട് കല്പ്പിച്ചു.  ഈ ഭ്രാന്തനെ പിടിച്ച് ബന്ധിക്ക്.

അവിടേക്ക് വാണിയാന്റെ ഭാര്യയും പെൺമക്കളും നിലവിളിച്ചുകൊണ്ട് എത്തി.

പെൺകുട്ടകളെ കണ്ട വെല്ലസിപ്രഭുവിന്റെ വിടർന്നു. അവരെ കാമഭാവത്തോടെ അടിമുടി നോക്കി. പ്രഭു മെല്ലെ നടന്ന് അവരുടെ അടുത്തെത്തി."രാജ്യസ്നേഹിയായ വാണിയാനു തരുവാൻ ഈ സഹായമേയുള്ളൂ." എന്നുപറഞ്ഞ് പെൺകുട്ടികളുടെ തുണിയുരിയുവാൻ തുടങ്ങി.

സർവ്വശക്തിയുമെടുത്ത് മുന്നോട്ടുകുതിക്കുവാൻ ശ്രമിക്കുന്ന വാണിയാനെ പ്രഭുവിന്റെ സേവകർ മർദ്ദിച്ച ഒതുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. വെല്ലസി ഉത്തരവിട്ടു. "പകുതിമരിക്കുന്നിടംവരെ അവനെ മുക്കാലിയിൽ കെട്ടി ചമ്മട്ടിയ്ക്കടിക്ക്."

മുക്കാലിയിൽ കിടന്ന് മർദ്ദനം കൊണ്ടുകൊണ്ടിരുന്ന വാണിയാൻ പ്രഭുവിന്റെ കൊട്ടാരത്തിൽ നിന്നും തന്റെ മകളുടെ ദയനീയമായ വിലാപങ്ങൾ കേട്ടു.

ഒരു രാത്രിമുഴുവൻ ചമ്മട്ടിയടികൊണ്ട വാണിയാൻ രക്തം വാർന്ന് മനസ്സുതകർന്ന് മരിച്ചു.

വെല്ലസിപ്രഭുവിന്റെ ക്രൂരതയുടെയും നെറികേടിന്റേയും വാർത്തയറിഞ്ഞാണ് ഗ്രാമമുണർന്നത്. മറ്റൊന്നുമാലോചിക്കാതെ കൈയ്യിൽകിട്ടിയ പത്തലും മറ്റായുധങ്ങളുമായി ഗ്രാമീണർ വെള്ളക്കാർക്കെതിരെ പാഞ്ഞടുത്തു. വെള്ളപട്ടാളത്തിന്റെ തോക്കുകൾക്ക് ഏറെപ്പേർ ഇരയായി. വെള്ളക്കാർക്കെതിരെ പോരാട്ടത്തിന്റെ വാർത്തയറിഞ്ഞ് അടുത്തുള്ള ഗ്രാമത്തിൽ നിന്നും ആളുകൾ എത്തിക്കൊണ്ടിരുന്നു. മൂന്നുദിവസം നീണ്ടുനിന്ന ഉഗ്രപോരാട്ടത്തിനുശേഷം ജനം കൊട്ടാരം പിടിച്ചെടുത്തു. മർദ്ദനമേറ്റ് അവശനായെങ്കിലു വെല്ലസി എങ്ങനെയോ രക്ഷപ്പെട്ടു. ആ രോഷത്തിൽ ജനം കൊട്ടാരം തല്ലിതകർത്തു. അതിന്റെ അവശിഷ്ടങ്ങളാണികിടക്കുന്നത്. കൊട്ടരാത്തിന്റെ അവശിഷ്ടങ്ങൾ ഒന്നൊന്നായി നിർമ്മലിനു കാണിച്ചുകൊടുത്തുകൊണ്ട് ഞാൻ പറഞ്ഞു.

ഗ്രാൻപായ്ക്ക് ഭാവന വളരെ കുറവാ. ഇതിലും നല്ല കഥകൾ  ഞാൻ പറഞ്ഞുതരാമെന്ന് നിർമ്മൽ പറഞ്ഞു

"കുട്ടി ഇത് കഥയല്ല നമ്മളുടെ രാജ്യത്തിന്റെ എഴുതപ്പെടാത്ത ഒരു പാടു ചരിത്രങ്ങളിലൊന്നുമാതമാണ്." ഞാൻ തിരുത്തി.

"കഥകൾ പറയുമ്പോൾ ഏറ്റവും പുതിയ കഥകൾ തന്നെ പറയണം" നിർമ്മൽ പറഞ്ഞു. ഭാവന കാണുമ്പോൾ മനസിനെ കാല്പനികമാക്കുവാൻ കഴിയുന്ന ഭാവനകൾ കാണണം. ഒരുദാഹരണം പറയാം. അനനോവയും ഷാരുഖാനും നായിക നായകന്മാരായി അഭിനയിക്കുന്നു. സച്ചിനും ലാറയും അതേപടത്തിൽ തന്നെ വേഷമിടുന്നു. കരുത്തും സൗന്ദര്യവും മാറ്റുരയ്ക്കുന്ന രംഗങ്ങൾ.

"എനിക്ക് ഷാരുഖാനേയും സച്ചിനെയും മനസിലായി  ആരാണ് അനനോവയും ലാറയും."

ഗ്രാൻപായ്ക്ക് അവരെ  അറിയില്ലേ. ഡിജിറ്റൽ ആനിമേഷൻ വിദ്യയിലൂടെ സൃഷ്ടിച്ച സുന്ദരിമാർ. ഇന്ന് ലോകത്തിൽ ഏറ്റവും കൂടുതൽ ആരാധരകരുളളത്  ഇവർക്കാണ്.

ഒന്നും കേൾക്കുവാനും ഉൾക്കൊള്ളുവാനും തയ്യാറാല്ലാത്ത ഈ തലമുറയെ സൃഷ്ടിച്ചത് ഞാൻ കൂടിയാണല്ലോ. തിരുത്തണം എനിക്ക് തിരുത്തണം.

വളരെക്കാലമായി ശരീരത്തിന്റെ ഒരു ഭാഗമായി കൈയിലിരുന്ന വാക്കിംങ്സ്റ്റിക് ദൂരേക്കെറിഞ്ഞ് ഞാൻ വേഗത്തിൽ മുന്നോട്ട് നടന്നുതുടങ്ങി. അതിനിടയിലും നിർമ്മലിന്റെ കഥകൾ എന്റെ കാതുകളിൽ എത്തിക്കൊണ്ടിരുന്നു. എല്ലാം കൃത്രിമമായ പ്രണയകഥകൾ തന്നെ.

"അവിടേക്ക് ഭക്ഷണവും മറ്റുമായെത്തിയ ഡ്രൈവറോട് നിർമ്മൽ പറഞ്ഞു. ഗ്രാൻപാ പഴഞ്ചനാ. പാരമ്പര്യവും പറഞ്ഞിരിക്കാനെ അറിയൂ. ഒന്നും മനസിലാകില്ല."

## ഭക്തിയും ലീലയും തമ്മിലുള്ള ബന്ധം.

ഹോട്ടലിന്റെ ജനാലകൾ തുറന്ന് രാജീവ് പ്രസിദ്ധമായ ശിവക്ഷേത്രത്തിലേക്ക് നോക്കി. തൊഴുതുമടങ്ങുന്ന ഭക്തരുടെ തിരക്ക് ഇപ്പോഴും അവസാനിച്ചിട്ടില്ല. ഉള്ളിൽ നിന്നും ഉയർന്നുവന്നുകൊണ്ടിരുന്ന കീർത്തനത്തിന്റെ ശബ്ദം കുറഞ്ഞു.

പുറത്ത് സ്ഥാപിച്ചിരിക്കുന്ന ശിവലിംഗത്തിൽ പാലഭിഷേകം നടത്തി പുഷ്പാർച്ചന നടത്തുന്ന മദ്ധ്യവയസ്കയായ സ്ത്രീ. അവർ മാറിനിന്ന് തൊഴുത് കൈകൾ ഉയർത്തിപ്പിടിച്ച് അതിനുചുറ്റും മൂന്നുവട്ടം നടന്നു. നിലത്ത് മുട്ടുകുത്തിനിന്ന് ശിവലിംഗത്തിൽ നിന്നും ഒലിച്ചിറങ്ങിയ പാല് കൈക്കുമ്പിളിൽ കോരി ഭക്തയോടെ കുടിക്കുന്നു. ശിവലിംഗത്തിൽ ഭക്തിയോടെ ഇരുകരങ്ങൾകൊണ്ടും തൊട്ട് തലയിൽ വയക്കുന്നു. തുടർന്ന് മുഖത്ത് മാറിൽ അങ്ങനെ സന്താന ലബ്ധിക്കായി ഭഗവാന്റെ അനുഗ്രഹം മേടിക്കുകയാണ്.

ക്ഷേത്രത്തിനുള്ളിലെ ശ്രീകോവിലിനു മുന്നിൽ ശയനപ്രതിക്ഷണം നടത്തുന്ന മറ്റൊരു കൂട്ടർ. ജന്മദോഷവും കർമ്മഫലങ്ങുളും വർത്തമാനകാല ജീവിതത്തെ കലുഷിതമാക്കുമ്പോൾ, അതിൽ നിന്നും മോചനം നേടി ഭഗവത്കൃപയ്ക്കുവേണ്ടിയുള്ള മറ്റൊരു സ്വയം പീഡിത ബലി. ശ്രീകോവിലിനു ചുറ്റും ചെറിയ മണൽത്തരികൾ വിതറിയിട്ടുണ്ട്. അതിലൂടെ ശയന പ്രദിക്ഷണം വയ്ക്കുമ്പോൾ ശരീരം മുഴുവൻ അല്പാല്മായി ചതഞ്ഞുപൊട്ടി രക്തം പനയ്ക്കുന്നു. അകൈതപമായ ഭക്തിയുടെ സ്വയംപീഡിതമായ ഈ കർമ്മത്തിലൂടെ അവർ മനശാന്തി നേടുന്നു.!

ക്ഷേത്ര പരിസരത്തുനില്ക്കുന്ന കൂറ്റൻ അരയാൽ വൃക്ഷത്തിന്റെ ശിഖരങ്ങളലൂടെ കരഞ്ഞുകൊണ്ട് പറന്നുനടക്കുന്ന കാക്കകൂട്ടങ്ങൾ. അസ്വസ്ഥമായ പ്രാപഞ്ചിക മനസാക്ഷിയുടെ ദൃശ്യരൂപങ്ങൾപോലെയാണവ.

ബെല്ലിന്റെ ശബ്ദം കേട്ട് രാജീവ് നടന്നു ചെന്ന് വാതിൽ തുറന്നു. ബൊക്കയുമായി നിൽക്കുന്ന ഹോട്ടൽ സേർവന്റ്. രാജീവ് അയാളിൽ നിന്നും ബൊക്ക മേടിച്ച് നന്ദിപറഞ്ഞു.

“സാർ പുതപ്പ് എത്തിയിട്ടുണ്ട്.”

“നല്ലതുനോക്കി ഒന്ന് എടുത്തോണ്ടുപോരെ.”

“സാറിന് വേണമെങ്കിൽ റിസപ്ഷനിൽ വന്ന് സെലക്ഷൻ നടത്താം.”

“നല്ലതുനോക്കി ഒന്നെടുത്തോണ്ടു വന്നാൽ മതി. മാനേജർക്ക് എന്നെ അറിയാം.”

സേർവന്റ് തിരിഞ്ഞ് നടന്നു തുടങ്ങിയപ്പോൾ രാജീവ് വിളിച്ചു. “ദാ ഇതു കൈയ്യിലിരിക്കട്ടെ” അയാൾ ഒരഞ്ഞൂറിന്റെ നോട്ടെടുത്ത് അവന്റെ കൈവെള്ളയിൽ വച്ചുകൊടുത്തു. അവന്റെ കണ്ണുകൾ വിടർന്നു.“സാർ എന്തെങ്കിലും മേടിക്കുവാനുണ്ടോ.?”

“ഇല്ല” അവൻ നോട്ടിലേക്കും രാജീവിന്റെ മുഖത്തേക്കും മാറിമാറി നോക്കിയിട്ട് കൃതാർത്ഥതയോടെ പുഞ്ചിരിച്ചു.

വാതിൽമെല്ലെ ചാരി രാജീവ് വീണ്ടും ജനാലയുടെ അടുത്തേക്ക് നടന്നു. ക്ഷേത്രപരിസരത്തേക്കു നോക്കി. തിരുനടയിൽ തലയെടുപ്പുള്ള കൊമ്പനാനയെകൊണ്ട് പാപ്പാൻ കുമ്പിടുവിക്കുന്നു. കുമ്പിടുന്നതുകണ്ടാൽതന്നെ അറിയാം  അവന് ആ തൊഴിൽ നിത്യപരിചയമാണെന്ന്. ഈശ്വരന് പുറം തിരിഞ്ഞ് നില്ക്കുന്ന പാപ്പാനെക്കാൾ ഭക്തി ആനയ്ക്കുതന്നെയാണല്ലെ. അങ്ങനെ ചിന്തിച്ച് രാജീവ് കട്ടിലിലേക്ക് ചാഞ്ഞു. അവിടെ കിടന്നിരുന്ന സിനിമാമാസിക നിവർത്തി താളുകൾ മറിച്ചുകൊണ്ടിരുന്നു. സുന്ദരിമാരായ നടിമാരുടെ വശ്യഭാവമുൾക്കൊള്ളുന്ന നോട്ടങ്ങൾ മേനിയഴക് പ്രദർശിപ്പിക്കുന്ന പോസുകൾ. സൗന്ദര്യമുള്ളവർക്കുവേണ്ടിയുള്ളതാണ് ജീവിതമെന്ന് വിളിച്ചറിയിക്കുന്ന  വാർത്തകൾ!

ഓരോന്ന് ചിന്തിച്ച് രാജീവ് കട്ടിലിലേക്ക് കിടന്നു. അപ്പോൾ ബെല്ല് വീണ്ടും മുഴങ്ങി. രാജീവ് നടന്നുചെന്ന് വാതിൽ തുറന്നു. അണിഞ്ഞൊരുങ്ങി വിടർന്നുവരുന്ന പുഞ്ചിരിയുമായി മുന്നിലൊരു യുവതി. പ്രഥമ ദർശനത്തിൽ തന്നെ മനസിലുറച്ചു ഇവൾ സുന്ദരിയാണ്.

രാജീവ് നിറഞ്ഞ പുഞ്ചിരിയോടെ അവളെ അഭിവാദ്യം ചെയ്ത് അകത്തേക്കു ക്ഷണിച്ചു. അവൾ മുറിയിലേക്കു കയറി. അയാൾ വാതിലടച്ച് കൊളുത്തിട്ടു.

അവളെ അടിമുടി കൗതുകത്തോടെ നോക്കിക്കൊണ്ട് തിരക്കി.“പേര്”

“രാധിക”

“പകുതി”

“വീട്”

“ഇവിടെ അടുത്താ”

“ജോലി.. അല്ല വെറുതെ അങ്ങ് ചോദിച്ചെന്നേയുള്ളൂ.”

“എന്താ എനിക്ക് മറ്റ് ജോലികൾ ഒന്നും പാടില്ലായെന്നുണ്ടോ.”

രാജീവ് അവളുടെ ചോദ്യത്തെ അവഗണിച്ചുകൊണ്ട് തുടർന്നു. “എന്റെ പേര് രാജീവ്. അല്പം ദൂരെയാണ് വീട്. നിന്ന് വിഷമിക്കണമെന്നില്ല. കട്ടിലിലേക്കോ സെറ്റിയിലേക്കോ ഇരിക്കാം.”

അവൾ സെറ്റിയിലേക്കിരുന്നു. ഇടതുകാലിന്റെ മുകളിലേക്കു വലതുകാൽ വച്ചു.

രാജീവ് അലമാര തുറന്ന് ഒരു കുപ്പി വിസ്ക്കിയെടുത്ത് ജനാലയുടെ അടുത്തുകിടക്കുന്ന മേശമേൽ വച്ചു. രാധികയോടായി തിരക്കി “ അല്പമൊന്ന് മിനുങ്ങുന്നതിനാൽ വിരോധവുമില്ലല്ലോ”

“എന്തു വിരോധം. ഇത് നമ്മൾക്കായി മാത്രമുള്ള സമയമല്ലേ, കുടിച്ചും ചിരിച്ചും പാടിയും കളിച്ചും ജീവിക്കാനുള്ള സമയമല്ലേ പുലരുന്നിടം വരെ നമ്മൾക്കായിട്ടുള്ളത്.”

രാജീവ് മേശമേൽതന്നെയിരുന്ന രണ്ട് ഗ്ലാസുകൾ നിവർത്തിവച്ച് അതിലേക്ക് വിസ്കി പകർന്നു. രാധിക സെറ്റിയിൽ നിന്നും എഴുന്നേറ്റ് അവിടേക്കുവന്നു. ഐസ്ബോക്സിൽ നിന്നും ഓരോ കട്ട ഐസെടുത്ത് ഗ്ലാസുകളിലിട്ടു.

രാജീവ് അവളുടെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി. രാധിക ഒരു ഗ്ലാസ് വിസ്കിയെടുത്ത് രാജീവിന്റെ കൈയ്യിൽ കൊടുത്തു. ഒരു ഗ്ലാസ് അവളുമെടുത്തുയർത്തി. ‘ചിയേഴ്സ്’ പറഞ്ഞ് ഒറ്റവലി. ഉടുത്തിരുന്ന് സാരിയുടെ തുമ്പുംകൊണ്ട് ചുണ്ടുകൾ തുടച്ചുകൊണ്ട് അവൾ തുടർന്നു.“നിങ്ങൾ പുരുഷൻമാർക്ക് പൊതുവെയൊരു ധാരണയുണ്ട് സ്ത്രീകൾ കുടിക്കില്ല വലിക്കില്ല അതുമല്ലെങ്കിൽ പുരുഷനെ കണ്ടാൽ ഭയന്നു നാണിച്ചു നില്ക്കും എന്നൊക്കെ” ചിരിച്ചുകൊണ്ട് അവൾ തുടർന്നു.“അതൊക്കെ കഥപറയുവാനും ചരിത്രമെഴുതുവാനുമുള്ള ഒരു മുൻധാരണ മാത്രമാണ്. ചെയ്യുന്ന ജോലി എന്താണെങ്കിലും ആത്മാർത്ഥമായി ചെയ്യണമെന്നു വിശ്വസിക്കുന്ന കൂട്ടത്തിലാണു ഞാൻ. കുടിക്കുകയാണെങ്കിൽ അന്താസ്സായി കുടിക്കണം. അല്ല രാജീവ് ആദ്യത്തേതുപോലും തീർത്തില്ലല്ലോ.”

രാജീവ് ഗ്ലാസിൽ നിന്നും അല്പം വിസ്കിസിപ്ചെയ്തുകൊണ്ട് ജനാലയിലൂടെ ക്ഷേത്രപരിസരത്തേക്കു നോക്കി. രാത്രിയിലും ഭക്തജനങ്ങളുടെ വരവ് പൂർണ്ണമായും അവസാനിച്ചിട്ടില്ല.

രാധിക വശ്യമായ പുഞ്ചിരിയോടെ രാജീവിനോട് ചേർന്നുനിന്ന് കൈകൾ കവർന്നു. സ്ത്രീയുടെ ഗന്ധം, മൃതുവായ ശ്വാസം, ചെറുചൂടുള്ള സ്പർശം, രാജീവ് അത് ആസ്വദിച്ച് തന്നിലേക്ക് സ്വീകരിച്ചെടുക്കുവാൻ ശ്രമിച്ചു. അങ്ങനെ കുറെ സമയം ചിലവഴിച്ചു.

രാജീവിന് അറപ്പുതോന്നി. ഇനിയുമുണരാത്ത തന്റെ പുരുഷത്വത്തെപ്പറ്റി ഓർത്തപ്പോൾ. അവൾ അത് തിരിച്ചറിയുമല്ലോ എന്ന ഭീതി രാജീവിനെ കൂടുതൽ വിവശനാക്കി. രാജീവ് അവളെ തന്റെ ശരീരത്തിൽ നിന്നും അടർത്തി മാറ്റി. അവൾ ചോദ്യരൂപത്തിൽ രാജീവിനെ നോക്കി. ഉലഞ്ഞുകിടക്കുന്ന വസ്ത്രങ്ങൾക്കിടയിൽ ജ്വലിച്ചുനിൽക്കുന്ന ശരീരഭാഗങ്ങളെ കൂടുതൽ പ്രദർശിപ്പിച്ചുകൊണ്ട് അവൾ കാമത്തിൽ കലർന്ന ശബ്ദത്തിൽ പറഞ്ഞു.“ഓ രാജീവ് എന്തായിത്.”

രാജീവ് ഒന്നും ഉരിയാടാതെ ജനാലയുടെ അടുത്തേക്ക് നടന്നു. ജനാലയിലൂടെ ക്ഷേത്രത്തിലേക്ക് നോക്കി. ഏതാണ്ട് ഭാഗികമായി ഇരുട്ടിൽ പുതഞ്ഞുകിടക്കുന്ന ക്ഷേത്രപരിസരം നിശബ്ദവും ശൂന്യവുമായിരുന്നു.

രാധികയുടെ മൃദുലമായ കരസ്പർശനമേറ്റപ്പോൾ രാജീവ് തിരിഞ്ഞു നോക്കാതെ പറഞ്ഞു. “ഒന്നിനും പറ്റിയ മാനസികാവസ്ഥയിലല്ല ഞാൻ പോയ്ക്കൊള്ളൂ.”

രാധിക കൂസലെന്യേ അല്പം മാറിനിന്ന് വസ്ത്രങ്ങൾ നേരെയിട്ടു. ഉലഞ്ഞ മുടി കോതിയൊതുക്കികൊണ്ടിരുന്നപ്പോൾ തിരക്കി. “പിന്നെന്തിനാണ് ഇത്രയും കാശും മുടക്കി ഇവിടേക്കു വന്നത്. നിങ്ങൾക്ക് മൂഡില്ലാത്തതുപോലെ  മൂഡുള്ളവരുണ്ടെന്ന സത്യവും മറക്കരുത്.” രാജീവ് ഒന്നും പറഞ്ഞില്ല.

രാധിക യാത്രപോലും പറയാതെ വേഗന്നുതന്നെ വാതിൽതുറന്ന് പുറത്തേക്കിറങ്ങി.

രാജീവ് അരുതായ്കയോടെ എത്രനേരമെന്നറിയാതെ ജനാലയുടെ അഴികളിൽ പിടിച്ച് ക്ഷേത്രത്തിലേക്കു നോക്കിനിന്നു.

ഇന്റർകോമിലൂടെ റിസപ്ഷനിലേക്ക് വിളിച്ച് അശോകിനോട് തിരക്കി “നീ എപ്പോഴാണ് ഫ്രീയാകുന്നത്.”

“ആറുമണിയോടെ ഡ്യൂട്ടി തീരും. എന്താ ആവശ്യംവല്ലതും.”

“രാവിലെ ക്ഷേത്രത്തിൽ പോയി ഒന്നു തൊഴണം.”

“മണി അഞ്ചായതല്ലേയുള്ളൂ. ഒരാറാകുമ്പോൾ ഞാൻ റൂമിലേക്കു വരാം.”

രാജീവ് ഫോൺവച്ചു. അല്പസമയം ആലോചിച്ചതിനുശേഷം ബാത്തുറൂമിൽ കയറി കുളിനടത്തി. പിന്നെ വസ്ത്രം മാറി.വാച്ചിൽ നോക്കി അഞ്ചര. ജനാലയിലൂടെ വീണ്ടും ക്ഷേത്രപരിസരത്തേക്കു നോക്കി. പ്രഭാതപൂജയ്ക്കായി വാഹനങ്ങളിലും മറ്റുമായി എത്തിക്കൊണ്ടിരുന്ന ഭക്തജനങ്ങൾ.

റൂമിലെ ബല്ല് ശബ്ദിക്കുന്നതുകേട്ടപ്പോൾ രാജീവ് നടന്നുചെന്ന് വാതിൽ തുറന്ന്. മുന്നിൽ അശോക്.

"കാത്തിരുന്ന് മുഷിഞ്ഞോ? ഇനി ഒട്ടും സമയം കളയേണ്ട ക്ഷേത്രത്തിൽ പോയി വരാം."

"രാവിലെ തന്നെ വെയിറ്റു ചെയ്യുകയാണ്. ബില്ല് തീർത്തിറങ്ങിയാൽ പിന്നെ തിരിച്ചുവരേണ്ടല്ലോ"

"കളക്ടറെ കാണണമെന്നു പറഞ്ഞിട്ട്." "അതു വേണ്ടെന്നു വച്ചു."

"എന്തു പറ്റി നിന്റെ മുഖം വാടിയിരുക്കുന്നല്ലോ? രാത്രിയിലെ ആഘോഷങ്ങൾക്കിടയിൽ ഉറങ്ങാൻ മറന്നു പൊയ്ക്കാണും."

രാജീവ് ഒന്നു പുഞ്ചിരിച്ചെന്നു വരുത്തി. ഒരു കെട്ട് നോട്ടെടുത്ത് അശോകിന്റെ നേരെനീട്ടി.

"നീ ബില്ല് തീർത്തു വരൂ."

"ഡിപ്പോസിറ്റ് ഏല്പ്പിച്ച പണം തന്നെ അധികമാണ്. മിച്ചമുള്ളത് ഞാൻ വാങ്ങി വരാം."

"റൂം പൂട്ടി താക്കോലുമായി പൊയ്ക്കൊള്ളൂ. ഞാൻ താഴെ കാറിന്റെ അടുത്തു കാണും." രാജീവ് അവിടെനിന്നുമിറങ്ങി നടന്നുതുടങ്ങി. അശോക് റൂ പൂട്ടി ബാഗുമായി പിന്നാലെ നടന്നു.

"കാറിൽതന്നെ പോകണമോ.? അവിടെ പാർക്ക് ചെയ്യുവാൻ ആസൗകര്യമായിരിക്കും" അശോക് പറഞ്ഞു.

"എന്നാൽ നടക്കാം."

നടക്കുന്നതിനിടയിൽ അശോക് ഗതകാലങ്ങളിലേക്ക് ഒരോട്ടപ്രതിക്ഷണം നടത്തി. "നമ്മൾ ഒരുമിച്ച് സ്കൂളിലേക്ക് നടക്കുന്നത് നീ ഓർമ്മിക്കന്നുണ്ടോ? അന്ന് ഞാന് ജന്മിയുടെ മകൻ. നിത്യവൃത്തിക്ക് കഷ്ടപ്പെടുന്ന തടിക്കച്ചവടക്കാരന്റെ മകനും, പലപ്പോഴും എന്റെ ബാഗ് ചുമന്നിരുന്നതുകൂടി നീയായിരുന്നില്ലേ. ഇന്ന് നിന്റെ ബാഗ് ഞാൻ ചുമക്കുന്നുവല്ലോ?"

രാജീവ് അശോകിനെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. "ഈ ജീവിതമെന്നു പറയുന്നത് ഒരു വിഡ്ഢിപ്പെട്ടിയാടാ. എന്റെ മനസിൽ ഇന്നും മായാതെ കിടക്കുന്ന ഒരു മുറിവുണ്ട്. അന്നൊരിക്കൽ എന്റെ സ്കൂളിൽ ജോലിചോദിച്ച് നീ വന്നപ്പോൾ തരാൻ പറ്റിയില്ലല്ലോ. സാഹചര്യം അതായിരുന്നു."

"എനിക്കതിൽ തെല്ലും ദു:ഖമില്ല. ഒരു ഹൈസ്കൂൾ അദ്ധ്യാപകന് കിട്ടുന്നതിനേക്കാൾ എത്രയോ അധികം പണം ഇന്ന് ഞാൻ സമ്പാദിക്കുന്നു."

അവർ ഓരോന്ന് സംസാരിച്ച് ക്ഷേത്രത്തിന്റെ മുന്നിലെത്തി. നെറ്റിയിൽ

ചന്ദനക്കുറിയും കൈയ്യിൽ പ്രസാദവുമായി എതിരെ വരുന്ന യുവതിയെ കണ്ട് രാജീവ് അമ്പരന്നു. അവളെത്തന്നെ സാകൂതം വീക്ഷിച്ചു.

അശോക് രാജീവിന്റെ തോളിൽത്തട്ടി. "അത് ദേവികി റാണിയല്ലേ. എന്നും പ്രഭാതത്തിൽ ഇവിടെ വന്ന് തൊഴുതുമടങ്ങുന്നത് അവരുടെ ശീലമാണ്."

"എഴുത്തുകാരിയും സാമൂഹികപ്രവർത്തകയുമായ ദേവകിറാണിതന്നെയല്ലേ അവർ"

"അതെ"

"ഇന്നലെ"

"അതെ. ഇന്നലെ നിന്റെ റൂമിൽവന്നത് അവർ തന്നയാണ്. ഹോട്ടലിൽ താമസിക്കുന്ന വി.ഐ.പികളുടെ ലിസ്റ്റും തേടി വന്നപ്പോഴാണ് നിന്നെപ്പറ്റി അവര് അറിയുന്നത്. നീ ഒരു പുതപ്പിന് ഓർഡർ ചെയ്തിട്ടുണ്ട് അതുകൊണ്ട് ശല്യപ്പെടുത്തെണ്ടായെന്ന് പറഞ്ഞപ്പോൾ, അവർതന്നെ പുതപ്പാകുകയായിരുന്നു." "എനിക്ക് ഒന്നും മനസിലാകുന്നില്ല. അശോക്. ഇപ്പോളെന്നെ കണ്ടിട്ട് ഒന്നു മൈൻഡുചെയ്യുകപോലും ചെയ്തില്ലല്ലോ."

"ഇന്നലെ അവൾ ദേവകിറാണിയാണെന്ന് നീയും മൈൻഡ് ചെയ്തുകാണില്ല."

"എനിക്കിനിക്ഷേത്രത്തിലേക്ക് പോകണമെന്നില്ല."

"രാവിലെ ഭക്തസ്ഥലങ്ങളിലേക്ക് അലമുറയിട്ട് ഓടുന്നവരുടെ മനസറിഞ്ഞിട്ടാണോ അവരാണ് ഈ അണ്ഡകടാഹത്തിന്റെ രഹസ്യമറിഞ്ഞവർ. രാത്രിയും പകലുമായി ദിവസത്തെ തിരിച്ചത് ദിനകർമ്മങ്ങൾ ചെയ്യുവാനാണെന്നറിഞ്ഞവർ. ബുദ്ധിയുള്ളവർ പറയുന്നത് കേൾക്കുക കാണിക്കുന്നത് പിന്തുടരുക."

രാജീവ് ഒന്നും പിടികിട്ടത്തവനെപ്പോലെ അശോകിന്റെ മുഖത്തേക്കു നോക്കി. അശോക് ഒരു ദാർശനികനെപ്പോലെ വിശദീകരിച്ചു.

"അല്ല സുഹൃത്തേ നമ്മൾ വസ്ത്രം ധരിക്കുന്നതുപോലെയാ രാത്രിയും പകലും. അല്ല സുഹൃത്തേ നമ്മൾ സംസാരിക്കുന്നതുപോലെയാ രാത്രിയും പകലും. അല്ല സുഹൃത്തേ ഈശ്വരനും മനുഷ്യനും പോലെയാ രാത്രിയും പകലും." രാജീവ് സംശയിച്ചു.

"അർദ്ധനാരിശ്വരനായ ശിവനെപ്പോലെ" സുഹൃത്തിന് എല്ലാം മനസിലായ സന്തോഷത്താൽ അശോക് പറഞ്ഞു. "ആരാധിക്കുന്ന നമ്മളെപ്പോലെ."

## ശില്പവും ശില്പിയുടെ മകളും.

ഓഫീസിലെ ധൃതിപിടിച്ച ജോലികൾക്ക് താല്ക്കാലിമായി വിരാമമിട്ട് സായഹ്നത്തോടെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു ശില്പ. തിരക്കുള്ള ബസ്സിന്റെ പിൻസീറ്റിൽ തെല്ല് ആലസ്യത്തോടെയിരുന്ന അവളുടെ ശ്രദ്ധ ചില കൃത്രിമമായി സൃഷ്ടിക്കുന്ന തിരക്കുകളിലേക്കു തിരിഞ്ഞു. അവരുടെ മനോവ്യാപാരവും ശരീരചലനവും എങ്ങനെയൊരു ചിത്രത്തിലേക്ക് ഹൃദ്യമായി പകർത്താമെന്നതിനെക്കുറിച്ച് അവൾ ചിന്തിച്ചു.

സെന്റർജംങ്ഷനും പിന്നിട്ട് ഗാന്ധിപുരത്തെത്തിയപ്പോൾ ബസ്സ് റോഡിന്റെ ഓരം ചേർത്തുനിർത്തി. റോഡിന്റെ മധ്യഭാഗത്തുകൂടി ഒരു ജാഥ കടന്നുവരുന്നു. അവൾ കണ്ണുയർത്തി അല്പം മുമ്പിലുള്ള ഗാന്ധിജിയുടെ ശില്പത്തിലേക്കുനോക്കി. അതൊരു പതിവാണ് ഓരോ പ്രാവശ്യവും വലിയച്ഛൻ വർഷങ്ങൾക്കുമുമ്പ് കരിങ്കല്ലിൽ കൊത്തിയുണ്ടാക്കിയ ചിരിക്കുന്ന ഗാന്ധിജിയുടെ ശില്പവും കാണുന്നത് അവൾക്ക് പുതുമയായിരുന്നു.

ശില്പത്തിന്റെ കണ്ണുകൾ വെളുത്ത തുണികൊണ്ട് മൂടിക്കെട്ടിയിരിക്കുന്നു വളരെയധികം ആളുകൾ അതിനുചുറ്റും നിന്നു മുദ്രാവാക്യം മുഴക്കുകയാണ്. അവരിലൊരാൾ കൈയുയർത്തി ശില്പത്തിന്റെ കണ്ണുകൾ മൂടിക്കെട്ടയിരുന്ന തുണി അഴിച്ചുമാറ്റി.

അല്പം അകലെയായി ആരെല്ലാമോ ചേർന്ന് ഒരു നായയെ കല്ലെറിഞ്ഞ് ഓടിക്കുകയാണ്. നായയെ കണ്ടപ്പോഴേ ശില്പയ്ക്കു മനസിലായി അത് ജീസ്ബല്ലാണ്. അവൾ ബസ്സിൽ നിന്നും തിക്കതിരക്കി പുറത്തേക്കിറങ്ങി. ജിസ്ബല്ലിന്റെ അടുത്തേക്ക് പാഞ്ഞു.

ശില്പയെ കണ്ടപ്പോൾ ജിസ്ബൽ ഓടി അടുത്തേക്കു വന്നു. കുരച്ചും വാലാട്ടിയും അത് അവൾക്കുമുന്നിൽ നിന്ന് ബഹളംകൂട്ടി. അവസാനം അവളുടെ ചുരിദാറിന്റെ ഷാളിൽ കടിച്ചുപിടിച്ച് മുന്നോട്ടു നടന്നു.

ഗാന്ധിജിയുടെ ശില്പത്തിന്റെ മറുപുറത്തായി തളർന്നു കിടക്കുന്ന വൃദ്ധന്റെ അടുത്തുചെന്ന് നായ് നിന്നു. വലിയച്ഛനെ അപ്പോൾ മാത്രമാണ് അവൾ കണ്ടത്. അവളുടെ ഉള്ളിലൂടെ അനുമാനങ്ങളുടെ ഒരു കൊള്ളിയാൻ പാഞ്ഞു. ചില നിമിഷങ്ങൾ പകച്ചുനിന്ന അവൾ വലിയച്ഛനെ പിടിച്ചുയർത്തികൊണ്ട് തിരക്കി. "എന്തു പറ്റി വലിയച്ഛാ. ഇവിടെ എങ്ങനെയാ

ണ് എത്തിയത്.''

മുദ്രാവാക്യം മുഴക്കുന്നവരിലെ നേതാവ് എന്നു തോന്നിക്കുന്നവൻ അടുത്തേക്കു വന്നു പറഞ്ഞു. ''ഞങ്ങളുടെ അനുരഞ്ജന ജാഥ വരുന്നതിന് തൊട്ടുമുമ്പ് ഈ കിളവൻ ഗാന്ധിശില്പത്തിന്റെ കണ്ണുകൾ തുണികൊണ്ട് മൂടിക്കെട്ടി. എന്താണതിന്റെ അർത്ഥം. ഞങ്ങൾ കാണിക്കുന്നതെല്ലാം ആഭാസങ്ങളാണെന്നല്ലേ? ഞങ്ങൾ ഗാന്ധിയന്മാരാണ്. അതുകൊണ്ടും പ്രായത്തെ മാനിച്ചും മൂന്നുനാലു തല്ലുകൊടുത്തു മാറ്റിയതേയുള്ളൂ. ഇനിയിതാവർത്തിച്ചാൽ.''

ശില്പ നിശബ്ദയായി വലിയച്ഛനെ താങ്ങിപിടിച്ചുകൊണ്ട് നിന്നു. മുന്നിലൂടെ കടന്നുപോയ ഓട്ടോയ്ക്ക് കൈകാണിച്ചു നിറുത്തി. അവൾ വലിയച്ഛനെ അതിനുള്ളിലേക്കു കയറ്റി. പിന്നാലെ അവളും കയറി. ഓട്ടോ മുന്നോട്ടെടുത്തപ്പോൾ അവരിൽ ചിലർ കൂവിക്കൊണ്ട് അതിന്റെ മുന്നിലേക്ക് ചാടി.

''അങ്ങനെയങ്ങ് പോയാൽ പറ്റില്ല. ഗാന്ധിജിയെ അവഹേളിച്ചതിന് കിളവൻ മാപ്പു പറയണം.''

ശില്പ അവരെ ദയനീയമായി നോക്കികൊണ്ടപേക്ഷിച്ചു ''പ്രായം ഏറെ ആയതിനാലാണെന്നു തോന്നുന്നു വലിയച്ഛന് ഓർമ്മക്കുറവുണ്ട്. പലപ്പോഴും എന്താണ് പ്രവർത്തിക്കുന്നത് പറയുന്നത് എന്നുപോലും അറിയില്ല. വലിയച്ഛനുവേണ്ടി ഞാൻ മാപ്പുചോദിക്കുന്നു.''

അവിടെ കൂടിനിന്നവരിൽ പലരുടേയും കണ്ണുകൾ ആഗ്രഹഭാവത്തോടെ വടിവൊത്ത തന്റെ ശരീരത്തിൽ പതിക്കുന്നതിനെപ്പറ്റി അവൾ ബോധവതിയായിരുന്നു.

അവരിലൊരാൾ തിരക്കി ''തന്റെ പേര് എന്താ?''

''ശില്പ''

''ജോലി''

''ചിത്രരചന''

എവിടെയാ വീട്.

''നാലടിയിലെ കുരിശുപള്ളിയിരിക്കുന്ന റോഡിൽ.'' അവൾ തുടർന്നു. ''ഈ ഗാന്ധിപ്രതിമയുടെ ശിലിപി വലിയച്ഛനാണ്.''

''ഓഹോ അപ്പോൾ ഇയാളാണല്ലേ മുഖ്യമന്ത്രിയിൽ നിന്നും പൊന്നാട സ്വീകരിച്ചത്. ചട്ടക്കാരൻ ഗീവർഗ്ഗീസ്.'' ശില്പ അതെയെന്ന അർത്ഥത്തിൽ തലയാട്ടി.

''തല്ക്കാലം എല്ലാവരുമൊന്ന് ഒതുങ്ങിനില്ക്ക് ഓട്ടോ പോയ്ക്കൊള്ളട്ടെ'' അവരിലൊരാൾ പറഞ്ഞു.

അവർ ഇരുവശത്തേക്കുമായി ഒതുങ്ങിയപ്പോൾ ഓട്ടോ അവർക്കു മദ്ധ്യത്തിലൂടെ മുന്നോട്ട് നീങ്ങിത്തുടങ്ങി. എവിടെനിന്നോ ഓടിവന്ന് ജിസ്ബൽ അതിലേക്കു ചാടിക്കയറി.

വീട്ടിലെത്തിയ ശില്പ മുത്തച്ഛനെ കസേരയിലിരുത്തി. ചതവുള്ള ഭാഗത്ത് മുരിങ്ങയുടെകൂമ്പും ഉപ്പും മുട്ടയുടെ വെള്ളയിൽ ചേർത്ത് അരച്ചത് ഇട്ടുകൊടുത്തു.

അവൾ പരിഭവത്തോടെ ചോദിച്ചു. "ഞാനില്ലാത്തപ്പോൾ വലിയച്ഛനോട് പുറത്തുപോകരുതെന്ന്  എത്രയോ പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്."

"മോളെ നിന്നെ വിഷമിപ്പിക്കുന്നതിൽ ഈ വൃദ്ധന് ബുദ്ധിമുട്ടുണ്ട്. ഇരുന്നുമടുത്തപ്പോൾ പുറത്തേക്കിറങ്ങിയതാ. അപ്പോഴാ ഗാന്ധിയെ കണ്ടത്. കുറച്ചുനേരം നോക്കിനിന്ന് സംസാരിച്ചപ്പോൾ ഗാന്ധി അദ്ദേഹത്തിന്റെ ചില ബുദ്ധിമുട്ടുകളെപ്പറ്റി എന്നോടുപറഞ്ഞു. എന്താ പറഞ്ഞതെന്ന് മോൾക്കറിയുമോ? ഞാൻ ശില്പമായിട്ട് കൊത്തിവച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇവിടെ നടക്കുന്നതുമുഴുവൻ കാണേണ്ടിവരുന്നത്. അദ്ദേഹത്തിന്റെ ഒരു മുഖഛായ ഉണ്ടാക്കാൻ അത്രവലിയ ആഗ്രഹമുണ്ടായിരുന്നെങ്കിൽ ഏതെങ്കിലുമൊരു കടൽക്കരയിലെ പൂഴിമണ്ണിൽ പോരായിരുന്നോ എന്നും ചോദിച്ചു. പിന്നെ പറയുകയാ കാശിനുവേണ്ടി ആയിരുന്നെങ്കിൽ ദേവിദേവന്മാരുടെ ശില്പം നിർമ്മിച്ചാൽ മതിയായിരുന്നല്ലോ. മനുഷ്യക്കുരുതിയും തെറിപ്പാട്ടും പണപ്പിരിവുമെല്ലാം അവർക്കല്ലെ വേണ്ടിയിരുന്നത്." അല്പസമയത്തെ ആലോചനയ്ക്കു ശേഷം വൃദ്ധൻ തുടർന്നു. "ഞാൻ ചെയ്ത തെറ്റിന് ഞാൻതന്നെ ഒരു പ്രായചിത്തം ചെയ്തുവെന്നേയുള്ളൂ. അ മഹാന്റെ കണ്ണുകൾ അല്പസമയത്തേക്കെങ്കിലും മൂടിയിരുന്നാൽ അത്രയും കുറച്ച് കണ്ടാൽ മതിയല്ലോ."

ശില്പ ആശ്വസിപ്പിച്ചകൊണ്ട് പറഞ്ഞു. "മതി വലിയച്ഛ സംസാരിച്ചത്. ഇപ്പോൾതന്നെ കിതയ്ക്കുവാൻ തുടങ്ങിയിരുന്നു."

ശില്പയുടെ തലയിൽ വാത്സല്യത്തോടെ തലോടിക്കൊണ്ട് വൃദ്ധൻ തുടർന്നു. "ഞാൻ മരിച്ചാൽ ഇനി മോൾക്ക് ആരാ ഉള്ളത്. ഒരു നല്ല ചെറുപ്പക്കാരനെക്കൊണ്ട് നിന്റെ വിവാഹം നടത്തണം. അതിനുള്ള കഴിവൊന്നും ഈ വൃദ്ധനില്ലല്ലോ മോളെ."

"വലിയച്ഛനിപ്പോൾ എന്റെ വിവാഹത്തെപ്പറ്റിയൊന്നും ആലോചിച്ച് വിഷമിക്കേണ്ട. എല്ലാം ഈശ്വര നിശ്ചയംപോലെ നടക്കും."

"മോളെ പറയുന്നതിൽ പരിഭവിക്കരുത്. ഈ വലിയച്ഛനെ ഉപേക്ഷിച്ച് നീ എവിടെയെങ്കിലും പോയി രക്ഷപെട്."

ശില്പ വൃദ്ധന്റെ വായ്പൊത്തിക്കൊണ്ട്. "അരുതാത്തതൊന്നും പറയ

രുത് വലിയച്ഛാ.''

സന്ധ്യാപ്രാർത്ഥനയ്ക്കായി മാതാവിന്റെ ചിത്രത്തിനുമുന്നിലെ മെഴുകുതിരികൾ കത്തിച്ചു. വിശുദ്ധഗ്രന്ഥം മുന്നിൽവച്ച് കൊന്തകൈയിലെടുത്ത് പ്രാർത്ഥനാപൂർവ്വം മാതാവിന്റെ കണ്ണുകളിലേക്ക് നോക്കി അവൾ നെറ്റിയിൽ കുരിശു വരച്ചു.

മാതാവിന്റെ ചൈതന്യമുള്ള ആ ചിത്രം കാണുമ്പോഴെല്ലാം അവളുടെ മനസിൽ തെളിഞ്ഞു വരുന്ന രൂപം മറ്റൊന്നാണ്. ഒരിക്കലും കാണാത്ത അമ്മയുടെ അവ്യക്തമായ രൂപം. ഒപ്പം അച്ഛന്റെ വിയർപ്പ് പൊടിഞ്ഞ മങ്ങിയ മുഖവും.

വലിയച്ഛൻ പറഞ്ഞുള്ള അറിവേ അവൾക്ക് അച്ഛനെപ്പറ്റിയും അമ്മയെപ്പറ്റിയുമുണ്ടായിരുന്നുള്ളൂ. "നിന്റെ അച്ഛൻ എന്റെ ബാലൻ ഏറെ മിടുക്കനായിരുന്നു. പഠിക്കുന്ന കാലത്ത് ക്ലാസിൽ എന്നും ഒന്നാമൻ. കോളേജിലെത്തിയതോടെ ചിത്രശില്പ രചനയ്ക്ക് നിരവധി പുരസ്ക്കാരങ്ങൾ അവനെ തേടിയെത്തി.''

ഒരിക്കൽ ബോംബെയിൽ ഒരു ചിത്രരചനാമത്സരത്തിന് പോയി തിരിച്ചു വരുമ്പോൾ സമ്മാനങ്ങൾക്കൊപ്പം ഒരു മറാട്ടിപെൺകുട്ടിയുമുണ്ടായിരുന്നു. ബോംബെയിൽ വച്ച് അവളെ വിവാഹം കഴിച്ചു  എന്നുമാത്രമേ പറഞ്ഞുള്ളൂ. ഭാഷ അറിയാത്തതിനാൽ അവളോടു ചോദിച്ചുകൂടതലൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്തായാലും അതോടെ അവൻ പഠനം നിറുത്തി. ശില്പ നിർമ്മാണത്തിൽ മാത്രം മുഴുകി. എങ്ങനെയും പണം സമ്പാദിക്കണമെന്ന ചിന്തയെ അവനുണ്ടായിരുന്നുള്ളൂ. നിന്നെ പ്രസവിച്ച അന്നുതന്നെ നിന്റെ അമ്മ മരിച്ചു. ചോരക്കുഞ്ഞായ നിന്നെയുമെടുത്ത് ബാലൻ ആശ്പത്രിയി വിട്ടു. പരിശുദ്ധമാതാവിന്റെ പള്ളിയിലെ അവൻ നിർമ്മിച്ച മാതാവിന്റെ ശില്പത്തിനു ചുവട്ടിൽ നിന്നെയും കിടത്തി നാടുവിട്ടതാ പിന്നെ അവനെ ആരും കണ്ടിട്ടില്ല. അവനെപ്പോലെ തന്നെ ആ മാതാവും ഏറെ പ്രസിദ്ധയായിരുന്നു. യാചിക്കുന്നവർക്ക് നിർലോഭം അനുഗ്രഹങ്ങൾ ചൊരിയുന്നവൾ എന്ന നിലയിൽ. മാതാവിന്റെ മുന്നിൽ ചോരക്കുഞ്ഞായിക്കിടന്ന നിന്നെ അവിടെയുള്ള കന്യാമഠത്തിലെ സിസ്റ്റേഴ്സാണ് എടുത്തു വളർത്തിയത്. നീ മെല്ലെ പിച്ചവച്ച് നടക്കുവാൻ തുടങ്ങിയപ്പോൾ നിന്നെയുമെടുത്ത് ഇവിടേക്കു വരുകയായിരുന്നു ഞാൻ.

"മോളേ ശില്പേ പ്രാർത്ഥ കഴിഞ്ഞെങ്കിൽ ടി.വി വയ്ക്ക്'' വലിയച്ഛന്റെ വാക്കുകൾ കേട്ടണ് അവൾ ചിന്തയിൽ നിന്നുമുണർന്നത്. "ദാ വലിയച്ഛാ വരുന്നു.'' അവൾ നെറ്റിയിൽ കുരിശുവരച്ച് പ്രാർത്ഥന അവസാനിപ്പിച്ച് ടി.വിയുടെ അടുത്തേക്ക് നടന്നു. കാർട്ടൂൺ ചിത്രങ്ങൾ വരുന്ന ചാനൽ ട്യൂൺചെയ്തു വച്ചു. അതൊരു പതിവാണ്. വലിയച്ഛനൊപ്പമിരുന്ന് രാത്രി സമയത്ത് അല്പം കാർട്ടൂൺ കാണുന്നത്. ടി.വി യുടെ സ്ക്രീനിൽ ചിത്ര

ങ്ങൾ തെളിഞ്ഞപ്പോൾ അവളുടെ ചിന്തകൾ മറ്റൊരു വഴിക്ക് തിരിഞ്ഞു. ഉച്ചയ്ക്ക് ഊണുകഴിച്ചുകൊണ്ടിരുന്നപ്പോൾ സഹപ്രവർത്തകനായ വിശാക് പറഞ്ഞ കമന്റ് അവൾ ഒരിക്കൽകൂടി ഓർത്തുപോയി.

എനിക്ക് ചട്ടക്കാരികളെ വലിയ ഇഷ്ടമാണ്. പൂച്ചക്കണ്ണും ചെമ്പിന്റെ കളറും മാത്രമല്ല അവരെ ഇഷ്ടപ്പെടുവാനുള്ള കാരണം അവരുടെ സിരകളിലൂടെ ഒഴുകുന്നത് പാശ്ചാത്യനിറമുള്ള രക്തമല്ലെ. ആ രക്തത്തിനൊരു പ്രത്യേകതയുണ്ട്. അതുള്ളവർ കാമകലയിൽ വല്ലഭകളാണ് എന്നാതാ മതം. ഒരു പുതിയ അറിവു പകർന്നുകിട്ടിയതിന്റെ ആവേശത്തിൽ ഐശ്വര്യയും പറഞ്ഞു. 'വിശാഖിന് ചട്ടക്കാരികളെ അത്ര ഇഷ്ടമാണെങ്കിൽ നമ്മൾക്ക് ഇവിടെത്തന്നെ ഒരാലോചന നടത്താം.' ഒരു വിക്ടൻ ചിരിയോടെ വിശാഖ് തുടർന്നു. 'ഇഷ്ടം എന്നു പറഞ്ഞാൽ വിവാഹം കഴിക്കുവാനൊന്നുമല്ല, വെറുതെയൊന്നു പ്രണയിക്കുവാൻ. ഞാനൊരു സത്യംകൂടി പറയാം നമ്മളുടെ നാട്ടിലെ പെണ്ണുങ്ങൾക്ക് പ്രണയം പ്രണയം എന്നു പറഞ്ഞു നടക്കാനെ അറിയൂ. പ്രണയിക്കാനറിഞ്ഞുകൂടാ.'

പുറത്തുനിന്നും ആരോ വിളിക്കുന്ന ശബ്ദം കേട്ട് ശില്പ ചിന്തകളിൽ നിന്നും ഉണർന്നു. ജിസ്ബൽ നിർത്താതെ കുരയ്ക്കുവാനും തുടങ്ങി. രാത്രിയായാൽ പിന്നെ വാതിൽ തുറക്കുന്ന പതിവില്ല. മദ്യപാനം കഴിഞ്ഞുവരുന്നവർക്ക് ചിലപ്പോൾ രാജ്യസ്നേഹം കൂടും. മറ്റുചിലപ്പോൾ ചട്ടക്കാരിയോടുള്ള സ്നേഹവും. ശില്പ ജനാലയിലൂടെ പുറത്തേക്ക് നോക്കി. വൈദ്യുതി ബൾബിന്റെ പ്രകാശത്തിൽ അവൾകണ്ടു കുറെയധികം പുരുഷന്മാർ മുറ്റത്തേക്ക് കയറി വരുന്നു.

കുരച്ചുകൊണ്ടിരിക്കുന്ന നായയെ ഓടിക്കാൻ അവരിൽ ചിലർ കൈയ് ഉയർത്തി എറിയുന്നതായി ആംഗ്യം കാണിച്ചും നിലത്തു ചവിട്ടി ശബ്ദമുണ്ടാക്കിയും ശ്രമിച്ചുകൊണ്ടിരുന്നു.

ശില്പ ജിസ്ബൽ എന്നു വിളിച്ചപ്പോൾ, നായ് അനുസരണയോടെ വീടിന്റെ പിൻഭാഗത്തേക്ക് പോയി.

അവരിലൊരാൾ ശബ്ദമുയർത്തി പറഞ്ഞു. 'വാതിൽ തുറക്ക് ഞങ്ങൾക്ക് ചിലത് പറയുവാനുണ്ട്.'

"ഞങ്ങൾ നിന്നെ കാണാൻ വന്നതൊന്നുമല്ല. ഗാന്ധിജിയെ അവഹേളിച്ചതിന്, ഗാന്ധിയന്മാരായ ഞങ്ങളുടെ മുഖത്ത് കരിവാരി എഴുതിയതിന് നിങ്ങൾ ശിക്ഷ അനുഭവിച്ചേ മതിയാകൂ."

"വലിയ നല്ല സുബോധമില്ല. ഒന്നും ബോധപൂർവ്വമായിരുന്നില്ല. വലിയച്ഛന്റെ തന്നെ ശില്പത്തോട് അദ്ദേഹനു തോന്നിയ ഒരു വൈകാരിക താല്പര്യം, അതിനെയങ്ങനെയങ്ങ് കണ്ടാൽപോരെ."

"ഞങ്ങൾ ഇന്ത്യക്കാർക്ക് ഉപദേശം തരാൻ നീയാരാ."

ശില്പ ജനാലയിലൂടെ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ വൃദ്ധൻ വാതിൽ തുറന്ന് അവരുടെ മുന്നിലേക്കു ചെന്നു.

"എന്താ പറഞ്ഞത് നിങ്ങൾ ഇന്ത്യക്കാരെന്നോ? പഠിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി തെരുവീഥിയിലിറങ്ങിയവനാണു ഞാൻ. അന്ന് നിങ്ങൾക്കറിയുമോ? ഈ കൈകൾകൊണ്ട് ആ മഹാന്റെ കൈകളിൽ സ്പർശിച്ചിട്ടുണ്ട് ഞാൻ. രാജ്യസ്നേഹത്തിന്റെ പേരും പറഞ്ഞ് അതിനൊരലങ്കാരമായി ഗാന്ധിജിയുടെ ചിത്രം ഉയർത്തിപ്പിടിച്ചു നടക്കുന്ന നിങ്ങളിൽ ആർക്കെങ്കിലും ആ മഹാത്മാവിന്റെ പേര് പൂർണ്ണമായിട്ടറിയുമോ.?"

ശില്പ ഓടിവന്ന് വൃദ്ധനെ പിടിച്ചുകൊണ്ട് "വലിയച്ഛാ എന്തൊക്കയാണീ പറയുന്നത്."

"കണ്ടോ, വയസ്സൻ ബോധപൂർവ്വം ചെയ്തതാണ്. ഇതിന്റെ ശിക്ഷ നിങ്ങൾ അനുഭവിച്ചില്ലെങ്കിൽ ഭാരതമാതാവ് ക്ഷമിക്കയില്ല."

ബഹളം കേട്ട് അയൽവീട്ടുകളിലെ ആളുകൾ പുറത്തേക്ക് ഇറങ്ങി നിന്നു നോക്കി.

"ഞങ്ങളെ അപമാനിച്ചതിനും ഗാന്ധിജിയെ അവഹേളിച്ചതിനും എതിരെ ഒരു പ്രതിക്ഷേധയോഗം നാളെ ഗാന്ധിപ്രതിമയ്ക്കു മുന്നിൽ ചേരുന്നുണ്ട്. ഈ കിളവൻ അവിടെനിന്നും ക്ഷമ പറയണം. അല്ലെങ്കിൽ നിങ്ങളിവിടെ സമാധാനമായി താമസിക്കില്ല."

"ചെയ്തത് തെറ്റാണെന്ന് എനിക്കറിയാം. വലിയച്ഛനുവേണ്ടി നാളെ ഞാനവിടെ വന്നു ക്ഷമ പറഞ്ഞുകൊള്ളാം. വലിയച്ഛൻ പറയുന്നതും പ്രവർത്തിക്കുന്നതും എന്താണെന്ന് അദ്ദേഹത്തിനു തന്നെ ഓർമ്മയില്ല. നല്ല നിശ്ചയമില്ല."

അവർ അല്പസമയം അതിനെപ്പറ്റി ആലോചിച്ചു. പിന്നെ ശില്പ തന്നെ ക്ഷമ പറഞ്ഞാൽ മതിയെന്നു സമ്മതിച്ച് തിരിച്ചു നടന്നു.

വലിയച്ഛൻ അവളോടുകയർത്തു നീ എന്തിനാണ് കണ്ട ഇരപ്പാളികളുടെ മുന്നിൽപോയി ക്ഷമപറയുന്നത്. ഇവനൊക്കെ വെറും കീടമാടീ കീടം.

ശില്പ വലിയച്ഛനേയും കൂട്ടി വീട്ടിനുള്ളിലേക്ക് കയറി വാതിലടച്ചു.

വലിയച്ഛനെ വീണ്ടും ടി.വിയുടെ മുന്നിലിരുത്തി. അല്പം ആശ്വാസത്തിനായി വെളിച്ചമില്ലാത്ത മുറിയിലെ കസേരയിൽ പോയിചാരിക്കിടന്നു. അവളുടെ മനസ് മറ്റൊരു പ്രശ്നത്തിന്റെ പരിഹാരത്തിനായി പരതിക്കൊണ്ടിരുന്നു. നാളെ മുതൽ ഓഫീസിൽ പോകുമ്പോൾ വലിയച്ഛനെ എന്തുചെയ്യും.

യോഗസ്ഥലത്ത് ക്ഷമ പറഞ്ഞതിനുശേഷം ശില്പ വേഗത്തിൽ വീട്ടിലേക്കു മടങ്ങി. വലിയച്ഛനെ ഒറ്റയ്ക്ക് വീട്ടിൽ അടച്ചിട്ടിരിക്കുന്നതിനെപ്പറ്റി

ഓർത്തപ്പോൾ അവളുടെ ഉള്ളുരുകി. തുറന്നുവിട്ടാൽ യോഗസ്ഥലത്തു വന്നു ബഹളം വയ്ക്കും. അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും വികൃതികൾ ഒപ്പിക്കും.

ഗയിറ്റിന്റെ അടുത്തെത്തിയപ്പോൾ തന്നെ വീടിനുള്ളിൽ നിന്നും ശബ്ദം കേട്ടു, അവളെ കണ്ട ജിസ്ബൽ അടുത്തേക്കു വന്ന് വാലാട്ടി. കാലിൽ നക്കി. അവൾ മുതുകിൽ തലോടി. വേഗന്നുതന്നെ പൂട്ടിയിട്ടിരുന്ന വാതിൽ തുറന്നു. അകത്തുകയറിയപ്പോൾ ഷെൽഫിലെ പുസ്തകങ്ങൾ മുഴുവനും വാരിവലിച്ച് നിരത്തിയിട്ടിരിക്കുന്നു. വരച്ചുവച്ചിരിക്കുന്ന ചിത്രങ്ങളെയും പിച്ചി ക്കീറിയിരിക്കുന്നു.

എന്തുചെയ്യണമെന്നറിയാതെ പതറിനിന്ന അവളുടെ കണ്ണുകൾ നിറഞ്ഞു. വലിയച്ഛൻ അടുത്ത മുറിയിൽ നിന്നും കൈയിലൊരു ചുറ്റികയും ഉളിയു മായി മുന്നിലേക്കു വന്നു. “മോളെ ഞാൻ ഗാന്ധിപറഞ്ഞതുപോലെ ചെയ്യു വാൻ പോകുകയാണ്. വലിയൊരു യക്ഷിയുടെ ശില്പമുണ്ടാക്കണം. ഇവി ടെയുള്ളവർക്ക് ആരാധിക്കാൻ ഉത്സവങ്ങൾ നടത്താൻ.”

“വലിയച്ഛാ.” അവൾ തെല്ല് ശാസനയോടെ വിളിച്ചു. വൃദ്ധൻ അതു ശ്രദ്ധി ക്കാതെ തുറന്നിട്ട വാതിലിലൂടെ പുറത്തേക്കിറങ്ങി. അവൾ പിന്നാലെയും.

പതിവില്ലാതെ അവിടേക്കുകയറിവരുന്ന വീട്ടുടമസ്ഥനെകണ്ട് അവൾ ആശ്ചര്യപ്പെട്ടു. “വരൂ അങ്കിൾ അകത്തേക്കിരിക്കാം.”

“ഞാൻ വന്നത് നല്ലതല്ലാത്ത ഒരു കാര്യം പറയാനാണ്. ശില്പ ഇന്നു തന്നെ ഇവിടെനിന്നും ഇറങ്ങിത്തരണം.”

അല്പസമയത്തെ മൗനത്തിനുശേഷം അവൾ പറഞ്ഞു. “ഞാൻ വാടക യെല്ലാം കൃത്യമായിതരുന്നില്ലെയങ്കിൾ”

“അതല്ല പ്രശ്നം. പാർട്ടിക്കാര് വിളിച്ചുപറഞ്ഞു, ഇനി നിങ്ങളെ ഇവിടെ താമസിപ്പിക്കരുതെന്ന്.”

“പെട്ടെന്ന് ഇങ്ങനെ വന്നു പറഞ്ഞാൽ ഞാൻ എന്താ ചെയ്യുക. കളിഞ്ഞ ഇരുപതിലധികം വർഷമായി ഞങ്ങൾ ഇവിടെയല്ലെ താമസിക്കുന്നത്. മറ്റൊരു വീട് കണ്ടെത്തുന്നതുവരെ, ഒരു മാനുഷിക പരിഗണനയുടെ പേരിലെങ്കിലും”

“ഇതൊന്നും എന്നെ ബാധിക്കുന്ന പ്രശ്നങ്ങളല്ല. ഇന്ന് ഇപ്പോൾതന്നെ ഇവിടെനിന്നും ഇറങ്ങണം.”

“അങ്കിൾ എന്തുപറഞ്ഞാലും ഇവിടെനിന്നും ഇപ്പോൾ ഇറങ്ങാൻ പറ്റില്ല. സുബോധമില്ലാത്ത വലിയച്ഛനുമായി ഞാൻ എവിടെപ്പോകും.”

അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മൂന്ന് റൗഡികൾ അവിടേയ്ക്കു വന്നു. അവരിലെ നേതാവെന്ന് തോന്നിക്കുന്നവൻ ശില്പയുടെ കൈയ്ക്കു പിടിച്ച് അല്പം മാറ്റിനിർത്തി. ജിസ്ബൽ അവന്റെനേരെ കുരച്ചുകൊണ്ട്ചാ

ടി. ശില്പ ശാസനയോടെ ജിസ്ബൽ എന്നുവിളിച്ചപ്പോൾ നായ് പിൻതിരിഞ്ഞു.

റൗഡികൾ വീടിനുള്ളിലേക്കുകയറി വീട്ടുപകരണങ്ങൾ ഒന്നൊന്നായി നടുറോഡിലേക്ക് വലിച്ചെറിഞ്ഞുതുടങ്ങി.

എല്ലാറ്റിനുമവസാനം ശില്പയേയും വൃദ്ധനേയും അവർപിടിച്ച് നടുറോഡിലേക്ക് തള്ളിയിറക്കി വീടിന്റെ ഗയിറ്റ് താഴിട്ടുപൂട്ടി. നടുറോഡിൽ കിടക്കുന്ന വീട്ടുസാധനങ്ങൾക്കുമുന്നിൽ ജിസ്ബൽ ഒരു കാവൽക്കാരനെപ്പോലെ കുത്തിയിരുന്നു.

ഇരുണ്ടുകൂടിയിരുന്ന മാനത്തുകൂടിമിന്നൽ പിണരുകൾപാഞ്ഞു. ഒന്നിനുപുറകെ ഒന്നായി ഇടിനാദം മുഴങ്ങിക്കൊണ്ടിരുന്നു. ചാറിത്തുടങ്ങിയ മഴത്തുള്ളികൾക്ക് ശക്തിയേറി. വൃദ്ധൻ അഹ്ലാദത്തോടെ മഴയത്തുകൂടി ഓടിനടന്നു.

നനഞ്ഞുകുതിർന്ന വസ്ത്രങ്ങൾ ശില്പയുടെ ശരീരത്തോട് ഒട്ടിക്കിടന്നു. അവൾ വസ്ത്രങ്ങൾ അല്പാല്പമായി ചുരുട്ടിപിഴിഞ്ഞു. ശരീരത്തിൽ ഒട്ടിക്കിടന്ന തുണിപിടിച്ച് നേരെയിടാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അടുത്തവീടുകളിൽനിന്നും പുറത്തേയ്ക്കുനീണ്ട തലകൾ മെല്ലെ ഉള്ളിലേയ്ക്കുവലിഞ്ഞു. ചിലർ ജനൽപാളികൾ അല്പമായിതുറന്ന് അവളുടെ നനഞ്ഞ് വിറയ്ക്കുന്ന ശരീരത്തിലേക്ക്നോക്കി. ജിസ്ബൽ അവരെനോക്കി പല്ലിളിച്ച് മുരണ്ടു. മെല്ലെ അതൊരു കാലൻകൂവലായി പരിണമിച്ചു. അതിനുപ്രതിധ്വനിയായി മറ്റൊരു നായ് വിദൂരതയിൽനിന്നും ഓലിയിട്ടു.

## ശോഭിതയുടെ സ്വപ്നം.

പടർന്നു പന്തലിച്ചു നില്ക്കുന്ന കൂറ്റൻ ആൽമരത്തിന്റെ തൂങ്ങിക്കിടക്കുന്ന വവ്വാലുകൾ കണ്ണുകൾ തുറന്നു. പ്രപഞ്ചത്തെ ഒന്നാകെ ഗ്രസിച്ചിരുന്ന ഇരുട്ട് അവയുടെ ചുമന്ന കണ്ണുകൾക്ക് കാഴ്ചയേകി. വന്യമായ ശബ്ദത്തിൽ കരഞ്ഞ് ഇരുട്ടിന്റെ ആഗമനത്തെ സ്വാഗതം ചെയ്ത് അവ നഭസിലേക്ക് പറന്നുയർന്നു. ആൽമരത്തിനു കീഴിൽ കിടന്നിരുന്ന ഒരു മനുഷ്യരൂപം ഇരുകാലുകളിലുയർന്നു നിന്ന് കരയിലകളെ ചവുട്ടിഞെരിച്ച് മെല്ലെ മുന്നോട്ട് നടന്നു തുടങ്ങി. അതിന്റെ നടപ്പിന് വേഗതയേറി.

“അമ്മേ”

ശബ്ദം കേട്ടുണർന്ന ലേഖ മേനോൻ മുറിയിലെ ലൈറ്റിട്ടു.

കട്ടിലിൽ എഴുന്നേറ്റിരുന്ന് കിതയ്ക്കുന്ന ശോഭിത. അവളുടെ കണ്ണുകൾ മിഴിച്ചിരിക്കുന്നു. മുടികൾ പാറിപ്പറന്നുകിടക്കുന്നു. ബ്ലൗസ് വിയർപ്പിൽ കുതിർന്നിരിക്കുന്നു.

ലേഖ മേനോൻ ഭീതി ഉള്ളലൊതുക്കി തിരക്കി “നിനക്ക് എന്തു പറ്റി, വല്ല ദുസ്വപ്നവും കണ്ടോ?”

“ഉം”

മേശമേൽ ഇരിക്കുന്ന കൂജയിൽ നിന്നും ഒരു ഗ്ലാസ് വെള്ളമെടുത്ത് ശോഭിതയ്ക്കു കൊടുത്തുകൊണ്ട് ലേഖ പറഞ്ഞു. “ ഈശ്വര ചിന്തയില്ലാതെ കിടന്നിട്ടാ ഓരോന്ന് കാണുന്നത്.”

ശോഭിത ആരോടെന്നില്ലാതെ പിറുപിറുത്തു. “ഈ നശിച്ച മെഡിസിന് പഠിക്കേണ്ടിയിരുന്നില്ല.” പിന്നെ ഒരു കുട്ടിയെപ്പോലെ തേങ്ങിക്കരയുവാൻ തുടങ്ങി.

ലേഖ കട്ടലിലിരുന്ന് ശോഭിതയുടെ പടർന്നുകിടക്കുന്ന മുടി കോതിയൊതുക്കി. പിന്നെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചു. “ഒന്നു രണ്ടു ദിവസമായി ഞാൻ ശ്രദ്ധിക്കുന്നു. രാത്രികളിൽ അകാരണമായി ഉണർന്ന് ജാലകത്തിലൂടെ പുറത്തോട്ടു നോക്കി നില്ക്കുന്നതും കൂജയിൽ നിന്നും പലപ്രാവശ്യം

വെള്ളമെടുത്തു കുടിക്കുന്നതും സത്യം പറയ് നിനക്ക് എന്തുപറ്റി.''

ശോഭിത ലേഖയുടെ കൈകളിൽ പിടിച്ച് ''നീ ആരോടും പറയുകയി ല്ലെന്നു സത്യം ചെയ്താൽ പറയാം.''

''സത്യം''

''നീ ഓർമ്മിക്കുന്നുണ്ടോ സത്യനാഥനെ?'' ''ഏതു സത്യനാഥൻ''

''കഴിഞ്ഞ ആഴ്ചയിൽ, തിങ്കളാഴ്ച പരിചയപ്പെട്ട സത്യനാഥൻ.''

''ഇല്ല ഓർമ്മിക്കുന്നില്ല. ലാബിൽ വച്ച് പ്രൊഫസർ പരിചയപ്പെടുത്തിയ''

''ഓ സ്റ്റഫ് ചെയ്ത് വച്ചരിക്കുന്ന ജഡം. അതിനെ നീ സ്വപ്നത്തിൽ കണ്ടോ?''

''ഉം''

''ആട്ടെ സ്വപ്നത്തിൽ എന്താണ് കണ്ടത്.''

അത് പിന്നെ... എന്റെ അടുത്തോട്ടു വരുന്നതും, പിന്നെ ചിരിച്ചുകാണി ക്കുകയും .... അന്ന് പ്രൊഫസർ പറഞ്ഞത് ഓർമ്മിക്കുന്നുണ്ടോ.? സ്ത്രീകളെ മാനഭംഗപ്പെടുത്തുന്ന ഒരു ക്രിമിനലായിരുന്നു സത്യനാഥനെന്ന്. അയാള് മുപ്പതിലധികം സ്ത്രീകളെ മാനഭംഗപ്പെടുത്തിയതിന് പോലീസ് കേസ് ഉ ണ്ടായിരുന്നുവത്രേ. പുറത്ത് അറിയാത്തവ എത്ര അധികമായിരിക്കും. പോലീസ് അയാളെ പിടിക്കുവാൻ വലകൾ പലതും വിരിച്ചെങ്കിലും അവർക്കതിന് കഴിഞ്ഞില്ലല്ലോ. അവസാനം ഒരു കൊല്ലത്തി പെണ്ണാണ് സത്യ നാഥനെ കൊലപ്പെടുത്തിയത്. അതും അവളുമായി ബലാൽക്കരണ മൈഥു നത്തിലേർപ്പെടുമ്പോൾ ഏതോ ഒരു ആൽമരത്തിന്റെ ചുവട്ടിൽ വച്ച് ലിംഗം ച്ഛേദിച്ചുകളഞ്ഞ്.

ലേഖാമോനോൻ കാതുമൊതുക്കി തുടർന്നു.

''ക്ലാസിൽ ഏറെയും പെൺകുട്ടികളാണല്ലെ. അവരുടെ മുന്നിൽ ശൃഗാ രത്തിൽ കലർന്ന നർമ്മം പറയുക എന്നത് പ്രൊഫസറുടെ സ്വഭാവമാണ്. അതിന് സത്യനാഥന്ഡ എന്ന ക്രമിനലിനെ കൂട്ടുപിടിക്കുന്നു എന്നേയു ള്ളൂ. പോലീസ് ആഫീസറുടെ പതിനാറുകാരി മകളെ ബലാൽസംഗം ചെയ്തതും കളക്ടറുടെ ഭാര്യയെ വശീകരിച്ച് ഹോട്ടലിൽ എത്തിച്ചതും ഈ സത്യനാഥൻ തന്നെയാണല്ലോ? ഇതെല്ലാം കേട്ട് നീ എന്തിനാണ് ഭയപ്പെടു ന്നതെന്നാ എനിക്ക് മനസ്സിലാകാത്തത്.''

''ഇന്നും പൂർണ്ണമായി ജീവൻ പോകാത്ത സത്യനാഥന്റെ കണ്ണുകൾ വൈദ്യശാസ്ത്രത്തിന് അത്ഭുതമാണെന്നും പ്രൊഫസർ അവന്റെ കൺപോ ളകൾ ഉയർത്തിക്കാണിച്ചപ്പോൾ തിളങ്ങുന്ന നീല കണ്ണുകൾ നീയും കണ്ട തല്ലെ.''

"അതെ ഈ പ്രപഞ്ചത്തിന്റെ രഹസ്യം മനുഷ്യന് ഇന്നും അജ്ഞാതമാണ്. അതുപോലെ വൈദ്യശാസ്ത്രത്തിന് മനുഷ്യശരീരവും. ഈശ്വരവിശ്വാസികളല്ലാത്ത ഡോക്ടർമാർപോലും ചികിത്സിക്കുന്നതിനുമുമ്പ് ആരോടെന്നില്ലാതെ പ്രാർത്ഥിക്കാറില്ലെ? എല്ലാമൊരു വിശ്വാസമാണു മോളെ. നമ്മളുടെ പ്രവർത്തികളും സ്വപ്നവും വരെ." ശോഭിത ശബ്ദം താഴ്ത്തി. "എന്റെ മനസുപറയുന്നു എന്നെ നശിപ്പിക്കാനാ അവന്റെ അടുത്ത പുറപ്പാടെന്ന്. ഇന്നും പൂർണ്ണമായ ജീവൻ പോകാത്ത സത്യനാഥൻ സ്വപ്നത്തിൽ വന്ന്..."

"നിന്റെ കണ്ടെത്തൽ നന്നായിരിക്കുന്നു. ഒരു നല്ല ഡിക്ടറ്റീവ് നോവലിനു കഥബീജമുണ്ട്."

"പ്രേതമില്ലെന്ന് എനിക്കുമറിയാം. പക്ഷെങ്കിൽ സ്വപ്നത്തിൽ വന്ന് ഇങ്ങനെ പീഡിപ്പിക്കാൻ തുടങ്ങിയാൽ എന്താചെയ്യുക."

"നാളെ നമ്മൾക്ക് പ്രൊഫസറെ കാണാം. ആരുമില്ലാത്തപ്പോൾ സിരിയസായി പറഞ്ഞാൽ മതി. അദ്ദേഹമൊരു ഉപദേശം തന്നാൽ നിന്റെ പ്രശ്നങ്ങളെല്ലാം അതോടെ തീരും."

ശോഭിതയുടെ സ്വപ്നങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടിരുന്ന പ്രൊഫസർ, അവളെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ പൊട്ടിച്ചിരിച്ചു. "കുട്ടിയിങ്ങനെ തരളിത ഹൃദയ ആയാലോ? നാളകളിൽ എത്രയോ ജഡങ്ങളെ കീറിമുറിച്ച് പരിശോധിക്കേണ്ടിവരും. എത്ര നാറിപ്പുഴുത്ത വൃഷണങ്ങൾ കഴുകികെട്ടേണ്ടിവരും. ഇതെല്ലാം നിത്യജീവിതത്തിന്റ ഭാഗമല്ലെ കുട്ടി. ആട്ടെ, ശോഭിതയ്ക്ക് ഭൂതപ്രേതാധികളിൽ വിശ്വാസമുണ്ടോ?"

"അങ്ങനെ വിശ്വാസമില്ലാത്ത നിലയ്ക്ക് ഇതിനുമുമ്പ് ലാബിൽ നിന്നും മോർച്ചറിയിൽ നിന്നുമായി എത്രയോ ജഡങ്ങൾ കാണുകയും പരിശോധിക്കുകയും ചെയ്തിരിക്കുന്നു. അവ വല്ലതും സ്വപ്നങ്ങളിൽ വരാറുണ്ടോ?"

"ഇല്ല സാർ."

"ഓഹോ അപ്പോൾ സത്യനാഥൻ എങ്ങനെയാണ് പ്രശ്നക്കാരനായത്?
"അതാണ് സാർ എനിക്കും മനസ്സിലാകാത്തത്. ഇനിയും മരിച്ചിട്ടില്ലാത്ത ആ നീല കണ്ണുകൾകൊണ്ടുള്ള നോട്ടം, അതിൽ ജ്വലിച്ചുനില്ക്കുന്ന കാമഭാവം. ചുണ്ടുകളിൽ അനുനിമിഷം വിടർന്നു വരുമോ എന്നുസംശയിക്കുന്ന വശ്യമായ പുഞ്ചിരി, ഇതെല്ലാമാണ് സ്വപ്നത്തിൽ എന്നെ ഭയപ്പെടുത്തുന്നത്."

പ്രൊഫസർ പ്രസിദ്ധ സൈക്കാടെസ്റ്റ് ചാർലി പോളുമായി ശോഭിതയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. അവസാനം അവർക്കിടയിൽ പൊതുവായി ഉൽത്തിരിഞ്ഞുവന്ന മനശാസ്ത്രപരമായ ചികിത്സ അവർശോഭിതയ്ക്ക് നിർദ്ദേശിച്ചു.

ശോഭിതയും ലേഖമോനോനും ചേർന്ന് അവർ കിടക്കന്ന മുറിയിലെ

മേശമേൽ ഇശ്വരന്മാരുടെ ചിത്രങ്ങൾ നിരത്തിവച്ചു. വിഘ്നങ്ങൾ അകറ്റുവാൻ ഗണപതിയുടെ ചിത്രം. ഐശ്വര്യത്തിനായി ലക്ഷ്മിദേവിയുടെ ചിത്രം, ശത്രു സംഹാരത്തിനായി തൃക്കണ്ണുള്ള ശിവനും കൂടെ പാർവ്വതിയുടേയും ചിത്ര ങ്ങൾക്കു മുന്നിൽ പുഷ്പങ്ങൾകൊണ്ട് അലങ്കരിച്ച് സാമ്പ്രാണിത്തിരി കത്തിച്ച മുറിയിൽ പരിമളം വരുത്തി.

ശോഭിത ഉള്ളുരുകി ഈശ്വരന്മാർക്കുമുന്നിൽ പ്രാർത്ഥിച്ചു. 'എല്ലാ ദുസ്വ പ്നങ്ങളിൽ നിന്നും ദുർചിന്തകളിൽ നിന്നും എന്നെ കാത്തുകൊള്ളേണ മേ.' പിന്നെ പ്രാർത്ഥനാപൂർവ്വം ഈശ്വരൻമാരെ മാത്രം ധ്യാനിച്ച് ഉറങ്ങുവാ നായിക്കിടന്നു.

രാത്രിയുടെ മദ്ധ്യയാമങ്ങൾ പിന്നിട്ടു. സത്യനാഥൻ ചെറുപുഞ്ചിരിയോടെ ശോഭിതയുടെ മുന്നിലെത്തി. കൈയിലിരുന്ന ചുമന്ന റോസപുഷ്പത്തിൽ ഗാഢമായി ചുംബിച്ചതിനുശേഷം അത് ശോഭിതയുടെ നേരെ നീട്ടി. ശോഭിത അതു മേടിക്കുവാൻ വിസ്സമതിച്ചു. സത്യനാഥൻ റോസപുഷ്പം ശോഭിത യുടെ മാറിലേക്കിട്ടു. നൊടിയിടയിൽ വിവസ്ത്രനായിത്തീർന്ന സത്യനാഥൻ ശോഭിതയുടെ കട്ടിലിനോടടുത്തു. ശോഭിത സത്യനാഥന്റെ നഗ്നത വ്യക്ത മായി കണ്ടു. ലിംഗമില്ലാത്ത സത്യനാഥൻ!

"അമ്മോ"

ലേഖ ലൈറ്റിട്ടു.

മുഖം പൊത്തിയിരുന്ന് കരയുന്ന ശോഭിത. ലേഖ അടുത്തേക്കു െ

"കണ്ടു എന്നു മാത്രമല്ല. അവനെ വ്യക്തമായി കണ്ടു."

"എന്നു പറഞ്ഞാൽ"

"ലിംഗമില്ലാത്ത സത്യനാഥനെ"

ലേഖ പുഞ്ചിരിച്ചു. "എങ്കിൽ പിന്നെ പേടിക്കേണ്ട കാര്യമില്ലല്ലോ?"

ശോഭിത ക്ഷോഭിച്ചു. "നിനക്ക് എല്ലാം തമാശയാണ്. എന്റെ ഉള്ളിൽ അഗ്നിയാണ്. എത്ര ദിവസമായി സമാധാനമായിട്ടൊന്നുറങ്ങിയിട്ടെന്ന് അറി യുമോ?"

"നീ സമാധാനമായിരിക്ക് നാളെ നമ്മൾക്ക് ഒന്നുകൂടി പ്രൊഫസറെ കാണാം"

പ്രൊഫസർ തന്റെ സഹപ്രവർത്തകരെയെല്ലാം വിളിച്ചുകൂട്ടി. ശോഭിത യുടെ വിചിത്രമായ സ്വപ്നത്തെപ്പറ്റി ചർച്ചകൾ നടത്തി. അവസാനം സൈക്കാർടെസ്റ്റ് ചാർലിയുടെ അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. നമ്മ ളുടെ തന്നെ ഒരു വിദ്യർത്ഥിനിയ്ക്ക് ഇങ്ങനെയുള്ള ഒരു മാനസിക വിഭ്രാ ന്തിയുണ്ടെങ്കിൽ അത് മുളയിലെ തന്നെ നുള്ളണം. സത്യനാഥന്റെ ജഡം ശോഭിതയുടെ മുന്നിൽ വച്ചുതന്നെ നശിപ്പിച്ചാൽ അവളുടെ പ്രശ്നതീരും.

പ്രൊഫസർ രഹസ്യമായി സത്യനാഥന്റെ സ്റ്റഫ് ചെയ്ത ജഡം ആബുലൻസിൽ കയറ്റി ഇലക്ട്രിക്ക് ക്രെമെറ്റോറിയത്തിലെത്തിച്ചു. അവിടെ ശോഭിതയും ലേഖയും അവരുടെ ചില സുഹൃത്തുക്കളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ മുന്നിൽ വച്ച് സത്യനാഥന്റെ ജഡം ദഹിപ്പിച്ചു.

ഇതു കണ്ടുനിന്ന ശോഭിത പറഞ്ഞറിയിക്കാനാവാത്ത വ്യഥയോടെ പൊട്ടിക്കരഞ്ഞു. തുടർന്ന് ചെറിയ വിറയലോടെ ബോധമറ്റ് തറയിൽ വീണു. അല്പസമയത്തിനുശേഷം ശോഭിതയുടെ ബോധമുണർന്നു. ഒന്നും സംഭവിക്കാത്തുതുപോലെ ഉത്സാഹത്തോടെ ശോഭിത അവരോടൊപ്പം തിരിച്ചുനിന്നു.

ഒരു മുൻകരുതലിനായിമാത്രം പ്രൊഫസർ ശോഭിതയ്ക്ക് രാത്രി കിടക്കുന്നതിനുമുമ്പ് കഴിക്കുവാനായി രണ്ട് ഉറക്കഗുളികകൾ നല്കി.

കിടക്കുന്നതിനുമുമ്പ് ശോഭിത ഗുളികകൾ കഴിച്ചു.

ഹോസ്റ്റൽ മുഴുവൻ നിദ്രയിലമർന്നു. ശോഭിതയുടെ മുറിമാത്രം അരണ്ട വെളിച്ചമുണ്ട്.

അരണ്ടവെളിച്ചത്തിൽ ശോഭിത വ്യക്തമായി കണ്ടു. കത്തിക്കരിഞ്ഞ ശരീരവുമായി പൂർണ്ണനഗ്നതയോടെ അവളുടെ കട്ടിലിനടുത്ത് വന്നുനില്ക്കുന്ന സത്യനാഥൻ. സത്യനാഥൻ കേണപേക്ഷിച്ചു. ‘ഞാൻ ഒരുപാടു സ്ത്രീകളെ കണ്ടു, അനുഭവിച്ചു. പക്ഷേ നിന്റെത്രയും സ്ത്രീത്വമുള്ള ചാരിതാർത്ഥ്യമുള്ള മറ്റാരെയും കണ്ടിട്ടില്ല. ഒന്നു സഹകരിച്ചാൽ ഒരിക്കൽ മാത്രം.’ ശോഭിത ‘അരുത് അരുത്’ എന്നു വിലപിച്ചുകൊണ്ട് അവളുടെ ചാരിത്യത്തിനായി കെഞ്ചി. സത്യനാഥൻ ഒരു കുതിപ്പിന് അവളെ കരവലയത്തിലമർത്തി. പിന്നെ വസ്ത്രങ്ങളിൽ പിടിച്ച് വലിച്ചുരിഞ്ഞു.

ശബ്ദം കേട്ടുണർന്ന ലേഖ അരണ്ടവെളിച്ചത്തിൽ കട്ടിലിൽ കിടന്ന് ഞെളിപിരികൊള്ളുന്ന ശോഭിതയെ കണ്ടു. അവൾ മുറിയിലെ ലൈറ്റിട്ടു.

വായിൽ നിന്നും നുരയും പതയുമൊഴുക്കി കണ്ണുകൾ ഇറുക്കിയടച്ച് തനിയെ വസ്ത്രങ്ങൾ വലിച്ചു കീറുന്ന ശോഭിത.

ലേഖ ശോഭിതയെ കുലുക്കി വിളിച്ചു. അവൾ മെല്ലെ കണ്ണുകൾ തുറന്നു. പിന്നെ ശാന്തമായി കണ്ണുകൾ അടച്ച് നിദ്രിയിലേക്ക് മടങ്ങി.

ഹോസ്പിറ്റലിലെ കട്ടിലിൽ കിടക്കന്ന ശോഭിതയുടെ ചുറ്റും സഹപാഠികൾ സഹതാപത്തോടെ നിന്നു. പ്രൊഫസർ അവിടേക്കു വന്നു. ശോഭിത കട്ടിലിൽ എഴുന്നേറ്റിരിക്കുവാൻ തുടങ്ങിയപ്പോൾ പ്രൊഫസർ തടഞ്ഞു.

“സാർ എനിക്ക് ക്ഷീണമൊന്നുമില്ല. ഞാൻ കാണുന്നത് വെറും സ്വപ്നമാണെന്ന് എനിക്കറിയാം. പക്ഷേ സ്വപ്നത്തെ നിയന്ത്രിക്കുവാൻ എനിക്ക് കഴിയുന്നില്ല. ഇന്നലെ സ്വപ്നം കണ്ടപ്പോൾ ഉണരുവാൻ കൂടിക്കഴിഞ്ഞില്ല. ഉറക്കഗുളിക കഴിച്ചതിനാൽ ശരീരം കൂടുതൽ തളർന്നിരുന്നു. അതുകൊണ്ടാ ഇങ്ങനെയൊക്കെ സംഭവിച്ചത്.”

ശോഭിതയുടെ വീട്ടിൽ നിന്ന് അച്ഛനും മറ്റ് രണ്ട് ബന്ധുക്കളുമെത്തി. അവർ പ്രൊഫസറെ മാറ്റി നിർത്തി സംസാരിച്ചു. പ്രൊഫസർ പറഞ്ഞു. "വെറുമൊരു മാനസിക വിഭ്രാന്തിമാത്രമാണ് മറ്റ് എവിടെയെങ്കിലും കൊണ്ടു പോകുന്നതിലും നല്ലത് ഇവിടെത്തന്നെ ചികിത്സ തുടരുന്നതാണ്. എന്റെ വിദ്യാർത്ഥിനിയ്ക്ക് നൽകാവുന്നതിൽ ഏറ്റവും നല്ല പരിചരണം തന്നെ ഞാൻ നല്കും. തല്ക്കാലം ഒരു രോഗിയാക്കി ചിത്രീകരിക്കാതെ നിങ്ങൾ ഇവിടെനിന്നും മാറി നില്ക്കുന്നതായിരിക്കും ഉചിതം. എന്തെങ്കിലും പ്രത്യേക വിശേഷമുണ്ടെങ്കിൽ ഞാൻ അറിയിക്കാം."

ശോഭിതയുടെ അച്ഛൻ പ്രൊഫസറുടെ കരങ്ങൾ കവർന്നുകൊണ്ട് "ഞാൻ എന്റെ മോളെ നിങ്ങളെയാണ് ഏല്പ്പിക്കുന്നത്."

മെഡിക്കൽ കോളേജിലെ പൂത്ത് നില്ക്കുന്ന വാകമരത്തിന്റെ തണലിൽ ബൈക്കും ചാരി നില്ക്കുന്ന പ്രാകാശിന്റെ അടുത്തേക്ക് ശോഭിത ഓടിയെത്തി. പ്രകാശിന്റെ മുഖത്ത് അമ്പരപ്പ് വ്യക്തമാണ്.

"കുറച്ചുദിവസമായി പ്രകാശിനെ കാണാതെ ഞാൻ എത്രമാത്രം വിഷമിച്ചു എന്ന് അറിയാമോ? ഫോൺ വിളിച്ചപ്പോൾ ഹോസ്റ്റലിൽ ഇല്ല. വീട്ടിൽ വിളിച്ചപ്പോൾ അവിടേയുമില്ല. അതുകൊണ്ടാ ഞാൻ റോണിയെ പറഞ്ഞയച്ചത്."

"എസ്ക്കേഷന് പോയിരിക്കുകയായിരുന്നു. വീട്ടിലും ഹോസ്റ്റലിലുമൊന്നും പറഞ്ഞിരുന്നില്ല. മോളെ, നിനക്ക് എന്തുപറ്റി റോണിചിലതൊക്കെ പറഞ്ഞു. ഇപ്പോഴും  സ്വപ്നം കാണാറുണ്ടോ?"

"ഉം,  ഇപ്പോൾ രാത്രിയിൽ ലൈറ്റിട്ടാ കിടക്കുന്നത്. സ്വപ്നം കണ്ട് കണ്ണു തുറന്നാൽ പിന്നെ കാണാറില്ല. എന്നാലും എനിക്കു പേടിയായി തുടങ്ങിയിട്ടുണ്ട്. പ്രാകാശിനെ കണ്ടപ്പോൾ ആകെ ഒരാശ്വാസം തോന്നുന്നു." അവൾ പ്രകാശിന്റെ മാറിൽ മുഖം അമർത്തി തേങ്ങി.

പ്രകാശ് അവളുടെ പുറത്തുതട്ടി ആശ്വസിപ്പിച്ചു. "ഇവിടെ ഇങ്ങനെ നില്ക്കുന്നത് പലരും ശ്രദ്ധിക്കുന്നുണ്ട്. വരൂ നമ്മുക്ക് കാന്റീനിലേക്കു പോകാം."

കാന്റീനിന്റെ ഒഴിഞ്ഞ കോണിൽ ഐസ്ക്രീം കഴിച്ചുകൊണ്ട് അവരിരുന്നു. പ്രകാശ് പറഞ്ഞു. "വിശ്വാസമുണ്ടെങ്കിലും ഇല്ലെങ്കിലും ഒരു ദിവസത്തേക്ക് നീ എന്റെ കൂടെ വരണം പോരൂർകുന്നുവരെ. അവിടുത്തെ അമ്മയുടെ അനുഗ്രഹം മേടിച്ചാൽ നിന്റെ ഈ വിഭ്രാന്തിയെല്ലാം മാറും. അവിടെ മരുന്നും മന്ത്രവുമൊന്നുംമില്ല അമ്മയുടെ സാമിപ്യവും പ്രാർത്ഥനയും മാത്രം."

"ശോഭിത സംശയത്തോടെ ആധുനിക വൈദ്യശാസ്ത്രത്തിന്റെ സാധ്യ

തകളെപ്പറ്റിയെല്ലാം അറിയാവുന്ന പ്രകാശ് ഒരന്തവിശ്വാസിയെപ്പോലെ.''

''അന്തവിശ്വാസമെന്നോ, അസംബന്ധമെന്നോ പറഞ്ഞ് പ്രാപഞ്ചിക രഹസ്യത്തിന്റെ ഒരു മേഖലയെ പൂർണ്ണമായി ഉപേക്ഷിക്കുവാൻ നമ്മൾക്കാവില്ല മോളെ. ഒരു ദിവസമേ വേണ്ടു അവിടെവരെ പോയി വരാൻ. ഇവിടുത്തെ ഈ മുഷിപ്പൻ അന്തരീക്ഷത്തിൽ നിന്ന് ഒരു മാറ്റവും നിനക്ക് ആവശ്യമാണ്.''

''പ്രത്യേകിച്ച് വിശ്വാസമുണ്ടായിട്ടൊന്നുമല്ല ഒരു ദിവസം പ്രകാശിനോടൊപ്പം ഇരിക്കാമല്ലോ എന്നു കരുതി. ഞാൻ വരാം എന്തുപറഞ്ഞാണ് ഇവിടെ നിന്നും മുങ്ങുക. പ്രത്യേകിച്ച് വീട്ടകാരും പ്രൊഫസറുമെല്ലാം ഏറെ ശ്രദ്ധിക്കുന്ന ഈ അവസരത്തിൽ.''

''ലേഖയോട് നമ്മൾക്ക് സംസാരിക്കാം. ഒരു ദിവസത്തേക്ക് അവളുടെ വീട്ടിൽ പോവുകയാണെന്നു പറഞ്ഞാൽ മതി. അവളെക്കൊണ്ടും ഒരു ദിവസത്തെ ലീവെടുപ്പിക്കാം. ലേഖ അവളുടെ വീട്ടിലേക്കും നമ്മൾ പോരൂർകുന്നിലേക്കും.''

ശോഭിത കുസൃതിയോടെ അവന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കി.

''നിനക്ക് എന്നെ വിശ്വാസമില്ലേ?''

''പ്രകാശിനെ അല്ലാതെ ഞാൻ ആരെയാ വിശ്വസിക്കുക. അമ്മയെ കാണുന്നതിലൊന്നും എനിക്ക് വിശ്വാസമില്ല. എങ്കിലും വരാം. ഈ വീർപ്പുമുട്ടിയ അന്തരീക്ഷത്തിൽ നിന്നും ഒരു ദിവസത്തേക്കെങ്കിലുമുള്ള മോചനം ആശ്വാസമാണ്.''

പോരൂർകുന്നിലെ ആശ്രമത്തിനു മുന്നിൽ അവരെത്തി.

ഭക്തജനത്തിന്റെ നിലയ്ക്കാത്ത പ്രവാഹത്തിനിടയിൽ അവർക്ക് അമ്മയെ കാണുവാൻ കഴിഞ്ഞില്ല.

ആശ്രമപരിസരത്തിൽ വച്ച് അവിചാരിതമായി പരിചയപ്പെട്ട ഒരു സന്യാസിനി അവരുടെ സഹായത്തിനെത്തി. നാളെ പ്രഭാതത്തിൽ അമ്മയെ കാണുവാനുള്ള അവസരം ഒരുക്കികൊടുക്കാമെന്ന് പറഞ്ഞു.

രാത്രിയിൽ അവർക്ക് താമസിക്കുവാനായി ആശ്രമ വക പാർപ്പിടം ഏർപ്പാടാക്കി കൊടുക്കുകയും ചെയ്തു.

അവർ കുന്നിന്റെ താഴ്വാരത്തിലുള്ള പാർപ്പിടത്തിലെത്തി. മുളകൾകൊണ്ട് മനോഹരമായി കെട്ടിയുണ്ടാക്കിയ കുടിൽ മേഞ്ഞിരിക്കുന്നത് കച്ചികൊണ്ടാണ്. അതിന്റെ അടുത്തുകൂടി ഒരരുവി ഒഴുകുന്നുണ്ട്. അവർ വസ്ത്രം മാറി കുളിച്ച് ക്ഷീണമകറ്റി.

രാത്രിയിൽ തെളിഞ്ഞ മാനത്ത് നിറഞ്ഞുനില്ക്കുന്ന താരങ്ങളെ നോക്കി അവർ കടംകഥകൾ പറഞ്ഞു. ആശ്രമത്തിൽ നിന്നും മൃതുവായ ശബ്ദ

ത്തിൽ ഒഴുകിയെത്തിയ കീർത്തനത്തിന് കാതോർത്ത് താളം പിടിച്ചു. രാപ്പാടികളുടെ ഹൃദ്യമായ ശബ്ദത്തെ അനുകരിക്കാൻ ശ്രമിച്ചു. മെല്ലെ വീശിക്കൊണ്ടിരിക്കുന്ന കാറ്റിന് തണുപ്പേറി. തണുപ്പ് ശരീരത്തിലേക്ക് അരിച്ചുകയറിത്തുടങ്ങിയപ്പോൾ അവർ കൈകൾ കോർത്തുപിടിച്ച് കുടിലിലേക്കു കയറി.

രാത്രിയുടെ ഏതോ യാമങ്ങളിൽ അവക്തൃമായ സ്വപ്നം കണ്ട് ഞെട്ടിയുണർന്ന ശോഭിത അരണ്ടവെളിച്ചത്തിൽ തന്റെ നഗ്ന ശരീരത്തോട് ചേർന്നു കിടക്കുന്ന നഗ്ന ശരീരത്തെ തിരിച്ചറിഞ്ഞു. പ്രകാശ്. അവൾ ഓർമ്മകളെ അങ്ങനെതന്നെ താലോലിച്ച് കണ്ണുകൾ അടച്ച് അവനോട് ചേർന്നുകിടന്നു.

പ്രഭാതത്തിൽ പാർപ്പിടത്തിനു മുന്നിലെ സിമിന്റ് ബഞ്ചിൽ, അരുവിയുടെ ഓരം ചേർന്നു നില്ക്കുന്ന മരത്തിലിരുന്ന് പ്രഭാതത്തെ ചിലച്ചുണർത്തുന്ന പക്ഷികളെ നോക്കി ശോഭിത ആലോചനയോടെ ഇരുന്നു.

പ്രകാശ് കുടിലിനുള്ളിൽ നിന്നുമിറങ്ങി അവിടേക്കു വന്ന്, ക്ഷമാപണത്തോടെ പറഞ്ഞു. "ഒന്നും ബോധപൂർവ്വമായിരുന്നില്ല. പേടിതോന്നുന്നു എന്നു പറഞ്ഞ് നീ എന്നോട് ചേർന്നുനിന്നപ്പോൾ നിന്റെ മാറിടം ഉരുണ്ടുകൂടുന്നതും, രോമകൂപങ്ങളിൽ വിയർപ്പ് പൊടിഞ്ഞിരിക്കുന്നതും എന്റെ ശരീരം അറിഞ്ഞു. നിന്റെ ഗന്ധം എന്റെ നാസാരന്ധ്രങ്ങൾ പിടിച്ചെടുത്തു. പിന്നെ ഒന്നും ബോധപൂർവ്വമായിരുന്നില്ല."

"സത്യം. ഏറെ നാളുകൾക്കു ശേഷം സ്വപ്നം കണ്ട് ഭയപ്പെടാതെ സമാധനമായുറങ്ങിയ രാത്രിയായിരുന്നു ഇത്."

അവർക്കിടയിൽ കനപ്പെട്ടുവരുന്ന മൗനത്തിനെ തടഞ്ഞുകൊണ്ട് പ്രകാശ് പറഞ്ഞു. "രാവിലെതന്നെ ആശ്രമത്തിലെത്തിയാൽ ഇന്നലെ പരിചയപ്പെട്ട സന്യാസിനി, അമ്മയെ ദർശിക്കാനുള്ള സൗകര്യം ഏർപ്പാടാക്കാമെന്നു പറഞ്ഞിട്ടുണ്ടല്ലോ. താമസിച്ചാൽ ഭക്തജനപ്രവാഹം തുടങ്ങും."

ആശ്രമത്തിലെ അമ്മയുടെ മുറി. അവിടെ തറയിൽ വിരിച്ചിട്ടിരിക്കുന്ന കാവിക്കളറുള്ള പട്ടുവിരിപ്പിൽ അവർ ഇരുന്നു. മുന്നിൽ പ്രാർത്ഥനയോടെയിരിക്കുന്ന അമ്മ കണ്ണുകൾ തുറന്നു. ഒരു പ്രവാചകയെപ്പോലെ സംസാരിച്ചുതുടങ്ങി. "പേര് ശോഭിത. മെഡിസിന് അവസാനം വർഷം പഠിക്കുന്നു. ഏതോ ജഡവസ്തുവിനെകണ്ട് സ്വപ്നത്തിൽ ഭീതി അനുഭവിക്കുന്നു."

ശോഭിത അതെയെന്ന അർത്ഥത്തിൽ തലയാട്ടി. അമ്പരപ്പോടെ കണ്ണുകൾ ഉയർത്തി പ്രകാശിനെ നോക്കി. അവന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു.

അമ്മ തുടർന്നു "ഈ ആശ്രമത്തിന്റെ നിയമമനുസരിച്ച് അവിവാഹിതരെ ഒരുമിച്ച് താമസിപ്പിക്കാറില്ല. എന്നിട്ടും നിങ്ങൾ എങ്ങനെയോ ഒരുമിച്ചു താമ

സിച്ചു. ഇതിനാണു മോളെ ഈശ്വരനിശ്ചയം എന്നു പറയുന്നത്. അല്പ സമയത്തെ മൗനത്തിനു ശേഷം അമ്മ തുടർന്നു. നിങ്ങൾ ഇന്നലെ ഭാര്യാ ഭർത്താക്കന്മാരെപ്പോലെ കഴിഞ്ഞു. നിയമത്തിന്റേയും ലോകത്തിന്റേയും ദഷ്ടിയിൽ അത് അരുതായ്കയാണ്. എന്നാൽ സനാതന ധർമ്മമനുസരിച്ച് അതു മനുഷ്യകർമ്മമാണ്. തൃക്ഷണകളിൽ നിന്നുള്ള മോചനം. കന്യകക ളായ യുവതികൾ സ്വയഭോഗസ്വപ്നങ്ങൾ കാണുന്നതും അതിനെ പകൽക്കി നാവുകളിൽ താലോലിച്ച് ആലോചിച്ചാനന്ദിക്കുന്നതും സ്വഭാവികമാണ്. അതിന്റെ ലോകരഹസ്യം മനുഷ്യർക്കജ്ഞാതമാണ്. അവർ അതിനെ ഗന്ധർവ്വബാധയെന്നോ, ഭ്രാന്ത് എന്നോ പറഞ്ഞ് ചികിത്സിക്കുന്നു. കുട്ടിയും ഇന്നലവരെ കന്യകയായിരുന്നു. അപ്പോൾ അങ്ങനെ ചില സ്വപ്നങ്ങൾ കണ്ടു എന്നേയുള്ളൂ.

പരിഭ്രമിച്ചിരിക്കുന്ന ശോഭിതയുടെ കണ്ണുകളിലേക്ക് അമ്മ ആഴത്തിൽ നോക്കി. പിന്നെ അവളുടെ മൂർദ്ധാവിൽ സ്നേഹത്തോടെ കൈകൾ വച്ചു.

ശോഭിത ഏറെ ഭക്തിയോടെ അമ്മയുടെ മുന്നിൽ സാഷ്ടാഗം പ്രണമി ച്ചു. അമ്മ അവളെ പിടിച്ചുണർത്തി പറഞ്ഞു. "പോയ്ക്കൊള്ളൂ കുട്ടീ ദുഖം വെടിഞ്ഞ്."

പുരുഷന്റെ ചൂടും സ്പർശവുമറിഞ്ഞുകിടക്കുന്ന രാത്രികളിൽ ശോഭിത സ്വപ്നങ്ങൾ കണ്ടില്ല. അവളുടെ സ്വപ്നങ്ങൾക്കിന്ന് സത്യനാഥൻ അന്യമാ ണ്. ആ സ്ഥാനം മറ്റ് പലരും കൈകടക്കി. സ്വപ്നങ്ങൾ കണ്ടാലും ശോഭിത ഭയപ്പെടാറില്ല. ആ സ്വപ്നങ്ങളെ അങ്ങനെതന്നെ താലോലിക്കാൻ അവൾ ഇഷ്ടപ്പെട്ടു.

## സദാചാരം കൊമ്പുകോർക്കുന്നു.

നീണ്ട പതിനേഴ്മണിക്കൂർ യാത്രയുടെ അന്ത്യത്തിൽ ശശിശങ്കറും ഭാര്യ ദേവയാനിയും കർണ്ണാടകയിലെ ചിത്രദുർഗ്ഗ ജില്ലയിലുള്ള നാമക്കൽ ഹള്ളിയിലെ ദേവന്റെ ബംഗ്ലാവിലെത്തി

ദേവനും ഭാര്യമീനാക്ഷിയും ചേർന്ന് അവരെ വരവേറ്റു. ഒരുത്സവത്തിന്റെ പ്രതീതിയായിരുന്നു അവടാകെ. ദേവൻ ചിത്രദുർഗ്ഗയിലെ ഒരു ജന്മിയാണെന്നു അറിയാമായിരുന്നെങ്കിലും ഇത്രയും പ്രതാപാഐശ്വര്യങ്ങൾപ്രതീക്ഷിച്ചിരുന്നില്ല.

രണ്ടാനച്ഛന്റെ തലയ്ക്ക് പത്തിലിനടിച്ച്., പതിമൂന്നാമത്തെ വയസ്സിൽ നാടുവിട്ടതാണ് ദേവൻ. നീണ്ടകാലത്തിനുശേഷം നാട്ടിൽ തിരിച്ചെത്തി. സ്വയം പരിചയപ്പെടുത്തിയപ്പോൾ മാത്രമാണ് വീട്ടുകാരും നാട്ടുകാരും അയാളെ തിരിച്ചറിഞ്ഞത്. സ്കൂളിൽ പഠിക്കുമ്പോൾ ശശിശങ്കറും ദേവനും അടുത്ത സുഹൃത്തുക്കളായിരുന്നു. ദേവൻ നാടുവിട്ടുപോകുന്ന കാര്യം അന്ന് ആലോചിച്ചത് ശശിശങ്കറിനോടാണ്. ശശിശങ്കർ കൈയ്യിലുണ്ടായിരുന്ന ചെറിയമ്പാദ്യവും ഒരു പൊതിച്ചോറും കൈയിൽ കൊടുത്ത് ദേവനെ യാത്രയാക്കിയപ്പോൾ ഇരുവരുടേയും കണ്ണുകൾ നിറഞ്ഞിരുന്നു.

ദേവൻ നാട്ടിലെത്തിയപ്പോൾ ആദ്യം കണ്ടതും ശശിശങ്കറിനെയായിരുന്നു. ഇതുവരെയുള്ള തന്റെ ജീവിതത്തിന്റെ ഏടുകളെപ്പറ്റി പറയുവാൻ ദേവന് ഏറെയുണ്ടായിരുന്നു.

എങ്ങോട്ടെന്നില്ലാതെ വണ്ടികൾ കയറി. കൈയ്യിലെ പണം തീർന്നപ്പോൾ ചിത്രദുർഗ്ഗത്തിലെത്തിയിരുന്നു. മൂന്നുനാലു ദിവസം പട്ടിണികിടന്ന് തളർന്നു. എന്തെങ്കിലുമൊരു തൊഴിലിനായി മുട്ടാത്ത വാതിലുകളില്ല. ശമ്പളം ചോദിച്ചില്ല. കഴിക്കാൻ അല്പം ഭക്ഷണം മാത്രമേ ചോദിച്ചുള്ളു. അവസാനം സുധാകരൻ എന്ന മലയാളിയുടെ ചായക്കടയിലെത്തി. കാര്യങ്ങളെല്ലാം കേട്ട് അലിവുതോന്നിയ അയാൾ അവിടെ പണിതന്നു. എന്തും സഹിക്കുവാനും ചെയ്യുവാനും തയ്യാറായിരുന്നതിനാൽ പിന്നെ തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല.

സുധാകരന്റെ ഏകമകൾ മീനാക്ഷിയെ വിവാഹം കഴിച്ചു. ഇന്ന് നഗരത്തിലെ ബാർ ഹോട്ടൽ, ഇംഗ്ലീഷ്മീഡിയം സ്കൂൾ തുടങ്ങി ഏറെ സ്വത്തിന്റെ അവകാശി. ഒപ്പം മുനിസിപ്പൽ ചെയർമാനും.

ചിലനാളുകൾക്കു ശേഷം ദേവൻ മീനാക്ഷിയെയും കൂട്ടി നാട്ടിലെത്തിയപ്പോൾ ഒരാഴ്ച താമസിച്ചത് ശശിശങ്കറിന്റെയും ദേവയാനിയുടേയും ദുഖം കണ്ട്, തങ്ങളുടെ കുട്ടികളെ സ്വന്തം കുട്ടികളെപോലെ വാരിപ്പുണരുന്നതും മുത്തം കൊടുക്കുന്നതും കണ്ടപ്പോൾ മീനാക്ഷി ദേവയാനിയോടു പറഞ്ഞു.

നിങ്ങൾ ചിത്രദുർഗ്ഗത്തിൽ വരണം. അവിടെ അടുത്തുള്ള മാരിക്കടുമിയിൽ ദുർഗ്ഗദേവിയുടെ പ്രതിഷ്ഠയുണ്ട്. അവിടെപോയി ആചാരപ്രകാരം ബലിയർപ്പിച്ച് പ്രാർത്ഥിച്ചാൽ സന്താനലബ്ദി നിശ്ചയമാണ്.

ദേവയാനി ഈ വിവരം ശശിശങ്കറിനോടു പറഞ്ഞപ്പോൾ അയാൾ പൊട്ടിച്ചിരിച്ചു. ഒരന്തവിശ്വാസത്തെ അങ്ങനെയങ്ങ് വിശ്വസിച്ചിതിനാൽ പരിഹസിച്ചു.

മീനാക്ഷിപറഞ്ഞതിൽ ഏറെ സത്യമുണ്ട് എന്ന് ദേവൻ പറഞ്ഞു. എനിക്കറിയാം മാരിക്കടുമിയിൽപ്പോയി ആചാരപ്രകാരമുള്ള ബലിനടത്തി കുട്ടികൾ ഉണ്ടായ പലരേയും. അവിടെ നടക്കുന്നത് തികച്ചും പ്രാകൃതമായ ആരാധനയാണ്. എന്നാലും അവിടുത്തെ മൂപ്പന്റെ കൈതൊട്ടാൽ ഐശ്വര്യമുണ്ണെന്നത് നിഷേധിക്കാനാവാത്ത സത്യമാണ്. ഞാൻ ഓരോ പ്രാവശ്യം ഇലക്ഷന് നിൽക്കുമ്പോഴും മീനാക്ഷി അവിടെപ്പോയി പൂജനടത്തി പ്രാർത്ഥിക്കാറുണ്ട്. ഇന്നുവരെ ഒന്നിനും ഒരു കുറവും സംഭവിച്ചിട്ടില്ല. ഒരിക്കൽ വീട്ടിലേക്കു വന്നാൽ മതി.മറ്റുകാര്യങ്ങളെല്ലാം എനിക്കു വിട്ടുതന്നേക്ക്.

മീനാക്ഷി ആഴ്ചയിൽ നാലും അഞ്ചും പ്രാവശ്യം ദേവയാനിക്ക് ഫോൺ ചെയ്തു. അവൾക്ക് ഒന്നേ പറയുവാനുണ്ടായിരുന്നുള്ളൂ. അവരുടെ വീട്ടിലേക്ക് ഒന്നു വരുക. ഈ മാസമാണ് മാരുക്കടുമിലെ ഉത്സവം.

എത്രയോ ക്ഷേത്രങ്ങളിൽ കയറിയിറങ്ങി വഴിപാടുകളിൽ നടത്തി. എത്രയധികം ചികിത്സ നടത്തി. അവസാനമായി ചിത്രദുർഗ്ഗയിൽകൂടി പോകണമെന്ന ദേവയാനിയുടെ ആഗ്രഹത്തിനും നിർബന്ധിത്തിനും ശശിശങ്കർ വഴങ്ങുകയായിരുന്നു.

യാത്രാക്ഷീണം തിർക്കുവാനായി ചെന്നപ്പോൾത്തന്നെ ദേവൻ വീഞ്ഞ് വിളമ്പി. ശശിശങ്കർ അതിന്റെ രവി ആസ്വദിച്ച് കഴിച്ചുതൂങ്ങി. മീനാക്ഷി ദേവയാനിയെയും കൂട്ടി ഉൾമുറിയിലേക്കു നടന്നു. "കുട്ടികൾക്കിന്ന് സ്കൂളിൽ പോകുവാൻ വലിയ മടിയായിരുന്നു. ഒരാഴ്ച നിങ്ങൾ ഇവിടെത്തന്നെയുണ്ട് എന്നു പറഞ്ഞാ അവരെ പറഞ്ഞയച്ചത്."

"കുട്ടികൾക്ക് കൊടുക്കുവാൻ കൊണ്ടുവന്ന പലഹാരങ്ങൾ കാറിൽ തന്നെയാണല്ലോ, ചേട്ടൻ അമേരിക്കയിൽ നിന്നുകൊണ്ടുവന്ന ചിലകളിക്കോപ്പുകളുമുണ്ട്."

"അതിന്റെ ഒന്നും ആവശ്യമില്ലായിരുന്നു."

"എന്നാലും കുട്ടികൾക്ക് ഇതൊക്കെയല്ലേ ഒരു സന്തോഷം."

ദേവയാനിയെ കസേരയിലിരുത്തി. മീനാക്ഷി കൗതുകത്തോടെ പറഞ്ഞു. "ഏട്ടൻ ഒരാഴ്ചത്തേക്ക് എല്ലാ പരിപാടികളും ക്യാൻസൽ ചെയ്തിരിക്കുക യാണ്. അവരുടെ ആഘോഷങ്ങൾ അവിടെ തുടങ്ങിക്കഴിഞ്ഞു. ഇന്ന് രാത്രി നിങ്ങൾക്കായി ഈ ഗ്രാമക്കാരുടെ പ്രത്യേക നൃത്താവതരണമുണ്ട്"

"എന്തു നൃത്തം"

"ഇത് നമ്മുടെ കേരളം പോലെയൊന്നുമല്ല. ഒരു പ്രത്യേക സ്വഭാവമാണ് ഇവിടുത്തെ ആളുകളുടേത്. വീരാരാധന കൂടും. അതിഥികളോ പ്രത്യേക വിശേഷങ്ങളോ ഉണ്ടെങ്കിൽ അവരിവിടെ വന്ന് ആടിപ്പാടി ആഘോഷമാക്കും."

വൈദ്യുതി പ്രഭയിൽ തിളങ്ങിനില്ക്കുന്ന ദേവന്റെ ബംഗ്ലാവിനു മുന്നിലെ വിശാലമായ മുറ്റത്ത് ഗ്രാമത്തിലെ നൃത്തസംഘമെത്തി. ഗ്രാമമൂപ്പൻ മിഴവു കെട്ടി പ്രത്യേക താളത്തിൽ പാടിത്തുടങ്ങി. യുവതികൾ ഒരോരുത്തരായി ഗ്രാമമൂപ്പന്റെ മുന്നിൽ വന്ന് വണങ്ങിനിന്നു. മിഴാവുകൊട്ടിന്റെ താളത്തിന നുസരിച്ച് അവർ നാടോടിനൃത്തം ചവുട്ടി. അല്പം കഴിഞ്ഞപ്പോൾ അവർക്ക രുകിലേക്ക് നൃത്തം ചവുട്ടിക്കൊണ്ട് ഗ്രാമീണയുവാക്കള് കടന്നു വന്നു.

അവർ കൈകൾ കോർത്തുപിടിച്ചും കൈകൾ പരസ്പരം കൊട്ടിയും നൃത്തം തുടർന്നു.

അവർക്കൊപ്പം നൃത്തം ആസ്വദിക്കാൻ ദേവന്റെ ചില സുഹൃത്തുക്കളു മുണ്ടായിരുന്നു. അവർ കന്നടയും ഇംഗ്ലീഷും കലർത്തി ശശിശങ്കറിനോട് നൃത്തത്തെപ്പറ്റി വിശദീകരിച്ചു. ദേവയാനിക്ക് എല്ലാം പുതുമായായി തോന്നി.

ഗ്രാമമൂപ്പന് പരിചാരകരിലൊരാൾ വീഞ്ഞ് പകർന്നുകൊടുത്തു. തുടർന്ന് നൃത്തം ചവുട്ടുന്ന സ്ത്രീപുരുഷൻമാർക്കും.

മീനാക്ഷി ദേവയാനിയേയും കുട്ടികളെയും കൂട്ടി വീടിനുള്ളിലേക്കു നട ന്നു. "മുന്തിരി ഇവിടുത്തെ പ്രധാന കൃഷിയാണ്. അതുകൊണ്ടുതന്നെ വീഞ്ഞ് എല്ലാ ആഘോഷങ്ങളുടേയും മുഖമുദ്രയാണ്."

മൂത്തവൻ ദേവയാനിയോടു പറഞ്ഞു. "വീഞ്ഞൊക്കെ കുടിച്ചുകഴി ഞ്ഞുള്ള അച്ഛന്റെ നൃത്തം കാണാൻ നല്ല രസമാ. വയറൊക്കെ കുലുക്കി."

മീനാക്ഷി അവനെ ശാസിച്ചു. "മിണ്ടാതെ പോയി വല്ലതും പഠിക്കാൻ നോക്ക്. സ്കൂളിൽ നിന്ന വന്നതിൽ പിന്നെ പുസ്തകം കൈകൊണ്ട് എടു ത്തിട്ടുണ്ടോ നീ."

മീനാക്ഷി തുടർന്നു. "അവരെ നോക്കിയിരുന്നാൽ നമ്മളുടെ കാര്യങ്ങ ളൊന്നും നടക്കില്ല. ദേവയാനിക്ക് കിടക്കാറായെങ്കിൽ ഞാൻ ബംഗ്ലാവിലെ ത്തിക്കാം. നല്ല യാത്രാക്ഷീണം കാണുമല്ലോ. ചേട്ടന്റെ സുഹൃത്തുക്കളും മറ്റും കുടുംബമായി വരുമ്പോൾ താമസിക്കുവാൻ ഉണ്ടാക്കിയതാണ് ആ

ബംഗ്ലാവ്.''

വീട്ടിൽ നിന്നും അമ്പതടിമാത്രം ദൂരമുള്ള ബംഗ്ലാവിലേക്ക് അവർ നടന്നു. ഗ്രാമമൂപ്പന്റെ മിഴാവ്കൊട്ടിന്റേയും ആർപ്പുവിളിയുടേയും വേഗതകൂടി.

നടക്കുന്നതിനിടയിൽ മീനാക്ഷി ''ഇത് ആടിമാസമാണ്. പ്രകൃതി പൂത്ത് പുഷ്പ്പിക്കുന്ന കാലം. ഈ കാലത്ത് പ്രകൃതി മാത്രമല്ല മനുഷ്യനും പുഷ്പ്പിക്കുമെന്നാണ് ഇവിടുത്തുകാരുടെ വിശ്വാസം. അതുകൊണ്ടാവാം മാരിക്കടുമിയിലെ ആഘോഷങ്ങൾ ഈ മാസം നടത്തുന്നത്.''

അവർ ബംഗ്ലാവിലെത്തി. മീനാക്ഷി വാതിൽ തുറന്ന ദേവയാനിയെ അകത്തേക്ക് ആനയിച്ചു. രണ്ടാം നിലയിലെ മനോഹരമായ മുറിയാണ് അവർക്കായി ഒരുക്കിയിരിക്കുന്നത്.

''ആവശ്യങ്ങൾ വല്ലതുമുണ്ടെങ്കിൽ ഈ ഫോണിൽ വിളിച്ചാൽ മതി. എന്നാൽ ഞാനിറങ്ങുന്നു. അവിടെ കുട്ടികൾ തനിച്ചല്ലേയുള്ളൂ.''

മീനാക്ഷി പോയികഴിഞ്ഞപ്പോൾ ദേവയാനിക്ക് അസ്വസ്ഥകരമായ ഏകാന്തത അനുഭവപ്പെട്ടു. അവിടേക്ക് ഒഴുകിയെത്തികൊണ്ടിരുന്ന പാട്ടിന്റെയും ആർപ്പുവിളികളുടേയും ശബ്ദം അരോചകമായി. തുറന്നിട്ട ജാലകത്തിലൂടെ നോക്കിയപ്പോൾ അരണ്ടവെളിച്ചത്തിൽ നാല്ക്കാലികളുടെ താവളം കണ്ടു. അതിന്റെ മുന്നിൽ നിന്ന് വ്യായാമം ചെയ്യുന്ന ആരോഗ്യദൃഢഗാത്രനായ യുവാവ്. ദേവയാനി ജാലകത്തിലൂടെ അവന്റെ ചലനങ്ങൾ നോക്കിനിന്നു.

മുറിയിലേക്കു കയറിവരുന്ന ശശിശങ്കറിന്റെ ശബ്ദം കേട്ട് ദേവയാനി അവിടേക്കു ചെന്നു. ഒപ്പം ദേവനുമുണ്ട്. ദേവൻ പുഞ്ചിരി ഒതുക്കി പറഞ്ഞു. ''അല്പം കൂടിപ്പോയി.''

ശശിശങ്കർ കുഴഞ്ഞ ശബ്ദത്തിൽ ''ആരാ പറഞ്ഞത് കൂടിപ്പോയെന്ന്. ഇനിയും ഒരു രണ്ടുകുപ്പികൂടി കഴിക്കുവാനുള്ള സ്റ്റാമിനാ എനിക്കുണ്ട്.''

ദേവൻ ഗുഡ്നൈറ്റ് പറഞ്ഞ് തിരിഞ്ഞുനടന്നു.

ദേവയാനി ഭർത്താവിനെപിടിച്ച് കട്ടിലിൽ കിടത്തി. നടന്നുചെന്ന് വാതിൽ അടച്ച് തിരിച്ചുവരുമ്പോൾ ശശിശങ്കർ മയക്കിത്തിലാണ്ടുകഴിഞ്ഞു. ദേവയാനി ആലോചനയോടെ അല്പസമയം ഭർത്താവിനെ നോക്കിനിന്നു. പിന്നെ മെല്ലെ നടന്ന് ജാലകത്തിലൂടെ പുറത്തേക്ക് നോക്കിനിന്നു.

പ്രഭാത ഭക്ഷണം കഴിഞ്ഞ് മീനാക്ഷി ദേവയാനിയെയും കൂട്ടി തോട്ടത്തിലൂടെയും കൃഷിയിടത്തിലൂടെയുമെല്ലാം ചുറ്റിനടന്നു. പഴുത്ത് പാകമായി നില്ക്കുന്ന മുന്തിരിതോട്ടം. പുല്ല്മേടുകളിലൂടെ മേഞ്ഞുനടക്കുന്ന ആട്ടിൻകൂട്ടങ്ങൾ. തെല്ലകലെയായി അരുവിയിൽ നിന്നും വെള്ളം കുടിക്കുന്ന കാലിക്കൂട്ടം. അതിനടുത്തായി നിന്ന ഗോപാലകനെ ദേവയാനി തിരിച്ചറിഞ്ഞു. രാത്രിയിൽ കണ്ട യുവാവ്.

മീനാക്ഷി യുവാവിനെ ചൂണ്ടി. അത് വർണ്ണനാണ്. ഇവിടുത്തെ ഗോക്കളുടെയും അജഗണങ്ങളുടേയും കാവൽക്കാരൻ. അവർ നടന്ന് കാലിക്കൂടിനടുതെത്തി. അവിടെ ഒരു പ്രത്യേക കൂട്ടിൽ കെട്ടയിരിക്കുന്ന കാളകൂറ്റൻ. അതിനെ ഇരുവശത്തേക്കുമായി ബന്ധിച്ചിരിക്കുന്നു. കറുത്ത് ഉരുണ്ടിരിക്കന്ന് അതിന്റെ നെറ്റിയിലും പുറത്തും വെള്ളപാണ്ടുകളുമുണ്ട്.

മീനാക്ഷി പറഞ്ഞു. “ഇതാണ് നമ്മളുടെ മണികണ്ഠൻ. പോരുകാളയാണ്. ഇവിടെ നഗരത്തിൽ എല്ലാ വർഷവും ഗ്രാമങ്ങൾ തമ്മിലുള്ള മത്സരമുണ്ട്. കാളപ്പോര് അതിലെ ഏറ്റവും പ്രധാനമായ ഇനമാണ്. കഴിഞ്ഞ നാലു വർഷമായി മണികണ്ഠനെ തോല്പ്പിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.”

ആട്ടിൻ പറ്റത്തെയും അടിച്ചുകൊണ്ട് വർണ്ണൻ അവിടേക്കു വന്നു. കരുവീട്ടിയിൽ കടഞ്ഞെടുത്ത ശില്പം പോലെയുള്ള വർണ്ണന്റെ ശരീരസൗന്ദര്യം ദേവയാനി അടുത്തുകണ്ടു.

മീനാക്ഷി പറഞ്ഞു. നാളെ വൈകുന്നേരം മാരിക്കടുമിയിൽ പൂജനടത്തുവാനുള്ള എല്ലാ ഒരുക്കങ്ങളും തുടങ്ങിക്കഴിഞ്ഞു. ഈ കൂട്ടിത്തിലുള്ള ഏറ്റവും കരുത്തനായ മുട്ടാടിനെ ആയിരിക്കും അതിനായി തെരഞ്ഞെടുക്കുക.

ദേവനും മീനാക്ഷിയും ശശിശങ്കറും ദേവയാനിയും കാറിൽ കയറി, പൂജയ്ക്കായി ഒരുങ്ങിയിരിക്കുന്ന മാരിക്കടുമിയിലെ ദുർഗ്ഗക്ഷേത്രത്തിനു മുന്നിലെത്തി. വളരെമുമ്പെ അവിടെയെത്തി. ഹള്ളിജനം ആദരവോടെ വണങ്ങി വഴികൊടുത്ത് ഒതുങ്ങിനിന്നു. അവര നടന്നുചെന്ന് ദേവിക്ഷേത്രത്തിനു മുന്നിൽ തൊഴുതുനിന്നു.

നരച്ചതാടിയും മുടിയും നീട്ടി വളർത്തിയ പൂജാരി അവർക്കുമുന്നിലെത്തി. നെറ്റിത്തടത്തിലും ശരീരത്തിലും ചുമന്ന കുങ്കുമംകൊണ്ട് കുറിയിട്ട് കഴുത്തിൽ മൂന്നായി മടക്കിയ രുദ്രാക്ഷമാലയണിഞ്ഞ് ജ്വലിക്കുന്ന നോട്ടവുമായി നില്ക്കുന്ന പൂജാരി. അദ്ദേഹം ശ്രീകോവിലിലേക്കു കയറി. ദീപങ്ങൾ കൊളുത്തി, ദുർഗ്ഗയുടെ വിഗ്രഹത്തിൽ നിർമ്മാല്യം ചാർത്തി. മന്ത്രോച്ഛാരണത്തോടെ കർമ്മങ്ങൾ തുടങ്ങി.

വളരെ മുമ്പെ തന്നെ കാളവണ്ടിയിൽ ദുർഗ്ഗക്ഷേത്രത്തിലെത്തിയ വർണ്ണന്റെ കൈയ്യിൽ മെഴുത്ത ഒരു മുട്ടനാടുണ്ട്. ആളുകളെ കണ്ട് പരിഭ്രമിച്ചിട്ടോ വരുവാൻ പോകുന്ന വിധിയെപ്പറ്റി അറിഞ്ഞിട്ടോ എന്തോ അത് നിറുത്താതെ കരഞ്ഞുകൊണ്ടിരുന്നു.

ദേവയാനിയെ പ്രത്യേകമായി പീഠത്തിലിരുത്തി. വർണ്ണൻ അവിടേക്കുകൊണ്ടുവന്ന മുട്ടനാടിന്റെ കഴുത്തിൽ ഒരു ചരടു ജപിച്ച് പൂജാരികെട്ടി. ആളുകൾക്കിടയിൽ നിന്നും പ്രത്യേക ശബ്ദത്തിലുള്ള ആർപ്പുവിളികൾ ഉയർന്നു. മുട്ടനാടിനെ മൂന്നു പ്രാവശ്യം ശ്രീകോവിലിനു ചുറ്റും നടത്തിച്ചു. പിന്നെ ബലിപീഠത്തിൽ കിടത്തി. വർണ്ണനാണ് പരികർമ്മിയുടെ

സ്ഥാനത്തുനില്ക്കുന്നത്. പൂജാരി മന്ത്രോച്ചാരണങ്ങളോടെ വളയിട്ട കൈകൾകൊണ്ട് കൊടുവാൾ കൈയ്യിലെടുത്തു. കൊടുവാളുയർത്തി ദുർഗ്ഗാദേവിയോടു പ്രാർത്ഥിച്ചു. ബലിപീഠത്തിൽ കിടന്ന പ്രാണഭീതിയോടെ കരയുന്ന മുട്ടനാടിന്റെ കഴുത്തിനു മുകളിൽ കൊടുവാളുമായി പ്രാർത്ഥന യോടെ പൂജാരി നിന്നു. അടുത്തക്ഷണത്തിൽ ഒറ്റവെട്ട്.

പ്രാകൃതമായ ആചാരങ്ങൾ കാണുവാൻ കഴിയാതെ ദേവയാനി കണ്ണു കൾ അടച്ചു.

ബലിപീഠത്തിൽ ചിതറിക്കിടക്കുന്ന രക്തം വർണ്ണൻ ഒരു പാത്രത്തിലാക്കി പൂജരിയുടെ കൈയ്യിൽ കൊടുത്തു. പൂജാരിയത് വിഗ്രഹത്തിന്റെ ശിരസി ലൊഴിച്ചു. കറുത്ത ദേവിവിഗ്രഹത്തിലൂടെ താഴേക്ക് ഒഴുകിയ രക്തത്തിൽ ശശിശങ്കറിനെകൊണ്ട് പെരുവിരൽ മുക്കിച്ച് ദേവയാനിയുടെ നെറ്റിത്തട ത്തിൽ കുറിവരപ്പിച്ചു. തുടർന്ന ശശിശങ്കർ ദേവയാനിയുടെ കൈയ്ക്കു പിടിച്ച് ദേവിവിഗ്രഹത്തുനു ചുറ്റും മൂന്നുവട്ടം നടന്നു. ഈ സമയമെല്ലാം അവിടെ കൂടിയിരുന്നവർ ആർപ്പുവിളികൾ നടത്തിക്കൊണ്ടിരുന്നു. തുടർന്ന് അവർ ബലിപീഠത്തിനു ചുറ്റും ആനന്ദനൃത്തം ചവുട്ടി.

കാറിൽകയറി വീട്ടിലേക്ക് മടങ്ങുമ്പോൾ ദേവയാനി പറഞ്ഞു. "ഇത്രയും പ്രാകൃതവും ക്രൂരവുമാണ് ഈ ആചാരമെന്നെറിഞ്ഞിരുന്നെങ്കിൽ ഞാൻ വരില്ലായിരുന്നു" ദേവനാണ് അതിനുത്തരം പറഞ്ഞത്. "എത്ര പ്രാകൃതമാ ണെങ്കിലും ദേവയാനിക്ക് കുട്ടി ജനിക്കുമ്പോൾ ഇത് ഉത്തമമായ ആചാരം തന്നെയാവും." തെല്ല് കുസൃതിയോടെ ശശിശങ്കറിനെ നോക്കി. "നിങ്ങളിന്ന് നവവധുവരന്മാരെപ്പോലെ ആയിരിക്കണമെന്നാണ് പ്രമാണം."

ശശിശങ്കർ ചിരിച്ചുകൊണ്ട് "കുട്ടികളില്ലാത്ത ഞങ്ങൾക്ക് എന്നും മധു വിധുതന്നെയാ, ശല്യത്തിനും പരാതിയ്ക്കും ആരുമില്ലല്ലോ. പിന്നെ ഇന്നാ യിട്ടെന്താ പ്രത്യേകത."

രാത്രിയിൽ മനോഹരമായി അലങ്കരിച്ച മുറിയിലേക്ക് ദേവയാനിയെ കൈയ്ക്ക് പിടിച്ച് മീനാക്ഷി ആനയിച്ചു. അവിടെ മേശമേൽ ഗ്ലാസിലിരുന്ന പാല് കാണിച്ച് "ശശിശങ്കർ വരുമ്പോൾ അതു കൊടുക്കുവാൻ മറക്കരുത്."

"നിങ്ങളുടെയൊക്കെ ഒരുക്കങ്ങൾ കാണുമ്പോൾ എനിക്ക് ലജ്ജതോന്നു ന്നു."

"ഒരു നവവധുവിന് വേണ്ട ഗുണമാണ് ലജ്ജ. അത് ദേവയാനിക്ക് ഉണ്ടെ ന്നറിഞ്ഞപ്പോൾ സന്തോഷം തോന്നുന്നു. ഞാൻ വീട്ടിലേക്കു ചെന്ന് വേഗം തന്നെ ശശിശങ്കറിനെ ഇവിടേക്ക് വിടാം."

ശശിശങ്കറിനെയും പ്രതീക്ഷിച്ചിരുന്ന ദേവയാനി അന്തരീക്ഷത്തിലൂടെ ഒഴുകിയെത്തിയ ഓടക്കുഴൽ നാദത്തിനു കാതോർത്തു. അവൾ തുറന്നിട്ട ജാലകത്തിലൂടെ പുറത്തേക്കു നോക്കി. നിലാവിന്റെ പ്രഭയിൽ സ്വർണ്ണനിറ

ത്തിൽ തിളങ്ങുന്ന പ്രകൃതി. നാല്ക്കാലികൂടുകൾക്ക് മുമ്പിലായി കൂട്ടിയിട്ടിരിക്കുന്ന വൈക്കോൽകൂട്ടത്തിനു മുകളിൽകിടന്ന് ആകാശത്തിലേക്കു നോക്കി ഓടക്കുഴൽ വായിക്കുന്ന വർണ്ണൻ.

മുറിയിലേക്ക് അടുത്തുവരുന്ന പാദങ്ങളുടെ ശബ്ദം ശശിശങ്കറിന്റേതാണെന്ന് ദേവായാനി തിരിച്ചറിഞ്ഞു.

ദേവയാനി അടുത്തേക്കു ചെന്ന് തിരക്കി. “നിങ്ങൾ ഇന്നും കുടിച്ചു അല്ലെ?”

“ഇത്രയും നല്ല വീഞ്ഞ് ഈ ലോകത്തിൽ എവിടെയാണുകിട്ടുക. ഇതുപോലെ മനോഹരമായ നൃത്തം എവിടെയാണ് ആസ്വദിക്കാൻ കഴിയുക. നമ്മൾ സോളമൻ ചക്രവർത്തിയുടെ കൊട്ടാരത്തിലെ അതിഥികളല്ലെ. തിന്നു കുടിച്ച് ആനന്ദിക്കുവാൻ കിട്ടിയ അവസരം ഉപയോഗിക്കുക.”

“പൂജകഴിഞ്ഞുള്ള നിയമങ്ങൾ ഒന്നും നമ്മളായിട്ട് തെറ്റിക്കേണ്ട വരൂ.”

“എന്തു നിയമം. കഴിഞ്ഞ പതിനഞ്ചു വർഷമായി നമ്മൾ എത്രയോ വട്ടം ആവർത്തിച്ച പ്രകൃതി നിയമം. ഇനിയാ നിയ് കായ്ക്കുവാൻ പോകുന്നത്.” ശശിശങ്കർ പരിഹാസത്തോടെ ദേവായാനിയെ നോക്കി. “ചുമ്മാകിണുങ്ങാതെ മാറിനില്ക്ക് എനിക്കു വയ്യ.”

ദേവയാനി മേശമേലിരുന്ന പാലുമായി എത്തിയപ്പോഴേക്കും ശശിശങ്കർ കട്ടിലിലേക്ക് ചെരിഞ്ഞു. ദേവയാനി അങ്ങനെതന്നെ അല്പനേരം ആലോചനയോടെ നിന്നു. അവളുടെ മനസ്സിൽ രോഷത്തിന്റെ പെരുമ്പറകൾകൊട്ടി. സോളമൻ ചക്രവർത്തിയുടെ കൊട്ടാരത്തിലെ അതിഥികൾപോലും ഊറിയാവിന്റെ ഭാര്യ ബത്സാവിനെ പ്രാപിച്ച് ഗർഭം ധരിപ്പിച്ചവൻ. നിതീമാൻ, ധർമ്മഷ്ഠൻ! അവളുടെ ഉള്ളിൽ കാർമേഘങ്ങൾ പോലെ ഉരുണ്ടുകൂടി വന്ന പ്രതിഷേധത്തിനു തടയിടുവാനെന്നതുപോലെ ഉടുവസ്ത്രങ്ങൾ ഉരിഞ്ഞ് ശശിശങ്കറിന്റെ മുഖത്തേക്കിട്ടു. കോതിയൊതുക്കിയിട്ടിരിക്കുന്ന കാർകൂന്തലിൽ പിടിച്ചുലച്ചു.

ഞാനിപ്പോൾ ദേവയാനിയല്ല ദുർഗ്ഗയാണ്. സംഹാരതാണ്ഡവമാടുന്ന ദുർഗ്ഗ. ദാരികന്റെ കുടൽമാല കഴുത്തിലണിഞ്ഞ ദുർഗ്ഗ. മുറിയിലെ നീലക്കണ്ണാടിയുടെ മുന്നിൽ കണ്ണകൾ തുറിച്ച് പല്ലിളിച്ചുനിന്ന് അവൾ നൃത്തം ചവുട്ടി. മുറിയിലേക്ക് ഒഴുകിയെത്തിയ ഓടക്കുഴൽ നാദത്തിന് കാതോർത്തു.

വൈക്കോൽ പുറത്ത് പൂത്തുലഞ്ഞ മാനവും നോക്കി ഓടക്കുഴൽ വായിക്കുന്ന വർണ്ണന്റെ അടുത്ത് ദേവയാനിയെത്തി. ആജ്ഞകൾ അനുസരിക്കുവാനേ അവൻ പഠിച്ചിരുന്നുള്ളൂ.

പ്രഭാതത്തിൽ വർണ്ണന്റെ മരണവാർത്തയും അറിഞ്ഞുകൊണ്ടാണ് ദേവയാനി ഉണർന്നത്. മീനാക്ഷി മരണകാരണം വിശദീകരിച്ചു. രാത്രിയിൽ എങ്ങനെയോ കയർപൊട്ടിച്ച മണികണ്ഠന്റെ കുത്തേറ്റാണ് വർണ്ണൻ മരിച്ചത്.

വാർത്തകേട്ട ദേവയാനി തലകറങ്ങി നിലത്തുവീണു. അവളെ അവർക ട്ടിലിൽ കിടത്തി വെള്ളം തളിച്ച് വീശിയുണർത്തി.

നാട്ടിൽ തിരിച്ചെത്തി ചില ആഴചകൾക്കു ശേഷം ശശിശങ്കർ ചിത്രദുർഗ്ഗ യിലെ വിശേഷങ്ങൾ അടുത്ത സുഹൃത്തുക്കളോട് പറഞ്ഞു ചിരിച്ചു. ഒപ്പം

മണികണ്ഠൻ വർണ്ണനെ കുത്തിയ വാർത്തയും.

അതുകേട്ടുനിന്ന ദേവയാനി മോഹലസ്യപ്പെട്ട് നിലത്തു വീണു. അവർ ദേവയാനിയെ താങ്ങിപ്പിടിച്ചിരുത്തി പരിചരിച്ചു. അല്പസമയത്തിനുശേഷം മയക്കം വിട്ടുണരാത്ത ദേവയാനിയെ ഹോസ്പിറ്റലിലെത്തിച്ചു. ഡോക്ടർ വിശദമായ പരിശോധനകൾ നടത്തി.

ശശിശങ്കറിനെ മുറിയിലേക്കു വിളിച്ച് ഡോക്ടർ സന്തോഷവാർത്ത അറി യിച്ചു. “ഭാര്യ ഗർഭിണിയാണ്.”

ഒരു രഹസ്യം സൂക്ഷിപ്പുകാരിയെപ്പോലെ ദേവയാനി നിഗൂഢമായി ചിരി ച്ചു.

എന്തുപറയണമെന്നറിയാതെ പതറിനില്ക്കുന്ന ശശിശങ്കറിന്റെ കരങ്ങൾ കവർന്നുകൊണ്ട് ദേവയാനി പറഞ്ഞു. “ദുർഗ്ഗദേവി നമ്മളുടെ പ്രാർത്ഥന കേട്ടു. വന്ധിതയിൽ തളച്ചിടപ്പെട്ട നമ്മളുടെ ജീവിതത്തിന് പുത്തൻ അർത്ഥ മുണ്ടായി അല്ലെ?”

## സ്ത്രീശരീരം നിലവിളിക്കുന്നു.

പ്രസിദ്ധമോഡൽ അൽക്ക കുൽക്കർണി തന്റെ ചിത്രങ്ങൾ ടി.വി സ്ക്രീനിൽ തെളിയുന്നതുകണ്ട് ഡ്രേയിങ് റൂമിലെ പതുപതുത്ത സെറ്റിയിൽതെല്ല് ഉൾപുളകത്തോടെ ആലസമായി ചാരിക്കിടന്നു. ലീഡ്രിംങ്സ്കപ്പ് ക്രിക്കറ്റിൽ ഇടവേളകളിൽ നിറഞ്ഞുനില്ക്കുന്ന പരസ്യം ലീഡ്രിങ്സിന്റേതാണ്. ലീ ഡ്രിംങ്സിന്റെ വശ്യമായി പരസ്യത്തിൽ നിറഞ്ഞുനില്ക്കുന്നത് അൽക്കകുർണ്ണിയും. അങ്ങനെ ലീ ഡ്രീങ്സ് എന്നാൽ അൽക്ക കുൽക്കർണ്ണി എന്നായി മാറിയിരിക്കുന്നു.

പതിനായിരങ്ങൾ തന്റെ സുന്ദരശരീരം കണ്ട്, അതിന്റെ ചടുലമായ ചലനങ്ങൾ ആസ്വദിച്ച്, ആഗ്രഹഭാവമുള്ളിലൊതുക്കി ടി.വിയ്ക്കു മുന്നിൽ നില്ക്കുന്നതിനെപ്പറ്റി ഓർത്തപ്പോൾ, ചുണ്ടിൽ ഒരു മന്ദഹാസം വിടർന്നു. ചന്ദനത്തിൽ കടഞ്ഞെടുത്ത് തന്റെ ശരീരവടുവിൽ താരറാണികൾ വരെ ആസൂയപ്പെടുന്നുയെന്ന് മേഘംഭട്ട് പറഞ്ഞത് എങ്ങനെ മറക്കാൻ കഴിയും.

സ്ത്രീസൗന്ദര്യത്തിന്റെ സമസ്ഥഭാവമായി അതിന്റെ മനുഷ്യസാക്ഷാത്ക്കാരമായി പ്രസിദ്ധ ചിത്രകാരനായ വിനായക് ചോപ്രാ തന്നെ വിശേഷിപ്പിച്ചത് സഹപ്രവർത്തകരുടെ അസൂയയ്ക്ക് വിഷയമായതിലെന്താണത്ഭുതം. വിനായക് ചോപ്രായുടെ സ്ത്രീസങ്കല്പചിത്രങ്ങളിൽ താനൊരു മൗട്ടഫായി കടന്നുവരുന്നയെന്ന് നീരൂപകർ വിളിച്ചുപറയുന്നത് നിഷേധിക്കാനാവാത്ത സത്യമല്ലെ?

സെക്രട്ടറി ഹേമന്ദിനി ഛഷകത്തിൽ പകർന്നുകൊടുത്ത വീഞ്ഞ് ഷാബേയിൽ അല്പാലം സിപ്പ് ചെയ്തുകൊണ്ട് അൽക്കതിരക്കി. “ഇന്നത്തെ പ്രോഗ്രാമുകൾ.”

ഹേമന്ദിനി ചിരിച്ചു. “പതിനൊന്നുമണിക്ക് ഫെമിനിസ്റ്റ് വീക്കിലിയിലെ ഹേമന്തുമായി അഭിമുഖം. പന്ത്രണ്ടിന് ഫ്ളവർഗാർഡൻനിൽ ലയോസോപ്പിന്റെ പരസ്യഷൂട്ടിങ്ങ്. വൈകുന്നേരം അഞ്ചിന് ഹെൽത്ത് ക്ലബ്. രാത്രിഎട്ടിന് ഹോട്ടൽ ഗ്രാന്റ്ഡയിസിൽ സപ്പർ.”

അൽക്ക ഭിത്തിയിലെ ക്വാർട്ട്സ് ക്ലോക്കിലേക്കു നോക്കി. “പതിനൊന്നുമണിയായിട്ടും ജേർണലിസ്റ്റിനെ കാണുന്നില്ലല്ലോ?”

കോളിംങ് ബല്ല് ചിലച്ചു. ഹേമന്ദിനി അൽക്കയെ നോക്കി അനുവാദം വാങ്ങി വാതിലിന്റെ അടുത്തേക്കു നടന്നു.

ഹേമന്ദിനി തുറന്നുകൊടുത്ത വാതിലിലൂടെ ജേർണലിസ്റ്റ് ഹേമന്ത് അകത്തേക്കു പ്രവേശിച്ചു. സെറ്റിയിൽ അലസമായി ചാരിക്കിടക്കുന്ന അൽക്കയെ വിഷ്ചെയ്തു. അവൾക്കഭിമുഖമായ സെറ്റിയിലിരുന്നു. "അഭിമുഖം തുടങ്ങുന്നതിൽ മാഡത്തിന് വിരോദമില്ലല്ലോ."

അൽക്ക കൗതുകത്തോടെ "അൽക്ക എന്നുവിളിച്ചാൽ മതി. നമ്മൾക്കിടിയിലെന്തിനാണ് അനാവശ്യമായ അപരിചിതത്ത്വം."

ഹേമന്ദ് സെറ്റിയിലൊന്ന് ഇളകിയിരുന്നുകൊണ്ട് "മിസ്സ് അൽക്കായുടെ ബയോഡേറ്റ."

"അതൊക്കെ എത്രയേ അഭിമുഖങ്ങളിൽ വന്നുകഴിഞ്ഞതാണ്."

"എന്നാൽകൂടി സ്പെഷ്യലായിട്ട് എന്തെങ്കിലും"

"മിസ്റ്റർ ഹേമന്ത് എന്റെ ജീവിതം രഹസ്യമല്ല പരസ്യതന്നെയാണ്."

"മിസ്സ് അൽക്ക നല്ല ഫോമിലാണല്ലോ. പരസ്യചിത്രങ്ങളിൽ വേഷമിടുന്ന ഒരാളുടെ ജീവിതം പരസ്യമെന്നു പറഞ്ഞാൽ"

"പറയാപ്പുറങ്ങൾക്ക് കളറുകൾ നൽകി കഥകൾ ചമയ്ക്കാൻ നിങ്ങൾ ജേർണലിസ്റ്റുകൾ എന്നും മുമ്പിൽത്തന്നെയാണെന്നറിയാം. എന്റെയടുത്ത് അതുപോലെയുള്ള കുതന്ത്രങ്ങളൊന്നും വേണ്ട."

"മിസ്സ് അൽക്ക തെറ്റിധരിക്കരുത്. സമകാലികരായ പലമോഡലുകളും സിനിമയിലേക്ക് ചേക്കേറിയിട്ടും അവരെക്കാൾ സൗന്ദര്യവും അഭിനയ ചാരുതയുമുള്ള നിങ്ങൾ പരസ്യമേഖലയിൽത്തന്നെ തുടരുന്നത?"

"എവിടെ പ്രവർത്തിക്കുന്നു എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ളതല്ല, പ്രവർത്തിക്കുന്ന മേഖലയിൽ പ്രഥമസ്ഥാനത്ത് നിൽക്കുക എന്നുള്ളതാണ് ലക്ഷ്യം."

"അപ്പോൾ ഈ പരസ്യമേഖലയിൽ തന്നെ തുടരുവാനാണ് അൽക്കയ്ക്ക് താല്പര്യമല്ലെ?"

"ആവശ്യത്തിന് പണവും അതിലേറെ പ്രശസ്തിയുമുണ്ടെങ്കിൽ പിന്നെന്തിനാണ് രണ്ടാമതൊന്നിപ്പറ്റി ചിന്തിക്കുന്നത്."

"അപ്പോൾ മിസ്സ് അൽക്കയുടെ ജീവിതലക്ഷ്യം പണവും പ്രശസ്തിയുമാണല്ലേ?"

"അല്ല, ഇവിടുത്തെ പാവങ്ങളുടേയും കഷ്ടത അനുഭവിക്കുന്നവരു

ടേയും കണ്ണുനീർ ഒപ്പുന്നതിലും ഞാൻ എന്നും മുൻപന്തിയിൽതന്നെയാണ്. എന്റെ വരുമാനത്തിന്റെ നിശ്ചിത ശതമാനം ഞാനതിനായി മാറ്റിവച്ചിരിക്കുന്നു. അതുപോലെ മാസത്തിലൊരിക്കൽ മോഡൽഷോ നടത്തി കിട്ടുന്ന വരുമാനം മുഴുവൻ അവർക്കായി ദാനം ചെയ്യുന്നു. അടുത്ത മാസം സൗപർണികയിൽ ഞാൻ നടത്തുന്ന നൃത്ത വിരുന്ന് ഒരു വൃദ്ധഭവനത്തിന്റെ നിർമ്മാണത്തിനുവേണ്ടിയാണ്. എന്റെ യഥാർത്ഥ ലക്ഷ്യം ഈ ലോകത്തിന്റെ കണ്ണുനീർ ഒപ്പുക എന്നുള്ളതാണ്.''

''ജീവിതത്തിന്റെ ഗ്രാമർ മേഖലകളിൽ വിഹരിക്കുന്നവർക്ക്, പൊതുജനാഭിപ്രായം രൂപീകരിക്കുവാനുള്ള ഒരു വിനോദമാണ് ആതുരസേവനവും മറ്റ് ജനസമ്പർക്ക പരിപാടികളുമെന്ന ആക്ഷേപമുണ്ടല്ലോ?''

അൽക്ക ക്ഷോഭത്തോടെ ''വിവരമില്ലാത്തവർ അങ്ങനെ പല പ്രസ്താവനകളും നടത്തും. അഭിപ്രായങ്ങൾ പറഞ്ഞ് ആളുചമയുന്നവർ ഈ സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ?''

സെക്രട്ടറി ഹേമന്ദിനി അൽക്കയുടെ കാലിയായ ഛഷകത്തിലേക്ക് വീഞ്ഞു പകർന്നു. മറ്റൊരു ചഷകത്തിൽ കൊണ്ടുവന്ന വീഞ്ഞ് ഹേമന്തിനി നേരെ നീട്ടി.

ഹേമന്ത് അത് സ്നഹപൂർവ്വം നിരസിച്ചു.

അൽക്ക തെല്ല് നിർബന്ധത്തോടെ ''ഇത് മദ്യമല്ല. വീഞ്ഞാണ്. ശരീരത്തിന്റെ ആയാസത്തിനും ബുദ്ധിയുടെ ഉണർവ്വിനും പറ്റിയ ഇത്രയും നല് പാനീയം മറ്റ് എന്താണുള്ളത്.'' അൽക്കയുടെ സന്തോഷം അതാണ് അഭിമുഖത്തിന്റെ വിജയം എന്നറിയാവുന്ന ഹേമന്ത് അല്പം വീഞ്ഞ് കുടിച്ചു.

അൽക്ക ചിരിച്ചുകൊണ്ട്. ''ഇതാണ് ജാഡ എന്നു പറയുന്നത്. ഞാൻ ഇത്രയും നിർബന്ധിക്കേണ്ട കാര്യമുണ്ടായിരുന്നോ ഇതു കുടിക്കാൻ.''

ഹേമന്ത് അനുനയത്തിൽ ചോദ്യങ്ങൾ തുടർന്നു. ''നിങ്ങളുടെ സൗന്ദര്യത്തിന്റെ രഹസ്യം വീഞ്ഞാണെന്ന് പറഞ്ഞാൽ നിഷേധിക്കുമോ?''

അൽക്ക ഹേമന്തിനെ രൂക്ഷമായൊന്നു നോക്കി. ''നിങ്ങൾ പത്രക്കാരുടെ ചെറിയചെറിയ ബുദ്ധികളൊക്കെ എനിക്കും മനസ്സിലാകും. ഞാൻ പരസ്യമായി മദ്യപിക്കും, വെഭിചരിക്കും, അങ്ങനെയങ്ങ് എഴുതിവിട്ടാൽ നിങ്ങളുടെ വീക്കിലിയുടെ കോപ്പികൾ ഏറെ ചിലവാകുമല്ലോ?''

ഹേമന്ത് അനുനയത്തിൽ ''മിസ്സ് അൽക്കായ്ക്ക് താല്പര്യമില്ലാത്തതൊന്നും എഴുതത്തില്ല.''

ഹേമന്തിനി അവിടേക്കു വന്നു. ''സമയം പന്ത്രണ്ട് കഴിഞ്ഞു. സ്റ്റുഡിയോവിലേക്കു പോകാനുള്ള സമയം അതിക്രമിച്ചു.''

“എന്താണ് കൃത്യസമയത്ത് അറിയിക്കാതിരുന്നത്. താമസിച്ചാൽ ഞാന് കാരണം എത്രപേരുടെ തൊഴിലാണ് മുടങ്ങുന്നതെന്നറിയാമോ?”

വണ്ടി എടുക്കാൻ ഡ്രൈവറോട് പറയ്.

“എല്ലാം റെഡിയായി മാഡം.”

അൽക്ക ഹേമന്തിനോടായി. “നമ്മൾക്ക് കാറിലിരുന്ന് സംസാരിക്കാം. എല്ലെങ്കിൽ സ്റ്റുഡിയോയിൽ വച്ചുമാവാം.”

അൽക്ക കാറിന്റെ അടുത്തേക്ക് നടന്നു. പിന്നാലെ ഹേമന്തും.

ഹേമന്ത് പറഞ്ഞു. “എനിക്ക് അല്പം തിരക്കുണ്ടായിരുന്നു. ഭാര്യ പ്രസവത്തിനായി ഹോസ്പിറ്റലിലാണ്. ഇന്നാണ് ഡെലിവറിയുടെ ഡയിറ്റ്. സിസേറിയനാണെങ്കിൽ എന്റെ തന്നെ രക്തം വേണ്ടിവരും. അൽക്ക ഒന്നു സഹകരിച്ചാൽ”

“കാറിലേക്കു കയറൂ. നമ്മൾക്ക് സ്റ്റുഡിയോയിലെത്തുമ്പോൾ എല്ലാം അവസാനിപ്പിക്കാം.”

ഹേനന്തിനി പെട്ടികൾ ഡിക്കിയിൽ വച്ചു. അവൾതുറന്നുകൊടുത്ത വാതിലിലൂടെ അൽക്ക പിൻസീറ്റിലേക്കു കയറി. പിന്നാലെ ഹേമന്തും. ഹേമന്തിനി മുൻസീറ്റിൽ സ്ഥാനം പിടിച്ചു. കാറ് സ്റ്റുഡിയോ ലക്ഷ്യമാക്കി യാത്രതുടർന്നു.

ഹേമന്ത് തുടർന്നു “നിങ്ങളിപ്പോൾ പോസു ചെയ്യുന്നതും അഭിനയിക്കുന്നതുമായ പരസ്യങ്ങളെപ്പറ്റി”

അൽക്ക ഒരു സിഗരറ്റെടുത്ത് തീകൊളുത്തി. മറ്റൊന്ന് ഹേമന്തിനും നീട്ടി. ഹേമന്ത് നിഷേധിച്ചപ്പോൾ അത് പിൻവലിച്ചു.

“പുകവലി ആരോഗ്യത്തിന് ഹാനികരമാണെന്ന് പലരും കൊട്ടിഘോഷിക്കുന്നുണ്ട്. അത് സർക്കാരിന് നേടിക്കൊടുക്കുന്ന കനത്ത ടാക്സിനെപ്പററ്റി ആരെങ്കിലും ചിന്തിക്കാറുണ്ടോ. വായിലെ കീടാണുക്കളെ അകറ്റാനും പുതുശ്വാസത്തിനും പുകവലി ഉത്തമമാണ്. അതുകൊണ്ടെല്ലാമാണ് ഞാൻ ‘വോൾഗാ’ സിഗറിന് പോസു ചെയ്തത്.”

“നിങ്ങൾ അല്പമാത്ര വസ്ത്രങ്ങൾ ധരിച്ച് വശ്യമായ രീതിയിൽ ആടിപ്പാടി തകർക്കുന്നത് ടി.വിയിലൂടെ കാണുന്ന യുവതലമുറയേപ്പറ്റി ചിന്തിക്കാറുണ്ടോ?”

“തീർച്ചയായിട്ടുമുണ്ട്.ഞാൻ കാരണം അവരെ വഴിതെറ്റിക്കുമെന്നായിരിക്കും നിങ്ങളുടെ പരാതി അല്ലേ? സൗന്ദര്യശാസ്ത്രപരമായി അവരുടെ മനസ്സിനെ വളർത്തുന്ന വലിയൊരു ദൗത്യമാണ് ഞാനേറ്റെടുത്തിരിക്കുന്നത്.”

“മിസ്സ് അൽക്ക നടത്തുന്ന ആതുരസേവനങ്ങളെപ്പറ്റി?”

"ഞാൻ ജീവിതത്തിൽ അധികം കഷ്ടതകൾ അനുഭവിച്ചിട്ടില്ല. എങ്കിലും അതനുഭവിക്കുന്നവരുടെ ഹൃദയവേദനയുടെ ആഴം മനസ്സിലാക്കുവാൻ എനിക്കു കഴിയുന്നു. ചലചിത്രങ്ങളിൽ, ടി.വി സീരീയലുകളിൽ, ഫീച്ചറുകളിൽ, കഥകളിൽ എല്ലാം വരുന്ന മനുഷ്യദുഖങ്ങളെപ്പറ്റി ഞാൻ അറിയാറുണ്ട്. ഈ കഥകൾ തന്നെയാണല്ലോ ജീവിതവും. അതിന്റെ പരിഹാരത്തിനായി എന്നാലാകുന്ന വിധത്തിൽ പ്രവർത്തിക്കുന്നു."

കാർ സ്റ്റുഡിയോയിലെത്തി.

അവിടെ അൽക്കയെയും പ്രതീക്ഷിച്ചു നില്ക്കന്ന ഒരു സംഘം. കാറിൽ നിന്നുമിറങ്ങിയ അൽക്കയെ പുഷ്മമാലയിട്ട് സ്വീകരിച്ചു. ബൊക്ക നല്കി മുമ്പോട്ട് ആനയിച്ചു.

അവരിലൊരാൾ പറഞ്ഞു. "എല്ലാം റെഡിയായി, മാഡം ഒന്ന് ഒരുങ്ങി വന്നാൽ മതി."

അൽക്ക നിറഞ്ഞപുഞ്ചിരിയോടെ ആരാധകരെ കൈ ഉയർത്തി അഭിവാദ്യം ചെയ്ത് മുന്നോട്ടു നടന്നു.

ഹേമന്ത് എന്തു ചെയ്യണമെന്നറിയാതെ കാറിന്റെ അടുത്തുതന്നെ നിന്നു. ഭാര്യയെപ്പറ്റി ഓർത്തപ്പോൾ മനസ്സിൽ ആധിയേറി. ഇന്റർവ്യൂ വിജയിച്ചില്ലെങ്കിൽ ക്ഷോഭിക്കുന്ന ചീഫിന്റെ മുഖം മനസ്സിലൊരു അഗ്നികണ്ഡംപോലെ തെളിഞ്ഞു.

ഏറെനേരത്തിനു ശേഷം ഹേമന്ത് അൽക്കയെ അന്വേഷിച്ചു. അവസാനം ഡ്രസിങ് റൂമിൽ കണ്ടെത്തി. അവിടെ മേക്കപ്മാൻമാർ അൽക്കയെ ഒരുക്കുകയാണ്. നാമമാത്രമായ വസ്ത്രങ്ങൾ മാത്രം ധരിച്ച് മേക്കപ്മാൻമാർക്കിടയിലിരിക്കുന്ന അൽക്കയെകണ്ടപ്പോൾ ഹേമന്തിൽ ജാള്യത നിറഞ്ഞു.

"സോറി ഹേമന്ത്.ഞാൻ അല്പം തിരക്കിലായിരുന്നു."

"ഭാര്യ ഹോസ്പ്പിറ്റലിലാണ്. എന്നെ ഒന്നു സഹായിച്ചിരിന്നെങ്കിൽ."

"മിസ്റ്റർ ഹേമന്ത്, നിങ്ങളുടെ തിരക്കുകൾ എല്ലാം കഴിഞ്ഞ് വന്നാൽമതി. എനിക്ക് അല്പംപോലും തിരക്കില്ല. പ്രസവിക്കുന്ന സ്ത്രീകളോട് എനിക്ക് ഒരു മതിപ്പുമില്ല. നമ്മളുടെ രാജ്യത്ത് ആവശ്യത്തിലേറെ ജനസംഖ്യയില്ലെ? നല്ല വില കിട്ടകയാണെങ്കിൽ എന്റെ ഗർഭപാത്രം കൊടുക്കുവാനുണ്ട്. ഒരു പ്രസിദ്ധമോഡലിന്റെ ഗർഭപാത്രമാകുമ്പോൾ അതിന് ആ വിലതന്നെ കിട്ടണം."

ഹേമന്ത് എന്തുപറയണമെന്നറിയാതെ കുഴങ്ങിനിന്നു. അവിടേക്കു സുമുഖനായ ഒരു യുവാവ് കടന്നുവന്നു. അൽക്ക അയാളെ നോക്കി വശ്യമായൊന്നു പുഞ്ചിരിച്ചു. അയാൾ നീട്ടിയ ആട്ടോഗ്രാഫിൽ ഒപ്പിട്ട് തിരിച്ചുകൊടുത്തു. അയാൾ അൽക്കയുടെ അർദ്ധനഗ്നമായ ശരീരത്തിൽ തെല്ല് ആർത്തിയോടെ നോക്കിനിന്നു. അൽക്കകൂടുതൽ ഗൗനിക്കുന്നില്ല എന്ന് മനസ്സിലാ

ക്കിയപ്പോൾ അയാൾ യാത്രപറഞ്ഞ് തിരിഞ്ഞു നടന്നു.

അൽക്ക കൗതുകമൊതുക്കി പറഞ്ഞു. "ഹേമന്ത് ഇപ്പോൾ ആട്ടോഗ്രാഫിന് വന്നത് ആരെന്ന് അറിയുമോ? ഒരു ഐ.എ എസ്സുകാരനാ, എന്റ ആരാധ കൻ."

സംസാരിച്ചിരിക്കുന്ന അൽക്കയ്ക്ക് അടുത്തേക്ക് പരസ്യചിത്രത്തിന്റെ സംവിധായകനും നിർമ്മാതാവുമെത്തി. അവരെകണ്ടപ്പോൾ ലജ്ജയോടെ ഒരു ടർക്കിയെടുത്ത് ആൽക്ക മാറ് മറച്ചു.

സിംമ്മിങ് ഡ്രസ് ധരിക്കുന്നതിനെപ്പറ്റിയും അഭിനയിക്കുമ്പോൾ സ്വികരി ക്കേണ്ട ചില പ്രത്യേക ഭാവങ്ങളെപ്പറ്റിയും സംവിധായകൻ സംസാരിച്ചു. നിർമ്മാതാവും ചില അഭിപ്രായങ്ങൾ നിരത്തി.

അവർ പോയിക്കഴിഞ്ഞപ്പോൾ അൽക്കമാറിൽ നിന്നും ടർക്കിയെടുത്തു മാറ്റി.

അപ്പോൾ ഹേമന്ത് ഓർത്തുപോയി ഗളിവർ ലില്ലിപ്പുട്ടിൽ എത്തിയതിനെ പ്പറ്റി. അവിടുത്തെ സ്ത്രീകൾ നഗ്നമായ മാറിടത്തിൽ ഗള്ളവറെയിരുത്തി ലാളിച്ചത്. അപ്പോൾ ഗള്ളിവർ അനുഭവിച്ച അസ്വസ്ഥത.

അൽക്ക ഒരുക്കങ്ങൾ പൂർത്തിയാക്കി. സെക്രട്ടറി പകർന്നുകൊടുത്ത വീഞ്ഞ് അല്പം കൂടി പാനം ചെയ്തു.

സഹസംവിധായകൻ അവിടേക്കു വന്ന് അൽക്കയെ ക്ഷണിച്ചു. അവൾ വലിയ നീലകണ്ണാടിയിൽ സ്വന്തം സൗന്ദര്യം ഒരു പ്രാവശ്യം കൂടി ആസ്വ ദിച്ച് പുറത്തേക്കു നടന്നു.

ഹേമന്ത് അസ്വസ്ഥതയോടെ പലവട്ടം വാച്ചിൽ നോക്കി. ഭാര്യയുടെ മുഖം മനസ്സിൽ പ്രതിമപോലെ തെളിഞ്ഞുനിന്നു. അതിൽ വിയർപ്പുകൾ പൊടി യുന്നു. മെല്ലെ അതിന്റെ നിറം രക്തവർണ്ണം പൂണ്ടു.

പുറത്തുനിന്നും ആവർത്തിക്കുന്ന പാട്ടിന്റയും ആർപ്പുവിളികളുടേയും ശബ്ദം. പുറത്തേക്കിറങ്ങി നോക്കിയപ്പോൾ ആയിരങ്ങൾക്കുമുന്നിൽ നിന്ന് ലയാസോപ്പ് തേച്ച് സ്നാനം നടത്തുന്ന അൽക്ക. അത് വീണ്ടും വീണ്ടും അവർ ആവർത്തിക്കുകയാണ്. നീന്തൽക്കുളത്തിൽ അർദ്ധനഗ്നയായി നീന്തി ത്തുടിക്കുന്ന അൽക്കയുടെ സുന്ദരശരീരത്തിൽ മുട്ടിയുരുമി ഡോൾഫിൻ. ലയാസോപ്പ് തേച്ച് നീന്തൽകുളത്തിലേക്ക് ഡൈവ് ചെയ്യുന്ന പുരുഷ മോഡൽ. അയാൾ ഡോൾഫിനെ തള്ളിമാറ്റി ചിന്നച്ചിതറുന്ന ജലകണ ങ്ങൾക്കും പതകൾക്കുമിടയിൽ വച്ച് അൽക്കയെ പുണരുന്നു. അവർ ജലാ ന്തർഭാഗത്തിലേക്ക് ഊളിയിടുന്നു. ജലപ്പരപ്പിലേക്ക് ഉയർന്നുപൊങ്ങി ഉടയുന്ന നീർകുമിളകൾ. ഈ രംഗം ആവർത്തിച്ച് ക്യാമറയിലേക്ക് പകർത്തുകയാ ണ്. ഇരുട്ടിനെ ഇലക്ട്രിക്ബൾബുകൊണ്ട് തടഞ്ഞും ഷൂട്ടിങ് തുടർന്നുകൊ ണ്ടിരിന്നു.

സയയം രാത്രി പതിനൊന്നു മുപ്പത്. അൽക്ക മുറിയിലേക്കു വന്നു, ഹേമന്തിനെ പരമപുച്ഛത്തോടെ ഒന്നു നോക്കി. സെക്രട്ടറി ഹേമന്തിനി പകർന്നു കൊടുത്ത മദ്യം ഒറ്റവലിക്ക് അകത്താക്കി. നാമമാത്രമായ വസ്ത്രങ്ങൾ കൂടി ഊരിയെറിഞ്ഞ് സർപ്പം തുള്ളലിന്റെ ശബ്ദത്തിൽ പറഞ്ഞു. "എവിടെ എവിടെയാണൊരു മനുഷ്യപ്രജ എനിക്ക് ആടണം ഇളകിയാടണം."

വാച്ച്മാൻ അവിടേക്കു വന്ന് ഹേമന്തിനോട് പറഞ്ഞു. "സ്റ്റുഡിയോ പൂട്ടുവാൻ സമയമായി. നിങ്ങൾ ഇവിടെ നിന്നും ഇറങ്ങിത്തരണം."

"ഞാൻ ആൽക്കയോടൊപ്പം വന്നതാണ്. അവരോടൊപ്പം."

വാച്ച്മാൻ പരിഹാസത്തോടെ ചിരിച്ചു. "അവർതന്നെയാണ് നിങ്ങളെ പുറത്താക്കണമെന്നാവശ്യപ്പെട്ടത്."

ഹേമന്ത് സ്റ്റുഡിയോയുടെ കാരിരുമ്പുഗേറ്റു കടന്ന് പുറത്തേക്കിറങ്ങി. ഹേന്തിനു പിന്നിൽ ആ ഗെയിറ്റ് ഒരു രോധനത്തോടെ അടഞ്ഞു. ചുറ്റും കൂരിരുട്ട് റോഡും പരിസരവും തിരിച്ചറിയുവാൻ കഴിയുന്നില്ല. ഭാര്യയുടെ പ്രസവത്തെപ്പറ്റി ഓർത്തു. രക്തം കിട്ടാതെ അവൾ കഷ്ടപ്പെട്ടിരിക്കുമോ? മറ്റ് അരുതായ്കകൾ എന്തെങ്കിലും. ഒപ്പം തന്നെ ചീഫ് എഡിറ്ററുടെ മുഖം വീണ്ടും മനസ്സിൽ തെളിഞ്ഞു. തണുത്ത കാറ്റ് വീശിയടിച്ചുകൊണ്ടിരുന്നു. എന്നിട്ടും തണുക്കാത്ത ശരീരവുമായി അല്പം പ്രകാശവും പ്രതീക്ഷിച്ച് ഹേമന്ത് അങ്ങനെതന്നെ നിശ്ചലം നിന്നു. വിദൂരതയിൽ നിന്നും ഓരിയിടുന്ന നായ്ക്കളുടെ ശബ്ദം. അതിന് പ്രതിധ്വനിയായി സ്റ്റുഡിയോയിൽ നിന്നും ഉയരുന്ന മനുഷ്യരോധനങ്ങൾ.

## ഈശ്വരന്റെ ശബ്ദം.

പുസ്തകങ്ങൾ താങ്ങി തളർന്ന കരങ്ങൾക്കും കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും സ്ക്രീനുകളിൽ തെളിഞ്ഞു വരുന്ന അറിവുകൾ നോക്കി തളർന്ന മിഴികൾക്കും, സൗഹൃദങ്ങൾ പങ്കുവയ്ക്കാനായി വാക്കുകൾ പറഞ്ഞു തീർത്ത അധരങ്ങൾക്കും ഒരു ദിവസത്തെ യാത്രയിൽ ഓടിത്തളർന്ന കാലുകൾക്കും നാഗരികമാലിന്യങ്ങൾ ശ്വസിച്ചുതളർന്ന ശരീരത്തിനും സായാഹ്നത്തിനുമപ്പുറം പ്രവർത്തിക്കണമെങ്കിൽ ഉണർവ്വിന്റെ ഇന്ധനങ്ങൾ ലഭിച്ചേ മതിയാകൂ. ഇത് നഗരത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ഓരോ വ്യക്തിയും ഹൃദിസ്ഥമാക്കിയ അറിവിന്റെ ആദ്യപാഠങ്ങളാണ്.

ജനാലയുടെ കർട്ടൻ വകഞ്ഞുമാറ്റി ഒരു സായാഹ്നത്തിന്റെ ആലസ്യത്തിന് തടയിടുകയാണ് സക്കറിയ. വേശ്യകളെ പ്രാപിക്കുന്നത് അരുതായ്കയാണെങ്കിലും അവരെ കാണുന്നത് സർവ്വൈശ്വരമെന്നാണല്ലോ പഴമക്കാർ പറയുന്നത്. അനേകായിരം വേശ്യകൾ അന്തിയുറങ്ങുന്ന മറീനയ്ക്കുമുണ്ട് ആ ഐശ്വര്യം. ഇത് കാലാകാലങ്ങളായി യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കിടയിൽ പ്രചരിച്ചുപോരുന്ന അലിഖിതമായൊരു മിത്താണ്.

തെറ്റുപറയാൻ വയ്യാത്ത ഒരുപാടുതെളിവുകൾ അവർക്കുമുന്നിലുണ്ട്. മുൻമുറക്കാരായി അവിടെ താമസിച്ച് കടന്നുപോയവരിൽ പലരും സമൂഹത്തിന്റെ ഉന്നതശ്രേണിയിൽത്തന്നെ സ്ഥാനം പിടിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ മറീനയ്ക്ക് അഭിമുഖമായിരിക്കുന്ന ഹോസ്റ്റലിലെ വിദ്യർത്ഥികൾ മറീനയെ കാണുന്നത് കാമതുല്യമായ അനുരാഗത്തോടെയാണ്.

തുറന്നിട്ട ജാലകത്തിലൂടെ മറീനയെ അങ്ങനെയങ്ങ് നോക്കിയിരിക്കുമ്പോൾ കടൽസ്പർശമേറ്റ് കടന്നുവരുന്ന ഉപ്പുചവർപ്പുള്ള കാറ്റ് മനസ്സുകുളിർപ്പിക്കും. ഇത് തെളിയിക്കപ്പെട്ട പരീക്ഷണമല്ല ഓരോ ദിവസവും അനുഭവിച്ചറിഞ്ഞ സത്യമാണ്.

സക്കറിയ മനസ്സിലെ കാല്പനികതയ്ക്ക് ഛായം കൊടുത്തുകൊണ്ട് മറീനയെയും നോക്കി അങ്ങനെയിരുന്നു. ബീച്ചിലൂടെ കടല വില്ക്കുവാൻ മത്സരിച്ച് ഓടി നടക്കുന്ന കുട്ടികൾ. മുല്ലപ്പൂമാലയുമായി ഓരോരുത്തരുടേയും അടുത്തുകൂടിച്ചെന്ന് വേണമോ? എന്ന് തിരക്കുന്ന സ്ത്രീകൾ. ഒരു ദിവസത്തെ ക്ലേശങ്ങൾ മുഴുവനും അവസാനിപ്പിച്ചതിന്റെ ആശ്വാസവുമായി

മണൽപ്പരപ്പിലിരുന്ന് കടലിനോടു സൗഹൃദം പങ്കുവയ്ക്കുന്നവർ. മറ്റൊരു വശത്ത് വികാരങ്ങൾ ഏറ്റുവാങ്ങി അല്പ സമ്പാദ്യമുണ്ടാക്കണമെന്നു കരുതി പുത്തൻ അതിഥിയെയും കാത്തിരിക്കുന്ന സ്ത്രീപുരുഷന്മാർ. ബീച്ചിലെ ഈ തിരക്കുകൾക്കിടയിൽ പ്രണയിക്കുവാനും തൊട്ടും തടവിയുമിരുന്ന് യുവത്വത്തിന്റെ പ്രസരിപ്പുകൾ പങ്കുവയ്ക്കുവാനും വെമ്പുന്ന കമിതാക്കൾ

മെല്ലെചാറിത്തുടങ്ങിയ മഴ അവർക്കുമേൽ കുളിർമ്മയുടെ പുത്തൻ ഉന്മേഷമായി. ചിലരൊക്കെ തലയ്ക്കു മുകളിൽ കൈകൾ നിവർത്തിപ്പിടിച്ച് റോഡിലേക്ക് ഓടി. മറ്റുചിലർ അത് ആസ്വദിച്ച് അവിടെത്തന്നെ ചുറ്റിനടന്നു. കടൽ ഉത്സാഹതിമിർപ്പിന്റെ നവനവങ്ങളായ അലകളടിച്ചുകൊണ്ടിരിക്കുന്നു.

ചാറിയടങ്ങിയ മഴ നഗരത്തെ കൂടുതൽ വൃത്തികേടാക്കി. ഒപ്പം തിരക്കുള്ളതും. വൃത്തികേടുകളിൽ സൗന്ദര്യവും സ്വത്വവും കണ്ടെത്തുന്ന മനുഷ്യന് എരിപൊരി ചൂടിന്റെ നീറ്റലിൽനിന്നുള്ള ആശ്വാസവും ആത്മസാക്ഷാത്ക്കാരവുമായി ആ സായാഹ്നം.

സക്കറിയുടെ മുറിയിലേക്ക് സുഹൃത്തായ ജയദേവ് കടന്നുവന്നു. ചാറ്റൽമഴ ആ നഗരത്തിനുമേൽ സൃഷ്ടിച്ച ഉത്സാഹത്തിന്റെ അലകൾ ജയദേവന്റെ മുഖത്തും ദർശിക്കുവാൻ കഴിയും. അവർ അടുത്തിരുന്ന് സംസാരിച്ചുതുടങ്ങി.

പഠനകാര്യങ്ങളിൽ തുടങ്ങിയ ചർച്ച കാമ്പസ്സൗഹൃദങ്ങളിൽനിന്നും ദൂഷണങ്ങളിൽ നിന്നുമെല്ലാം അകന്ന് സ്വന്തം വ്യക്തിത്വത്തിനു മുന്നിലെത്തിനിന്നു. എല്ലാവരും സ്വയം ദാർശനികരും നന്മനിറഞ്ഞവരുമാകുന്ന നിമിഷങ്ങൾ. ലോകത്തിലുള്ള സർവ്വചരാചരങ്ങളെപ്പറ്റിയും തനിക്കുള്ള അറിവും ധാരണയും മറ്റുള്ളവരുടെ മുന്നിൽ സർവ്വജ്ഞാനിയെപ്പോലെ വിളമ്പി അഭിമാനിക്കുന്ന നിമിഷങ്ങൾ. ചിലപ്പോൾ ധിക്കാരിയും നിഷേധിയുമാകുന്ന നിമിഷങ്ങളിൽ, സത്യത്തെ പിളർത്തി അതിനുള്ളിലെ ശൂന്യത മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നു.

എപ്പഴോ ജയദേവന്റെ കൈകൾ സക്കറിയായുടെ തുടകളിൽ അമർന്നു. സക്കറിയ അതിൽ പ്രത്യേകിച്ച് എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. മെല്ലെ അതൊരു വികാരപ്രകടനത്തിലേക്കു മാറുന്നതായി സക്കറിയായ്ക്കു മനസ്സിലായി. സുഹൃത്തിന്റെ കണ്ണുകളിൽ പതിവില്ലാത്തൊരാളൽ. സക്കറിയ കയ്യ് എടുത്തുമാറ്റുവാൻ തുടങ്ങിയതിനെ എതിർത്തുകൊണ്ട് ജയദേവ് ഇത് ലോകത്തിന്റെ നീതിയല്ലേ.

സക്കറിയായ്ക്ക് എല്ലാം വ്യക്തമായി. മനസ്സ് പിടഞ്ഞു. അവിടെനിന്നും ഒരിരമ്പൽ...പാവം.

വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന് ഏദനിൽ നിന്നും ആട്ടിയിറക്കപ്പെട്ടു ആദത്തിന്റെ ദീനമുഖം.

ഒറ്റുകാരനായ യൂദായ്ക്ക് വീഞ്ഞിൽമുക്കിയ അപ്പം നൽകിയ മനുഷ്യപു

ത്രന്റെ പുഞ്ചിരിക്കുന്ന മുഖം. പാപികൾക്കായി കുരിശിലേറിയ യേശുവിന്റെ കരുണാർദ്രമായമുഖം.

സക്കറിയ ഇരിപ്പിടത്തിൽ നിന്നും പിടഞ്ഞെഴുന്നേറ്റ്കൊണ്ട് അലറി. കടന്നുപോകണം മിസ്റ്റർ പകച്ചുനിന്ന ജയദേവിനെ നിർദ്ദാക്ഷണ്യം മുറിയിൽ നിന്നും പുറത്തേയ്ക്ക് തള്ളി.

സക്കറിയായുടെ ക്രൂരരഹിതമായ ചിന്തകൾ തലങ്ങും വിലങ്ങും പാഞ്ഞു. അമ്മയുടെ അധരങ്ങളിൽ നിന്നും ആദ്യമായി പഠിച്ച വിശ്വാസങ്ങളിൽ ചില നിമിഷങ്ങൾ അഭിമാനിച്ചു. മറ്റുചില നിമിഷങ്ങളിൽ അതോർത്ത് ഹൃദയം തരളിതമായി.

അമ്മയുടെ പുഞ്ചിരിക്കുന്ന മുഖം സക്കറിയായുടെ മനസ്സിൽ സമസ്യമായി തെളിഞ്ഞു. വീട്ടിൽ നിന്നും പഠനത്തിനായി പുറപ്പെട്ടപ്പോൾ അമ്മ പറഞ്ഞ വാക്കുകൾ അന്തരാത്മാവിൽ മാറ്റൊലികൊണ്ടു. "നീ നിന്റെ അമ്മയെ ഓർമ്മിക്കുമ്പോഴെല്ലാം ഇതെടുത്തു വായിക്കണം. ഇതിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ മരിച്ചുപോയ നിന്റെ അച്ഛൻ നിന്നോടു പറഞ്ഞതായി കരുതിയാൽ മതി." സക്കറിയ ചിതറിക്കിടന്ന പുസ്തകങ്ങൾക്കിടയിൽ ധൃതിയിൽ തിരിഞ്ഞുതുടങ്ങി. അവസാനം ചെമന്ന പുറംചട്ടയുള്ള ആ ഗ്രന്ഥം കയ്യിലെടുത്തു. വിശുദ്ധഗ്രന്ഥം ദൈവീകമായ നിർവൃതിയോടെ അതിൽ ചുംബിച്ചു. പിന്നെ മാറോടു ചേർത്തുപിടിച്ചു.

തെല്ലു നേരം കഴിഞ്ഞപ്പോൾ ആശ്വസത്തിന്റെ അദൃശ്യകരങ്ങൾ സക്കറിയായെ സ്പർശിച്ചു. മനസ്സ് ഖേദപൂർവ്വം പിറുപിറുത്തു. വേണ്ടിയിരുന്നില്ല അറിയാത്ത വചനങ്ങൾ അവന് പറഞ്ഞുകൊടുത്താൽ മതിയായിരുന്നില്ലേ.

ഇനി ഒന്നും പഠിക്കാൻ കഴിയില്ല. ജയദേവിനെ എങ്ങനെ അഭിമുഖീകരിക്കും? ഓരോന്ന് ചിന്തിച്ച് സക്കറിയ മറീനയിലേക്കു നടന്നു.

കടലിൽ നിന്നും അടിച്ചുവരുന്ന തണുത്തകാറ്റ് സക്കറിയായുടെ മനസ്സിനെ കുളിർപ്പിച്ചു. മനസ്സിന് എന്തെന്നില്ലാത്ത ഒരാന്ദം. പ്രലോഭനത്തെ അതിജീവിച്ച വിശ്വാസിയുടെ ആനന്ദം.

സന്തോഷങ്ങൾക്കു ചിറകുമുളച്ചു. പാറിനടന്ന സക്കറിയായുടെ അടുത്തേക്ക് വർഷ പറന്നെത്തി. തങ്ങൾക്കിടയിൽ ഭൂമിയിലെ മനുഷ്യർ തീർത്ത ജാതിയുടെ ഒരു മതിൽക്കെട്ടില്ലേ, സക്കറിയ സംശയിച്ചു.

ചില നിമിഷങ്ങൾക്കൊണ്ട് സക്കറിയായുടെ ഹൃദയം തത്ത്വജ്ഞാനിയുടേതായി. സമൂഹത്തെ ഗ്രസിച്ചിരുന്ന മഹാവിപത്താണ് അല്ലെങ്കിൽ മനുഷ്യരാശിയുടെ നന്മയ്ക്കുമേൽ എതൊക്കെയോ അരാജകർ പാകിയ അസ്വസ്ഥയുടെ വിത്തുകളാണ് മതം. ബുദ്ധിയുള്ള കൃഷിക്കാരൻ കൊയ്ത്തും മെതിയും നടത്തി അതിലെ പതിരുകൾ കളഞ്ഞ് നല്ല വിത്തുകൾ തിരഞ്ഞെടുക്കുന്നുവല്ലോ.

അവിടവിടായി പൂഴിമണലിലിരുന്ന് സല്ലപിക്കുന്ന പ്രണയ ജോഡികളെ

കൗതുകത്തോടെ വീക്ഷിച്ച സക്കറിയായുടെ മനസ്സിൽ മറ്റുചില ചിന്തകളാണ് ഉണർന്നത്. ലോകത്തിൽ ഇന്നോളം ഉണ്ടായിട്ടുള്ള ഭാഷകളിൽ ഏറ്റവും പ്രബലവും ശക്തവുമായിട്ടുള്ളത് പ്രണയത്തിന്റെ ഭാഷതന്നയല്ലേ? ഒരു നിമിഷമെങ്കിലും ആ ഭാഷ കേൾക്കാത്തവരുണ്ടോ? ഉപയോഗിക്കാത്തവരുണ്ടോ? സാഹിത്യത്തിൽ ബഹുഭൂരിപക്ഷത്തിന്റെയും സത്ത പ്രണയിത്തിന്റെ ഭാഷയല്ലേ? അതുകൊണ്ടുതന്നെയാവാം പ്രണയിക്കുന്നവർ അന്ധരും ആരോഗ്യവാനും ധിക്കാരിയുമാവുന്നത്.

അലതല്ലുന്ന കടലിനോട് ചേർന്ന് മണൽപ്പരപ്പിലിരിക്കുന്ന സ്ത്രീയുടെ പിൻവശം കണ്ടപ്പോഴെ സക്കറിയ തിരിച്ചറിഞ്ഞു ഹർഷ. സക്കറിയ അവിടേക്കു നടന്നു. അടുത്തിരിക്കുന്ന ചെറുപ്പക്കാരനോട് സംസാരിക്കുന്ന അവൾ സക്കറിയ അടുത്തെത്തിയിട്ടും അറിഞ്ഞില്ല.

സക്കറിയായുടെ മനസ്സിൽ സംശയത്തിന്റെ മുള്ളുകൾകൊണ്ടു. അല്പസമയത്തെ അസ്വസ്ഥമായ ആലോചനയിക്കു ശേഷം സക്കറിയ തിരിഞ്ഞു നടക്കുവാൻ തീരുമാനിച്ചു. യാദൃശ്ചികമായി പിന്നിലേക്കു തിരിഞ്ഞുനോക്കിയ ഹർഷ സക്കറിയായെ കണ്ടു. അവൾ ആശ്ചര്യത്തോടെ സക്കറിയായെ വിളിച്ചു. "എന്താ, അവിടെ നിന്നുകളഞ്ഞത്? ഇങ്ങോട്ടുവന്നോളൂ" സക്കറിയ അവരുടെ അടുത്തേക്ക് ചെന്നു.

ഹർഷ ഉത്സാഹത്തോടെ അടുത്തിരിക്കുന്ന ചെറുപ്പക്കാരനെ പരിചയപ്പെടുത്തി. "ഇത് മിസ്റ്റർ സക്കീർ. ഫാറായുടെ ബ്രദറാണ്." സക്കറിയായെ നോക്കി സക്കീറിനോടായി. "ഇതാണ് സക്കറിയ അവർ പരസ്പരം കൈകൾകൊടുത്ത് പരിചയമുറപ്പിച്ചു."

സക്കീർ മണൽപ്പരപ്പിൽ നിന്നും എഴുന്നേറ്റ് ജീൻസിന്റെ മൂട്ടിൽ പറ്റിയിരുന്ന മണലുകൾ തട്ടി അവരോട് യാത്രയും പറഞ്ഞ് നടന്നകന്നു.

ഹർഷ ഒരു കള്ളച്ചിരിയോടെ സക്കറിയായുടെ കയ്യിൽപിടിച്ചുവലിച്ച് മണലിലേക്കിരുത്തി. അവർ അടുത്തടുത്തിരുന്ന് സംസാരിച്ചു തുടങ്ങിയപ്പോൾ സന്ധ്യാജപങ്ങൾപോലെ വീണ്ടയുവാനുള്ള മോട്ടോർ വാഹനങ്ങളുടെ ഇരമ്പൽ ബീച്ച്റോഡിൽ നിന്നും കേട്ടു. നഗരത്തിലെ അന്ധകാരത്തിനുമേൽ പ്രഭാകിരണങ്ങൾ വർഷിച്ച് സോഡിയം വേപ്പർ ബൾബുകൾ തെളിഞ്ഞു. കാറ്റിന്റെ നേർത്ത മർമ്മരം ആ നിശയുടെ സംഗീതമായി. കടലിന്റെ ഇരമ്പലിൽ സപ്തസ്വരങ്ങളും പ്രതിധ്വനിച്ചു. ചുറ്റുമിരിക്കുന്ന പ്രേക്ഷകർക്കുമുന്നിൽ അവർ ചടുലനൃത്തം വയ്ക്കുന്ന പ്രണയജോഡികളായി.

ഓർമ്മയുടെ ഏതോ നിമിഷങ്ങളിൽ സക്കറിയ ഞെട്ടി. ഇപ്പോൾ സക്കറിയ കിടക്കുന്നത് ഹർഷയുടെ കരവലയത്തിലമർന്ന് നഗ്നമായ മാറിടത്തിലാണ്.

ഏദൻ തോട്ടത്തിൽ വച്ച് ഹവ്വാ ആദാമിന് ആ വിക്കപ്പെട്ട കനി കൊടുത്തു. ആദാമത് സന്തോഷത്തോടെ കഴിച്ചപ്പോൾ അതുകണ്ട് ചിരിച്ച കറുത്ത

സർപ്പം. അലതല്ലി അടിച്ചുപതഞ്ഞുചിതറുന്ന തിരമാലകളിൽ ചുറ്റിവരിയുന്ന കടൽപ്പാമ്പുകൾ.

സക്കറിയാ അവളെ തള്ളിമാറ്റി പ്രലോഭനത്തിലുൾപ്പെടാതിരിക്കുവാൻ പൂഴിമണ്ണിലൂടെ ഓടിത്തുടങ്ങി. അവന്റെ കാലുകൾ കുഴഞ്ഞു. ശരീരം തളർന്നു. സർവ്വശക്തിയുമെടുത്ത് മുന്നോട്ട് കുതിക്കുവാനുള്ള തയ്യാറെടുപ്പിൽ കാലുകൾ കുഴഞ്ഞ് പൂഴിമണ്ണിലേക്കു മുട്ടുകുത്തിവീണു. കിതപ്പോടെ പൂഴിയിലേക്ക് മുഖം അമർത്തി സക്കറിയ ചോദിച്ചു. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളെയും നീതന്നെയാണല്ലോ സൃഷ്ടിച്ചത്. അതിന്റെ ചലനങ്ങളും ഗതിവിഗതികളും നിയന്ത്രിക്കുന്ന നീ പറഞ്ഞില്ലേ എല്ലാം മനുഷ്യനുവേണ്ടിയെന്ന് നീ തന്നെയല്ലേ പറഞ്ഞത്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുവാൻ...

മഴ വീണ്ടും ശക്തിയായി ചാറിത്തുടങ്ങി. നനഞ്ഞ് കുതിർത്ത വസ്ത്രങ്ങൾ സക്കറിയായുടെ ശരീരത്തോടു ഒട്ടിനിന്നു. വീശിയടിച്ച കടൽക്കാറ്റിന്റെ കുളിർമയിൽ അവന്റെ ശരീരം വിറകൊണ്ടു. മൃദുവായ സ്പർശത്തിന്റെ ചെറുചൂടിൽ സക്കറിയ തരളിത ഹൃദയനായി. മഴയടങ്ങി കാറ്റുനിലച്ചു. സക്കറിയായുടെ ഈറൻ വസ്ത്രങ്ങളിൽ നിന്നും വെള്ളം ഇറ്റിറ്റ് പൂഴിയിലേക്കു വീണു.

പൂഴിയിൽ തളർന്നുകിടന്ന സക്കറിയായെ വർഷ മെല്ലെഉയർത്തി. പൂഴിയിൽ തെളിഞ്ഞ  സ്വന്തം കാല്പാടിലൂടെ സഞ്ചരിച്ച് അവന്റെ കണ്ണുകൾ കടൽത്തിരയിലെത്തി നിന്നു. അലയടിച്ച് ചുറ്റിമറിയുന്ന കടൽത്തിരകളിൽ അവനെനോക്കി. പത്തിവിടർത്തിയാടുന്ന കടൽപാമ്പുകൾ. പാപ ബോധത്തോടെ ശിരസ്സുകൾ കുനിഞ്ഞ സക്കറിയായ്ക്കുമേൽ കുത്തഴിഞ്ഞ ബൈബിളിന്റെ താളുകൾ പാറിവീണു. വിറയാർന്ന കരങ്ങൾക്കൊണ്ട് അതിലൊന്നെടുത്ത് അരണ്ടവെളിച്ചത്തിൽ തപ്പിത്തടഞ്ഞ് വായിച്ചു. മനുഷ്യപുത്രൻ ഭൂമിയിലേക്കുവന്നത് പാപികളെയും പരിത്യക്തരെയും അന്വേഷിച്ചാണ്.



## കഥയ്ക്കു മുകളിലൂടെ ഡൈവ് ചെയ്ത് കഥാകൃത്ത്

ജോസ് കെ. മാനുവൽ

മലയാളകഥയുടെ പുതിയ സ്വരങ്ങളിൽ ഒന്നാണ് ജോസ് കെ. മാനുവൽ. സ്വന്തം സ്വരം വേറിട്ടു കേട്ടു വോയെന്ന് നിരന്തരം ചോദിക്കുന്ന കഥകൾ. നർമ്മഭാസുരവും ലളിതവുമായ ഭാഷ, സരളമായ വാക്യഘടന, പരിചിതമായ കഥാപരിസരങ്ങളിൽ അപരിചിതമായ അനുഭവകാലാവസ്ഥ സൃഷ്ടിക്കുന്ന ശൈലി എന്നിവയാൽ ശ്രദ്ധേയമായ രചനകൾ. പുതിയ ഭാവുകത്വത്തിന്റെ അടയാളങ്ങൾ. അഭിലോഷിക എന്ന നോവലും നിരവധി ചലച്ചിത്രഗ്രന്ഥങ്ങളും രചിച്ച് സാഹിത്യ-അക്കാദമിക്ക് രംഗങ്ങളിൽ ഇരിപ്പിടം നേടിയ യുവകഥാകൃത്തിന്റെ പതിമൂന്ന് കഥകൾ.

Mcube books
കഥകൾ
55.00 രൂപ